സത്യം നീതി പ്രാമാണം

# അൽഫനാർ

No 26

ഹി.1436 റജബ് – റമല്ലാൻ
2015 മെയ് – 2015 ജൂലൈ

**വരിസംഖ്യ**

| | | |
|---|---|---|
| ഒറ്റ പ്രതി | : | 30 രൂപ |
| വർഷം | : | 120 രൂപ |
| ദ്വിവർഷം | : | 240 രൂപ |
| വിദേശം | : | 550 രൂപ |

## പിശുക്കും ധൂർത്തും 15




## ഖുർആനും മനുഷ്യ നിർമ്മിത ഗ്രന്ഥങ്ങളും 20



## സൂര്യവർഷ കലണ്ടർ ഖുർആനികമോ 26

## അന്ധവിശ്വാസങ്ങളും അനാചാരങ്ങളും: ചില നേർക്കാഴ്ചകൾ 44

ദൈവം വിഗ്രഹമാക്കപ്പെടുന്നതെപ്പോൾ? ....... 9
'യുക്തിയുഗ'ത്തിലെ പ്രവാചകനിന്ദ ............. 12
ദൈവദശകത്തിലെ അദ്വൈതം തൗഹീദോ? ... 23
കുരങ്ങന്മാർ നടപ്പാക്കിയ ശരീഅത്ത്! ......... 29
സ്വത്തവകാശത്തിലെ ശരീഅത്ത് .................. 31
സ്ത്രീകൾ പാദങ്ങൾ മറക്കേണ്ടതില്ല ............ 33
സംഘടന: വേറിട്ടൊരു ശബ്ദം ..................... 35
ഹദീസുകൾക്കെതിരെ കാടടക്കി വെടിവെയ്ക്കുന്നവരോട് ............................. 37
ഒരിക്കലും മരിക്കാത്ത മഹാത്മാക്കൾ! ......... 40
പർദ്ദയും കുറെ സങ്കൽപങ്ങളും ................ 46
വർണ്ണ വൈവിധ്യങ്ങളിലെ ദൈവദൃഷ്ടാന്തം ... 52
നീതി ബോധത്തിന്റെ നിതാന്ത ജാഗ്രത .......... 53
നബി(സ)യുടെ ആദ്യ റമളാൻ ഏത് ദിവസമായിരുന്നു? ............................. 55
മൂന്ന് കുരങ്ങന്മാർ ...................................... 60
എല്ലാ കല്ല്യാണത്തിനും പോകണമോ? ......... 63
ഇസ്‌ലാമിലെ ഖബറടക്കം: ലളിതം, സുന്ദരം, മാതൃകാപരം ..................... 66
മനുഷ്യന്റെ മഹത്വം ..................................... 68
യേശുവിന്റെ പ്രവചനവും പാഠവും ............. 69
തലകുത്തി നിൽക്കും ധർമ്മമേ, കൊടികുത്തിവാഴും അധർമ്മമേ! .............. 70
ഗുരുവും ലഘുവും .................................... 71
നന്മവുള്ള മനസ്സുകളോട് ........................... 72
മലപ്പുറം മുഖാമുഖം ഒച്ചവെച്ചു ജയിപ്പിച്ചു ...... 73



## മാസപ്പിറവിയും ഭിന്നതക്കുള്ള പരിഹാരവും 57

Vol: 1 Issue: 12 Reg. No. KERMAL 14999/11/1/2012-TC RNI No. 2012/45754 Price Rs. 30/-

ചീഫ് എഡിറ്റർ
**പ്രഫ. ഡോ. ടി.വി. കോയക്കുട്ടി ഫാറൂഖി**

Mail: alfanarmagazine@gmail.com
hitechdtp@gmail.com
drkkfarooqui@gmail.com

**അൽഫനാർ**
ഫാറൂഖ് കോളേജ് പി.ഒ.
കോഴിക്കോട് 673 632
കേരള, ഇന്ത്യ.
0495- 2441429, 9446258195

ഡി.റ്റി.പി & ലേഔട്ട്: ഹൈടെക് ചുങ്കം: 9947 41 46 47




**കത്തുകൾ**

# നന്മ തകർക്കുന്ന സംഘടനകൾ

**അ**ൽഫനാർ ലക്കം 25ലെ എഡിറ്റോറിയൽ ഹൃദയസ്പർക്കായ ഒരാഹ്വനമായിട്ടുണ്ട്. കേരള മുസ്‌ലിം സമൂഹത്തിന്റെ നാഡിമിടിപ്പ് കൃത്യമായി ഉൾചേർന്നിട്ടുള്ള കനത്ത ഒരു താക്കീത് കൂടിയാണെന്നു തോന്നുന്നു. സംഘടനകൾ ചെയ്തുകൂട്ടുന്ന കൊള്ളരുതായ്മകൾ അവർ ചെയ്യുന്ന നന്മകളെയെല്ലാം തകർക്കുന്ന വിധത്തിലുള്ളതാണ്. രാഷ്ട്രീയക്കാരെക്കാൾ മോശമായ പ്രകടനങ്ങളാണ് മത സംഘടനകളിവിടെ കാഴ്ചവെച്ചുകൊണ്ടിരിക്കുന്നത്. ഇതിൽ നിന്ന് മോചനം ആഗ്രഹിക്കുന്ന അനേകരുണ്ട്. അവർക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാൻ വേദിയുണ്ടായിക്കാണാൻ അവരാഗ്രഹിക്കുന്നുമുണ്ട്. അൽഫനാർ ഇത് ഒരു ആഹ്വാനത്തിൽ മാത്രമൊതുക്കാതെ ആയിരക്കണക്കായ അതിന്റെ മുഴുവൻ വായനക്കാരെയും ഉൾപ്പെടുത്തി ഒരു സംവിധാനം ഉണ്ടാക്കുവാൻ ശ്രമിക്കണമെന്ന് ആഗ്രഹിക്കുന്നു. അല്ലാഹു സഹായിക്കട്ടെ. സഹകരണം വാഗ്ദാനം ചെയ്യട്ടെ.

*(അബ്ദുൽ മാലിക്ക്- തിരുവിലാമല)*

# പർദ്ദമാത്രം പറ്റില്ലേന്നോ?

**പ**ത്രാധിപരേ, കഴിഞ്ഞ 25-ാം നമ്പർ അൽഫനാറിൽ മുസ്‌ലിം സ്ത്രീകളും കറുത്ത പർദ്ദയും എന്ന എ.എ. സുല്ലമിയുടെ ലേഖനം ഒരുപാട് സംശയങ്ങൾ തീർത്തതിനോടൊപ്പം പുതിയ ഒരുപാട് സംശയങ്ങൾ ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു. കറുത്ത പർദ്ദ തന്നെ ആയിരിക്കണമെന്നില്ല. ഏതുകളറുകളിലുമാകാം. വെള്ളയാണ് ഉത്തമം. മുഖംമൂടിക്ക് (നിഖാബ്) യാതൊരടിത്തറയുമില്ല. മനുഷ്യരെ തിരിച്ചറിയാനാകാത്ത വിധമുള്ള വസ്ത്രം കാപട്യമാണ്. ആണായാലും പെണ്ണായാലും കരുതിക്കൂട്ടിയുള്ള പരസ്പരമുള്ള നോട്ടത്തെയാണ് നിയന്ത്രിക്കേണ്ടത്. സ്ത്രീ നഗ്നത മറയ്ക്കുന്ന ഏതു രീതിയിലുള്ള വസ്ത്രവുമാകാം. ഇതെല്ലാം മനസ്സിലായി. എന്നാൽ ഇക്കാലമത്രയും എല്ലാവരും പറയുകയും എഴുതുകയും ചെയ്തുവന്നിരുന്നത്, മുഖവും മുൻകൈകളും ഒഴിച്ചുള്ളവ മറയ്ക്കണമെന്നായിരുന്നു. എന്നാൽ ഈ ലേഖനത്തിൽ 'ഇരുകാൽപാദങ്ങളും' ഒഴികെ എന്നു കാണുന്നു. അതിന്റെ തെളിവുകളൊന്നും ഉദ്ധരിച്ചിട്ടുമില്ല. ലേഖനം മുഴുവൻ വായിച്ചപ്പോൾ, 'ഖമീസ്, വീശാലവസ്ത്രം, തുണി, ചുരിദാർ, സാരി പാവാടയും കുപ്പായവും മുതൽ ഏതും അനുവദനീയം. പർദ്ദ മാത്രം പറ്റില്ല' എന്ന ഒരു ധ്വനി വന്നിരിക്കുന്നുവെന്നു തോന്നുന്നു. ഇനി എന്റെ തെറ്റിദ്ധാരണയാണോ എന്നറിയില്ല. ചെറിയ ഒരു വിശദീകരണം കിട്ടിയാൽ നന്നായിരുന്നു.

അതുപോലെ സ്ഥലകാല വ്യത്യാസങ്ങൾക്കനുസരിച്ചുള്ള വസ്ത്രങ്ങൾ ഏതുമാകാം എന്നു പറയാമോ? ബഹുഭൂരിഭാഗം പൊതുവെ മുസ്‌ലിം സ്ത്രീകൾ അച്ചടക്കത്തോടെ, യൂനിഫോം പോലെ ഇപ്പോൾ ധരിച്ചു വരുന്ന വസത്ര ധാരണ സമ്പ്രദായം - പർദ്ദ- ഇല്ലാതാകാനും ദുർവ്യാഖ്യാനിച്ച് നിയന്ത്രണം വിടുവാനും ഇത്തരം പരാമർശങ്ങൾ ഇടവരുത്തുമെന്ന് ഭയപ്പെടുന്നു. പണ്ഡിതന്മാർ സൂക്ഷമത പുലർത്തുന്നില്ലെങ്കിൽ സാധാരണക്കാരുടെ കഥ പറയാനുണ്ടോ? സാരി യഥാർത്ഥത്തിൽ ഭാരതീയ സ്ത്രീകളിലെ -സീതാ ദേവിയുടെ- വസ്ത്രധാരണയാണ്. നബി(സ)യുടെയും സ്വഹാബികളുടെയും കാലത്ത് അറബികളിൽ സാരിയെന്ന വസ്ത്രം ഉണ്ടായിരുന്നുവോ? (ലേഖനത്തിലെ 'പട്ടിന്റെ സാരി ചുറ്റിപ്പൊതിഞ്ഞു' എന്നത് ദുർവ്യാഖ്യാനമായി തോന്നിപ്പോയി) സംശയങ്ങൾ തീർത്തു തന്നാൽ നന്നായിരുന്നു.

*(ടി.വി. റിക്സാ, ചക്കും കടവ്, കോഴിക്കോട്)*

ഈ ലക്കത്തിൽ തന്നെ ഭവതിയുടെ സംശയങ്ങൾക്ക് അബ്ദുസ്സലാം സുല്ലമിയുടെ മറുപടിയുണ്ട്. (എഡിറ്റർ)

വീണ്ടുവിചാരം

# എന്തുകൊണ്ട് മനോവൈകല്യം അംഗ വൈകല്യത്തെ മറികടക്കുന്നു?

എ.എം.ഖദീജ

**ഗോ**വിന്ദച്ചാമിയെ അറസ്റ്റ് ചെയ്യുമ്പോൾ ഒരു പേക്കോലമായിരുന്നു. അമിതമായ മദ്യപാനവും ലഹരിഉപയോഗവും ഭോഗാസക്തിയും കൊണ്ട് മെലിഞ്ഞു കരുവാളിച്ച ഒരു ഒറ്റക്കൈയ്യൻ. നാലു മാസം ജയിലിൽ കിടന്നപ്പോൾ കിട്ടിയ സുഖചികിത്സയാൽ മൂപ്പരങ്ങ് തടിച്ചു കൊഴുത്തു. രണ്ടു വർഷം കൊണ്ട് സുന്ദരനായി. കൊലക്കുറ്റത്തിന് വധശിക്ഷ വിധിച്ചിട്ടും, മൂപ്പർ സുഖമായി ജീവിച്ചു പോകുന്നുണ്ട്.

കുട്ടികൾക്ക് നന്മയുടെ ബാല്യം ഉണ്ടാക്കാൻ നമ്മൾ എല്ലാ നിലക്കും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു എന്ന് ഇത്തരം ക്രിമിനലുകൾ നമ്മെ വീണ്ടും വീണ്ടും ഓർമിപ്പിക്കുന്നു. പിതാവിന്റെ മദ്യപാനം, മനോവൈകല്യം എന്നിവ പല ആൺകുട്ടികളുടേയും നല്ല ബാല്യകാലം ഇല്ലാതാക്കും. ഇത്തരം കുട്ടികളെ സർക്കാർ, കുട്ടികളുടെ അമ്മയുടെ സമ്മതത്തോടെ സംരക്ഷിക്കുകയും പിതാക്കളെ ചികിത്സിക്കുകയും ചെയ്യേണ്ടതാണ്. ചൈൽഡ്‌ലൈൻ പ്രവർത്തകർ ബാലപീഡനത്തിന് നല്ലനിലയിൽ ഇടപെടുന്നുണ്ട് എന്നത് ആശാവഹമാണ്.........

ഗോവിന്ദച്ചാമി ഒറ്റക്കൈയ്യനായിട്ടും രണ്ടു കൈയ്യുള്ള യുവതിയെ അടിച്ചുവീഴ്ത്തി ബലാൽസംഗം ചെയ്ത് കൊല്ലാൻ കെല്പുള്ളവനായി. നിയന്ത്രണമില്ലാത്ത കാമം, ക്രൂരമനസ്സ്, സ്വാർത്ഥത ഇതൊക്കെയാണ് ഇവന്റെ മുഖമുദ്ര. കാട്ടുമൃഗം! മറ്റൊരു വികലാംഗന്റെ വിക്രിയകൾ ഇതാവീണ്ടും നമ്മൾ കേൾക്കുന്നു. പുതുവർഷത്തിലെ കൊടും ക്രൂരത. മസിലുകൾ ബലക്ഷയം സംഭവിച്ച് ഇരുകാലുകളും തളർന്നു നടക്കാൻ കഴിയാത്ത ആളാണ് ദീപു. അവനാണ് കൊലയാളി. സ്വകാര്യ ടി.വി.ചാനലിൽ ദീപുവിന്റെ രോഗത്തെപ്പറ്റി വാർത്ത വന്നതോടെ നാനാജാതിമതസ്ഥരായ സുമനസ്സുകളുടെ സഹായം കിട്ടി. (ടോംജോസഫ് വികലാംഗനോട് അലിവു തോന്നി സുഹൃത്തായി, വേണ്ട സഹായം ചെയ്യുകയായിരുന്നു.) ആ കാശു കൊണ്ട് കാറു വാങ്ങി. (കൈ കൊണ്ട് പ്രവർത്തിപ്പിക്കാവുന്ന സജ്ജീകരണമുള്ള കാറ്) ആ കാറിൽ ലോട്ടറി, സയനൈഡ് എന്നിവ വിറ്റു. ക്ലച്ചു പിടിച്ചില്ല. ചികിത്സാ കാലത്ത് ആശുപത്രിയിൽ വെച്ച് സുഹൃത്തായ കാന്റീൻ ജീവനക്കാരന്റെ കഴുത്തിലെ മാലയിലാണ് വികലാംഗൻ ദീപുവിന്റെ കണ്ണുകൾ പിന്നീട് ഉടക്കിയത്. ആ സുഹൃത്തിന്റെ വെറും ഒരു പവൻ മാലക്കുവേണ്ടി മുട്ടക്കറിയിൽ വിഷം ചേർത്ത് പൊറാട്ട കൊടുത്തു. കാറിൽ കയറ്റി പേഴ്സും എ.ടി.എം. കാർഡും മോഷ്ടിച്ചു. ആളൊഴിഞ്ഞ കുറ്റിക്കാട്ടിൽ മൃതദേഹം സഹായിയെക്കൂട്ടി വലിച്ചിട്ടു. പെട്രോളൊഴിച്ചു കത്തിച്ചു.

ഇനി നമ്മൾ ഒറ്റക്കൈയ്യനേയും കാലില്ലാത്തവനേയും സഹായിക്കുമ്പോൾ മനസ്സ് പുറകോട്ടുപോകും. വികലാംഗർക്കു സർക്കാർ എല്ലാ സഹായവും ചെയ്തിട്ടും അവർ വീണ്ടുവീണ്ടും മുച്ചക്രവണ്ടി സൗജന്യം വാങ്ങി മറിച്ചു വിറ്റു ജീവിക്കുന്നതും കണ്ടിട്ടുണ്ട്. ശരീരം തളർന്നിട്ടും മനസ്സ് എന്തുകൊണ്ട് ഈ വിധം ദയാരഹിതമായി കടുത്തുപോകുന്നു എന്നത് മനഃശാസ്ത്രപരമായ വിശകലനം ആവശ്യമായ കാര്യമത്രെ.

*കടപ്പാട്: ധിഷണ മാസിക. 2014 മാർച്ച്*

# വെള്ളം, ദുർവ്യയം

**സ**അ്ദ്ബ്നു അബീവഖാസ്(റ) വെള്ളം കുറച്ചധികം ഉപയോഗിച്ച് അംഗസ്നാനം (വുളൂ) ചെയ്യുകയായിരുന്നു. ഇതു കണ്ടപ്പോൾ നബി(സ) പറഞ്ഞു: താങ്കളെന്താണിങ്ങനെ വെള്ളം ദുർവ്യം ചെയ്യുന്നത്? സഅ്ദ് പറഞ്ഞു: വുളൂ എടുക്കുന്നതിലും ദുർവ്യയമോ? നബി(സ) :"അതേ, ഒഴുകിക്കൊണ്ടേയിരിക്കുന്ന അരുവിയിൽ നിന്നാണെങ്കിലും ദുരുപയോഗം പാടില്ല."

*(ഇമാം അഹ്മദ്- മുസ്നദ്)*





# സമുദായത്തെ രക്ഷിക്കാനെങ്കിലും

കേരള മുസ്‌ലിം സമൂഹം പലതിലും പഴയകാലത്തെ അപേക്ഷിച്ച് വലിയ പുരോഗതി നേടി വരുന്നുവെന്നാണ് പലരുടെയും അവകാശവാദം. വിദ്യാഭ്യാസ, സാമ്പത്തിക രംഗങ്ങളിൽ സമ്പൂർണമല്ലെങ്കിലും അഭിമാനകരമായ തലത്തിലേക്കുയർന്നുവരുന്നുണ്ട്. അതിലുള്ള കടുത്ത അസഹിഷ്ണുതയും അസൂയയും പലരിലും രോഷാകുലാവസ്ഥ സൃഷ്ടിക്കുന്നുണ്ട്. തത്വദീക്ഷതയില്ലാത്ത വർഗീയതയായി അത് ചിലപ്പോഴെങ്കിലും പരിണമിക്കുന്നുമുണ്ട്. പക്ഷെ, സാംസ്കാരിക സാമൂഹ്യ രംഗങ്ങളിൽ അപകടകരമായ ചില ദുഷ്പ്രവണതകൾ അവരിൽ പിടികൂടിയിരിക്കുന്നു. ധൂർത്തും പൊങ്ങച്ചവും ആഢംബര പ്രവണതയും ഒരു വശത്ത് അരങ്ങുതകർക്കുന്നു. സാമ്പത്തിക രംഗത്തെ അച്ചടക്കരാഹിത്യം ആസൂത്രണമില്ലായ്മ, ദീർഘവീക്ഷണമോ വിവേചന ബോധമോ ഇല്ലാത്ത വിനിയോഗം വലിയ ആപത്തിലേക്കാണ് വഴിനടത്തുന്നത് എന്നവർ ശ്രദ്ധിക്കുന്നേയില്ല. വിദ്യാഭ്യാസ പുരോഗതി പ്രാപിച്ചവരിൽ അധികപക്ഷവും മതനിരാസത്തിലേക്കും ഭൗതിക അടിമത്വത്തിലേക്കും വളരെ വേഗം കൂപ്പുകുത്തുകയാണ്. പെട്ടെന്നൊരു സുപ്രഭാതത്തിൽ തന്നെ സമ്പന്നനാകണം, അധ്വാനിച്ചു കഷ്ടപ്പെടാനൊന്നും തയ്യാറല്ല. അർഹമോ അനർഹമോ ആയ ഏതു മാർഗ്ഗത്തിലൂടെയും പണം സമ്പാദിക്കണമെന്ന കലശലായ ഒരേയൊരു വികാരമാണ് അധിക പേരെയും – യുവവിഭാഗത്തെ പ്രത്യേകിച്ചും – പിടികൂടിയിരിക്കുന്നത്. നാഥനില്ലാ പടപോലെ ഒരു പറ്റം എന്തു ദുഷ്ടതകൾക്കും തയ്യാറായി നിൽപുണ്ട്. ഗൾഫിൽ നിന്ന് സമ്പാദിച്ചു കൂട്ടാനല്ലാതെ ബുദ്ധിപൂർവ്വം അതുപയോഗിച്ചു ജീവിതം ഭദ്രമാക്കുന്നവർ നന്നെ കുറവാകുന്നു.

നിയമ ലംഘനങ്ങൾക്ക് ആരെയും പേടിയില്ല. ഏതു പ്രതിസന്ധികളും പണം കൊണ്ടും നെഞ്ചൂക്ക് കൊണ്ടും നേരിടാമെന്നുണ്ട്. സർവ്വ മാഫിയാ സംഘങ്ങളിലും മാപ്പിള മക്കളുടെ ഒട്ടും കുറയാത്ത പങ്കുണ്ട്. മദ്യവും മദിരാക്ഷിയും നല്ലൊരു വിഭാഗത്തെയും കീഴടക്കിക്കഴിഞ്ഞു. എത്ര തവണ പിടിക്കപ്പെട്ടാലും നിർലജ്ജം കള്ളപ്പണവും സ്വർണ്ണക്കടത്തും തുടങ്ങി ലഹരി വസ്തുക്കൾ വരെ ധാരാളം പേർ കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നു. നാട്ടുകാരെയും കുടുംബത്തെയും ബോധ്യപ്പെടുത്താൻ ഇവരിൽ പലരും ആരാധനാകാര്യങ്ങളിൽ നിഷ്ഠ പുലർത്തുകയും അതോടൊപ്പം രഹസ്യമായി സർവ്വ തിന്മകളിലും ഏർപ്പെടുവാൻ മടിക്കുന്നില്ല. അവിവാഹിതരും വിവാഹിതരും അവിഹിത ബന്ധങ്ങളിൽ ധാരാളമായി ഏർപ്പെടുന്നു. സുഖവാസകേന്ദ്രങ്ങളിലും ടൂറിസ്റ്റ് സെന്ററുകളിലും മാറി മാറി നിത്യസന്ദർശകരായി അടിച്ചുപൊളിച്ചു കഴിയുന്നു. മൊബൈൽ മുതൽ മുഴുവൻ ദൃശ്യശ്രാവ്യ ആധുനിക ഐടി ഉപകരണങ്ങളും മാധ്യമങ്ങളും ഉപയോഗിച്ച് കടിഞ്ഞാണില്ലാത്ത ലൈംഗികാസ്വാദനങ്ങളും താൽക്കാലിക സുഖത്തിലും വളരെയധികം പേർ കൂത്താടുന്നു. പട്ടണങ്ങൾ കേന്ദ്രീകരിച്ച് റൗഡി സംഘങ്ങളും മാഫിയകളും പെൺവാണിഭ റാക്കറ്റുകളിലും നല്ലൊരു ശതമാനം മാപ്പിളമാരാണ് നിയന്ത്രിക്കുന്നതുപോലും. രാഷ്ട്രീയക്കാരെയും ഉദ്യോഗസ്ഥരെയും പോലീസ് വിഭാഗത്തെയും ഭരണാധിപന്മാരെയും ഉപയോഗിച്ച് പല അധർമ്മങ്ങൾക്കും മുതിരുന്നതിൽ ഒട്ടും കുറയാത്ത പങ്ക് വഹിച്ചുവരുന്നു. വ്യാപാര വ്യവസായ തൊഴിൽ മേഖലകളിലെല്ലാം ഏർപ്പെട്ടു ജീവിക്കുന്നവരിൽ ബഹുഭൂരിഭാഗവും ഇസ്‌ലാം നിർണയിച്ച അതിർവര

മ്പായ ഹലാലും ഹറാമും അൽപം പോലും മാനിക്കുന്നില്ല. മരം, ക്വാറി, കല്ല്, പൂഴി, ഭൂമി തുടങ്ങി പ്രകൃതി വസ്തുക്കളെയൊക്കെ തത്വദീക്ഷതയും നീതിയും പരിഗണിക്കാതെ ക്രൂരമായ വിധം പണമുണ്ടാക്കാൻ മാത്രമായി വ്യാപകമായി ചൂഷണം ചെയ്യുന്നതിൽ മുൻപന്തിയിലും അവർ തന്നെ. ചുരുക്കത്തിൽ അജ്ഞാതയുഗ (ജാഹിലിയ്യാകാലം)ത്തിനേക്കാൾ മോശമായി എന്നു പറയാൻ തോന്നും വിധം ധാർമ്മികരംഗം ഭയാനകമായി ദുഷിച്ചിരിക്കുന്നു.

ഇതിനിടയിൽ നമ്മുടെ മതപണ്ഡിതന്മാരും മതസംഘടനകളും അതിന്റെ കടിഞ്ഞാണുമായി നടക്കുന്ന നേതൃമാന്യന്മാരും ഇതെല്ലാം കണ്ടും കേട്ടും നിസ്സംഗരായി മൗനമവലംബിച്ച് മാന്യന്മാരായി കടന്നുപോകുന്നു. അവർക്ക് തമ്മിൽ തല്ലാൻ മാത്രമെ സമയമുള്ളൂ. തന്റെ മഹല്ലിലുള്ള ജനങ്ങളുടെ മദ്യപാനമോ വ്യഭിചാരമോ കൊള്ളകളും കൊലകളും റൗഡിസങ്ങളും അധാർമ്മിക അരങ്ങേറ്റങ്ങളും ദാരിദ്ര്യവും കഷ്ടപ്പാടും ഒരു നിമിഷം പോലും അവരെ അലോസരപ്പെടുത്തുന്നില്ല. ഓരോരോ സംഘടനകളും മഹല്ല് കമ്മിറ്റികളും പ്ലാൻ ചെയ്യുന്ന പദ്ധതികൾ മാത്രം വിജയിപ്പിച്ചെടുക്കാൻ ഈ നേതൃത്വം ബദ്ധശ്രദ്ധരായിരിക്കും. ആവശ്യത്തിലധികം പള്ളികൾ, മദ്രസകൾ, കെട്ടിടങ്ങൾ, സ്ഥാപനങ്ങൾ എല്ലാം ലാഭകരമായി നടത്തിക്കൊണ്ടുപോകാൻ വമ്പൻ പിരിവ് കമ്മിറ്റികളും സംവിധാനങ്ങളും ലഘുലേഖകളും വൗച്ചറുകളും റസീപ്റ്റുകളും ലെറ്റർപാഡുകളും സീലുകളുമായി അവർ വീടായ വീടെല്ലാം നാടായ നാടെല്ലാം ചുറ്റിക്കറങ്ങി പണമുണ്ടാക്കുന്നു. സുന്നി മഹല്ലുകൾ നൂറു ശതമാനവും മൗലിദും റാത്തീബും ദിക്ർ ഹൽഖകളും നേർച്ചവഴിപാടുകളും ഉറൂസുകളും ചന്ദനക്കുടങ്ങളും അതുപോലുള്ള അനേകം സംഗതികളുമായി പിരിവോടു പിരിവ് തന്നെ. കോടികളാണ് ഈ വഴിക്കു ഈ പാവപ്പെട്ട സമുദായത്തിന്റെ പിച്ചച്ചട്ടിയിൽ നിന്നും കയ്യിട്ടുവാരി കൊണ്ടുപോകുന്നത്. ഗൾഫുകാരുടെ സമ്പാദ്യങ്ങളിൽ നല്ലൊരു ശതമാനം കൊള്ള ചെയ്തെടുക്കുന്നതും ഈ വക ഏർപ്പാടുകൾക്കായാണ്. പ്രത്യേകിച്ച് വടക്കെ മലബാറിൽ. ഇതെല്ലാം പകൽ വെളിച്ചത്തിൽ നടക്കുന്ന പെരുംകൊള്ളയാണെന്നറിയുക.

നവോത്ഥാന മനസ്ഥിതിയുള്ള സംഘടനകളോ എന്തുചെയ്യുന്നു? അവർ തമ്മിൽ അമ്പുകൾ കുലച്ചു പരസ്പരം എയ്തുകൊണ്ടിരിക്കുന്നു. ആരാണ് ഞങ്ങളിൽ അധികം ശക്തിയുള്ളവർ. ആരാണ് സലഫുകൾ? ആരാണ് ഖലഫുകൾ? ആരാണ് ഇഖ്‌വാനികൾ? ആരാണ് ഇസ്‌ലാമിസ്റ്റുകൾ? ആരാണ് ശരിയായ മൻഹജുകാർ? ആരുടെ താടിക്കാണ് മുഹമ്മദ് നബി(സ)യുടെ താടിയുടെ നീളമുള്ളത്? ആരുടെ നമസ്കാരത്തഴമ്പിനാണ് കറുപ്പും കട്ടിയും കൂടുതൽ? ആരുടെ വസ്ത്രമാണ് അബൂഹുറൈറയുടെ(റ) തുണിപോലെ മുട്ടുവരെ പൊന്തിനിൽക്കുന്നത്? ആരൊക്കെയാണ് അത്തഹിയ്യാത്തിൽ വിരൽ ശൈ ത്താനെ പേടിപ്പെടുത്താനായി ശക്തിയായി ആട്ടുന്നവർ? ആരാണ് സ്വഫ്ഫുകെട്ടുമ്പോൾ കാലിൽ ചവിട്ടി മറ്റവനെ ദ്രോഹിക്കാൻ മിടുക്കൻ? 'യാഇബാദല്ലാഹ് അഈനൂനി' എന്ന ജിന്നുകളെ വിളിച്ചു പ്രാർത്ഥിക്കൽ തെറ്റാണെന്ന് പറയുന്നവർ ആർ? അങ്ങനെയങ്ങനെ നൂറുകൂട്ടം കാര്യങ്ങളിൽ മുഴുകി സമയവും സമ്പത്തും സ്റ്റേജുകളും പേജുകളും മലിനമാക്കിക്കൊണ്ടേയിരിക്കുന്ന തിരക്കിലാണ്. അതിനിടയിൽ അവർക്കെവിടെ ഈ യുവസമൂഹത്തിന്റെ അധാർമ്മികതകൾക്കും പേക്കൂത്തുകൾക്കുമെതിരിൽ എന്തെങ്കിലും ചെയ്യാൻ സമയം?

ഇന്ത്യൻ മുസ്‌ലിംകളെ അരനൂറ്റാണ്ടിലധികമായി 'കാത്തുസംരക്ഷിച്ചു' കൊണ്ടിരിക്കുന്നുവെന്നവകാശപ്പെടുന്ന മുസ്‌ലിം സംഘടിത രാഷ്ട്രീയ ശക്തിയുടെ സ്ഥിതിയെന്താണ്? അതിലെ പ്രധാന നേതാക്കളെല്ലാം പ്രവാചക പാരമ്പര്യം അവകാശപ്പെടുന്നവരാണ്. സ്വർണ്ണക്കടകളും ഉറൂസുത്സവങ്ങളും ജാറങ്ങളായ ജാറങ്ങളൊക്കെയും ഉദ്ഘാടനം ചെയ്യലാണ് അവരുടെ ഏറ്റവും ഗംഭീര സമുദായ സേവനം. സിനിമാ, നടീനടന്മാരോടൊപ്പവും അല്ലാതെയും നിന്നും ഇരുന്നും ഉദ്ഘാടന മാമാങ്കത്തിൽ താരമായ ശേഷം അവരുടെ ഭവനങ്ങളിലേക്ക് ഉദ്ഘാടന കൈമടക്ക് ലക്ഷങ്ങളുടെ ഫർണിച്ചറുകളുടെയും ഉടയാടാഭരണങ്ങളുടെയും വണ്ടി പുറപ്പെടുകയാണ്. ഓരോ അഞ്ചു വർഷം കൂടുമ്പോഴും ഇലക്ഷനിൽ വോട്ടു കുത്തു യന്ത്രങ്ങളായ മാപ്പിള മക്കളെ പോളിംഗ് ബൂത്തുകളിലേക്ക് ആട്ടിത്തെളിക്കേണ്ടതുള്ളതിനാൽ ഈ സമുദായം സ്വന്തം കാലിൽ നിന്ന് സ്വന്തം തലച്ചോറു കൊണ്ട്

ചിന്തിക്കാൻ പാടില്ല! അതിനാൽ അവർ വിദ്യാവിഹീനരായും അന്ധമായ 'സയ്യിദ്' ഭക്തരായും നിലനിൽക്കേണ്ടതുണ്ട്. ഈ സമുദായ മക്കൾ കുടിയന്മാരും അടിയന്മാരും താന്തോന്നികളും അധർമ്മകാരികളും മാഫിയകളുമായി ലഹരിക്കും സുഖാഡംബരത്തിനും അടിമകളായിത്തീരുന്നതൊന്നും ഇതിന്റെ നേതാക്കൾക്കു പ്രശ്നമല്ല. കള്ളു കുടിച്ചോ, പെണ്ണുപിടിച്ചോ പിടിച്ചുപറിച്ചോ കൊലയും കൊള്ളയും നടത്തിയോ സമുദായത്തിന്റെയും മതത്തിന്റെയും പരസ്യമായ അടയാളങ്ങൾ - നമസ്കാരം - നോമ്പ് തുടങ്ങി - പോലും ജീവിതത്തിലില്ലാത്തതൊന്നും അവർക്ക് പ്രശ്നമേയല്ല. ഒരു മതവിഭാഗത്തിന്റെ മൃഗീയ ഭൂരിപക്ഷവും തങ്ങളുടെ കൊടിക്കീഴിലുണ്ടായിട്ടും ഈ സമുദായത്തിന്റെ ധാർമ്മിക നിലവാരം ഉയർത്തിക്കൊണ്ടുവരാൻ നാളിതുവരെ ഗൗരവതരമായ ഒരു പദ്ധതിയും ഈ മുസ്‌ലിം രാഷ്ട്രീയ മേധാവികൾ ആവിഷ്കരിച്ചിട്ടില്ല. വിശുദ്ധമായ കറകളഞ്ഞ തൗഹീദും പരലോക വിശ്വാസവും വിശുദ്ധ ഖുർആനും തിരുസുന്നത്തും അനുസരിച്ച് ഈ സമുദായത്തെ നയിച്ചാലേ ധർമ്മചിന്തയുള്ള തലമുറ ജന്മം കൊള്ളുകയുള്ളൂ. അതിന് ഈ ഭൂരിപക്ഷ മതനേതൃത്വം തയ്യാറല്ല! അവരെ ഇവർക്കു പിണക്കാനും വയ്യ! അവർക്കു യാഥാസ്ഥിതികതയുടെ ഏടുകളല്ലാതെ മറ്റൊന്നും ദഹിക്കുകയില്ല. അവരെ പിണക്കിയാൽ രാഷ്ട്രീയാധികാരം വെറും സ്വപ്നമായിടും. അതിനാൽ ഈ സമുദായം അങ്ങിനെ വളഞ്ഞു കിടക്കട്ടെ.

അൽഫനാർ ആവർത്തിച്ചാവശ്യപ്പെടുന്നു, സംഘടനാ സങ്കുചിതത്വങ്ങളും ചേരിപ്പോരുകളും തമ്മിൽ തല്ലും തൽക്കാലം നിങ്ങൾ അവസാനിപ്പിക്കണമെന്നില്ല. ഈ സമുദായത്തിന്റെ മേൽപറഞ്ഞ ഭീകരമായ അധാർമ്മിക കുത്തൊഴുക്കിൽ നിന്ന് തടയിടാൻ സുന്നികളും ലീഗുകാരും മുജാഹിദുകളും ജമാഅത്തുകാരും തബ്‌ലീഗുകാരും മറ്റു മത സാംസ്കാരിക സാമൂഹിക മുസ്‌ലിം സംഘടനകളും കൂടി ഒരുമിച്ചിരുന്നു ഒരു പൊതുപദ്ധതി ആവിഷ്കരിച്ചാൽ മതി. കുടിയന്മാരും അടിയന്മാരുമില്ലാത്ത റൗഡികളും മാഫിയകളുമില്ലാത്ത കൊലപാതകികളും കൊള്ളക്കാരുമില്ലാത്ത നമസ്കരിക്കുകയും സൽസ്വഭാവം പുലർത്തുകയും ചെയ്യുന്ന സാമ്പത്തിക അച്ചടക്കവും ദീർഘവീക്ഷണവുമുള്ള ഒരു സമുദായം ജന്മമെടുക്കാൻ എന്തെങ്കിലും ഒരു കൂട്ടായമക്കു രൂപം നൽകുക. വാക്കുകൾക്കു ഘനം കൂടിയെങ്കിൽ ഉദ്ദേശ്യശുദ്ധിയാൽ മാപ്പ്.

അല്ലാഹു അനുഗ്രഹിക്കട്ടെ...

**(എഡിറ്റർ)**

# പ്രത്യേക അറിയിപ്പ്

അച്ചടിച്ചിലവുകളുടെ വർദ്ധനവു കാരണം അൽഫനാർ സാമ്പത്തിക പ്രതിസന്ധിയിലാണ്. ആർക്കും സൗജന്യമായി അയക്കുന്നില്ല. നാലു ലക്കമെങ്കിലും കിട്ടിയവർ വാർഷിക വരിസംഖ്യ അടച്ച് സഹകരിക്കാനപേക്ഷിക്കുന്നു. വരിസംഖ്യ തീരെ അടക്കാതെ മാസിക കൈപ്പറ്റിക്കൊണ്ടിരിക്കുന്നവർക്കെല്ലാം കുടിശ്ശിക തീർക്കണമെന്നറിയിച്ച് കത്തയച്ചിട്ടുണ്ട്. ആവശ്യമില്ലാത്തവർ ആ വിവരം ഫോണിലൂടെയോ മെസ്സേജിലൂടെയോ അറിയിക്കുവാൻ സന്മനസ്സ് കാണിക്കുകയും അതുവരെയുള്ള കുടിശ്ശികാബാധ്യത തീർക്കുകയും ചെയ്യണം. സംഭാവനകളയച്ചും ഈ സംരംഭത്തെ വിജയിപ്പിക്കാൻ മുഴുവൻ അൽഫനാർ വായനക്കാരോടും അഭ്യർത്ഥിക്കുന്നു. വായിച്ചാൽ ഉപകാരപ്പെടുമെന്നു തോന്നുവർക്ക് ഉദാരമതികൾ കോപ്പി സ്പോൺസർ ചെയ്ത അഡ്രസ്സുകളയച്ച് സഹകരിക്കുക. അല്ലാഹു അനുഗ്രഹിക്കട്ടെ.

**ചെക്ക്/ഡിഡി എടുക്കേണ്ടത്**
**KOYAKUTTY T.V**
**A/c No. 57064977570 SBT FEROKE**
**Br. 70191 IFSC: 0000191**

**മണിഓർഡറുകൾ**
**Manager, Alfanar, Nuz'ha Complex**
**Farook College P.O 673632, Kozhikode**

| പുതുക്കിയ വരിസംഖ്യ | |
|---|---|
| ഒറ്റപ്രതി | 30/- |
| വാർഷികം | 120/- |
| ദ്വിവാർഷികം | 240/- |
| 5 വർഷം | 550/- |

കോയക്കുട്ടി ഫാറൂഖി

# ദൈവം വിഗ്രഹമാക്കപ്പെടുന്നതെപ്പോൾ?

**വളരെ വലിയ വ്യക്തിത്വമായ രവിശങ്കർ ചിന്തിക്കാനാവശ്യപ്പെട്ടതു കൊണ്ട് ചിന്തിച്ചു. അപ്പോൾ ഒരു സംശയം ജനിച്ചു. ശരീരമുണ്ടായ ഒരൊറ്റ കോശം, ഇച്ഛാശക്തിയും വിവേചന ശക്തിയുമുള്ള ഏകകോശം, വൈവിധ്യവും വ്യത്യസ്തതയുമുള്ള സ്വഭാവ ഗുണമുള്ള കോശം, പ്രപഞ്ചം മുഴുവൻ ഉണ്ടാക്കപ്പെട്ട കോശം ആ ഒരൊറ്റ കോശമാണ് ശിവൻ എന്നാണ് ബഹുമാന്യ ശ്രീ ശ്രീ രവിശങ്കർ പറയുന്നത്. എങ്കിൽ ആ കോശം തന്നെ ദൈവമാണോ? ആണെങ്കിൽ സൃഷ്ടിയായ ശിവനാകുന്ന കോശത്തെ സൃഷ്ടിച്ചതാർ? എന്ന ചോദ്യം പ്രസക്തമാണല്ലോ. അപ്പോൾ ദൈവമെന്ന പ്രപഞ്ച സൃഷ്ടാവില്ലെന്നാണോ?**

17/02/15ലെ ശിവരാത്രി ദിനത്തിലെ മാതൃഭൂമി ദിനപത്രത്തിൽ ശ്രീ ശ്രീ രവിശങ്കർ 'നിങ്ങൾ ശിവന്റെ ക്ഷേത്രമാണ്' എന്നതലവാചകത്തിലെഴുതിയ ലേഖനത്തിൽ പറയുന്നു: "നിങ്ങളുടെ ശരീരമുണ്ടായപ്പോൾ അത് ഒരൊറ്റ കോശം മാത്രമായിരുന്നു. ഒരൊറ്റ കോശം നിങ്ങളുടെ മുഴുവൻ ശരീരമായിത്തീർന്നു. എവിടെ കണ്ണുകൾ വേണമെന്നും ചെവികൾ വേണമെന്നും ആ കോശത്തിനു കൃത്യമായി അറിയാമായിരുന്നു. ഒരൊറ്റ കോശമാണ് വ്യത്യസ്ത തരത്തിൽ പെരുകി നഖവും നാക്കും പേശികളും എല്ലും എല്ലാമായത്. അതിനെക്കുറിച്ച് നിങ്ങളെപ്പോഴെങ്കിലും ആലോചിച്ചിട്ടുണ്ടോ? ഒരൊറ്റ കോശം പെരുകി ശരീരത്തിൽ നിരവധി അവയവങ്ങളുണ്ടായി. മനുഷ്യശരീരം ഒന്നാണ്. എന്നാൽ അത് വളരെ വ്യത്യസ്തമാണ്. വൈവിധ്യമാണ് അതിന്റെ സ്വഭാവം. വ്യത്യസ്തതയിൽ കാണുന്ന ഈ ഒരു ഏകത്വം മുഴുവൻ സൃഷ്ടിയിലും പ്രകടമാണ്. മുഴുവൻ സൃഷ്ടിയും – സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, വായു, മേഘം, ജലം, ഭൂമി ഇതെല്ലാം ഒരൊറ്റ വസ്തുകൊണ്ട് ഉണ്ടാക്കപ്പെട്ടതാണ്. ആ ഒരൊറ്റ വസ്തുവാണ് 'ശിവൻ'."

തുടർന്ന് – ശിവസത്തയെ അനുഭവിക്കാനല്ലാതെ പറയാൻ കഴിയില്ലെന്നും വാക്കുകൾക്കതീതമാണെന്നും ശിവൻ വ്യക്തിയോ രൂപമോ അല്ല എന്നും രവിശങ്കർ വിവരിക്കുന്നു. എന്നിട്ട് വീണ്ടും പറയുന്നു. "ശിവൻ ഈ മുഴുവൻ പ്രപഞ്ചവുമാണ്." ശിവതത്ത്വ(സത്ത)ത്തിൽ നിന്നാണ് എല്ലാമുണ്ടാവുന്നതും നിലനിൽക്കുന്നതും. ശിവതത്ത്വത്തിനു പുറത്ത് കാൽവെയ്ക്കാൻ നിങ്ങൾക്കാവില്ല. കാരണം ശിവൻ ഈ മുഴുവൻ സൃഷ്ടിയാണ്."

വളരെ വലിയ വ്യക്തിത്വമായ രവിശങ്കർ ചിന്തിക്കാനാവശ്യപ്പെട്ടതു കൊണ്ട് ചിന്തിച്ചു. അപ്പോൾ ഒരു സംശയം ജനിച്ചു. ശരീരമുണ്ടായ ഒരൊറ്റ കോശം, ഇച്ഛാശക്തിയും വിവേചന ശക്തിയുമുള്ള ഏകകോശം, വൈവിധ്യവും വ്യത്യസ്തതയുമുള്ള സ്വഭാവ ഗുണമുള്ള കോശം, പ്രപഞ്ചം മുഴുവൻ ഉണ്ടാക്കപ്പെട്ട കോശം ആ ഒരൊറ്റ കോശമാണ് ശിവൻ എന്നാണ് ബഹുമാന്യ ശ്രീ ശ്രീ രവിശങ്കർ പറയുന്നത്. എങ്കിൽ ആ കോശം തന്നെ ദൈവമാണോ? ആണെങ്കിൽ സൃഷ്ടിയായ ശിവനാകുന്ന കോശത്തെ സൃഷ്ടിച്ചതാർ? എന്ന ചോദ്യം പ്രസക്തമാണല്ലോ. അപ്പോൾ ദൈവമെന്ന പ്രപഞ്ച സൃഷ്ടാവില്ലെന്നാണോ?

ശിവൻ ഈ മുഴുവൻ പ്രപഞ്ചവുമാണ്. എല്ലാം ഉണ്ടാക്കുന്നതും നിലനിൽക്കുന്നതും ശിവസത്തയിലാണ്. ശിവൻ സൃഷ്ടിയും സ്രഷ്ടാവും കൂടിയാണോ? എന്തൊക്കെയാണീപ്പറയുന്നത്. ഒന്നിനെക്കുറിച്ചു തന്നെ സൃഷ്ടിയെന്നും സ്രഷ്ടാവെന്നും വിവക്ഷിക്കുമ്പോൾ ഈ വിശ്വാസം അതിസങ്കീർണ്ണമായിത്തീരുകയല്ലേ? ആൾദൈവങ്ങളും ഋഷി, സന്യാസി, മുനി, യോഗിമാരുമെല്ലാം പറയുന്ന ഈ തത്വം യാതൊരു നന്മയും ദൃഢതയും മനുഷ്യനു നൽകുന്നില്ല. കേവലം മനുഷ്യരായിരുന്നവരെ ദൈവപദത്തിലേക്കുയർത്തി

മഹോന്നതനായ ദൈവത്തെ മനുഷ്യപദത്തിലേക്കിറക്കുന്ന ഈ വിശ്വാസം കൊണ്ട് നേട്ടം ആർക്കാണ് എന്നത് വ്യക്തമാണ്! ആർക്കും മനസ്സിലാകാതിരിക്കലാണ് ഇങ്ങനെ പഠിപ്പിക്കുന്നവരുടെ ലക്ഷ്യം. പറയുന്നവർക്കു ദൈവങ്ങളാകാൻ ദൈവത്തെ സങ്കീർണ്ണമാക്കുക തന്നെ പരിഹാരം!

ഈ മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചത് ബ്രഹ്മാവാണെന്നും അതിനെ സംരക്ഷിച്ചു നിലനിർത്തുന്ന രക്ഷകൻ വിഷ്ണുവാണെന്നും. ഇവർക്കു രണ്ടു പേർക്കും ഉപരിയിലാണ് ശിവൻ. സംഹാരമൂർത്തി കൂടിയാണ് ശിവൻ എന്നും സങ്കൽപിക്കുന്നു. ശിവനു ആദിയും അന്തവുമില്ലെന്നും രവിശങ്കർ പറയുന്നു. സൃഷ്ടിക്കുന്നവനല്ലേ സംരക്ഷിക്കാനും കഴിയുക? വേണ്ടിവന്നാൽ സംഹരിക്കേണ്ടതും അവൻ തന്നെയല്ലേ വേണ്ടത് എന്ന ലളിതമായി ചോദിക്കാവുന്നതാണ്. ഒരു ദൈവത്തിന്റെ മൂന്നു ഗുണങ്ങൾ മൂന്നാൾക്കു പതിച്ചു കൊടുത്തതല്ലേ യഥാർത്ഥത്തിലിത്. ഈ പ്രപഞ്ചത്തിന്റെ ദൈവത്തെ വളരെ ലളിതമായി മനസ്സിലാക്കാൻ കഴിയും. നാം അതിനെ അതീവ സങ്കീർണ്ണമാക്കുകയും മനുഷ്യൻ സ്വയം ദൈവം ചമയുകയുമാണ് ചെയ്യുന്നത്. ശിവനെ ആർക്കും മനസ്സിലാക്കാനാകില്ലെന്നും ലേഖകൻ സമർത്ഥിക്കുന്നുണ്ട്. അതിന്റെ പൊരുളെന്താണ്?! നമ്മുടെ സൃഷ്ടാവായവനെ നമുക്ക് മനസ്സിലാകുന്നില്ലെങ്കിൽ പിന്നെ പ്രപഞ്ചത്തിൽ ആർക്ക് മനസ്സിലാക്കാനാകും?

മനുഷ്യന്റെ വികലമായ ചിന്തയിൽ ഉരുത്തിരിയുന്ന ദൈവസങ്കൽപങ്ങളാണ് മുഴുവൻ സങ്കീർണ്ണതകളുമുണ്ടാക്കുന്നത്. തന്റെ ഇച്ഛക്കനുസൃതം ദൈവങ്ങളെ മെനഞ്ഞുണ്ടാക്കിയ മഹഭോഷനെ കണ്ടുവോ? എന്നു വിശുദ്ധ ഖുർആൻ ചോദിക്കുന്നുണ്ട്? (വി.ഖു: 25: 43). അത്തരക്കാർ കേൾക്കുകയോ ചിന്തിക്കുകയോ ചെയ്യാത്ത നാൽക്കാലികളോ അതിനേക്കാൾ തരംതാഴ്ന്നവരോ ആയിരിക്കുമെന്നും വി. ഖുർആൻ (25: 44) തുടർന്നു പറയുന്നു. അതേക്കുറിച്ച് നമുക്കൊരുമിച്ചു ചിന്തിക്കാവുന്നതാണ്.

**സൃഷ്ടിക്കു ഒരുദ്ദേശ്യവുമില്ലെന്നത് തനി ജൽപനമാണ്. ഈ പ്രപഞ്ചത്തെ തന്നെ. മഹാലക്ഷ്യം മുന്നിൽ കണ്ടാണ് സൃഷ്ടിച്ചുണ്ടാക്കിയതെന്നു വിശുദ്ധ ഖുർആൻ ഖണ്ഡിതമായി പറയുന്നുണ്ട്. അലക്ഷ്യമായി ഈ പ്രപഞ്ചത്തിലൊന്നുമില്ല. ഈ മഹാപ്രപഞ്ചത്തിന്റെ ലക്ഷ്യമെന്തെന്ന് അതിനിസ്സാരനായ മനുഷ്യനു പൂർണ്ണമായി മനസ്സിലാകാത്തതിനാൽ അങ്ങനെയൊരു ലക്ഷ്യം തന്നെയില്ല എന്നു പറയുന്നത് സത്യത്തിൽ അൽപത്തമാണ്. സൃഷ്ടിയും സ്രഷ്ടാവും തമ്മിൽ വ്യത്യാസമില്ല എന്ന ന്യായം തികഞ്ഞ വങ്കത്തമാകുന്നു. സൃഷ്ടി സൃഷ്ടി തന്നെയാണ്. ആ സൃഷ്ടികൾക്കെല്ലാം പരിധിയും പരിമിതികളും തുടക്കവും ഒടുക്കവും വളർച്ചയും തളർച്ചയും വിജയവും പരാജയവുമൊക്കെയുണ്ട്. മഹത്വപൂർണ്ണനും സൃഷ്ടികളോട് യാതൊന്നിലും സദൃശ്യനുമല്ലാത്ത സാക്ഷാൽ സ്രഷ്ടാവിന് അതൊന്നുമില്ല.**

തങ്ങളുടെ മനോമുകുരങ്ങൾ മെനഞ്ഞെടുത്ത ദൈവത്തിനു ഗുണമോ മണമോ രുചിയോ രൂപമോ നിറമോ ഒന്നുമില്ലെന്നു ഒരിക്കൽ പറയും. ഉടനെ അടുത്ത വാചകത്തിൽ പറയുന്നത് നേരെ മറിച്ചുമായിരിക്കും. അവസാനം ദൈവമായി അവർ അവതരിപ്പിക്കുന്നതാകട്ടെ കുറെ വ്യക്തികളെയും അവരുടെ വിഗ്രഹങ്ങളെയും. ശിവൻ ശ്വേത വസ്ത്രധാരിയാണെന്നു പറയുന്ന അതേ ശ്വാസത്തിൽ നഗ്നനാണെന്നും പറയുന്നു. കൃഷ്ണ വർണ്ണനാണ്. പരാക്രമിയായ രുദ്രനാണ്. വൈരുദ്ധ്യങ്ങളുള്ള വളരെ ഗുണങ്ങളും വിശേഷണങ്ങളും ആരോപിക്കുന്നു. ഇതെല്ലാം സാക്ഷാൽ ദൈവത്തിന്റെ ഗുണ വിശേഷണങ്ങളായിരിക്കെ അതെല്ലാമുള്ള അസ്തിതത്തെ രൂപസങ്കൽപിതമാക്കി വിഗ്രഹവൽക്കരിക്കരിക്കുകയും ചെയ്യുന്നു. എന്നിട്ട് ആ വിഗ്രഹത്തെ പൂജിച്ചാദരിച്ച് ആരാധിച്ച് സായൂജ്യമടയാൻ ശ്രമിക്കുകയും ചെയ്യുന്നു!"

## ആത്മാവിന്റെ കൂടുമാറ്റം

ആത്മാവ് ഒരു ശരീരത്തിൽ നിന്ന് മറ്റൊരു ശരീരത്തിലേക്ക് കൂടുമാറുന്നുവെന്നും വാദിക്കപ്പെടുന്നു. ആത്മാവിനെക്കുറിച്ചു തന്നെ കൃത്യതയാർന്ന ആത്യന്തികമായ ഒരു അറിവും ഇന്നുവരെ മനുഷ്യൻ നേടിയിട്ടില്ലാതിരിക്കെ അതിന്റെ പോക്കുവരവുകൾ പറയുന്നതിൽ യാതൊരു ആധികാരികതയുമില്ല. പൂർണ്ണമായും ദൈവിക രഹസ്യത്തിൽ പെട്ടതാണ് ആ വിഷയം. ആത്മാവിന്റെ ഉടമയായ ദൈവം അതിനെ തിരിച്ചെടുക്കുമ്പോൾ മനുഷ്യൻ മരണം പ്രാപിക്കുന്നുവെന്നും അത് തിരികെ കൊടുക്കുന്ന വേദി അന്ത്യനാളിനു ശേഷമുള്ള വിചരണാലോകമായ പരലോകമാണെന്നും ദൈവം അറിയിച്ചതി

ലാണ് ആധികാരികതയുള്ളത്. ആത്മാവ് ഏതൊരു ശരീരത്തിൽ നിന്ന് പോയോ ആ ശരീരത്തിലേക്കു തന്നെയാണ് പരലോകത്ത് മടക്കപ്പെടുക. ശേഷം ഇഹലോക കർമ്മരേഖക്കനുസരിച്ച് സ്വർഗ്ഗമോ നരകമോ ലഭ്യമാക്കുക എന്ന അത്യന്തം ലളിതമായ സത്യം മറച്ചുവെക്കുകയോ തമസ്കരിക്കുകയോ ചെയ്യലും ആൾദൈവങ്ങളുടെ പതിവു രീതിയാണ്. മരണമെന്ന യാഥാർത്ഥ്യത്തെ ഭയപ്പെട്ടാലും ഇല്ലെങ്കിലും അത് സംഭവിക്കുക തന്നെ ചെയ്യുമെന്നും ദൈവം അറിയിച്ചിട്ടുണ്ട്. അതാണ് യാഥാർത്ഥ്യവും.

സൃഷ്ടിക്കു ഒരുദ്ദേശ്യവുമില്ലെന്നത് തനി ജൽപനമാണ്. ഈ പ്രപഞ്ചത്തെ തന്നെ മഹാലക്ഷ്യം മുന്നിൽ കണ്ടാണ് സൃഷ്ടിച്ചുണ്ടാക്കിയതെന്നു വിശുദ്ധ ഖുർആൻ ഖണ്ഡിതമായി പറയുന്നുണ്ട്. അലക്ഷ്യമായി ഈ പ്രപഞ്ചത്തിലൊന്നുമില്ല. ഈ മഹാപ്രപഞ്ചത്തിന്റെ ലക്ഷ്യമെന്തെന്ന് അതിനിസ്സാരനായ മനുഷ്യനു പൂർണ്ണമായി മനസ്സിലാകാത്തതിനാൽ അങ്ങനെയൊരു ലക്ഷ്യം തന്നെയില്ല എന്നു പറയുന്നത് സത്യത്തിൽ അൽപത്തമാണ്. സൃഷ്ടിയും സ്രഷ്ടാവും തമ്മിൽ വ്യത്യാസമില്ല എന്ന ന്യായം തികഞ്ഞ വങ്കത്തമാകുന്നു. സൃഷ്ടി സൃഷ്ടി തന്നെയാണ്. ആ സൃഷ്ടികൾക്കെല്ലാം പരിധിയും പരിമിതികളും തുടക്കവും ഒടുക്കവും വളർച്ചയും തളർച്ചയും വിജയവും പരാജയവുമൊക്കെയുണ്ട്. മഹത്വപൂർണ്ണനും സൃഷ്ടികളോട് യാതൊന്നിലും സദൃശ്യനുമല്ലാത്ത സാക്ഷാൽ സ്രഷ്ടാവിന് അതൊന്നുമില്ല. ഈ മഹാപ്രപഞ്ചത്തെ അന്യൂനമായി അണിയിച്ചൊരുക്കിയ എല്ലാം തികഞ്ഞ സമ്പൂർണ്ണനാണ് സ്രഷ്ടാവ്. ആ 'പടച്ചവൻ' തന്റെ സൃഷ്ടിയെപ്പോലെ തന്നെ എന്നു പറയുന്നതിൽ അണുമണിത്തൂക്കം ബുദ്ധിയോ വിവേകമോ യാഥാർത്ഥ്യബോധമോ നീതിയോ ഇല്ല എന്നതാണ് സത്യം. വലിയ ബുദ്ധിരാക്ഷസത അവകാശപ്പെടുന്നവരൊക്കെ ദൈവത്തെക്കുറിച്ച് സ്വപ്നലോകത്തിലാണ് വിരാചിക്കുന്നത്. 'പരമാനന്ദം' ആഗ്രഹിക്കുന്ന ചപലഹൃദയക്കാരുടെ ഭാവനാലോകത്തെ സങ്കൽപങ്ങളെ വലിയ മതാദർശമായി കൊണ്ടുനടക്കുകയാണ് ചെയ്യുന്നത്. പരമാനന്ദ പ്രപഞ്ചത്തിലെ 'ആനന്ദ'ന്മാരായി സുഖിച്ചും തിന്നും കുടിച്ചും നൃത്തം വെച്ചും ഏറെ സമ്പാദിച്ചും സാധു മനുഷ്യരെ അടിമകളും ഭക്തരുമാക്കി മാറ്റി തങ്ങളുടെ ഇംഗിതം പൂർത്തീകരിക്കുകയാണ് സ്വദൈവം ചമയുന്നവർ കൊതിക്കുന്നത്. അതിന്നായി കടിച്ചാൽ പൊട്ടാത്തതും ഗ്രഹിക്കാനാകാത്തതും ആർക്കും ഒന്നും മനസ്സിലാകാത്തതുമായ കുറെ മിത്തുകൾ മെനഞ്ഞുണ്ടാക്കി ആശയാദർശങ്ങളായി കൊണ്ടുനടക്കുന്നവരാണീ വിഗ്രഹപൂജകരഖിലവും. പ്രജ്ഞ, ധ്യാനം, യോഗ, ഉപവാസം, സ്വപ്നം, ചേതന, തപസ്സ് എന്നീ വഹകളെല്ലാം മേൽപ്പറഞ്ഞ ലക്ഷ്യം നേടാൻ - പരമാനന്ദ ലോകം കീഴടക്കാൻ - ഉപയുക്തമാക്കുന്ന തട്ടിപ്പന്മാരായ ആൾദൈവങ്ങളുടെ പൊടിക്കൈകളാണ്. ദൈവത്തെ ഉട്ടോപ്യ പോലെയാക്കി അവതരിപ്പിക്കുന്നത് അവരുടെ സ്ഥിരം പതിവുമാണ്. ഇത്തരം ജൽപനക്കാരോട് ചോദിക്കാൻ 'അല്ലാഹു' ആവശ്യപ്പെടുന്നതു കാണുക.

**''ചോദിക്കൂ! ആരാണ് ആകാശങ്ങളുടെയും ഭൂമിയുടെയും രക്ഷിതാവ്? പറയൂ: അല്ലാഹുവാണ്. പറയുക: എന്നിട്ടും അവന്നു പുറമെ അവരവർക്കു തന്നെ യാതൊരു ഉപകാരമോ ഉപദ്രവമോ ചെയ്യാൻ സ്വാധീനമില്ലാത്ത ചില രക്ഷാധികാരികളെ നിങ്ങൾ നിശ്ചയിച്ചിരിക്കുകയാണോ? പറയൂ! അന്ധനും കാഴ്ചയുള്ളവനും തുല്യരാകുമോ? അഥവാ ഇരുട്ടുകളും വെളിച്ചവും തുല്യമാകുമോ? അതല്ല. അല്ലാഹുവിനു പുറമെ അവർ പങ്കാളികളാക്കിവെച്ചവർ, അവൻ സൃഷ്ടിക്കുന്നതുപോലെത്തന്നെ സൃഷ്ടി നടത്തിയിട്ട് ഇരുസൃഷ്ടികളും അവർക്ക് തിരിച്ചറിയാതെയാവുകയാണോ ഉണ്ടായത്? പറയൂ. അല്ലാഹുവാണ് എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവ്. അവൻ ഏകനും സർവ്വാധിപതിയുമാകുന്നു. (വിശുദ്ധ ഖുർആൻ 13: 16)**

കേവലം ഒരു സൃഷ്ടി മാത്രമായ - രവിശങ്കരുടെ ഭാഷയിൽ വെറുമൊരു കോശമായ - ശിവസത്ത ഈ ജഗത്തിൽ മുഴുവൻ വ്യാപിച്ചതിനാൽ അതിനെ വിഗ്രഹവൽക്കരിക്കുന്നതിന്റെ പരംപൊരുൾ മനസ്സിലാകുന്നില്ല. കോശങ്ങളാൽ - ശിവന്മാരാൽ - ഉണ്ടാക്കപ്പെട്ട നാം മനുഷ്യരാണെന്നുള്ള യാഥാർത്ഥ്യം മറക്കാതിരിക്കുക. മനുഷ്യരേക്കാൾ വമ്പൻ സൃഷ്ടികൾ ഈ പ്രപഞ്ചത്തിൽ കോടാനുകോടികളുണ്ട്. മനുഷ്യരേക്കാൾ ഗംഭീരങ്ങളായവ. അവയൊന്നും ദൈവങ്ങളല്ല. സൃഷ്ടികളാണ്. സ്രഷ്ടാവ് വേറെത്തന്നെയാണ്. അല്ലാഹു പറയുന്നു: **''നിങ്ങളാണോ പടുകൂറ്റൻ സൃഷ്ടി? അതോ, ആകാശമോ? അതിനെ ദൈവമാണല്ലോ സൃഷ്ടിച്ചത്! അതിനെ അനന്തതയുള്ളതാക്കിയത്! വ്യവസ്ഥപ്പെടുത്തി അന്യൂനമാക്കിയത്! രാത്രിയെന്ന പ്രതിഭാസത്തെ അന്ധകാരമാക്കിയത്! പകലിനെ പ്രശോഭിതമാക്കിയത്! ഭൂമിയെ വികസിപ്പിച്ചത്! വെള്ളവും സസ്യജാലങ്ങളും പുറത്തുകൊണ്ടുവന്നത്! പർവ്വതങ്ങൾ ഉറപ്പിച്ചത്! നിങ്ങൾക്കും നിങ്ങളുടെ നാൽക്കാലികൾക്കും ഉപയുക്തമാക്കിയത്? എന്നാൽ, ആ മഹാവിപൽഘട്ടം വരുംനാളുണ്ട്. അന്നാണ് മനുഷ്യൻ അദ്ധ്വാനിച്ചതിനെപ്പറ്റി ഓർമ്മിച്ചുപോകുന്നത്.'' (വിശുദ്ധ ഖുർആൻ: 79: 27-35)**

ന്യായന്യായം

ഡോ. ബക്കർ എ റഹ്മാൻ

# 'യുക്തിയുഗ'ത്തിലെ പ്രവാചക നിന്ദ

**ഇസ്ലാമിനു മറ്റാരുടെയും മിത്തുകളും വിശ്വാസാചാരനുഷ്ഠാനങ്ങളും കടമെടുക്കേണ്ട ഗതികേടില്ല. ഇസ്ലാം സമ്പൂർണ്ണവും അസ്തിത്വമുള്ളതും അപ്രമാദിത്വമുള്ളതുമായ മതം തന്നെയാണ്. പല മതങ്ങളുടെ ഉത്തരവാദിത്വം ഇസ്ലാമിനു മേൽ ചാർത്തേണ്ടതില്ല. മതങ്ങൾ പലതാക്കിയത് പൗരോഹിത്യത്തിന്റെ പണിയാണ്. അല്ലാഹുവോ പ്രവാചകനോ അതിൽ പങ്കാളിയല്ല. ദൈവത്തിങ്കൽ ഇസ്ലാം എന്ന മതം മാത്രമേയുള്ളൂ.**

'യുക്തിയുഗം' മാസിക 2015 ജനുവരി ലക്കത്തിലും ഇസ്ലാമിനെ കടന്നാക്രമിക്കാൻ ശ്രമിക്കുന്നു. 'യസീദികളും കൂട്ടക്കുരുതികളും: ചരിത്രത്തിലൂടെ' (പേജ് 44-50) എന്ന ലേഖനത്തിൽ ഇസ്ലാമിനെ അനാവശ്യമായി യസീദികളുടെ കഥ പറയുന്നതിലൂടെ വലിച്ചിഴക്കുകയാണ് ലേഖകൻ (മഹ്മൂദ് പറശ്ശിനിക്കടവ്) ചെയ്യുന്നത്. ശൈത്വാൻ എന്നു വിളിക്കുന്ന ഇബ്‌ലീസിനെ ആരാധിക്കുന്നവർ എന്ന് യസീദികളെ പരിചയപ്പെടുത്തുന്നുണ്ട്. എങ്കിൽ അവർ മുസ്ലിംകളല്ല, ഇസ്ലാമുമായി ബന്ധമുള്ളവരുമല്ല എന്ന് സുവ്യക്തമല്ലേ. എന്നിട്ടും അവരുടെ വിശ്വാസാചാരനുഷ്ഠാനങ്ങളെ ഇസ്ലാമുമായി കൂട്ടിക്കെട്ടാൻ ലേഖകൻ പാടുപെടുന്നു.

യുക്തിവാദികളും ഓറിയന്റലിസ്റ്റുകളും ജൂത, ക്രൈസ്തവ, സിയോണിസ്റ്റുകളും യൂറോപ്യരിലൂടെ ലോകത്തിനു സമർപ്പിച്ച ഇസ്ലാം വിരുദ്ധ ഗ്രന്ഥങ്ങളിൽ പണ്ടേ പറഞ്ഞുവരാറുള്ള ആരോപണങ്ങൾ വള്ളിപുള്ളി വ്യത്യാസമില്ലാതെ ആവർത്തിക്കുകയാണീ ലേഖനത്തിൽ. ഇസ്ലാമിക ആധികാരിക ഗ്രന്ഥങ്ങൾ മുസ്ലിം മഹാരഥന്മാരായ പണ്ഡിതന്മാരെഴുതിയിട്ടുണ്ട്. അതൊരിക്കലും ഇവർ പ്രമാണമാക്കാറില്ല. പ്രവാചകൻ മുഹമ്മദ്(സ്വ) ഇസ്ലാം മെനഞ്ഞുണ്ടാക്കിയ ആദർശമാണെന്നും ദൈവികമല്ല അതെന്നും സമർത്ഥിക്കുക ഇവരുടെ സ്ഥിരം പതിവാണ്. "നിരന്തരമുള്ള തന്റെ കച്ചവടയാത്രകൾക്കിടയിൽ മുഹമ്മദ് നബി കേട്ട കാര്യങ്ങൾ, പ്രധാനമായും അന്ന് സജീവമായ കോപ്റ്റിക് ക്രിസ്ത്യാനിറ്റിയുടെ ദർശനങ്ങളും വിശ്വാസങ്ങളും അദ്ദേഹത്തെ ഏറെ സ്വാധീനിച്ചിരുന്നു." (യുക്തിയുഗം 2015 ജനുവരി പേജ് 45). ഇതുവായിച്ചാൽ തോന്നും മുഹമ്മദ് നബി(സ) ഇന്നത്തെ ലോകരാഷ്ട്രത്തലവന്മാരെപ്പോലെ ഉലകം മുഴുവൻ അനേകം തവണ ചുറ്റലായിരുന്നുവെന്ന്. ആ യാത്രാവേളയിൽ കിട്ടിയതാണ് ഈ ഇസ്ലാം എന്ന്. യഥാർത്ഥത്തിൽ പ്രവാചകത്വത്തിനു മുമ്പുള്ള യാത്രകളായിരിക്കണമല്ലോ വിശ്വാസങ്ങൾക്കും ദർശനങ്ങൾക്കും രൂപം നൽകാനുള്ള സുവർണാവസരമാകേണ്ടത്? എന്നാൽ പ്രവാചകൻ തന്റെ ദൗത്യാരംഭത്തിനു മുമ്പ് ആകപ്പാടെ പത്തിൽ കുറവ് യാത്രകൾ മാത്രമാണ് ചെയ്തിട്ടുള്ളത്. തന്റെ 12-ാം വയസ്സിൽ പിതൃവ്യനോടൊപ്പമുള്ള ഒന്നാം ശാം യാത്ര. അതാകട്ടെ

പൂർത്തിയാക്കാതെ ഇടക്കു ബുസ്റായിൽ വെച്ച് മടങ്ങിയതായിരുന്നു. പിന്നീട് അനേകം വർഷങ്ങൾ ആട്ടിനെ മേച്ചുള്ള മക്കക്കു ചുറ്റുമുള്ള വിജനമായ മരുഭൂയാത്രകൾ മാത്രമായിരുന്നു. തന്റെ 25-ാം വയസ്സിലാണ് ഖദീജയുടെ കച്ചവടച്ചരക്കുമായുള്ള രണ്ടാം ശാം യാത്ര. ഈ യാത്രാനന്തരം ഖദീജയുമായുള്ള വിവാഹം നടന്നു. പിന്നീട് ചുരുക്കം ചില യാത്രകളാണ് കച്ചവടാർത്ഥമുണ്ടായിട്ടുള്ളത്. സായിബ് ബ്നു അബിസ്സായിബിന്റെ കച്ചവടപങ്കാളിയായിരുന്നപ്പോൾ മുഹമ്മദ് നബി(സ) മൂന്നു തവണ മാത്രമാണ് യാത്ര പോയിട്ടുള്ളത്. യാത്രകൾ ധാരാളം ചെയ്യാനുള്ള അദ്ദേഹത്തിന്റെ സാമ്പത്തിക ശേഷിയില്ലാത്ത ദരിദ്രാവസ്ഥയും കച്ചവടാവശ്യമല്ലാത്ത യാത്രകൾ വേണ്ടതില്ലാത്തതിനാലും അക്കാലത്തെ യാത്രാദുരിതങ്ങളും നിരന്തരയാത്രകൾ അസാധ്യമാക്കിയിട്ടുണ്ട്. ഈ യാഥാർത്ഥ്യങ്ങൾ ലേഖകൻ മറച്ചുവെച്ചത് ദുരുദ്ദേശ്യപൂർവ്വം തന്നെ.

ലേഖകൻ പറയുന്നു: ബൗദ്ധികമായി പിന്നോക്കമായിരുന്ന, അലഞ്ഞുതിരിയുന്ന മരുഭൂമിയിലെ നൊമാഡിക് ഗോത്രവർഗങ്ങൾ ഇത്തരം വിശ്വാസങ്ങളിൽ ആകൃഷ്ടരായതിൽ അത്ഭുതമില്ല. മരുഭൂമികൾ താണ്ടിയുള്ള പ്രയാസമേറിയ ദീർഘയാത്രകളിൽ അവർക്ക് ആശ്വാസമായത് ഇത്തരം വിശ്വാസങ്ങളായിരുന്നു. (പേജ് 45).

ലോകചരിത്രത്തിൽ അനേകായിരം ശാസ്ത്രപടുക്കളും ദാർശനികരും ചിന്തകന്മാരും തത്വജ്ഞാനികളും രാഷ്ട്രമീമാംസകരും, കവികളും, സാഹിത്യകാരന്മാരും, കലാകാരന്മാരും, എഴുത്തുകാരും - കമലാസുരയ്യ എന്ന മാധവിക്കുട്ടി പോലും - പണ്ഡിതന്മാരും, ചിന്തകന്മാരുമൊക്കെ ഇന്നും എന്നും ഇസ്‌ലാമിലേക്കാകർഷിക്കുന്നയത്ര മറ്റൊന്നിലേക്കുമില്ല എന്ന യാഥാർത്ഥ്യം മറച്ചുവെക്കാനാകില്ല. ഇവരെല്ലാം ഇസ്‌ലാമിലേക്ക് ആകൃഷ്ടരായതും ആയിക്കൊണ്ടിരിക്കുന്നതും അലഞ്ഞുതിരിഞ്ഞ മരുഭൂമിയിലെ നൊമാഡിക് ഗോത്രവർഗങ്ങളായതിനാലായിരുന്നുവോ? ലേഖകന് നീതിബോധം നഷ്ടപ്പെട്ട പരാമർശമാണത്.

''എന്നാൽ അന്നും ഈ ഗോത്രവർഗങ്ങൾ അവരവരുടെ വിഗ്രഹങ്ങൾ ആരാധിച്ചു എന്നതൊഴിച്ചാൽ മറ്റു പ്രശ്നങ്ങളൊന്നും ഉണ്ടായതായി ഇസ്‌ലാമിക പൂർവ്വകാലത്തെ കുറിച്ചു പഠിച്ച പണ്ഡിതന്മാരാരും തന്നെ രേഖപ്പെടുത്തിയതായി കണ്ടിട്ടില്ല.'' (പേജ് 45). പെരുംനുണയാണിവിടെ പറഞ്ഞുവെച്ചത്. അത്യന്താധുനിക കാലത്തെ പോലും വെല്ലുന്നത്ര അധാർമ്മികതകളാൽ കൊടികുത്തിവാണ കാടൻ സംസ്കൃതികളായിരുന്നു അന്നത്തെ അറബികളടക്കമുള്ളതെന്ന് രേഖപ്പെടുത്താത്ത മുസ്‌ലിം ചരിത്രകാരന്മാർ ആരുമില്ല. ലേഖകൻ കാണാത്തത് തികഞ്ഞ മാനസികാന്ധത കൊണ്ടുതന്നെയായിരിക്കണം! പെൺകുഞ്ഞിനെ ജീവനോടെ കുഴിച്ചു മൂടുന്നതു മുതൽ സ്വന്തം മാതാവിനെയും പെൺമക്കളെയും വ്യഭിചരിക്കുന്നതുവരെ അതിഭയാനകമയ ഉച്ചനീചത്വങ്ങളും അടിമത്വവും വർഗീയതയും സാമ്പത്തിക അക്രമങ്ങളും നടമാടിയിരുന്ന അജ്ഞാതയുഗം എന്നതാണ് ഏറ്റവും വലിയ ശരിയായി എല്ലാ ചരിത്രകാരന്മാരും രേഖപ്പെടുത്തിയത്.

"മക്കയിൽ നിന്ന് ദരിദ്രാവസ്ഥയിൽ മദീനയിലേക്കു പാലായനം ചെയ്ത മുഹമ്മദ് നബി മദീനയിൽ ഇത്തരം കൊള്ളയിലൂടെയാണ് തന്റെ സ്ഥാനം ഉറപ്പിച്ചത്. ഈ കൊള്ളകൾ ചില ധാരണകൾ അനുസരിച്ച് ഗോത്ര ജീവിതത്തിൽ അനുവദനീയമായിരുന്നു. ഇത്തരം കൊള്ളകൾ 'ഗസ്വ' എന്ന പേരിലാണ് അറിയപ്പെട്ടത്. ഈ ഗസ്വകളാണ് പിന്നീട് ഖുറൈശികളും, മുഹമ്മദ് നബിയും തമ്മിലുള്ള പോരാട്ടങ്ങളായി പരിണമിച്ചത്. മിക്കവാറും എല്ലാ പോരാട്ടങ്ങളും ഖുറൈശികളെ സംബന്ധിച്ചിടത്തോളം നിലനിൽപിനായുള്ള പ്രതിരോധമായിരുന്നു. സിറിയയിലേക്കും മറ്റും കച്ചവടത്തിന് പോകുന്ന ഖുറൈശി സംഘങ്ങളെ കൊള്ളയടിച്ചു സമ്പത്തു ആർജ്ജിച്ചെടുക്കുകയായിരുന്നു നബി ചെയ്തത്. ഗസ്വയിൽ നിന്ന് ലഭിക്കുന്ന ഗ്വനീമത്ത് എന്ന കൊള്ള മുതലിൽ നിന്നുള്ള വിഹിതമാണ് പിന്നീട് ഇസ്‌ലാമിലേക്ക് ആളുകളെ ആകർഷിച്ചതെന്ന് മനസ്സിലാക്കാവുന്നതാണ്.'' (പേജ് 46)

നൂറ്റാണ്ടുകളായി സിയോണിസ യൂറോപ്യൻ ലോബി ലോകത്തെ തെറ്റിദ്ധരിപ്പിക്കാനായി പറഞ്ഞുവരാറുള്ള ഗുരുതരമായ, പച്ചയായ വ്യാജാരോപണമാണിവിടെ എഴുന്നള്ളിച്ചിട്ടുള്ളത്. മക്കയിൽ നിന്ന് ദരിദ്രാവസ്ഥയിൽ മദീനയിലേക്കു പാലായനം ചെയ്യേണ്ടിവന്നത് മുസ്‌ലിംകൾക്കായിരുന്നുവല്ലോ. മക്കയിൽ ഇവർ മുഴുവൻ ദരിദ്രരായിരുന്നുവോ? ഖുറൈശികൾ മുസ്‌ലിംകളുടെ ഉടുതുണിയല്ലാത്ത സർവ്വവും പിടിച്ചെടുത്തു മക്കയിൽ നിന്ന് ആട്ടിയോടിച്ചു. അവർ മദീനയിലെത്തുമ്പോൾ ദരിദ്രർ തന്നെയായിരിക്കുമല്ലോ? അവരുടെ അളവറ്റ സമ്പത്തുക്കൾ കവർന്നെടുത്ത് അത് പോഷിപ്പിച്ച് സർവ്വ യുദ്ധസന്നാഹങ്ങളൊരുക്കി മുസ്‌ലിംകളെ ഭൂമിയിൽ നിന്നുതന്നെ തുടച്ചു നീക്കാൻ പ്രതിജ്ഞ ചെയ്ത് യുദ്ധകാഹളം മുഴക്കിയ ഖുറൈശികളെ പ്രതിരോധിക്കാനാണ് ഇസ്‌ലാം വാളെടുക്കാൻ അനുമതി നൽകിയത്.

രണ്ടു നാടുകൾ, വിഭാഗങ്ങൾ തമ്മിൽ യുദ്ധപ്രഖ്യാപനം നടത്തിയാൽ ശത്രുപക്ഷങ്ങളുടെ ആളുകളെ കണ്ടേടത്തു വെച്ചു കൊല്ലുകയോ ബന്ധിക്കുകയോ ചെയ്യും. സമ്പത്തുക്കൾ എന്തും പിടിച്ചെടുക്കും.

**സമാധാനം നിലനിൽക്കുന്ന സന്ദർഭങ്ങളിൽ പോലും രാജ്യങ്ങൾ തമ്മിലുള്ള അതിർത്തി ലംഘനങ്ങൾ കുറ്റകരമാണ്. കരയിലും കടലിലും ആകാശത്തുമെല്ലാം അതിർത്തികൾ നിശ്ചയിച്ച് അതിന്റെ ലംഘനം മൈക്രോസ്കോപ്പ് വെച്ചുപോലും വീക്ഷിക്കുന്ന ലോകനീതി ഇസ്‌ലാമിനു മാത്രം പാടില്ലെന്നോ? 'ഗ്വനീമത്ത്' എന്നതിന്റെ അർത്ഥം തന്നെ യുദ്ധാർജിത സ്വത്ത് എന്നാണ്. അത് കൊള്ള മുതലാണെന്ന് പറയുന്നത് ജുഗുപ്സാവഹമാണ്. ലോകം മുഴുവൻ ദയാനിധിയായ ദൈവദൂതനായി വിലയിരുത്തുന്ന മുഹമ്മദ് നബി(സ)യെ കൊള്ളക്കാരനായി ചിത്രീകരിക്കുന്നത് കടുകടുത്ത അനീതിയും പ്രവാചകനിന്ദയുമാകുന്നു.**

സഞ്ചാരഗതികൾ പോലും തടയുകയില്ലേ? ഇത് ലോകം ഉണ്ടായ കാലം മുതലുള്ള നീതിശാസ്ത്രമാണ്. ആ യുദ്ധത്തിന്റെ ഭാഗമാണ് 'ഗസ്വ' - (ഗസ്‌വ: എന്നാണ് ശരി, യുദ്ധം എന്നാണാ പദത്തിനർത്ഥം) - അല്ലാതെ ഗസ്വ എന്നാൽ കൊള്ളയല്ല. ഖുറൈശികളുടെ നിലനിൽപിനുള്ള പ്രതിരോധമല്ലത്. മക്കക്കാർ യുദ്ധത്തിനായി മദീന ലക്ഷ്യം വെച്ച് പുറപ്പെട്ട് മദീനയുടെ തൊട്ടടുത്ത ബദ്റിൽ എത്തിയപ്പോൾ മുസ്‌ലിംകൾ യുദ്ധസന്നദ്ധരാവുകയാണുണ്ടായത്. ചരിത്രത്തെ തലകീഴാക്കിപ്പിടിച്ചാലെ യുക്തിവാദികൾക്കു രക്ഷയുള്ളുവല്ലോ!

സമാധാനം നിലനിൽക്കുന്ന സന്ദർഭങ്ങളിൽ പോലും രാജ്യങ്ങൾ തമ്മിലുള്ള അതിർത്തി ലംഘനങ്ങൾ കുറ്റകരമാണ്. കരയിലും കടലിലും ആകാശത്തുമെല്ലാം അതിർത്തികൾ നിശ്ചയിച്ച് അതിന്റെ ലംഘനം മൈക്രോസ്കോപ്പ് വെച്ചുപോലും വീക്ഷിക്കുന്ന ലോകനീതി ഇസ്‌ലാമിനു മാത്രം പാടില്ലെന്നോ? 'ഗ്വനീമത്ത്' എന്നതിന്റെ അർത്ഥം തന്നെ യുദ്ധാർജിത സ്വത്ത് എന്നാണ്. അത് കൊള്ള മുതലാണെന്ന് പറയുന്നത് ജുഗുപ്സാവഹമാണ്. ലോകം മുഴുവൻ ദയാനിധിയായ ദൈവദൂതനായി വിലയിരുത്തുന്ന മുഹമ്മദ് നബി(സ)യെ കൊള്ളക്കാരനായി ചിത്രീകരിക്കുന്നത് കടുകടുത്ത അനീതിയും പ്രവാചകനിന്ദയുമാകുന്നു. അതുപോലെ, മദീനയിൽ ജൂതഗോത്രങ്ങൾക്കെതിരെ മുഹമ്മദ് നടപ്പിലാക്കിയ വംശീയ ഉന്മൂലനം പിന്നീട് നബിചര്യയുടെ ഭാഗമായിത്തീർന്നുവെന്നും ലേഖകൻ ആക്ഷേപിക്കുന്നു. സ്വന്തം രാഷ്ട്രത്തിനകത്ത് സുരക്ഷ നൽകപ്പെട്ട് കഴിയുന്ന, മുസ്‌ലിം രാഷ്ട്രവുമായി പരസ്പരം സന്ധികളിലേർപ്പെട്ടിട്ടുള്ള ജൂത, ക്രൈസ്തവ ഗോത്രങ്ങൾ പുറത്തുനിന്നെത്തിയ ശത്രുക്കൾക്ക് കടുത്ത ഒറ്റുകാരായി, കപടപൗരത്വം തെളിയിച്ച് രാജ്യദ്രോഹികളായപ്പോൾ അവരെ സുരക്ഷിതമായി നാടുകടത്തിയതിനെ 'വംശീയ ഉന്മൂലനം' എന്നു നാമകരണം ചെയ്ത മനസ്സ് രോഗാതുരം തന്നെയാണ്. ലേഖകൻ ഇസ്‌ലാമിനെ പഠിച്ച സ്രോതസ്സുകൾ ജൂത, ക്രൈസ്തവ ലോബികളുടേതായിപ്പോയി! മുസ്‌ലിം നാമകാരനായ ലേഖകനു മുസ്‌ലിം മഹാരഥന്മാരായ ഗ്രന്ഥകാരന്മാരുടെ പ്രാമാണിക കൃതികൾ ലഭിക്കാതെ പോയത് മഹാദൗർഭാഗ്യകരമായിപ്പോയി.

'വാസ്തവത്തിൽ ഇസ്‌ലാം എന്നത് ഇത്തരം വ്യത്യസ്ത മതങ്ങളിൽ നിന്ന് മിത്തുകളും വിശ്വാസങ്ങളും ആചാരങ്ങളുമൊക്കെ കടമെടുത്തുണ്ടായതാണ്.' (പേജ് 47)

ഇസ്‌ലാമിനെക്കുറിച്ച് ബാലപാഠമറിയുന്ന ആരും പറയാത്തൊരാക്ഷേപമാണിത്. ഭൂമിയിലെ ഒന്നാമത്തെ മനുഷ്യൻ ആദമിന്റെ മതം ഇസ്‌ലാമായിരുന്നു - ഒന്നാമത്തെ മുസ്‌ലിമും അദ്ദേഹമാണ്. മനുഷ്യവംശത്തിനു ദൈവം നൽകിയ മതത്തിന്റെ പേരാണ് ഇസ്‌ലാം. അതുകൊണ്ടുതന്നെ മുഹമ്മദ് നബി(സ്വ)ക്കു മുമ്പുള്ള ഓരോ കാലഘട്ടങ്ങളിലും വിവിധതരം കയ്യേറ്റങ്ങൾക്ക് യഥാർത്ഥമതം വിധേയമായപ്പോൾ വന്നുചേർന്ന വികലതകളാണ് പലതരം മിത്തുകളും വിശ്വാസങ്ങളും ഉടലെടുക്കാൻ കാരണമായത്. വ്യതിചലനങ്ങൾക്ക് വിധേയമാകാതിരുന്നതും യഥാർത്ഥത്തിലുള്ളതുമായവക്ക് അന്ത്യവേദഗ്രന്ഥമായ വിശുദ്ധ ഖുർആനും അന്ത്യപ്രവാചകനുമായ മുഹമ്മദ് നബി(സ)യും അംഗീകാരം നൽകുകയും സംസ്കരിച്ചു ലോകത്തിനു സമർപ്പിച്ചതുമാണ് ഇസ്‌ലാമിന്റെ യഥാർത്ഥ മുഖം. അതനുസരിച്ചാണ് പ്രവാചകൻ മുഹമ്മദ്(സ) ജീവിച്ചു മാതൃക കാട്ടിയത്. ഇസ്‌ലാമിനു മറ്റാരുടെയും മിത്തുകളും വിശ്വാസാചാരനുഷ്ഠാനങ്ങളും കടമെടുക്കേണ്ട ഗതികേടില്ല. ഇസ്‌ലാം സമ്പൂർണ്ണവും അസ്തിത്വമുള്ളതും അപ്രമാദിത്വമുള്ളതുമായ മതം തന്നെയാണ്. പല മതങ്ങളുടെ ഉത്തരവാദിത്വം ഇസ്‌ലാമിനു മേൽ ചാർത്തേണ്ടതില്ല. മതങ്ങൾ പലതാക്കിയത് പൗരോഹിത്യത്തിന്റെ പണിയാണ്. അല്ലാഹുവോ പ്രവാചകനോ അതിൽ പങ്കാളിയല്ല. ദൈവത്തിങ്കൽ ഇസ്‌ലാം എന്ന മതം മാത്രമേയുള്ളൂ.

കവർസ്റ്റോറി

## ഇസ്‌ലാമിലെ ധന വ്യയനയം-3

ഡോ. എ.ഐ. റഹ്മത്തുല്ല



# പിശുക്കും ധൂർത്തും

കൃത്യമായ പരിധികൾ നിർണ്ണയിക്കാൻ പ്രയാസമുള്ള രണ്ട് സാമ്പത്തിക നയനിലപാടുകളാണ് പിശുക്കും ധൂർത്തും. സ്വല്പം കുറഞ്ഞുപോയാൽ ലുബ്ധ് എന്ന് ആക്ഷേപിക്കപ്പെടാൻ വലിയ സാധ്യതയുണ്ട്. എന്നാൽ ധാരാളിത്വം ആക്ഷേപിക്കപ്പെടുക താരതമ്യേന കുറവായിരിക്കും, കാരണം ധൂർത്ത് വഴി ധനം മറ്റുള്ളവരിലേക്ക് കൂടുതൽ വിതരണം നടക്കുകയായതിനാൽ പലർക്കും അതു വഴി നേട്ടങ്ങളുണ്ടാവുന്നു. ധൂർത്തനായ വ്യക്തിക്ക് തന്റെ പൊങ്ങച്ചഭാവത്തെ തൃപ്തിപ്പെടുത്താനാവുന്നുവെന്ന നേട്ടം മാത്രമേ ഉണ്ടാവുന്നുള്ളൂവെങ്കിലും.

വിശുദ്ധ ഖുർആൻ ലുബ്ദിനേയും ധൂർത്തിനേയും തള്ളിപ്പറയുന്നതായി കാണാം. വിശ്വാസികളുടെ സവിശേഷ ഗുണങ്ങളിൽ ഖുർആൻ എണ്ണിപറയുന്നു. **"അവർ ചിലവഴിക്കുന്നതായാൽ അമിത വ്യയം ചെയ്തിട്ടുമില്ല പിശുക്കിയിട്ടുമില്ലാത്ത വിധം അവയ്ക്കിടയിൽ ഒരു മധ്യമ നിലപാടെടുത്തവരായിരിക്കും." (ഫുർഖാൻ:67)**

മിതത്വത്തിന്റെ സന്ദേശമാണ് വി.ഖുർആൻ ഇവിടെ നല്കുന്നതെങ്കിലും ഒരു സ്വയം നിയന്ത്രണത്തിന്റെയും ഭക്തിയുടെയും സൂക്ഷ്മതയുടെയും ഭാഗമായി പിശുക്കിനെ ജനങ്ങൾ നോക്കികാണുകയും ധൂർത്തിനെ ഭക്തിയില്ലായമയുടെയും നിരുത്തരവാദിത്വത്തിന്റെയും അല്ലാഹുവിനെ മറക്കുന്നവന്റെയുമെല്ലാമായ ഭാവമായി ജനങ്ങൾ പൊതുവെ നോക്കിക്കാണുന്നു.

എന്നാൽ പിശുക്കിനെ അല്ലാഹു വളരെ ശക്തമായി ആക്ഷേപിക്കുന്നുണ്ട്. **"എന്നാൽ ഏതൊരുത്തൻ പിശുക്ക് കാണിച്ച് സ്വയം സമ്പന്നനാവാൻ ശ്രമിച്ചു കൊണ്ട് (അതിനെ ആശ്രയിക്കാൻ തീരുമാനിക്കുകയും) എല്ലാ നൻമകളേയും കള്ളമാക്കി തള്ളുകയും ചെയ്യുന്നുവോ അവന്ന് കടുത്ത ജീവിത പ്രയാസം നാം ഒരുക്കുന്നതാണ്." (ഖുർആൻ 92: 8-10)** പിശുക്കി സമ്പത്ത് വർദ്ധിപ്പിക്കുവാൻ ശ്രമിക്കുന്നവർ സാധാരണയായി അല്ലാഹുവിനെ ആശ്രയിക്കാനും അല്ലാഹു തനിക്ക് നല്കിക്കൊണ്ടിരിക്കുന്നതിൽ തൃപ്തി

പ്പെടാനും തയ്യാറാവാതെ താൻ പിശുക്കിയുണ്ടാക്കുന്ന സമ്പത്തിനെ ആശ്രയിക്കാനും ആ സമ്പത്ത് തന്നെ എന്നും സംരക്ഷിച്ചുക്കൊള്ളുമെന്ന് വിശ്വസിക്കുകയും ചെയ്യുന്ന തായിട്ടാണ് കാണുന്നത്. ഇത്തരക്കാരെ ആക്ഷേപിക്കു കയാണ് ഈ ഖുർആൻ വചന ങ്ങൾ. **"അവൻ നാശത്തിലാ യാൽ അവന്റെ സമ്പത്ത് അവന്ന് പ്രയോജനപ്പെടു ന്നില്ല." (ഖുർആൻ 92:11).** ഇത്തരം പിശുക്കൻമാർ എന്തെങ്കിലും നഷ്ടപ്പെ ടുമ്പോൾ അധികമായി ദു:ഖി ക്കുകയും വല്ലതും കിട്ടു മ്പോൾ അമിതാവേശത്തിൽ സന്തോഷിക്കുകയും ചെയ്യു ന്നു. ഇവർ സ്വയം പിശുക്കു കയും ജനങ്ങളെ പിശു ക്കന്മാരാക്കുന്ന ഒരു സംവി ധാനം നടപ്പാക്കുകയും ചെയ്യു ന്നു. (ഖു.ആൻ 57:23-24). **"തന്റെ സമ്പത്ത് തന്നെ അനശ്വരനാക്കുമെന്ന് അവൻ കരുതുന്നു."**

**(ഖുർആൻ 104: 3)**

ഇപ്രകാരം ധാരാളം സമ്പത്ത് കുന്നു കൂട്ടുന്നവർ വലിയ ദുരഭിമാനികളും കടുത്ത അഹങ്കാരികളുമായി ത്തീരുന്നു. സമ്പത്ത് സ്വയം ആർജിച്ചതാണെന്നുള്ള ഊറ്റ മാണതിന് കാരണം. അല്ലാഹു അനുഗ്രഹമായേൽപിച്ചതാണ് സമ്പത്ത് എന്ന ധാരണയി ല്ലാത്ത ഇത്തരക്കാരെ ഖുർ ആൻ വിളിച്ചത് 'മുക്താലുൻ ഫക്കൂർ' (അഹങ്കാരി, വഞ്ച കൻ) എന്നെല്ലാമാണ്. (ഖുർ ആൻ നിസാഅ്.36) ഈ അഹ ങ്കാരികളെ അല്ലാഹു ഇഷ്ട പ്പെടുകയില്ല കാരണം അവർ അല്ലാഹുവിനെ ആശ്രയിക്കു ന്നില്ല, അവർ അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹങ്ങൾ പ്രതീക്ഷിക്കുന്നില്ല, അവർ തങ്ങളുടെ സമ്പത്തിനെ തങ്ങ ളുടെ പദ്ധതിയനുസരിച്ച് ക്രമീ കരിക്കാൻ ആസൂത്രണം ചെയ്യുകയും അത് വളർന്ന്

**ധാരാളം സമ്പത്ത് കുന്നു കൂട്ടുന്നവർ വലിയ ദുരഭിമാനികളും കടുത്ത അഹങ്കാരികളു മായിത്തീരുന്നു. സമ്പത്ത് സ്വയം ആർജി ച്ചതാണെന്നുള്ള ഊറ്റമാ ണതിന് കാരണം. അല്ലാഹു അനുഗ്രഹമാ യേൽപിച്ചതാണ് സമ്പത്ത് എന്ന ധാരണ യില്ലാത്ത ഇത്തരക്കാരെ ഖുർആൻ വിളിച്ചത് .മു ക്താലുൻ ഫക്കൂർ. (അ ഹങ്കാരി, വഞ്ചകൻ) എന്നെല്ലാമാണ്. (ഖുർ ആൻ നിസാഅ്.36) ഈ അഹങ്കാരികളെ അല്ലാഹു ഇഷ്ടപ്പെടുക യില്ല കാരണം അവർ അല്ലാഹുവിനെ ആശ്ര യിക്കുന്നില്ല, അവർ അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹങ്ങൾ പ്രതീ ക്ഷിക്കുന്നില്ല,**

തങ്ങളെ നിലനിർത്തുമെന്ന് അടിയുറച്ച് വിശ്വസിക്കുകയും ചെയ്യുന്നു. സാധാരണയിൽ എല്ലാ പിശുക്കന്മാരും നൽകുന്ന ഉപദേശങ്ങളിൽ പെട്ടതാണ്, സമ്പാദ്യം നഷ്ട പ്പെടുത്തിക്കളയരുത്, അന്യന്റെ കൈ തലയ്ക്ക് വെക്കാൻ കിട്ടില്ല; സ്വന്തം കൈ മാത്രമേ ഉണ്ടാവു, പ്രതി സന്ധികളുണ്ടാവുമ്പോൾ സ്വന്തം സമ്പത്തേ പ്രയോജന പ്പെടുകയുള്ളു. ഇത്തരം ആശങ്കകൾ ഭാവിയെകുറിച്ച് വളർത്തി സ്വകാര്യ സമ്പ ത്ത്കുന്ന് കൂട്ടുന്നതിന് സഹാ യകമായ സാമ്പത്തിക നയ ങ്ങളും പദ്ധതികളുമാണ് പല സമ്പദ് വ്യവ സ്ഥിതികളും

അവതരിപ്പിക്കുന്നത്. ഇതാണ് ജനങ്ങളോട് പിശുക്ക് കല്പിക്കുന്നവർ (ഹദീദ്: 24, നിസാഅ്: 37) എന്ന് ഖുർആൻ ആക്ഷേപിക്കുന്നത്. ജനങ്ങളിലെ ഇല്ലാത്തവരിലും സമ്പത്ത് കറങ്ങുന്ന ഒരു സംവിധാനമില്ലാതെ അത് വ്യക്തികളിൽ കുന്നുകൂടുന്ന അവസ്ഥയുണ്ടാവുമ്പോഴാണ് അത്തരം വ്യക്തികൾ അഹങ്കാരികളാവുന്നതും പിന്നീട് അവരുടെ പൊങ്ങച്ചത്തിന് വേണ്ടി ധൂർത്തടി ക്കുന്നതുമെല്ലാം. പിശുക്കി സ്വരൂപിക്കുന്ന സമ്പാദ്യ മനസ്ഥിതിയാണ് പിന്നീട് ധുർത്ത് എന്ന പൈശാചികതക്ക് കാരണമാവുന്നതെന്ന് പറഞ്ഞാൽ തെറ്റാവില്ല. ഇത് കൊണ്ടാവണം ദൈവദൂതൻ പിശുക്ക് എന്ന മാനസികാവസ്ഥയിൽ നിന്ന് അല്ലാഹുവിനോട് രക്ഷതേടി ക്കൊണ്ട് പ്രാർഥിച്ചിരുന്നത്. പിശുക്ക് മനസ്സിനെ കൂടുതൽ ഇടുക്കിയ താക്കുന്നു. ഈ അവസ്ഥയെ ഖുർആൻ ശുഹ്ഹ്നഫ്സ് (മനസ്സിന്റെ സങ്കുചിതത്വം)എന്ന് വിളിച്ചിരിക്കുന്നു. സാമൂഹ്യ നീതിയുടെ സാക്ഷാൽക്കാരത്തിന്ന് തട സ്സം സൃഷ്ടിക്കുന്ന ഏറ്റവും ശക്തമായ ഘടകം ശുഹഹുന്നഫ്സ് അഥവാ സങ്കുചിതത്വമാണെന്ന് കാണാം. വിഭാഗീയതയും ചേരിതിരിവുകളും ഗ്രൂപ്പു സംഘർഷങ്ങളും യുദ്ധങ്ങളുമുണ്ടാക്കുന്നത് മുഖ്യമായും സങ്കുചിതത്വമാണെന്നതിന് പുറമെ വിട്ടുവീഴ്ച, കാരുണ്യം പരസ്പരസഹായം എന്നീ സ്വഭാവ ഗുണങ്ങളെ സമൂഹത്തിൽ നിന്ന് തുടച്ച് നീക്കി കാലുഷ്യം നിരന്തര മായി നിലനിർത്തുകയും ചെയ്യുന്നത് ഈ ലുബ്ധ മനസ്സാണ്. അത് കൊണ്ടാണ് അല്ലാഹു തആലാ പറയുന്നത്

ആർ ശുഹ്ഹുന്നഫ്സിൽ നിന്ന് മോചിതരാവുന്നുവോ അവരത്രെ വിജയികൾ. അവർക്ക് ഉദാഹരണമായി, മക്കയിൽ നിന്ന് എല്ലാം ഉപേക്ഷിച്ച് ഹിജ്റ വന്നവർക്ക് സ്വന്തമായുള്ളതല്ലാം പകുത്ത് കൊടുത്ത മദീനയിലെ അൻസാറുകളെ ഖുർആൻ പരിചയപ്പെടുത്തി കാണിക്കുന്നു. വിശാലതയിലൂടെ ശക്തമായ ഉൽഗ്രഥനം സാധ്യമായ ചരിത്രത്തിലെ അപൂർവമായ ഒരു സമൂഹത്തിന്റെ ഉദാഹരണമാണിത്. സമൂഹത്തിലെ അന്തഛിദ്രതയുടെ എല്ലാ നാശങ്ങൾക്കും നിദാനമാവുന്നത് അല്ലാഹു നല്കിയ അനുഗ്രഹങ്ങളിൽ പിശുക്കുന്നത് നന്മയാണെന്ന് കരുതുന്നത് വഴിയാണെന്ന് മനസ്സിലാക്കാം. ഖുർആൻ ആലു ഇംറാനിൽ വചനം 180 ശ്രദ്ധിക്കുക. "അല്ലാഹു തന്റെ അനുഗ്രഹത്തിൽ നിന്ന് തന്നിട്ടുള്ളതിൽ പിശുക്കുന്നത് ഗുണകരമാണെന്ന് ഒരിക്കലും കരുതരുത്. അതവർക്ക് തിന്മയാണ്. അന്ത്യനാളിൽ അവർ പിശുക്കി സമ്പാദിച്ച മുതൽകൊണ്ട് അവർക്ക് മാല ചാർത്തപ്പെടുന്നതാണ്. ആകാശ ഭൂമികളിലെ മുഴുവൻ സമ്പത്തു കളുടെയും ഉടമയായ അല്ലാഹുവിന്ന് നിങ്ങൾ ചെയ്തു കൂട്ടുന്നതെല്ലാം കൃത്യമായറിയാം. നിങ്ങളുടെ സമ്പാദ്യങ്ങൾ അല്ലാഹു നല്കിയ അനുഗ്രഹങ്ങൾ അല്ലാത്തപോലെ അവയെ ആശ്രയിച്ച് ജീവിതം ഭദ്രമാക്കാമെന്ന് കരുതി അവയെ ഒളിപ്പിച്ച് സ്വകാര്യമാക്കി വെക്കുന്നവർ അപമാനകരമായി ശിക്ഷിക്കപ്പെടുന്ന അവിശ്വാസികളായിത്തീരുന്നുവെന്ന് അദ്ധ്യായം നിസാഅ് വചനം 37 വ്യക്തമാക്കുന്നത് കാണുക. **"സ്വയം പിശുക്കി സമ്പാദിക്കുകയും മറ്റുള്ളവരെ അതിനായി ആഹ്വാനം ചെയ്യുകയും അല്ലാഹു നല്കിയ അനുഗ്രഹങ്ങളെ സ്വകാര്യമാക്കി ഒളിപ്പിക്കുകയും ചെയ്യുന്നവർ അപമാനകമായ ശിക്ഷ ലഭിക്കാൻ അർഹതയുള്ള അവിശ്വാസികളായിത്തീരുന്നു." പിശുക്കിയുണ്ടാക്കിയ സമ്പാദ്യത്തെ ആശ്രയിക്കാതെ അല്ലാഹുവിൽ വിശ്വസിച്ച് അവനെ ആശ്രയിക്കുന്നവർക്ക് ആവശ്യമായ വിഭവങ്ങൾ അല്ലാഹു പറവകൾക്ക് നൽകുന്ന പോലെ നല്കിക്കൊണ്ടിരിക്കുമെന്ന് ഖുർആൻ വ്യക്തമാക്കുന്നു: "ആർ അല്ലാഹുവെ ഭക്തി സൂക്ഷ്മതയോടെ സമീപിക്കുന്നുവോ അവന്ന് അല്ലാഹു ഒരു മോചന മാർഗ്ഗം ഒരുക്കി കൊടുക്കുന്നു. അവനറിയാത്ത വഴിക്ക് അവന്ന് ഭക്ഷ്യവിഭവങ്ങൾ അല്ലാഹു ലഭ്യമാക്കുകയും ചെയ്യുന്നു."**

**(ഖുർആൻ 65: 2,3)**

## ദുർവ്യയമെന്നാൽ


ഇത്രയും പറഞ്ഞതിനർത്ഥം ധൂർത്ത് അനുവദനീയമാണെന്നല്ല. ധനം ചിലവഴിക്കുന്നിടത്ത് നിയന്ത്രണങ്ങളില്ലായെന്ന് ധരിക്കാൻ ഒരു ന്യായവുമില്ല. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ദാനം ചെയ്യുന്നതിൽ പോലും മുഴുവനായും കൊടുത്തു തീർത്ത് നിങ്ങൾ സ്വയം നാശത്തിലേക്ക് പോവേണ്ടതില്ലായെന്ന് ഖുർആൻ ഓർമ്മിപ്പിക്കുന്നുണ്ട്. **"അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിങ്ങൾ ചിലവഴിക്കുക, നിങ്ങളുടെ കൈകളെ നിങ്ങൾ തന്നെ നാശത്തിലേക്ക് തള്ളരുത്." (ഖുർആൻ 2: 195)** മുജാഹിദ് റിപ്പോർട്ട് ചെയ്ത ഒരു ഹദീസിൽ അല്ലാഹുവിന്ന് തൃപ്തിപ്പെട്ട ഒരു കാര്യത്തിൽ നിങ്ങളുടെ മുഴുവൻ സമ്പത്തും വ്യയം ചെയ്യുന്നതിൽ അല്ലാഹുവിന്ന് സന്തോഷമാണെന്ന് കാണാമെങ്കിലും നിങ്ങളുടെ കൈകളെ പിരടിയിൽ കെട്ടിവെക്കുകയോ പൂർണ്ണമായി പരത്തിയിടുകയോ അരുത്." (ഖുർആൻ 17: 29) എന്നും അതുവഴി നിങ്ങൾ ആക്ഷേപിക്കപെടാനിടയുണ്ടന്നുമുള്ള മധ്യമനിലപാട് ഖുർആൻ ആവർത്തിക്കുന്നതായി കാണാം. ധനം വ്യയം ചെയ്യുന്നതിലുണ്ടാവുന്ന അമിതത്വത്തെ ആക്ഷേപിക്കുവാൻ ഖുർആൻ രണ്ട് സങ്കേതങ്ങളെ ഉപയോഗിച്ചിട്ടുണ്ട്. ഒന്ന് ഇസ്റാഫ് (അമിതവ്യയം). രണ്ട് തബ്ദീർ(ദുർവ്യയം). ഇവ രണ്ടും ഒരുപോലെയല്ല. ഭക്ഷണ പാനീയങ്ങൾ കഴിക്കുന്നിടത്ത് അമിതമാവരുത് **"തിന്നുകയും കുടിക്കുകയും ചെയ്യുക, അമിതമാവരുത്." (ഖുർആൻ 7: 31)** എന്ന് നിർദ്ദേശിച്ചത് ഒരു പൊതുതത്വത്തിന്റെ ഭാഗമായിട്ടാണ്. എല്ലാകാര്യത്തിലും ഉപഭോഗ നിയന്ത്രണമെന്നത് ഇസ്ലാമിന്റെ സാമ്പത്തിക നയമാണ്. ഉപഭോഗ നിയന്ത്രണത്തിലൂടെയാണ് ഇസ്ലാം വിതരണ നീതി നടപ്പാക്കുന്നത്. എന്നാൽ തബ്ദീറി(ദൂർവ്യയം)നെ ഖുർആൻ ശക്തമായി ആക്ഷേപിക്കുന്നുണ്ട്. ആർക്കും പ്രയോജനമില്ലാത്ത വിധം നശിപ്പിച്ചുകളയുന്ന രീതിയിൽ ചിലവഴിക്കുന്നതാണ് ദുർവ്യയം. ഇപ്രകാരം ദുർവ്യയം ചെയ്യുന്നവരെ പിശാചുക്കളുടെ

സഹോദരങ്ങൾ എന്നാണ് ഖുർആൻ വിശേഷിപ്പിക്കുന്നത്. **"നിശ്ചയം ദുർവ്യയം ചെയ്യുന്നവർ പിശാചുക്കളുടെ സഹോദരങ്ങളായി ത്തീർന്നിരിക്കുന്നു". (ഖുർആൻ 17: 27,29)** ഇത്തരത്തിലുള്ള ചിലവഴിക്കലിലൂടെ സമൂഹത്തിന് തന്നെ സാമ്പത്തിക നഷ്ടം ഉണ്ടാക്കിതീർക്കുകയാണ്. ഒരു വിധത്തിലും ഉപയോഗമോ ഉപഭോഗമോ നടക്കാതെ വിഭവങ്ങളോ സമ്പത്തോ പാഴാക്കിക്കളയുന്നതാണ് ദുർവ്യയം.

**ആർഭാടം ദുർവ്യയമോ**

ആഡംബരങ്ങളോ അലങ്കാരങ്ങളോ ഉപഭോഗിക്കലല്ല ദുർവ്യയം കൊണ്ടുദ്ദേശിക്കപ്പെടുന്നത്. അലങ്കാരങ്ങളും ആർഭാടങ്ങളും ഇസ്ലാം വിലക്കിയിട്ടില്ല. ഇതിലെ അമിതത്വം വഴി വിതരണ നീതി നഷ്ടമാവുന്നതിനെ നിയന്ത്രിക്കാനാണ് ഇസ്ലാം ശ്രമിക്കുന്നത്. **"അല്ലാഹു നിങ്ങൾക്ക് ഇറക്കിതന്ന അലങ്കാരങ്ങളേയും നല്ല വിഭവങ്ങളേയും ആരാണ് നിങ്ങൾക്ക് നിഷിധമാക്കിയത്". (ഖുർആൻ:17)** ആഴിയിൽ നിന്ന് പവിഴങ്ങളും മുത്തുകളും തപ്പിയെടുത്ത് ആഭരണങ്ങളുണ്ടാക്കുവാൻ അല്ലാഹു തആലാ തന്നെ പ്രോത്സാഹിപ്പിക്കുന്നതായി കാണാം (ഖുർആൻ: 18)

**വിവാഹം പോലെയുള്ള സാമൂഹ്യ കൂട്ടായ്മകളെ സ്വല്പം ആഘോഷമാക്കാനാണ് നബി(സ) ഉപദേശിച്ചത്. സദ്യവേണം, പാട്ടു വേണം, പുതിയാപ്പിള പുതുനാരി പുറപ്പെടൽ, സ്വർണ്ണാഭരണങ്ങൾ എന്നിവയെല്ലാം വേണമെന്നാണ് നബി(സ) പഠിപ്പിക്കുന്നത് എന്നാൽ സ്ത്രീപുരുഷ ഇടകലരുകളിലും ആഘോഷത്തിമർപ്പിലും ഇസ്ലാമിക സംസ്കരിക മര്യാദകളും അല്ലാഹുവിനോടുള്ള നന്ദി വിചാരവും മറക്കാതിരിക്കാൻ ആവശ്യ മായ നിഷ്ഠകൾ നടപ്പിലാക്കിയിട്ടുണ്ടാവണം**



സാങ്കേതിക വൈദഗ്ദ്യത്തിലുയർന്ന സ്ഫടിക പരവതാനിയും ഉൽകൃഷ്ട സിംഹാസനവും കൊട്ടാരവുമെല്ലാം പണിത ദൈവദൂതനായ സുലൈമാൻ നബിയെ തന്നെ ഖുർആൻ പരിചയപ്പെടുത്തുന്നുണ്ട്. അലങ്കാര വസ്തുക്കളും ആർഭാടങ്ങളും മാർബിൾ ഫലകങ്ങളും ഗ്രാനൈറ്റുകളും മറ്റു മുന്തിയ ഇനം വിഭവങ്ങളും മനോഹര വാഹനങ്ങളുമെല്ലാം നിർമിക്കുക വഴി ധാരാളം ആളുകൾക്ക് തൊഴിലുണ്ടാവുകയും നല്ല സാമ്പത്തിക വളർച്ചയും വികാസവുമുണ്ടാവുകയും ചെയ്യുന്നു. നല്ലയിനം വസ്ത്രങ്ങളണിഞ്ഞ് സുഗന്ധങ്ങളും മറ്റു അലങ്കാരങ്ങളുമെല്ലാമായി അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ തെളിഞ്ഞു കാണുന്ന വിധത്തിലാണ് അല്ലാഹുവിന്റെ ഭക്തരായ ദാസൻമാർ പള്ളിയിലേക്ക് പോലും നമസ്കാരത്തിന്ന് വരേണ്ടതെന്ന് ഖുർആൻ പഠിപ്പിക്കുന്നണ്ട്. മറിച്ച് താടിരോമങ്ങൾ വെട്ടിയൊതുക്കാതെ അറപ്പ് തോന്നിക്കുന്ന മുഖഭാവത്തോടെ അശ്രദ്ധമായി വസ്ത്രധാരണം ചെയ്ത് നടക്കുന്ന യാതൊരുവിധ സൗന്ദര്യ സങ്കൽപവുമില്ലാത്ത ഒരു അരസിക സമുദായത്തെയല്ല സുന്ദരനും സൗന്ദര്യം ഇഷ്ടപ്പെടുന്നവനും പറവകളുടെയും നാല്കാലി മൃഗങ്ങളുടെയും പ്രയാണം മുതൽ പ്രപഞ്ചത്തിലെ എല്ലാ സംവിധാനങ്ങളിലും സൗന്ദര്യവും വർണ്ണ വൈവിധ്യങ്ങളും മനോഹാരിതയും ക്രമീകരിച്ചവനുമായ അല്ലാഹു വിഭാവനം ചെയ്തിട്ടുള്ളതെന്ന് ഖുർആൻ വ്യക്തമാക്കുന്നുണ്ട്.

പ്രത്യുത സൗന്ദര്യത്തിനും

അലങ്കാരത്തിനും ആഘോഷങ്ങൾക്കും കലാവൈവിധ്യങ്ങൾക്കുമെല്ലാം അല്ലാഹുവിന്ന് നന്ദി കാണിച്ചു കൊണ്ട് തന്നെ പരിഗണനകൾ നൽകുകയും പണം ചിലവഴിക്കുകയും ചെയ്യുന്ന ഒരു സമൂഹത്തെയാണ് ഖുർആനും നബിയും വിഭാവനം ചെയ്തിട്ടുള്ളത്. ഇത്തരം മേഖലകളിൽ ധാരാളം പേർക്ക് തോഴിലുണ്ടാവുക വഴി ഈ മേഖലകളിൽ ചിലഴവഴിക്കപ്പെടുന്ന ധനം ദുർവ്യയമാവുകയില്ല. അത് വ്യത്യസ്ത കരങ്ങളിലൂടെ കറങ്ങിത്തിരിഞ്ഞ് വിതരണം നടക്കുകയാണ്.

## വിവാഹാഘോഷം

വിവാഹം പോലെയുള്ള സാമൂഹ്യ കൂട്ടായ്മകളെ സ്വല്പം ആഘോഷമാക്കാനാണ് നബി(സ) ഉപദേശിച്ചത്. സദ്യവേണം, പാട്ടു വേണം, പുതിയാപ്പിള, പുതുനാരി പുറപ്പെടൽ, സ്വർണ്ണാഭരണങ്ങൾ എന്നിവയെല്ലാം വേണമെന്നാണ് നബി(സ) പഠിപ്പിക്കുന്നത് എന്നാൽ സ്ത്രീപുരുഷ ഇടകലരുകളിലും ആഘോഷത്തിമർപ്പിലും ഇസ്‌ലാമിക സംസ്‌കാരിക മര്യാദകളും അല്ലാഹുവിനോടുള്ള നന്ദി വിചാരവും മറക്കാതിരിക്കാൻ ആവശ്യമായ നിഷ്ഠകൾ നടപ്പിലാക്കിയിട്ടുണ്ടാവണം ഒരു ഹദീസ് ശ്രദ്ധിക്കുക. “ഇബ്നു അബ്ബാസ്(റ) നിവേദനം ചെയ്തു: ആയിശാ(റ)യ്ക്ക് ബന്ധമുണ്ടായിരുന്ന ഒരു യുവതിയെ അവർ വിവാഹം നടത്തിക്കൊടുത്തു. അപ്പോൾ നബി(സ) അവരുടെ അടുത്ത് വന്ന് ചോദിച്ചു. നിങ്ങൾ ഈ വധുവിന്ന് വിവാഹസമ്മാനം നല്കിയോ? അവർ പറഞ്ഞു. അതെ. നബി തുടർന്ന് ചോദിച്ചു. വല്ല പാട്ടുകാരേയും അവളോടൊപ്പം അയച്ചുവോ? ഇല്ല ആയിശാ(റ) പറഞ്ഞു. നബി(സ) പറഞ്ഞു: അൻസ്വാറുകൾ പാട്ടുതല്പരരായ ആൾക്കാരാണല്ലോ. അതിനാൻ ഇതാവരുന്നു.. ഞങ്ങളിതാ.. വരു ന്നു... വന്നോളൂ.. ഞങ്ങളെയെതിരേൽക്കാൻ...വന്നോളൂ.. അഭിവാദ്യം നിങ്ങൾക്കുമഭിവാദ്യം! എന്നത് പോലെയൊരു പാട്ട്, ആ പാട്ടുകാർ പാടിയിരുന്നെങ്കിൽ. സ്വർണ്ണാഭരണമില്ലായിരുന്നെങ്കിൽ അവൾ നിങ്ങളുടെ ഈ താഴ്‌വരയിലെത്തുമായിരുന്നില്ല.! നല്ല ഗോതമ്പ് (ഭക്ഷ ണം)മുണ്ടായിരുന്നില്ലെങ്കിൽ നിങ്ങളുടെ കന്യകമാർ കൊഴുക്കുമായിരുന്നില്ല.” (ഇബ്നുമാജ)

ഇതൊന്നും ദുർവ്യയമല്ല, പക്ഷെ വിവാഹാഘോഷത്തോടൊപ്പം വലിയ ദുർവ്യയം വരാനുള്ള സാധ്യതയുണ്ട്.ഭക്ഷ്യവിഭവങ്ങൾ വലിയ അളവിൽ കുഴിച്ചുമൂടാനിടവരുന്നുണ്ട്.

വിവാഹമെന്നല്ല ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും മിതത്വത്തിന്റെ ഒരു നിലപാട് സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ടെന്നാണ് ഇസ്‌ലാമിന്റെ താല്പര്യം. ഈ മിതത്വം സാമൂഹ്യ താല്പര്യമായിട്ടാണ് ഇസ്‌ലാം കാണുന്നത്. ഓരോ കാലഘട്ടത്തിലും ഓരോ നാട്ടിലും ഇത് വ്യത്യസ്തമായേക്കാം. ഒരു സമൂഹത്തിന്റെ സാമ്പത്തിക പൊതുനിലവാരമാണ് ആസമൂഹത്തിന്റെ മിതത്വം നിശ്ചയിക്കുന്നത്. രണ്ടാം ഖലീഫ ഉമർ(റ) ഒരിക്കൽ ഈജിപ്തിലെ ഗവർണർ ആയിരുന്ന അംറബ്നു ആസിയോട് ശകാരഭാവത്തിൽ അദ്ദഹത്തിന്റെ വസ്ത്രത്തിന്റെ ഉന്നത നിലവാരത്തെക്കുറിച്ച് ചോദ്യം ചെയ്തു. അദ്ദേഹം മറുപടി നല്കി. ഞാൻ ഈജിപ്തിൽ നിന്നാണ് വരുന്നത്. അവിടെ എല്ലാവരും നേർത്ത പരുത്തി വസ്ത്ര മാണ് ധരിക്കാറുള്ളത്. ഇത് കേട്ടപ്പോൾ മദീനയിലിരിക്കുന്ന ഖലീഫ ശാന്തനായി. ഇതിൽ നിന്ന് മനസ്സിലാക്കാവുന്നത് സമൂഹത്തിന്റെ പൊതുസാമ്പത്തിക നിലവാരമാണ് മിതത്വത്തിന്റെ മാനദണ്ഡമായി കാണേണ്ടതെന്നാണ്.

## അടിസ്ഥാനമെന്ത്?

ഖുർആനിൽ സമ്പത്ത് ചിലവഴിക്കാൻ ആഹ്വാനം ചെയ്യുന്നതിന്റെ പ്രാധാന്യവുമായി തുലനം ചെയ്യുമ്പോൾ ഉപഭോഗനിയന്ത്രണത്തിന്റെ കാര്യത്തിലും ദുർവ്യയത്തിന്റെ കാര്യത്തിലും മാത്രമാണ് ചിലവഴിക്കുന്നതിനെ നിരുത്സാഹപ്പെടുത്തുന്നത്. കാരണം സമ്പാദിച്ച് സ്വന്തമാക്കി വർദ്ധിപ്പിച്ചുകൊണ്ടേയിരിക്കുവാനുള്ള മനുഷ്യന്റെ പ്രകൃത്യായുള്ള താല്പര്യം വളരെ കടുത്തതാണെന്ന യാഥാർത്ഥ്യം ഖുർആൻ പലയിടങ്ങളിലായി ആവർത്തിക്കുന്നുണ്ട്. സമ്പത്ത് അല്ലാഹുവിന്റെതാണെന്ന കാര്യം അധികമാളുകളും മറന്നു പോവുന്നു. ഇതാണ് പിശുക്കിന്റെ അടിസ്ഥാനം. എന്നാൽ അല്ലാഹുവിന്ന് വേണ്ടിയാണ് അല്ലാഹു ഏല്പിച്ച് തന്നിട്ടുള്ള സമ്പത്ത് ചലവഴിക്കേണ്ടതെന്ന കാര്യവും അധികമാളുകളും മറക്കുന്നു. ഇതാണ് ധൂർത്തിന്റെ അടിസ്ഥാനവും.

ഖുർആൻ ചിന്തകൾ

അബുൽ ബനാത്ത്, കുറ്റിച്ചിറ

# ഖുർആനും മനുഷ്യ നിർമ്മിത ഗ്രന്ഥങ്ങളും

وَمِنْهُمْ أُمِّيُّونَ لَا يَعْلَمُونَ ٱلْكِتَـٰبَ إِلَّآ أَمَانِىَّ وَإِنْ هُمْ إِلَّا يَظُنُّونَ ﴿٧٨﴾ فَوَيْلٌ لِّلَّذِينَ يَكْتُبُونَ ٱلْكِتَـٰبَ بِأَيْدِيهِمْ ثُمَّ يَقُولُونَ هَـٰذَا مِنْ عِندِ ٱللَّهِ لِيَشْتَرُوا۟ بِهِۦ ثَمَنًا قَلِيلًا ۖ فَوَيْلٌ لَّهُم مِّمَّا كَتَبَتْ أَيْدِيهِمْ وَوَيْلٌ لَّهُم مِّمَّا يَكْسِبُونَ ﴿٧٩﴾

**"ഇസ്രായീല്യരിൽ അക്ഷരജ്ഞാനമില്ലാത്ത ചിലരുണ്ട്. ചില വ്യാമോഹങ്ങൾ വെച്ച് പുലർത്തുന്നതല്ലാതെ വേദഗ്രന്ഥത്തെപ്പറ്റി അവർക്കു ഒന്നുമറിയില്ല. അവർ ഊഹത്തെ അവലംബമാക്കുക മാത്രമാണ് ചെയ്യുന്നത്. എന്നാൽ സ്വന്തം കൈകൾ കൊണ്ട് ഗ്രന്ഥം എഴുതിയുണ്ടാക്കുകയും. എന്നിട്ടത് അല്ലാഹുവിങ്കൽ നിന്ന് ലഭിച്ചതാണെന്നു പറയുകയും ചെയ്യുന്നവർക്കാകുന്നു നാശം. അത് മുഖേന വില കുറഞ്ഞ നേട്ടങ്ങൾ കരസ്ഥമാക്കുകയാണവർ. അവരുടെ കൈകൾ എഴുതിയ വകയിലും. അവർ സമ്പാദിക്കുന്ന വകയിലും അവർക്ക് നാശം" (വിശുദ്ധ ഖുർആൻ 2: 78, 79)**

ജൂത, ക്രൈസ്തവ വിഭാഗങ്ങളിലെ ചിലയാളുകളുടെ പ്രവർത്തനത്തെക്കുറിച്ചാണീപ്പറഞ്ഞത്. വേദക്കാരെപ്പോലെ നിങ്ങളാകരുതെന്ന് ഖുർആൻ പലസ്ഥലത്തും വിശ്വാസികളോട് ആഹ്വനം ചെയ്യുന്നുണ്ട്. ലോക മുസ്‌ലിംകളിൽ പകുതിയിലധികവും വിശുദ്ധഖുർആനിനെപ്പറ്റി നിരക്ഷരരായിത്തീർന്നവരാണ്. തങ്ങൾ വിശ്വസിച്ച് അനുഷ്ഠിച്ചു ആചരിച്ചു വരുന്നവയെല്ലാം മൊത്തത്തിൽ ഈ ഖുർആനിൽ ഉള്ളതു തന്നെയെന്നവരിൽ ഭൂരിഭാഗവും വിശ്വസിക്കുന്നു. കൃത്യമായി ഏതൊക്കെ ഉണ്ടെന്നോ ഇല്ലന്നോ എന്ന കാര്യത്തിൽ അവർക്കു ഒരു ഉറപ്പും കാണില്ല. എന്നാൽ മുസ്‌ലിമായി ജനിച്ച് വളർന്നു വന്ന തൊണ്ണൂറ് ശതമാനം പേർക്കും ഒരു വിധം വി.ഖുർആൻ പാരായണം ചെയ്യാൻ കഴിയുന്നുണ്ട്. അതിന്റെ അർത്ഥമോ ആശയങ്ങളോ ഉദ്ദേശ്യമോ സാഹചര്യങ്ങളോ വ്യാഖ്യാനങ്ങളോ അത്യപൂർവ്വം പേർക്കു മാത്രമെ അറിയുകയുള്ളൂ. ഖുർആനിനോട് അത്യധികം ബഹുമാനാദരവുകളുണ്ട്. അത് ദിവ്യഗ്രന്ഥമാണെന്ന ബോധവുമുണ്ട്. അതിൽ കൈവെച്ച് സത്യം ചെയ്യാൻ പോലും അവർ തയ്യാറാണ്. അതിന്റെ അപ്രമാദിത്വത്തിൽ യാതൊരു സംശയവുമില്ല. അതിന്റെ അർത്ഥമറിയാനുള്ള വെറും പാരായണത്തിൽ പോലും മഹത്തായ പുണ്യമുണ്ടെന്നവർ ഉറച്ചു വിശ്വസിക്കുന്നു. മഹാന്മാരായ പണ്ഡിതന്മാർ വിശുദ്ധ ഖുർആനിനു അനേകം പരിഭാഷകളും വിശദീകരണങ്ങളും വ്യാഖ്യാനങ്ങളും തയ്യാറാക്കിയിട്ടുണ്ട്. അവയുടെ ആധിക്യം അളവറ്റതാണ്. പക്ഷെ, സാമാന്യ മുസ്‌ലിം ജനം വി.ഖുർആനിന്റെ സാക്ഷാൽ ആശയങ്ങളിൽ അജ്ഞാനികളായിത്തന്നെ തുടരുന്നു. ഈ പ്രവണത അവസാനിപ്പിക്കാനാണ് ഖുർആൻ ഇവിടെ ആഹ്വനം ചെയ്യുന്നത്. മുൻകഴിഞ്ഞ ജനതകൾക്ക് വേദ ഗ്രന്ഥങ്ങൾ നൽകിയിട്ട് അവർ അതിനെ

അവഗണിച്ചതും ജീവിതവുമായി ഗ്രന്ഥത്തിനു ബന്ധമില്ലാതാക്കി തകർന്നു പോയതുമായ ചരിത്രങ്ങൾ അല്ലാഹു ഖുർആനിൽ പലേടത്തായി തെര്യപ്പെടുത്തിയിട്ടുണ്ട്.

മുസ്‌ലിം ലോകത്ത് വി.ഖുർആനിന്റെ മഹനീയ സ്ഥാനത്ത് മറ്റനേകം കൃതികളും രചനകളും ഗ്രന്ഥങ്ങളും സ്ഥലം പിടിച്ചതായി കാണാം. പ്രത്യേകിച്ചും കേരളത്തിൽ. ആരാധനയുടെ ഭാഗമായും പാരായണ പുണ്യം നേടാനുമായി അത്തരം അനേക 'സാധനങ്ങൾ' നിറഞ്ഞൊഴുകുന്നു. വിശുദ്ധ ഖുർആനിന് പകരമായി മാലകൾ, മൗലീദുകൾ, സബീനകൾ, ബൈത്തുകൾ, ഖസീദകൾ, കഥാ പ്രസംഗങ്ങൾ, കവിതകൾ തുടങ്ങി ധാരാളം ആഗണത്തിലുണ്ട്. സമൂഹത്തിൽ ഇവയുടെ സ്ഥാന പദവി ഖുർആനിനേക്കാൾ വളരെ വലുതാണ്. വ്യാപകമാണ്. അവയുടെ പാരായണത്തിലും കീർത്തനങ്ങളിലും വായനകളിലും മുഴുകി ആനന്ദിക്കുവാൻ എമ്പാടുമുണ്ട്. നല്ലൊരു വിഭാഗം മധ്യവർത്തികളായ മുസ്ലിയാക്കന്മാരുടെയും തങ്ങന്മാരുടെയും മുദരിസുമാരുടെയും മുതഅല്ലിമീങ്ങളുടെയും ജീവിത ഉപാധിപോലും ഈ ഗ്രന്ഥച്ചുമടുകളാണ്. അവ അച്ചടിച്ചും വമ്പൻ തോതിൽ വിൽപന നടത്തിയും അനേകം പ്രസ്സുകാരും ബിസിനസ്സുകാരും മറുഭാഗത്തുമുണ്ട്. അവയുടെ വിവിധ രൂപ ഭാവങ്ങളിലുള്ള ആകർഷണീയമായ സി.ഡി.കളും ആധുനിക ദൃശ്യ ശ്രാവ്യ ആവിഷ്കാരങ്ങളും ഇന്നു വിപണിയിൽ വേറെയും സുലഭമാണ്. ഇവകളൊക്കെയും ആരാണ് കർത്താക്കൾ? വി.ഖുർആൻ അവയ്ക്കിടയിലായി മുങ്ങിക്കിടക്കുകയാണ്. വല്ലാത്തൊരു ദുരന്തമാണിത് സമുദായത്തിനു സമ്മാനിച്ചിട്ടുള്ളത്! പൗരാണിക മുസ്‌ലിം കേരള മത കേന്ദ്രങ്ങളിൽ സിയോണിസ ലോബികൾ ഒരു കാലത്ത് പിടിമുറുക്കിയതിന്റെ സ്വാധീനമാണിതെന്നു ചില ഗവേഷകർ അഭിപ്രായപ്പെടുന്നത് സത്യമാണ്.



**ഖുർആൻ പരാമർശങ്ങൾക്ക് അപ്രമാദിത്വവും അനശ്വരതയും കാലദേശാതീതതയും ഉണ്ടെന്നതിൽ ആർക്കും സംശയമില്ല. വേദ ഗ്രന്ഥക്കാരെപ്പോലെയാകരുതെന്ന താക്കീത് (സൂറ: അൽഹദീദ്: 16) ഏതു കാലക്കാർക്കും ബാധകമാണ്. അല്ലാഹു ഈ സമുദായത്തിന് മാർഗ ബോധം നൽകിക്കൊണ്ട് പറയുന്നു: "അപ്പോൾ നിനക്ക് രക്ഷിതാവിങ്കൽ നിന്ന് അവതരിപ്പിക്കപ്പെട്ടിട്ടുള്ളത് സത്യമാണെന്നു മനസ്സിലാക്കിയ ഒരാൾ അന്ധനായിക്കഴിയുന്ന ഒരാളെപ്പോലെയാണോ? ബുദ്ധിമാൻമാർ മാത്രമേ ചിന്തിച്ച് മനസ്സിലാക്കുകയുള്ളൂ." (സൂറ: റഅദ്: 19)**

മനുഷ്യർ അവരുടെ കരങ്ങൾ കൊണ്ട് തന്നെയാണ് ഗ്രന്ഥങ്ങൾ രചിക്കുന്നത്. ആവശ്യമായവ രചിക്കപ്പെടണം. പക്ഷെ, ആ രചനകളൊക്കെയും അല്ലാഹുവിന്റേതാണെന്നു ദ്യോതിപ്പിക്കും വിധമായാലോ? ഈ രചനകളിലെ ആശയാദർശങ്ങൾക്കു ദിവ്യ പദവി ചാർത്തിക്കൊടുത്താലോ? വി.ഖുർആനിന്റെ പദങ്ങളും ആശയങ്ങളും അല്ലാഹുവിന്റേതാണ്. ഏറ്റവും വലിയ പ്രത്യേകതയും അതാണ്. വിശുദ്ധ കണ്ണികളിലൂടെ പ്രവാചക ഹൃദയത്തിലും ജിഹ്വയിലുമായി അതു മനുഷ്യർക്കു ലഭ്യമായി. പലഘട്ടങ്ങളിലും സമയങ്ങളിലും സ്ഥലങ്ങളിലും സന്ദർഭങ്ങളിലുമായി അവതരിപ്പിക്കപ്പെടുമ്പോൾ തന്നെ നബി(സ)യുടെ വിശ്വസ്തരായ എഴുത്തുകാർ പ്രവാചക നിർദ്ദേശ പ്രകാരം അതാതിടങ്ങളിൽ അന്നു ലഭ്യമായ ലിഖിത സാധന സാമഗ്രികളിൽ അപ്പപ്പോൾ എഴുതി വെച്ചു കൊണ്ടിരുന്നു. അതോടൊപ്പം നൂറുകണക്കിൽ സ്വഹാബിമാർ അത് ഹൃദിസ്ഥമാക്കിക്കൊണ്ടിരുന്നു. പ്രവാചകൻ സദാ നമസ്കാരങ്ങളിലും മറ്റും ജനങ്ങളെ കേൾപിച്ചുകൊണ്ടുമിരുന്നു. പ്രവാചക നിര്യാണ വർഷം രണ്ടുതവണ ജിബ്രീൽ മാലാഖ നബിക്കത് മുഴുവൻ കേൾപ്പിക്കുകയും നബിയിൽ നിന്ന് പാഠം കേൾക്കുകയും ചെയ്തു. അപ്രകാരം ദിവ്യ സഹായത്തോടെയുള്ള വാഗ്ദത്ത ക്രോഡീകരണം നടന്നു കഴിഞ്ഞു. (വി.ഖു: 75:17,18)

പ്രവാചകൻ നിര്യാതനായപ്പോൾ ആയിരങ്ങളുടെ ഹൃദയങ്ങളിലും. ലിഖിത രേഖകളിലും അവ മുഴുവനും ഉല്ലേഖിതമായിരുന്നു. അധികം വൈകാതെ

അബൂബക്കർ(റ) ലിഖിത രേഖാ ഖുർആൻ രണ്ടു ചട്ടക്കുള്ളിൽ അടുക്കി വെച്ചു 'മുസ്ഹഫ്' തയ്യാറാക്കി. ഉസ്മാൻ(റ)ന്റെ കാലത്ത് കോപ്പികളെടുത്തു രാജ്യ തല സ്ഥാനങ്ങളിലേക്കെത്തിച്ചു. അതിൽ നിന്നു പിൽക്കാലത്തു ധാരാളം കോപ്പികൾ തയ്യാറാക്കിക്കൊണ്ടിരുന്നു. ഖുർആൻ അന്ത്യനാൾ വരെ അങ്ങനെ നിലനിൽക്കാൻ സംവിധാനവുമായി.

ഈ മഹത്തായ ഖുർആനിന്റെ സ്ഥാനത്ത് മനുഷ്യ നിർമ്മിത ഗ്രന്ഥങ്ങൾ വന്നു. ദിവ്യ ഗ്രന്ഥത്തിന്റെ പരിശുദ്ധി അവയ്ക്ക് ചാർത്തിക്കൊടുത്തു കൊണ്ടിരിക്കുന്നു. അല്ലാഹു ചോദിക്കുന്നു: **"അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമയ്ക്കുകയോ, യാതൊരു ബോധനവും നൽകപ്പെടാത്തവൻ എനിക്കു ബോധനം ലഭിച്ചിരിക്കുന്നു എന്നു പറയുകയോ ചെയ്തവനേക്കാളും, അല്ലാഹു അവതരിപ്പിച്ചതു പോലെയുള്ളത് ഞാനും അവതരിപ്പിക്കുമെന്നു പറഞ്ഞവനേക്കാളും വലിയ അക്രമി ആരുണ്ട്?"**

**(അൽ അൻആം: 93)**

കേരള മുസ്ലിം ബഹുഭൂരി ഭാഗം കുടുംബങ്ങളിലും പള്ളികളിലും സർവ്വ ഇടങ്ങളിലും വ്യപകമായി ഭവ്യതയോടെ, ഭക്തിയോടെ പാരായണം ചെയ്യുന്ന മൻഖൂസ് മൗലിദിനു 1980 വരെ പിതാവുണ്ടായിരുന്നില്ല. പിന്നീടതാ പറയുന്നു മഹാനായ സൈനുദ്ദീൻ മഖ്ദും തങ്ങളാണതിന്റെ കർത്താവെന്ന്! എല്ലാ സമസ്ത സുന്നികളും അവരുടെ ആനുകാലിക പ്രസിദ്ധീകരണങ്ങളിലെല്ലാം മൻഖൂസ് മൗലിദിന്റെയും മുഹ്യദ്ധീൻ മാലയുടെയും വ്യഖ്യാനങ്ങൾ ഖുർആനിന്റെയും ഹദീസുകളുടെയും തെളിവുകളുടെ അകമ്പടിയോടെ വ്യഖ്യാനിച്ചു കൊണ്ടിരിക്കുന്നു. ഒരു വേള മൻഖൂസ് മൗലീദിന്റെയും മുഹിയദ്ദീൻ മാലയുടെയും വിശദീകരണത്തിന്നായി അല്ലാഹു ഇറക്കിയതാണ് വി.ഖുർആൻ, അതിന്റെ വ്യാഖ്യാനം ചമയ്ക്കലായിരുന്നു പ്രവാചക ഡ്യൂട്ടി എന്നു തോന്നുമാറുള്ള വ്യാഖ്യാന വിശദീകരണക്കസർത്തുകൾ! അതിൽ പറഞ്ഞ ശിർക്കൻ കവിതകൾക്കും കുറിപ്പുകൾക്കുമെല്ലാം അല്ലാഹുവും റസൂലും പൂർണ്ണമായ അംഗീകാരം നൽകിയ രൂപത്തിൽ അവതരണം. ഇന്നോളം ആരും സങ്കൽപ്പിച്ചിട്ടു പോലുമില്ലാത്ത നവീന വ്യാഖ്യാനങ്ങളാൽ സമൃദ്ധം. ഇത്രയും തൊലിക്കട്ടി കാട്ടിയ ഒരു പണ്ഡിത വിഭാഗം ലോകത്ത് മറ്റെവിടെയും കാണുകയില്ല.

**ഒരു വേള മൻഖൂസ് മൗലീദിന്റെയും മുഹിയദ്ദീൻ മാലയുടെയും വിശദീകരണത്തിന്നായി അല്ലാഹു ഇറക്കിയതാണ് വി.ഖുർആൻ, അതിന്റെ വ്യാഖ്യാനം ചമയ്ക്കലായിരുന്നു പ്രവാചക ഡ്യൂട്ടി എന്നു തോന്നുമാറുള്ള വ്യാഖ്യാന വിശദീകരണക്കസർത്തുകൾ! അതിൽ പറഞ്ഞ ശിർക്കൻ കവിതകൾക്കും കുറിപ്പുകൾക്കുമെല്ലാം അല്ലാഹുവും റസൂലും പൂർണ്ണമായ അംഗീകാരം നൽകിയ രൂപത്തിൽ അവതരണം. ഇന്നോളം ആരും സങ്കൽപ്പിച്ചിട്ടു പോലുമില്ലാത്ത നവീന വ്യാഖ്യാനങ്ങളാൽ സമൃദ്ധം. ഇത്രയും തൊലിക്കട്ടി കാട്ടിയ ഒരു പണ്ഡിത വിഭാഗം ലോകത്ത് മറ്റെവിടെയും കാണുകയില്ല.**

ഇതെല്ലാം എന്തിനെന്നതിനുത്തരം അല്ലാഹു തന്നെ പറഞ്ഞു: **"അതു മുഖേന വില കുറഞ്ഞ നേട്ടങ്ങൾ കരസ്ഥമാക്കുക" എന്നതാണ്. "അവരെഴുതിയ വകയിലും അതിലൂടെ സമ്പാദിക്കുന്നതിനും നാശം, സമ്മാനം"** സൂറ: ആലു ഇംറാൻ 78-ാം വചനത്തിൽ വ്യക്തമായി അല്ലാഹു പ്രസ്താവിക്കുന്നു: **"വേദ ഗ്രന്ഥത്തിലെ വാചക ശൈലികൾ വളച്ചൊടിക്കുന്ന ചിലരും അവരുടെ കൂട്ടത്തിലുണ്ട്. അത് വേദഗ്രന്ഥത്തിൽ പെട്ടതാണെന്ന് നിങ്ങൾ ധരിക്കുവാൻ വേണ്ടിയാണ്. അതാകട്ടെ, വേദഗ്രന്ഥത്തിലില്ലാത്തതും. അവർ പറയും: അത് അല്ലാഹുവിന്റെ പക്കൽ നിന്നുള്ളതാണെന്ന്. എന്നാൽ അത് അല്ലാഹുവിൽ നിന്നുള്ളതല്ല. അവർ അറിഞ്ഞുകൊണ്ട് അല്ലാഹുവിന്റെ പേരിൽ കള്ളം പറയുക തന്നെയാണ്."**

**(വി.ഖു: 3:78)**

ഖുർആൻ പരാമർശങ്ങൾക്ക് അപ്രമാദിത്വവും അനശ്വരതയും കാലദേശാതീതയും ഉണ്ടെന്നതിൽ ആർക്കും സംശയമില്ല. വേദ ഗ്രന്ഥക്കാരെപ്പോലെയാകരുതെന്ന താക്കീത് (സൂറ: അൽഹദീദ്: 16) ഏതു കാലക്കാർക്കും ബാധകമാണ്. അല്ലാഹു ഈ സമുദായത്തിന് മാർഗ ബോധം നൽകിക്കൊണ്ട് പറയുന്നു: **"അപ്പോൾ നിനക്ക് രക്ഷിതാവിങ്കൽ നിന്ന് അവതരിപ്പിക്കപ്പെട്ടിട്ടുള്ളത് സത്യമാണെന്നു മനസ്സിലാക്കിയ ഒരാൾ അന്ധനായിക്കഴിയുന്ന ഒരാളെപ്പോലെയാണോ? ബുദ്ധിമാൻമാർ മാത്രമേ ചിന്തിച്ച് മനസ്സിലാക്കുകയുള്ളൂ." (സൂറ: റഅ്ദ്: 19)**

വിശുദ്ധ ഖുർആനിൽ ഗവേഷണ നിരീക്ഷണ പഠനങ്ങൾ നടത്തി ചിന്താപരമായും ബുദ്ധിപരമായും വളരുകയും വളർത്തപ്പെടുകയുമാണ് മുസ്ലിംകളുടെ ബാധ്യതയും അവരിലെ യഥാർത്ഥ മത പണ്ഡിത ധർമ്മവും. എന്നാലിവിടെ നടക്കുന്നത് വിപരീത ദിശയിലേക്കാണ്. മനുഷ്യ നിർമ്മിത കൃതികളിലെ ആശയാദർശങ്ങളെ പിന്തുണക്കാൻ ഖുർആനിനെ/ ഹദീസുകളെ ഇറക്കി കൊണ്ടുവരുന്നു. വല്ലാത്തൊരു പ്രതിസന്ധിയിലാണ് നാമിപ്പോൾ എത്തിനിൽക്കുന്നത്! അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ.

തിരുമൊഴിപ്പൊരുൾ

നിദാഉർറഹ്മാൻ. വി.ടി

# ദൈവദശകത്തിലെ അദ്വൈതം തൗഹീദോ?

**"അബൂബക്കർ(റ) പറയുന്നു: ഹിജ്റ ഒന്നാം വർഷം അല്ലാഹുവിന്റെ റസൂൽ(സ) ഞങ്ങൾക്കിടയിൽ പ്രസംഗിക്കാൻ നിന്നു. കണ്ണീരണിഞ്ഞു കൊണ്ടുള്ള ഗദ്ഗദ ത്താൽ മൂന്ന് തവണ പ്രസംഗം തടസ്സപ്പെട്ടു. പിന്നെ അദ്ദേഹം പറഞ്ഞു: ജനങ്ങളേ, അല്ലാഹുവിനോട് നിങ്ങൾ സൗഖ്യം തേടുക. കാരണം ഏതൊരാശ്വാസത്തിനും ശേഷമുള്ള ദൃഢവിശ്വാസം പോലുള്ളത് ആർക്കും നൽകപ്പെട്ടിട്ടില്ല. നിഷേധത്തിനു ശേഷമുള്ള ആശങ്കയേക്കാൾ ഗുരുതരമായതും നൽകപ്പെട്ടിട്ടില്ല. അതിനാൽ നിങ്ങൾ സത്യ സന്ധത മുറുകെ പിടിക്കുക, അത് നന്മയിലേക്കാണ് നയിക്കുക. അവരണ്ടും സ്വർഗത്തിലേക്കും. നിങ്ങൾ കളവിനെ സൂക്ഷിക്കുക, അത് അധർമ്മത്തിലേക്ക് നയിക്കുന്നു. അവരണ്ടും, നരകത്തിലേക്കും."(അഹ്മദ്, തിർമിദി, ഇബ്നുമാജ:)**

ഏതൊരു വ്യക്തിക്കും സമുദായത്തിനും ഉണ്ടായിരിക്കേണ്ട ഉൽകൃഷ്ട നിലപാടാണ് പ്രവാചകൻ (സ) ഇവിടെ ഓർമ്മിപ്പിക്കുന്നത്. ഹിജ്റയെന്ന അതികഠിന ത്യാഗം കഴിഞ്ഞു വർഷം പൂർത്തിയായ ഒരു വേളയായിരുന്നു അത്. തന്റെയും സഖാക്കളുടെയും ഇസ്ലാമിന്റെയും സ്ഥിതിഗതികളിൽ സമാധാനവും ശാന്തിയും വന്നുചേർന്ന അവസരമായിരുന്നു. തന്റെ ത്യാഗോജ്ജ്വല ജീവിത ക്ലേശങ്ങൾക്കു ശേഷം കിട്ടിയ ആശ്വാസത്തിന്റെ സ്മരണയിൽ സന്തോഷാശ്രുക്കൾ പെയ്തിറങ്ങി ഗദ്ഗദ്കണ്ഠനായി സംസാരിക്കാൻ അദ്ദേഹം പാടുപെടുകയായിരുന്നു. ശാന്തനായി നിയന്ത്രണവിധേയനായപ്പോൾ അവിടുന്നു ജനങ്ങളെ ഉപദേശിച്ചു. അല്ലാഹുവിനോട് നിങ്ങൾ സുഖക്ഷേമ ഐശ്വര്യങ്ങൾ തേടുക. കാരണം സൗഖ്യവും സമാധാനവും മനുഷ്യനു വലിയ ആശ്വാസമാണ് നൽകുക. ഒരുപാട് കഷ്ടപ്പാടുകൾക്കും ത്യാഗത്തിനും ശേഷം വന്നു ചേരുന്ന സൗഖ്യം പറഞ്ഞറിയിക്കാനാകാത്ത ദൃഢതയും ആത്മവിശ്വാസവും പ്രദാനം ചെയ്യുമല്ലോ. ആ ആശ്വാസവും ദൃഢബോധവും വിശ്വാസികൾക്കു മാത്രം ലഭിക്കുന്ന സൗഭാഗ്യമാണ്. മറ്റാർക്കും അത നുഭവ ഭേദ്യമാവുകയില്ല എന്ന് പ്രവാചകൻ പഠിപ്പിക്കുന്നു. എന്നാൽ അവിശ്വാസവും സത്യ നിഷേധവും കനത്ത ആശങ്കയും ഉൽക്കണ്ഠയുമാണുണ്ടാക്കിത്തീർക്കുക.

ഹിജ്റക്കുശേഷം വിശ്വാസികളായ മുസ്ലിംകൾക്ക് ആശ്വാസവും ആത്മ ശാന്തിയും സൗഖ്യവും ദൃഢബോധവും വന്നു ചേർന്നു. എന്നാൽ അവിശ്വാസികളായ മക്കാ മുശ്രിക്കുകൾക്കും ഖുറൈശികൾക്കും ഭയങ്കരമായ ആശങ്കയും ഭയവും പിടികൂടി. ഇസ്ലാം വളർന്നു പന്തലിക്കുമെന്ന ചിന്തയാൽ അവർ ഭയവിഹ്വലരുമായി. നിലവിൽ വന്ന ശാന്തിയും സൗഖ്യവും നിലനിൽക്കാനും തുടർ ജീവിതത്തിൽ ദൃഢത കൈവരാനും മനം നൊന്ത് അല്ലാഹുവിനോട് പ്രാർത്ഥിക്കാനുമാണ് പ്രവാചകൻ ഇവിടെ സ്വഹാബികളെ ഉപദേശിക്കുന്നത്. അതിനു എന്തു വേണമെന്ന് തുടർന്ന് ആഹ്വാനം ചെയ്യുന്നു. 'സത്യസന്ധത മുറുകെപ്പിടിക്കുക' അത് തുടർ നന്മയിലേക്ക് നയിക്കും. നന്മ ചെയ്തവർക്കു മാത്രമുള്ളതാണ് പാരത്രിക വിജയം. പരലോകത്തിലെ ഏറ്റവും വലിയ സൗഭാഗ്യം സ്വർഗ പ്രവേശനമാണ്. ജീവിത മഖിലത്തിലും സത്യസന്ധ നിലപാട് സ്വീകരിക്കുകയെന്നത് ത്യാഗ പൂർണ്ണമായ കാര്യമാണ്. സത്യസന്ധന്മാർക്കു മാത്രമെ നിഷ്കളങ്കമായി നന്മകൾ ചെയ്യാനാവൂ. 'കളവിനെ നിങ്ങൾ സൂക്ഷിക്കുക', കളവ് അധർമ്മമാണ്, അധർമികളുടെ പര്യവസാനം നരകത്തിലുമാണ്.

വിശ്വാസത്തിലും അവിശ്വാസത്തിലും ഉള്ള രണ്ട് അടിസ്ഥാനമാണ് പ്രവാചകനിവിടെ പ്രഖ്യാപിക്കുന്നത്. ഏതിലും സത്യസന്ധത കൈവിടരുത്. സാഹചര്യ സമ്മർദ്ധങ്ങളോ സ്വാർത്ഥ താൽപര്യങ്ങളോ

സത്യസന്ധതയിൽ നിന്ന് അകറ്റാൻ ഇടവരുത്തരുത്. വിശ്വാസ പ്രമാണങ്ങളോടുള്ള 'ആഴകുഴമ്പൻ' സമീപനം സത്യസന്ധതക്കു നിരക്കുന്നതല്ല. പ്രശസ്തിക്കും നിലനിൽപിനും അംഗീകാരത്തിനും വേണ്ടി ആദർശങ്ങൾ ബലിയർപ്പിക്കുന്നത് കടുത്ത ദൈവ നിന്ദയാണ്. യാഥാർത്ഥ്യങ്ങളറിഞ്ഞ ശേഷം സത്യത്തെ തമസ്സ്കരിക്കുന്നത് ഗുരുതര പാപമായാണ് ഇസ്ലാം പ്രഖ്യാപിച്ചിട്ടുള്ളത്. **"നാമവതരിപ്പിച്ച വ്യക്തതയാർന്ന തെളിവുകളും മാർഗ്ഗദർശനവും വേദ ഗ്രന്ഥത്തിലൂടെ ജനങ്ങൾക്ക് നാം വിശദമാക്കികൊടുത്തതിന് ശേഷം മറച്ചു വെക്കുന്നതാരോ അവരെ അല്ലാഹു ശപിക്കുന്നതാണ്. ശപിക്കുന്നവരൊക്കെയും അവരെ ശപിക്കുന്നതാണ്."**

**(വി.ഖു: 2: 159).**

**ഹിജ്റക്കുശേഷം വിശ്വാസികളായ മുസ്ലിംകൾക്ക് ആശ്വാസവും ആത്മ ശാന്തിയും സൗഖ്യവും ദൃഢബോധവും വന്നു ചേർന്നു. എന്നാൽ അവിശ്വാസികളായ മക്കാ മുശ്രിക്കുകൾക്കും ഖുറൈശികൾക്കും ഭയങ്കരമായ ആശങ്കയും ഭയവും പിടികൂടി. ഇസ്ലാം വളർന്നു പന്തലിക്കുമെന്ന ചിന്തയാൽ അവർ ഭയവിഹ്വലരുമായി. നിലവിൽ വന്ന ശാന്തിയും സൗഖ്യവും നിലനിൽക്കാനും തുടർ ജീവിതത്തിൽ ദൃഢത കൈവരാനും മനം നൊന്ത് അല്ലാഹുവിനോട് പ്രാർത്ഥിക്കാനുമാണ് പ്രവാചകൻ ഇവിടെ സ്വാഹാബികളെ ഉപദേശിക്കുന്നത്. അതിനു എന്തു വേണമെന്ന് തുടർന്ന് ആഹ്വനം ചെയ്യുന്നു. 'സത്യസന്ധത മുറുകെപ്പിടിക്കുക' അത് തുടർ നന്മയിലേക്ക് നയിക്കും.**

## ഗുരുവും അദ്വൈതവും

ഏതെങ്കിലും മഹൽവ്യക്തിത്വങ്ങളെ വിഗ്രഹവൽക്കരിക്കാനോ ഇകഴ്ത്താനോ ഒരു മുസ്ലിമിനും അവകാശമില്ല. രണ്ടിനുമിടയിലാണ് സത്യസന്ധ നിലപാട്. മഹാനായ ശ്രീ നാരായണഗുരു മുസ്ലിം പണ്ഡിത ശിരോമണികളോടൊപ്പം നവോത്ഥാന വിപ്ലവങ്ങളിൽ പങ്കാളികളായിരുന്നുവെന്നത് കേരള ചരിത്രത്തിലെ ഒരു യാഥാർത്ഥ്യമായിരുന്നു. ഇസ്ലാമിനെ വളരെ കൂടുതൽ അടുത്തറിഞ്ഞ, തന്റെ ജിഹ്വകൊണ്ട് ഇസ്ലാമിനെ വാനോളം പുകഴ്ത്തിയ (മുഹമ്മദ് നബി(സ)യുടെപിതൃവ്യൻ അബൂത്വാലിബിനെപ്പോലെ) ഗുണകാംക്ഷിയായിരുന്നു ഗുരു. ഇസ്ലാമിൽ ചേക്കേറിയെങ്കിലും ജാതിജ്വയിലിൽ നിന്ന് രക്ഷപ്പെട്ടുക്കൊള്ളാൻ അനുയായികളെ ഉപദേശിച്ചിരുന്നു അദ്ദേഹം. പക്ഷെ, അദ്ദേഹത്തിനു തന്റെ അടിസ്ഥാനാദർശമായ അദ്വൈതവും മത മേതായാലും മനുഷ്യൻ നന്നായാൽ മതി എന്ന തത്വശാസ്ത്ര വും ഉപേക്ഷിച്ച് യഥാർത്ഥ ഏക ദൈവാരാധനയിലെത്താനോ പ്രപഞ്ച നാഥന്റെ മതമായ ഇസ്ലാമിൽ പ്രവേശിച്ച് പ്രഖ്യാപിക്കാനോ ഭാഗ്യം തുണച്ചില്ലായിരുന്നു. അത്തരം ഒരു വ്യക്തിത്വത്തോട് പോലും നാം സത്യസന്ധ നിലപാടാണ് സ്വീകരിക്കേണ്ടത്. അദ്ദേഹത്തെ വിശുദ്ധ പദവിയിലിരുത്താനൊന്നും ദൈവം ആരെയും ഏൽപിക്കുമെന്നുതോന്നുന്നില്ല. മുസ്ലിംകൾക്ക് അദ്ദേഹത്തെ ആ പദവിയിലിരുത്താൻ ബാധ്യതയുമില്ല. അദ്ദേഹം സാക്ഷാൽ അദ്വൈതിയും വേദാന്തിയും ആയിരുന്നുവെന്ന് കട്ടായമായി അംഗീകരിക്കുന്നതൊടൊപ്പം ഒരു 'മുവഹ്ഹിദു' കൂടിയായിരുന്നുവെന്നു ഇസ്ലാമിക പ്രസിദ്ധീകരണത്തിൽ സമർത്ഥിക്കുന്നത് ഒരിക്കലും സത്യസന്ധതയല്ല. വൈരുധ്യമാണത്. ഒരേ സമയം ഒരു അവിശ്വാസിക്കു വിശ്വാസിയാകാൻ കഴിയാത്ത പോലെ ഒരു അദ്വൈതിക്ക് മുവഹ്ഹിദ്– ഏകദൈവാരാധകൻ– ആകാനും കഴിയില്ല. ശ്രീനാരായണ ഗുരു അങ്ങനെ ആയിട്ടുമില്ല. സത്യസന്ധമായി ഇതു തെളിയിക്കാനുതകുന്ന ഗുരുവിന്റെ ഒരു കൃതിയാണ് 'ദൈവദശകം' എന്ന പ്രാർത്ഥനാ ഗീതം. എന്നാൽ ആ കൃതിയിൽ പച്ചയായ ഭാഷയിൽ പറഞ്ഞ 'അദ്വൈതാശയ പ്രാർത്ഥനാവരികൾ' തനിച്ച തൗഹീദു തന്നെയെന്ന് ആണയിട്ടു ചിലർ സ്മർത്ഥിക്കുന്നു. ഇതാർക്കു വേണ്ടി എന്നറിഞ്ഞു കൂടാ!

## സമ്മതപത്ര രചന

ആ പ്രാർത്ഥനാഗീതത്തെ മുസ്ലിംകളുടെ അംഗീകാരത്തിനായി ആരും സമർപ്പിച്ചതായി നാം കേട്ടിട്ടില്ലാതിരിക്കെ അതിനു അംഗീകാരം കൊടുക്കുന്നതിനു സമ്മതപത്രം എഴുതേണമോ എന്നു മേൽ പ്രവാചക വചനത്തിന്റെ തണലിലിരുന്ന ചിന്തിക്കുക. "വേദവും പ്രവാചക ചര്യയും പഠിപ്പിച്ച കൃത്യമായ പ്രാർത്ഥനാ വാക്യങ്ങളും രീതികളും ഉള്ളവരാണ് മുസ്ലിംകൾ. എന്നാൽ അവയ്ക്കു പകരമോ അവയ്ക്കുള്ളിലോ ഉൾചേർക്കാതെയും, അത്തരം പ്രാർത്ഥനകളിലെ അർഥ ധ്വനികളെ ഉൾകൊള്ളുന്ന കാവ്യമെന്ന ആസ്വാദന തലത്തിൽ നിർത്തിയും മുസ്ലിംകൾക്ക് ദൈവദശകത്തെ അംഗീകരിക്കാവുന്നതല്ലേ എന്നതാണിവിടത്തെ ചോദ്യം." (ശബാബ് വാരിക. 2015 മാർച്ച് 06 എ.വി. ഫിർദൗസ്. ദൈവ ദശകവും ഏകദൈവത്വവും പേജ്: 19). ഈ ചോദ്യം

ആരു ഉന്നയിച്ചു എന്നു പറയുന്നില്ല! നാടോടുമ്പോൾ നടുവെ ഓടുക എന്നു പറഞ്ഞതുപോലെ നാമും തൗഹീദിന്റെ വിഷയത്തിൽ ഇങ്ങനെ ഓടണമോ? കേരള മുസ്‌ലിം നവോത്ഥാന ഉൽഭവകാലം മുതൽ മെനിഞ്ഞാന്നു വരെ 'മുഹ്‌യുദ്ദീൻ മാലയെ' തനിച്ച ശിർക്കുമാലയായിട്ടായിരുന്നു നമ്മുടെ മുൻ തലമുറ നായകന്മാർ പരിചയപ്പെടുത്തിയിരുന്നത്. ഇന്നലെ മുതൽ നമ്മുടെ യുവതലമുറക്ക് അത് 'സാഹിത്യകാവ്യമാല'യായി, അതിലെ ശ്ലോകങ്ങൾ തൗഹീദായി, തിരൂർ പൊന്നായിത്തീർന്നിരിക്കുന്നു.

അദ്വൈതത്തിലെ ഏകാത്മ വാദത്തിനും, അഹംബ്രഹ്മാസ്മി(ഞാൻ തന്നെ ബ്രഹ്മം) യോടും, തത്വമസി (പരമസത്യം നീ തന്നെ) എന്ന തത്വത്തിനും തെളിവു പറയാനുള്ള ദൈവ ദശകത്തിലെ അദ്വൈത പ്രാർത്ഥന പച്ചമലയാളത്തിൽ കാണുക: "നിയല്ലോസൃഷ്ടിയും-സ്രഷ്ടാവായതും -സൃഷ്ടിജാലവും-നീയല്ലോ ദൈവമേ! സൃഷ്ടിസാമഗ്രിയായതും." ഈ വരികളിൽ സന്നിവേശിച്ച് മുഴച്ചുന്തി നിൽക്കുന്നത് അദ്വൈതാശയമല്ലാതെന്താണ്? സൃഷ്ടി ജാലമഖിലവും സ്രഷ്ടാവായ അല്ലാഹുവും ഒന്നു തന്നെ; ഈ തത്വപ്രകാരമാണല്ലോ കല്ലും കരടും കാഞ്ഞിരക്കുറ്റിയും മുള്ളും മുരടും മൂർക്കൻ പാമ്പുമെല്ലാം ദൈവങ്ങളായത്തീർന്നത്?! സൂഫിശൈഖ് ഹല്ലാജ് റൊട്ടിതിന്ന ശേഷം പറഞ്ഞു: (അകലർറബ്ബു അൽ റബ്ബ്; മാഫീ ജുബ്ബത്തിഇല്ലല്ലാഹ്) "ഈ ജുബ്ബക്കകത്തും അല്ലാഹുതന്നെ റൊട്ടിയും റബ്ബ് തന്നെ. റൊട്ടി തിന്ന ഞാനും റബ്ബു തന്നെ." ഭാരതീയ അദ്വൈതികളിൽ നിന്ന് കടം കൊണ്ട സൂഫിയാക്കളുടെ സ്രഷ്ടാവും സൃഷ്ടിയും എല്ലാം ഒന്നാണെന്ന ഈ ആദർശത്തെ നാമെന്തിനു തൗഹീദു കൊണ്ട് പിന്തുണക്കണം? സത്യസന്ധതയോടെ വിലയിരുത്തുക.

പ്രവാചകൻ, കളവിനെ കരുതിയിരിക്കുക എന്നാഹ്വനം ചെയ്യുന്നു. കളവ് അധർമ്മത്തിലേക്ക് നയിക്കും. അധർമകാരികൾ നരകത്തിലേക്കും. നാം ഒന്നിനു വേണ്ടിയും കള്ളം പറയാതിരിക്കാൻ തീരുമാനിച്ചാൽ മാത്രം മതി ജീവിതം മുഴുവൻ സംശുദ്ധമാകാൻ. സത്യത്തിനു മുഴക്കമാണുള്ളതെങ്കിൽ കളവിനു നാശമാണുള്ളത്. വിശ്വാസിക്കു കളവ് പറയുന്നതോടൊപ്പം വിശ്വാസിയാകാൻ കഴിയില്ല. ആർക്കുവേണ്ടിയും എന്തിനുവേണ്ടിയും എവിടെയും കളവ് പറയാതിരിക്കുക. ചെയ്യാതിരിക്കുക. രചിക്കാതിരിക്കുക.

ശ്രീനാരായണ ഗുരുവിനെ വെള്ളപൂശാനും നമുക്കധികാരമില്ല. മേൽ പറഞ്ഞ ശുദ്ധമലയാള പ്രാർത്ഥനാ ഗീതത്തിന്റെ അർത്ഥം ഇങ്ങനെയാണെന്നും ലേഖകൻ സമർത്ഥിക്കുന്നു. "എല്ലാറ്റിന്റെയും കാരണവും ആവിഷ്കർത്താവും രൂപകല്പന ചെയ്യുന്നവനും എല്ലാറ്റിന്റെയും ഉടമയുമായ ഏകദൈവത്തെ അംഗീകരിക്കുന്ന തൗഹീദിദർശനം മാത്രമാണ് ഈ വരികളിൽ ഉള്ളത്. സൃഷ്ടിയും സ്രഷ്ടാവും ഒന്നാണ് എന്നതല്ല, എല്ലാം സ്രഷ്ടാവിൽ നിന്ന് മാത്രമാണ് എന്നാണ് ഗുരു സ്ഥാപിക്കുന്നത്" (മേൽ ലേഖനം പേജ് 21). മലയാളത്തിൽ പച്ചയായി പറഞ്ഞതിന്റെ അർത്ഥം പിന്നെയും നാം പറഞ്ഞു തുടങ്ങണോ? ഗുരുപോലും ഉദ്ദേശിക്കാത്തത് നാം മെനയുന്നത് ഒരിക്കലും സത്യസന്ധനിലപാടെല്ല. മൻഖൂസ് മൗലിദിലെ 'ഇർത്തകബ്ത്തു'വിനും മുഹ്‌യുദ്ദീൻ മാലയിലെ 'വല്ല നിലത്തിന്നും എന്നെ വിളിപ്പോർക്ക്' എന്നതിനുമൊക്കെ സമസ്ത സുന്നികളും ശുദ്ധ മലയാളത്തിൽ വ്യാഖ്യാനം ചമയ്ക്കുന്നതിനെ ഇനിയൊരിക്കലും എതിർക്കാനാകില്ലല്ലോ! രാജാവിനേക്കാൾ വലിയ രാജ്യഭക്തി ഒട്ടും ഭൂഷണമാകില്ല.


പ്രവാചകൻ, കളവിനെ കരുതിയിരിക്കുക എന്നാഹ്വനം ചെയ്യുന്നു. കളവ് അധർമ്മത്തിലേക്ക് നയിക്കും. അധർമകാരികൾ നരകത്തിലേക്കും. നാം ഒന്നിനു വേണ്ടിയും കള്ളം പറയാതിരിക്കാൻ തീരുമാനിച്ചാൽ മാത്രം മതി ജീവിതം മുഴുവൻ സംശുദ്ധമാകാൻ. സത്യത്തിനു മുഴക്കമാണുള്ളതെങ്കിൽ കളവിനു നാശമാണുള്ളത്. വിശ്വാസിക്കു കളവ് പറയുന്നതോടൊപ്പം വിശ്വാസിയാകാൻ കഴിയില്ല. ആർക്കുവേണ്ടിയും എന്തിനുവേണ്ടിയും എവിടെയും കളവ് പറയാതിരിക്കുക. ചെയ്യാതിരിക്കുക. രചിക്കാതിരിക്കുക. അല്ലാഹു നമ്മെ സത്യസന്ധരിൽ പെടുത്തി അനുഗ്രഹിക്കട്ടെ.

## ഉമ്മത്തിനോടും ലോകത്തോടും

"ഈമാൻകീ അമാനത്ത്
സിനോം മേ ഹമാരാ
ആസാൻ നബി മിഠാനാ
നാം വ നിശാൻ ഹമാരാ"

"ഈമാനാകുന്ന അമാനത്ത് നമ്മുടെ ഹൃത്തടങ്ങളിൽ നാം കാത്തു സൂക്ഷിക്കുന്നു. നമ്മുടെ നാമവും പൈതൃകങ്ങളും തട്ടിത്തകർക്കുക എളുപ്പമല്ല ലോകമേ."

(ഭാരതപൂങ്കുയിൽ മുഹമ്മദ് ഇഖ്ബാൽ)




# സൂര്യവർഷ കലണ്ടർ ഖുർആനികമോ?

ടി.എ. ഷുക്കൂർ

നബി(സ്വ)യുടെ ജീവിതകാലത്ത് അദ്ദേഹം കലണ്ടർ ഉപയോഗിച്ചതായി കാണുന്നില്ല. സൂര്യനേയും ചന്ദ്രനെയും ആസ്പദമാക്കിയ കലണ്ടറുകൾ നബി(സ)ക്ക് മുമ്പു തന്നെ ലോകത്ത് നിലവിലുണ്ടായിരുന്നു. ഈസാ നബി(അ)ക്കും മുമ്പ് ജീവിച്ചിരുന്ന ജൂലിയസ് സീസറിന്റെ ജൂലിയൻ കലണ്ടറാണ് ഈസാ നബിക്ക് ശേഷം ക്രിസ്ത്യൻ കലണ്ടറായി മാറിയത്. ഈസാ നബി(അ) സ്ഥാപിച്ചതല്ല സൂര്യവർഷ കലണ്ടർ എന്നർത്ഥം.

ക്രിസ്തുമതത്തിന്റെ പുണ്യദിനങ്ങളായ ഈസ്റ്റർ, വ്രതങ്ങൾ എന്നിവ നിശ്ചയിക്കുന്നത് ചന്ദ്രഗതി അനുസരിച്ചാണ്. മൂസാ നബി(അ)യുടെ അനുയായികളായി അവകാശപ്പെടുന്ന ജൂതന്മാർ നബി(സ)യുടെ കാലത്ത് ഉപയോഗിച്ചിരുന്നത് ചന്ദ്രമാസ കലണ്ടറായിരുന്നു. ഇന്നും ഇസ്രായീലിൽ ഹിബ്രുകലണ്ടർ എന്ന പേരിൽ ചന്ദ്രമാസ കലണ്ടർ ആണ് ഉപയോഗിക്കുന്നത്. പക്ഷെ അതിൽ ഓരോ മാസത്തിലെയും ദിവസങ്ങൾ നിശ്ചിതമാണ്. 30–29–30–29 എന്ന തരത്തിൽ സ്ഥാപിതമാണ്. മാത്രവുമല്ല സൂര്യഗതിയുമായി ഒത്തുപോകുന്നതിന് മൂന്നു വർഷത്തി

ലൊരിക്കൽ ഒരു മാസം അധികരിപ്പിക്കുകയും ചെയ്യും. ഈ സമ്പ്രദായം അതായത് ഓരോ മാസത്തിലെയും ദിവസങ്ങൾ നിർണിതമാക്കുന്നത് ശരിയല്ലെന്നും ഓരോ മാസവും ചന്ദ്രക്കലകൾ നിരീക്ഷണം നടത്തി ദിവസങ്ങൾ നിശ്ചയിച്ച് മാസമാറ്റം കണക്കാക്കണമെന്നും നബി(സ) പഠിപ്പിച്ചു. മാസനിർണയ രീതി സഹാബാക്കളെ നബി(സ) പരിശീലിപ്പിച്ചു.

ഹിജ്ജത്തുൽ വദാഇൽ വെച്ച് കലണ്ടറിന്റെ വിളംബരം നടത്തുകയും ചെയ്തു. സൂറത്തുതൗബ ഹജ്ജ് വേളയിൽ മിനായിലെ ഖുത്തുബയിൽ ആണല്ലോ അവതരിപ്പിച്ചത്. നബി(സ)യുടെ വഫാത്തിനു ശേഷം രണ്ടാം ഖലീഫ ഉമർ(റ) ഇസ്‌ലാമിന്റെ കലണ്ടർ ചന്ദ്രമാസ കലണ്ടർ - ഹിജ്‌രി കലണ്ടർ എന്ന പേരിൽ നടപ്പിൽ വരുത്തുകയും ചെയ്തു. ചരിത്രം പരിശോധിച്ചാൽ മനസ്സിലാകുന്നത് എല്ലാ പ്രവാചകന്മാരും ചന്ദ്രന്റെ കലകളുടെ വളർച്ചയും തളർച്ചയും (അഹില്ലത്ത്) ആസ്പദമാക്കിയാണ് കാലഗണന നടത്തിയിട്ടുള്ളത് എന്നാണ്. ജൂത-ക്രൈസ്തവ-ഇസ്‌ലാം എന്നീ സെമിസ്റ്റിക് മതങ്ങൾ മാത്രമല്ല ഹിന്ദു മതത്തിന്റെയും പുണ്യദിനങ്ങൾ - നവമി, ദശമി, സംക്രാന്തി തുടങ്ങിയവയും ജാതകപ്രകാരമുള്ള തിഥികളും മറ്റും - നിശ്ചയിക്കുന്നത് ചന്ദ്രഗതി അനുസരിച്ചാണ്. വിശുദ്ധ ഖുർആൻ സൂര്യഗതിയെ ആസ്പദമാക്കി ദിവസം നിശ്ചയിച്ച് നമസ്കരിക്കാൻ കല്പിച്ചിട്ടുണ്ട്. മാസത്തിന് മാനദണ്ഡമാക്കാൻ കൽപിച്ചിട്ടുള്ളത് ചന്ദ്രക്കലകളെയാണ്. 2: 189ൽ 'ലിന്നാസി വൽഹജ്ജ്' എന്നു പറഞ്ഞതിൽ നിന്നും മതപരമായ ആവശ്യങ്ങൾക്കും ലോകജനതക്ക് ഒന്നായും ചന്ദ്രക്കലകൾ തിയതികൾ കാണിക്കുന്നു എന്നു മനസ്സിലാക്കാം.

പ്രകൃതിയിലെ അടയാളങ്ങൾ നോക്കി ദിവസവും തിയ്യതിയും മാസങ്ങളും നിശ്ചയിക്കാൻ കഴിയണം. ഇസ്‌ലാം പ്രകൃതി മതമാണ്. അതിനാൽ ഇസ്‌ലാമിക തിയതികളും മാസങ്ങളും പ്രകൃതിയുമായി യോജിക്കുകയും ചെയ്യുന്നതാണ്. സൂര്യനെ നോക്കി ദിവസങ്ങൾ മാറുന്നത് നമുക്ക് മനസ്സിലാകും. ഭൂമിയുടെ ഭ്രമണം വഴി രാവും പകലും മാറി വരുന്നതിനാൽ. എന്നാൽ എത്ര ദിവസങ്ങൾ കഴിഞ്ഞുപോയി, മാസത്തിൽ ഇനി എത്ര ദിവസങ്ങൾ ബാക്കിയുണ്ട് എന്ന് സൂര്യനെ നോക്കി നിർണയിക്കാൻ, മനസ്സിലാക്കാൻ കഴിയുകയില്ല. അതിന് ചന്ദ്രനെയാണ് അല്ലാഹു നിശ്ചയിച്ചിരിക്കുന്നത്. ഓരോ ദിവസവും ചന്ദ്രൻ വ്യത്യസ്ത വലിപ്പത്തിൽ വ്യത്യസ്ത മണ്ഡലങ്ങളിൽ കാണപ്പെടുന്നു. ഈ അടയാളം നോക്കി തിയ്യതികൾ എണ്ണിയെടുക്കാനും (അദദസ്സിനീന) കഴിയുന്നു. ഇതാണു പ്രകൃതി കലണ്ടർ. ഖുർആൻ ഇക്കാര്യം വളരെ വ്യക്തമായി പഠിപ്പിച്ചിട്ടുണ്ട്. സൂറ. യൂനുസ് 5-ാം വാക്യം, യാസീൻ 39-ാം വാക്യം എന്നിവയിൽ ചന്ദ്രന്റെ മൻസിലുകളെ സംബന്ധിച്ചും 2: 189ൽ ചന്ദ്രക്കലകൾ തിയ്യതികൾ കാണിക്കുന്നു എന്നും വ്യക്തമാക്കുന്നു. ഇതിൽ നിന്നും ചന്ദ്രക്കലകളെ അടിസ്ഥാനമാക്കിയുള്ളതാണ് പ്രകൃതിയുടെയും ഇസ്‌ലാമിന്റെയും കലണ്ടറെന്നു വ്യക്തമായി.

**അടയാളം നോക്കി തിയ്യതികൾ എണ്ണിയെടുക്കാനും (അദദസ്സിനീന) കഴിയുന്നു. ഇതാണു പ്രകൃതി കലണ്ടർ. ഖുർആൻ ഇക്കാര്യം വളരെ വ്യക്തമായി പഠിപ്പിച്ചിട്ടുണ്ട്. സൂറ. യൂനുസ് 5-ാം വാക്യം, യാസീൻ 39-ാം വാക്യം എന്നിവയിൽ ചന്ദ്രന്റെ മൻസിലുകളെ സംബന്ധിച്ചും 2: 189ൽ ചന്ദ്രക്കലകൾ തിയ്യതികൾ കാണിക്കുന്നു എന്നും വ്യക്തമാക്കുന്നു. ഇതിൽ നിന്നും ചന്ദ്രക്കലകളെ അടിസ്ഥാനമാക്കിയുള്ളതാണ് പ്രകൃതിയുടെയും ഇസ്‌ലാമിന്റെയും കലണ്ടറെന്നു വ്യക്തമായി.**

## സൂര്യവർഷത്തിന് ഖുർആനിലെ തെളിവ്

സൂര്യഗതിയെ ആസ്പദമാക്കി തയ്യാറാക്കുന്ന കലണ്ടർ അംഗീകരിക്കാമെന്നും ആയതിന്ന് ഖുർആനിൽ തെളിവുണ്ടെന്നും ഇപ്പോൾ ചില പണ്ഡിതന്മാരും വാദിക്കുന്നു. വി.ഖുർആൻ കൽപിച്ചിട്ടുള്ള ചന്ദ്രവർഷ കലണ്ടർ മുൻകൂട്ടി തയ്യാറാക്കാൻ പറ്റാത്ത തരത്തിൽ നിയമങ്ങൾ ഉണ്ടാക്കിയതിനാൽ ഖലീഫമാർ മുതൽ 1400ലധികം വർഷം നിലനിന്നിരുന്ന ഹിജ്റ കലണ്ടർ ഇന്ന് മുസ്‌ലിംകൾക്ക് വേണ്ടതായിരിക്കുന്നു. ലോകത്ത് ആധിപത്യം കരസ്ഥമാക്കിയ ക്രിസ്ത്യൻ കലണ്ടർ സ്വീകരിക്കുകയല്ലാതെ അവർക്ക് മറ്റു മാർഗ്ഗമില്ല. അതിനാൽ ക്രിസ്ത്യൻ കലണ്ടർ അഥവാ സൂര്യകലണ്ടറും ഖുർആൻ പറഞ്ഞിട്ടുണ്ടെന്ന് വരുത്തിതീർക്കാനാണ് ഇവരുടെ ശ്രമം. ആയതിന്ന് സൂറ: അൽകഹ്ഫിലെ ഗുഹാവാസികളെ സംബന്ധിച്ചു പറഞ്ഞ സംഭവത്തിൽ **'അവർ 300 വർഷം താമസിച്ചു. അവർ 9 വർഷം കൂടുതലാക്കുകയും ചെയ്തു"** എന്ന 25-ാം വചനമാണ്. 300 സൂര്യവർഷം എന്നാൽ 309 ചന്ദ്രവർഷമാണെന്ന് ചില ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളിലും എഴുതിവെച്ചിട്ടുണ്ട്. ഇപ്പോൾ കലണ്ടർ പ്രതിസന്ധി മറികടക്കാൻ മൗലവിമാർ പ്രസ്തുത വ്യാഖ്യാനങ്ങളെ ആശ്രയിക്കുന്നു. ഈ വാദം ശരിയാണോ എന്ന് നമുക്ക് പരിശോധിക്കാം.

## ഹിസാബ് എന്തുപറയുന്നു

300 സൂര്യവർഷം എന്നത് 309 ചന്ദ്രവർഷമാണെങ്കിൽ രണ്ടു കാലഗണനയിലെയും മാസങ്ങളും ദിവസങ്ങളും തുല്യമായിരിക്കണം. ഏതു തരത്തിൽ കണക്കുകൂട്ടിയാലും ഗുഹാവാസികൾ ഉറങ്ങിയ ദിവസങ്ങളുടെ എണ്ണം വ്യത്യാസപ്പെടുകയില്ല. അതിനാൽ രണ്ടു കലണ്ടറിലെയും ദിവസ

ങ്ങൾ എത്രയെന്നു നോക്കാം.

ഒരു സൂര്യവർഷത്തിൽ ശരാശരി 365.2421 ദിവസങ്ങളാണുണ്ടാവുക. അതിനാൽ 365.2421 X 300 വർഷം = 109572.63 ദിവസങ്ങൾ. ഒരു ചന്ദ്രവർഷത്തിൽ ശരാശരി 354.3671 ദിവസങ്ങളാണുണ്ടാവുക. അതിനാൽ 354.3671 X 309 = 109499.43 ദിവസങ്ങൾ. അപ്പോൾ 73.2 ദിവസത്തിന്റെ വ്യത്യാസമുണ്ട്. (വ്യത്യാസം രണ്ടു മാസവും 13 ദിവസവും). ഇതിൽ നിന്നും വ്യക്തമാവുന്നത് ഖുർആനിലെ പരാമർശം സൂര്യവർഷത്തെ സംബന്ധിച്ചല്ല എന്നാണ്. ഖുർആൻ വചനമായതിനാൽ ഒരു ദിവസത്തെ വ്യത്യാസം പോലുമുണ്ടാകാൻ പാടില്ല. കാരണം പ്രപഞ്ച സ്രഷ്ടാവായ അല്ലാഹുവിന്റെ കണക്കും വചനവുമാണ് ഖുർആൻ. അല്ലാഹുവിന്റെ വചനവും പ്രവൃത്തിയും വ്യത്യസ്തമാവുകയില്ല. അപ്പോൾ പിന്നെ എന്താണു ഖുർആൻ പറഞ്ഞ കണക്ക്. ഖുർആൻ തന്നെ ശ്രദ്ധിച്ചു വായിച്ചാൽ അതു മനസ്സിലാകും.

**''അപ്രകാരം അവർ അന്യോന്യം ചോദ്യം നടത്തുവാൻ തക്കവണ്ണം നാം അവരെ എഴുന്നേൽപ്പിച്ചു. അവരിൽഒരാൾ ചോദിച്ചു. നിങ്ങളെത്ര കാലം (ഗുഹയിൽ) കഴിച്ചുകൂട്ടി? മറ്റുള്ളവർ പറഞ്ഞു: നാം ഒരു ദിവസമോ ഒരു ദിവസത്തിന്റെ അൽപഭാഗമോ കഴിച്ചുകൂട്ടിയിരിക്കും. മറ്റുചിലർ പറഞ്ഞു: നിങ്ങളുടെ രക്ഷിതാവാകുന്നു നിങ്ങൾ കഴിച്ചുകൂട്ടിയതിനെപ്പറ്റി ശരിയായി അറിയുന്നവൻ.'' (അൽകഹ്ഫ് 19).** ഈ ആയത്തിൽ തുടർന്നു പറയുന്നത് ഗുഹാവാസികളിൽ ഒരാൾ ഭക്ഷണം വാങ്ങാനായി അവരുടെ പക്കലുള്ള നാണയവുമായി അങ്ങാടിയിൽ പോയി. പ്രസ്തുത നാണയം കാലഹരണപ്പെട്ടതായിരുന്നു എന്നു വ്യാഖ്യാതാക്കൾ പറയുന്നു. ഇതു വഴി ജനങ്ങൾ ഗുഹാവാസികളെ തിരിച്ചറിഞ്ഞു. പിന്നീട് ഗുഹാവാസികൾ 9 വർഷം കൂടി ജീവിച്ചു. അവർ മരണപ്പെട്ട ശേഷം

**സൂര്യഗതിയെ ആസ്പദമാക്കി തയ്യാറാക്കുന്ന കലണ്ടർ അംഗീകരിക്കാമെന്നും ആയതിന്ന് ഖുർആനിൽ തെളിവുണ്ടെന്നും ഇപ്പോൾ ചില പണ്ഡിതന്മാരും വാദിക്കുന്നു. വി.ഖുർആൻ കൽപിച്ചിട്ടുള്ള ചന്ദ്രവർഷ കലണ്ടർ മുൻകൂട്ടി തയ്യാറാക്കാൻ പറ്റാത്ത തരത്തിൽ നിയമങ്ങൾ ഉണ്ടാക്കിയതിനാൽ ഖലീഫമാർ മുതൽ 1400ലധികം വർഷം നിലനിന്നിരുന്ന ഹിജ്റ കലണ്ടർ ഇന്ന് മുസ്ലിംകൾക്ക് വേണ്ടതായിരിക്കുന്നു. ലോകത്ത് ആധിപത്യം കരസ്ഥമാക്കിയ ക്രിസ്ത്യൻ കലണ്ടർ സ്വീകരിക്കുകയല്ലാതെ അവർക്ക് മറ്റു മാർഗ്ഗമില്ല. അതിനാൽ ക്രിസ്ത്യൻ കലണ്ടർ അഥവാ സൂര്യ കലണ്ടറും ഖുർആൻ പറഞ്ഞിട്ടുണ്ടെന്ന് വരുത്തിതീർക്കാനാണ് ഇവരുടെ ശ്രമം.**

അവരുടെ വീട് പള്ളിയാക്കണമെന്നും ചിലർ ഒരു കെട്ടിടം നിർമ്മിക്കണമെന്നും അഭിപ്രായപ്പെടുന്നുണ്ട്. അതായത് 300 വർഷം ഉറങ്ങുകയും ഉണർന്ന ശേഷം 9 വർഷം കൂടി ജീവിക്കുകയും ചെയ്തു എന്നതാണ് സത്യം. അവർ 300 വർഷം താമസിച്ചു എന്നു ഖണ്ഡിതമായി പറഞ്ഞ ശേഷം 9 വർഷം കൂടുതലാക്കുകയും (വസ്ദാദൂ തിസ്ആ) ചെയ്തു എന്നാണ് ഖുർആൻ പറയുന്നത്. രണ്ടു കാലഗണനയെ കുറിച്ചാണെങ്കിൽ കൂടുതലാക്കുന്ന പ്രശ്നമില്ല. തുല്യമാവുകയേ ഉള്ളൂ.

ഇസ്ലാമിലെ കലണ്ടർ വ്യവസ്ഥ എന്താണെന്ന് വി.ഖുർആൻ അസന്നിഗ്ധമായി പ്രഖ്യാപിച്ചിട്ടുണ്ട്. എന്നിരിക്കെ മറ്റൊരു കലണ്ടറിനെക്കുറിച്ച് 'മൗനം സമ്മതം' എന്ന മട്ടിൽ പരാമർശിച്ചു എന്നു ഗവേഷണം നടത്തി കണ്ടുപിടിക്കേണ്ട ആവശ്യമുണ്ടോ? ഹിജ്ജത്തുൽ വദാഇൽ വെച്ചാണ് കലണ്ടർ പ്രഖ്യാപിക്കുന്നത്. "ആകാശവും ഭൂമിയും സൃഷ്ടിച്ച ദിവസം അല്ലാഹുവിന്റെ നിയമത്തിൽ മാസങ്ങളുടെ എണ്ണം 12 ആകുന്നു." (9: 36) ഇതിൽ മാറ്റം വരുത്തുന്നതിനെ 'സിയാദത്തൻഫിൽ കുഫ്റ്' (9: 37) എന്നു പറയുകയും 2: 189, 10: 05, 36: 39 ആയത്തുകളിലൂടെ കലണ്ടറിന്റെ നിയമങ്ങളും കൽപിച്ച ശേഷം കണക്കിനും കാഴ്ചക്കും വിധേയമാകാത്ത സൂര്യവർഷ കലണ്ടറിനെ കുറിച്ചും ഖുർആൻ പറഞ്ഞിട്ടുണ്ടെന്ന് മുസ്ലിം പണ്ഡിതന്മാർക്ക് എങ്ങിനെ വാദിക്കാൻ കഴിയുന്നു എന്നു അത്ഭുതപ്പെട്ടുപോകുന്നു.

ബ്രിട്ടീഷുകാരുടെ സൂര്യനസ്തമിക്കാത്ത സാമ്രാജ്യം സ്ഥാപിക്കപ്പെട്ട ശേഷമാണു ലോകം ക്രിസ്ത്യൻ കലണ്ടർ പരിചയപ്പെട്ടത്. അന്നും മുസ്ലിംകൾ ഹിജ്റ കലണ്ടർ ഉപേക്ഷിച്ചിരുന്നില്ല. കഴിഞ്ഞ 50 വർഷത്തിനിടയിൽ ഗോളശാസ്ത്രത്തിൽ വമ്പിച്ച പുരോഗതിയുണ്ടായി. സൂര്യവർഷ കലണ്ടറിന്റെ അശാസ്ത്രീയതയോടൊപ്പം ചന്ദ്രവർഷകലണ്ടറിന്റെ ശാസ്ത്രീയതയും ലോകം മനസ്സിലാക്കി. സഹസ്രാബ്ദങ്ങളുടെ പോലും ചന്ദ്രമാസകലണ്ടർ ഇന്ന് വെബ്സൈറ്റുകളിൽ ലഭ്യമാണ്. ഓരോ വർഷത്തെയും ചന്ദ്രമാസകണക്ക് ഓരോ രാജ്യത്തേതും പ്രസിദ്ധീകരിക്കപ്പെടുന്നുണ്ട്. പക്ഷെ മുസ്ലിംകൾക്ക് ഖുർആൻ കൽപിച്ച കലണ്ടർ പ്രകൃതിദത്തവും ശാസ്ത്രീയവുമാണ് എന്നു പറയാനല്ല, അതല്ലെന്നു പറയാനാണ് താത്പര്യം. അല്ലാഹുവിന്റെ കാവലിനെ തേടുക. അവൻ രക്ഷിക്കുമാറാകട്ടെ.

# ഈ ഹദീസ് നിങ്ങളെടുക്കുമോ? - 6

**അബ്ദുറഹിമാൻ ഇരിവേറ്റി**

# കുരങ്ങന്മാർ നടപ്പാക്കിയ ശരീഅത്ത്!

**കുറെ കുരങ്ങന്മാർ ഒരു കുരങ്ങിനെ എറിഞ്ഞു കൊല്ലുന്നത് കണ്ട അംറുബ്നുമൈമൂനിന് അത് വ്യഭിചരിച്ചതിനുളള ശിക്ഷ നടപ്പാക്കുകയാണെന്ന് എങ്ങനെയാണ് മനസ്സിലായത്? കുരങ്ങന്മാർ പറഞ്ഞതാണോ? (ഫത്ഹുൽബാരിയിൽ അത് സംബന്ധിച്ച വിശദീകരണങ്ങൾ മുഖവിലക്കെടുക്കുന്നില്ല. സ്വഹീഹുൽ ബുഖാരിയെ ന്യായീകരിക്കാനായി നിരത്തുന്ന തെളിവുകളില്ലാത്ത പരാമർശങ്ങളാണവ). അംറുബ്നുമൈമൂൻ ആ ശിക്ഷാവിധിയിൽ എന്തിനാണ് ഭാഗഭാക്കായത്? ജാഹിലിയ്യ: കാലത്തെ ആ നിയമം ഭാവിയിൽ വരാനിരിക്കുന്ന പ്രവാചകൻ അംഗീകരിക്കുമെന്ന് അദ്ദേഹത്തിനന്ന് 'ഇൽഹാമു'ണ്ടായിരുന്നോ?**

സ്വഹീഹുൽ ബുഖാരിയിൽ താഴെകാണും വിധം ഒരു ഹദീസുണ്ട്.

**അംറുബ്നു മൈമൂനിൽ നിന്ന്. അദ്ദേഹം പറഞ്ഞു: ജാഹിലിയ്യ: (അന്ധകാരം) കാലത്ത് വ്യഭിചരിച്ച ഒരു പെൺകുരങ്ങിനെ (മറ്റു) കുരങ്ങന്മാർ കൂട്ടം ചേർന്ന് എറിഞ്ഞ് കൊല്ലുന്നത് ഞാൻ കണ്ടു. ഞാനും അവയോടൊപ്പം ചേർന്ന് അവളെ എറിഞ്ഞു.**

**(സ്വ: ബുഖാരി 3849)**

വിവാഹിതനോ വിവാഹിതയോ വ്യഭിചരിക്കുകയും അത് നാലു പേരുടെ സാക്ഷ്യത്താൽ സ്ഥിരീകരിക്കപ്പെടുകയും ചെയ്താൽ ആ കക്ഷിയെ എറിഞ്ഞ് കൊല്ലണമെന്നാണ് ഇസ്ലാമിക നിയമം. ഇത് സംബന്ധിച്ച് ഖുർആനിൽ പരാമർശമില്ലെങ്കിലും ഹദീസുകളാൽ സ്ഥിരപ്പെട്ടിട്ടുണ്ട്. പക്ഷെ, ഈ നിയമം മനുഷ്യരെ മാത്രം ഉദ്ദേശിച്ചുള്ളതാണ്. ഈ നിയമം എന്നല്ല വിധിവിലക്കുകളെ സംബന്ധിച്ച ഏതൊരു നിയമവും മനുഷ്യരെ മാത്രം ഉദ്ദേശിച്ചുള്ളവയാണ്. ജിന്നുകൾക്കും അത് ബാധകമായേക്കാം. അവയെക്കുറിച്ച് നമുക്ക് വളരെ വിശദമായ ഗ്രാഹ്യം ഇല്ലാത്തതിനാൽ തൽക്കാലം അത് ചർച്ച ചെയ്യേണ്ടതില്ല. മറ്റു ജീവജാലങ്ങൾക്കു ശരീഅത്തിലെ നിയമങ്ങൾ ബാധകമാണെന്ന് ഇക്കാലമത്രയും ആരും പറഞ്ഞ് കേട്ടിട്ട് പോലുമില്ല!

വിവേചന ശക്തിയില്ലാത്ത മൃഗങ്ങൾ, പക്ഷികൾ, ഇഴജീവികൾ തുടങ്ങി അനേകായിരം സൃഷ്ടിജാലങ്ങൾക്കൊന്നും വിധിവിലക്ക് നിയമങ്ങൾ ബാധകമല്ല. ബാധകമാക്കാൻ കഴിയുകയുമില്ല. അവയ്ക്ക് സുകൃതം, അകൃതം എന്നിങ്ങനെ രണ്ടില്ല. അല്ലാഹു നിശ്ചയിച്ച പ്രകൃതി നിയമങ്ങൾക്കനുസൃതമായി അവ ഭൗതികജീവിതം നയിക്കുന്നു. ചത്ത് പോകുന്നു. അതിലപ്പുറം ഒന്നുമില്ല!

എന്നാൽ സ്വഹീഹുൽ ബുഖാരിയിലെ മേൽക്കാണിച്ച 'ഹദീസ്' 'ഹദീസ് സ്നേഹികൾ' (ഖുർആനും ഹദീസും ഒരു പോലെയാണെന്ന്

വാദിക്കുന്നവർ) ഒന്ന് മനസ്സിരുത്തി വായിച്ച് നോക്കേണ്ടതാണ്. അംറുബ്നു മൈമൂൻ ഉദ്ധരിക്കുന്ന ഈ സംഭവം (കല്പിതകഥ) ജാഹിലിയ്യ: (നബി(സ)ക്ക് നബിത്വം ലഭിക്കുന്നതിനു മുമ്പ്) നടന്നെന്ന് പറയുന്ന ഒന്നാണ്. വ്യഭിചാരത്തിലേർപ്പെട്ട ഒരു പെൺകുരങ്ങിനെ കുറേ കുരങ്ങന്മാർ ചേർന്ന് എറിഞ്ഞ് കൊല്ലുന്നത് അദ്ദേഹം കണ്ടുവത്രേ! അപ്പോൾ അദ്ദേഹവും അതിലങ്ങ് ചേർന്ന് ശരീഅത്ത് നിയമം പെട്ടെന്നങ്ങ് നടത്തിക്കൊടുത്തു!

കഥയിൽ ചോദ്യം പാടില്ല! എങ്കിലും ചോദിച്ചു പോവുകയാണ്. സ്വഹീഹ് ബുഖാരി പോലുള്ള ഒരു ഗ്രന്ഥത്തിൽ ഇത്രയും അടിസ്ഥാനരഹിതവും ബുദ്ധിഹീനവുമായ ഒരുഅസംബന്ധ കഥ സ്ഥാനം പിടിച്ചതെങ്ങനെ? കുരങ്ങന്മാർക്കിടയിൽ നിഷ്കൃഷ്ടമായ വിവാഹ സമ്പ്രദായം ഉണ്ടോ? അവയിലേതെങ്കിലും ലംഘനങ്ങളുണ്ടായാൽ ശിക്ഷാവിധികളുണ്ടോ? ആരാണ് ശിക്ഷ വിധിക്കുന്നതും നടപ്പാക്കുന്നതും? ഭൂമിയിലെ മുഴുവൻ കുരങ്ങന്മാരും മുസ്ലിംകളാണോ? ഇസ്ലാമിക ശരീഅത്തനുസരിച്ചാണോ അവർ വിധിക്കുന്നത് ? വ്യഭിചാരമല്ലാത്ത മറ്റു കുറ്റങ്ങൾക്കും ശിക്ഷാവിധികൾ കുരങ്ങന്മാർ നടപ്പാക്കുന്നുണ്ടോ? വല്ല സാധനങ്ങളും കട്ട് തിന്ന (കട്ട് തിന്നുന്നതിൽ ഒന്നാം കിടക്കാരാണല്ലോ കുരങ്ങന്മാർ) ഏതെങ്കിലും കുരങ്ങന്റെ കൈ വെട്ടി മാറ്റിയ വല്ല സംഭവവും ലോകചരിത്രത്തിൽ ഇതഃപര്യന്തം രേഖപ്പെടുത്തപ്പെട്ടിട്ടുണ്ടോ?

കുറെ കുരങ്ങന്മാർ ഒരു കുരങ്ങിനെ എറിഞ്ഞു കൊല്ലുന്നത് കണ്ട അംറുബ്നുമൈമൂനിന് അത് വ്യഭിചരിച്ചതിനുള്ള ശിക്ഷ നടപ്പാക്കുകയാണെന്ന് എങ്ങനെയാണ് മനസ്സിലായത്? കുരങ്ങന്മാർ പറഞ്ഞതാണോ? (ഫത്ഹുൽബാരി

**ഇമാം ബുഖാരി തന്റെ സ്വഹീഹിൽ ജാഹിലിയ്യ: കാലത്ത് നടന്നെന്ന് പറയുന്ന ഈ കുരങ്ങൻ ശരീഅത്ത് കഥ ചേർക്കാൻ എന്താവാം കാരണം? മുസ്ലിംകൾക്ക് സ്വീകരിക്കാൻ ഈ കഥയിലുള്ള പാഠമെന്താണ്? എന്തിനാണീ കഥ ഒന്നാം പ്രമാണം പോലെ' സത്യസന്ധമെന്ന് വാദിക്കുന്ന രണ്ടാം പ്രമാണത്തിൽപ്പെടുത്തിയത്? ഖുർആനിന്റെ വ്യാഖ്യാനമാണ് ഹദീസെന്നാണല്ലോ വാദം. ജാഹിലിയ്യ: കാലത്ത് കുരങ്ങന്മാർ നടപ്പാക്കിയ ഈ ശരീഅത്ത് ഖുർആനിലെ ഏത് ആയത്തിന്റെ വ്യാഖ്യാനമാണ്? ആട് തിന്നുപോയ 'ആയത്തുറജ്മി'ന്റെ വ്യാഖ്യാനമാണോ?**

യിൽ അത് സംബന്ധിച്ച വിശദീകരണങ്ങൾ മുഖവിലക്കെടുക്കുന്നില്ല. സ്വഹീഹുൽ ബുഖാരിയെ ന്യായീകരിക്കാനായി നിരത്തുന്ന തെളിവുകളില്ലാത്ത പരാമർശങ്ങളാണവ). അംറുബ്നുമൈമൂൻ ആ ശിക്ഷാവിധിയിൽ എന്തിനാണ് ഭാഗഭാക്കായത്? ജാഹിലിയ്യ: കാലത്തെ ആ നിയമം ഭാവിയിൽ വരാനിരിക്കുന്ന പ്രവാചകൻ അംഗീകരിക്കുമെന്ന് അദ്ദേഹത്തിനന്ന് 'ഇൽഹാമു'ണ്ടായിരുന്നോ?

ഹദീസ് രണ്ടാം പ്രമാണം പോലുമല്ല, ഖുർആൻ പോലെ ഒന്നാം പ്രമാണം തന്നെയാണ് എന്നാണല്ലോ 'ഹദീസ് പ്രേമി'കളുടെ വാദം! സ്വഹീഹ് ബുഖാരിയിലും സ്വഹീഹ് മുസ്ലിമിലും തെറ്റുണ്ടാവില്ല എന്നും അവർ വാദിക്കുന്നു! മാത്രമല്ല മറ്റു ഹദീസ് ഗ്രന്ഥങ്ങളിലെയും 'സനദ്' (പരമ്പര) സ്വഹീഹാ (ശരിയാ)യ ഹദീസുകളെല്ലാം വിശകലനങ്ങളോ വിമർശനങ്ങളോ കൂടാതെ സ്വീകരിക്കുവാൻ മുസ്ലിമകൾ ബാധ്യസ്ഥരാണെന്നും അവർ വാദിക്കുന്നു.

അവരോട് ഒന്ന് ചോദിക്കട്ടെ. ഇമാം ബുഖാരി തന്റെ സ്വഹീഹിൽ ജാഹിലിയ്യ: കാലത്ത് നടന്നെന്ന് പറയുന്ന ഈ കുരങ്ങൻ ശരീഅത്ത് കഥ ചേർക്കാൻ എന്താവാം കാരണം? മുസ്ലിംകൾക്ക് സ്വീകരിക്കാൻ ഈ കഥയിലുള്ള പാഠമെന്താണ്? എന്തിനാണീ കഥ ഒന്നാം പ്രമാണം പോലെ' സത്യസന്ധമെന്ന് വാദിക്കുന്ന രണ്ടാം പ്രമാണത്തിൽപ്പെടുത്തിയത്? ഖുർആനിന്റെ വ്യാഖ്യാനമാണ് ഹദീസെന്നാണല്ലോ വാദം. ജാഹിലിയ്യ: കാലത്ത് കുരങ്ങന്മാർ നടപ്പാക്കിയ ഈ ശരീഅത്ത് ഖുർആനിലെ ഏത് ആയത്തിന്റെ വ്യാഖ്യാനമാണ്? ആട് തിന്നുപോയ 'ആയത്തുറജ്മി'ന്റെ വ്യാഖ്യാനമാണോ?

ആര് അംഗീകരിച്ചാലും ഇല്ലെങ്കിലും ഒരു കാര്യമിവിടെ പറയേണ്ടിയിരിക്കുന്നു. ഇമാം ബുഖാരിയും മുസ്ലിമുമടക്കമുള്ള മുഹദ്ദീസുകൾ സനദിന് ദോഷമില്ലെന്ന് കണ്ട എല്ലാ ഹദീസുകളും തങ്ങളുടെ സ്വഹീഹുകളിൽ ഉൾപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. അവ ഖുർആനുമായോ നബി(സ)യുടെ സുവിദിതമായ ജീവിതശൈലിയുമായോ യോജിക്കുന്നുണ്ടോ എന്നവർ പരിശോധിച്ചിട്ടില്ല. പരിശോധിച്ചിട്ടുണ്ടെന്നു പറയുന്ന വല്ല പ്രസ്താവനകളും ഉണ്ടെങ്കിൽ 'ഹദീസ് പ്രേമികൾ' അവയുമായി വരട്ടെ.

ഒന്ന് ചോദിയ്ക്കട്ടെ. സ്വഹീഹുൽ ബുഖാരിയിലെ ഈ കുരങ്ങൻ ശരീഅത്ത് കഥ നിങ്ങളെടുക്കുമോ? എടുക്കുമെങ്കിൽ അതിന്റെ സാഹചര്യം 'അൽഫനാറിലൂടെ' ഒന്നു വിശദീകരിക്കാമോ?

# സ്വത്തവകാശത്തിലെ ശരീഅത്ത്

ടി.ടി. മുഹമ്മദ്കുട്ടി, അച്ചനമ്പലം

**ത്രികാലജ്ഞനായ പരമകൂരുണികന്റെ നിയമങ്ങൾക്ക് പകരം വിഭാഗീയതക്ക് അടിപ്പെടുന്ന അല്പജ്ഞരുടേത് വന്നാലുള്ള പ്രത്യാഘാതങ്ങൾ ആഴത്തിൽ ചിന്തിച്ചാൽ ആർക്കും ബോധ്യപ്പെടും. ഇസ്ലാമിൽ സിവിൽ, ക്രിമിനൽ നിയമങ്ങൾ വളരെ കുറവും അനിവാര്യഘട്ടത്തിലേക്കുള്ളതുമാണ്. സ്രഷ്ടാവിനോടുള്ള ഭക്തിയുടെയും സൃഷ്ടികളോടുള്ള സ്നേഹത്തിന്റെയും സമ്മർദ്ദത്തിൽ സ്വയം പ്രേരിതരായി പാലിക്കേണ്ട ധാർമ്മിക നിയമങ്ങളാണധികവും. അധാർമ്മികതയുടെ വരണ്ട ചുറ്റുപാടിൽ കടുത്ത നിയമങ്ങളാൽ നിയന്ത്രിക്കപ്പെടുന്നവർക്ക് ഇതു മനസ്സിലാകില്ല.**

മുസ്ലിം വ്യക്തി നിയമങ്ങളിൽ കാലിക മാറ്റങ്ങൾക്കുള്ള ചിന്ത സമുദായത്തിനും പുറത്തും ശക്തമാണ്. മകൻ ജീവിച്ചിരിക്കെ മരിച്ച മകന്റെ മക്കൾക്ക് പിതാമഹന്റെ സ്വത്തിൽ അനന്തരാവകാശമില്ല, ആൺമക്കൾ പെൺമക്കളുടെ ഇരട്ടി അനന്തരമെടുക്കുന്നു, പുരുഷന്മാർക്ക് വിവാഹമോചനാവകാശം കൂടുതലാണ്, സ്ത്രീക്ക് സഹഭാര്യയാവാൻ അവസരം നൽകിയിരിക്കുന്നു തുടങ്ങിയവയാണ് അവരെ അസ്വസ്ഥരാക്കുന്നത്.

ത്രികാലജ്ഞനായ പരമകൂരുണികന്റെ നിയമങ്ങൾക്ക് പകരം വിഭാഗീയതക്ക് അടിപ്പെടുന്ന അല്പജ്ഞരുടേത് വന്നാലുള്ള പ്രത്യാഘാതങ്ങൾ ആഴത്തിൽ ചിന്തിച്ചാൽ ആർക്കും ബോധ്യപ്പെടും. ഇസ്ലാമിൽ സിവിൽ, ക്രിമിനൽ നിയമങ്ങൾ വളരെ കുറവും അനിവാര്യഘട്ടത്തിലേക്കുള്ളതുമാണ്. സ്രഷ്ടാവിനോടുള്ള ഭക്തിയുടെയും സൃഷ്ടികളോടുള്ള സ്നേഹത്തിന്റെയും സമ്മർദ്ദത്തിൽ സ്വയം പ്രേരിതരായി പാലിക്കേണ്ട ധാർമ്മിക നിയമങ്ങളാണധികവും. അധാർമ്മികതയുടെ വരണ്ട ചുറ്റുപാടിൽ കടുത്ത നിയമങ്ങളാൽ നിയന്ത്രിക്കപ്പെടുന്നവർക്ക് ഇതു മനസ്സിലാകില്ല. നിയമ പാലകരുടെ നിയന്ത്രണവും നിയമജ്ഞരുടെ ചൂഷണവും കുറയും തോറും ബന്ധങ്ങൾ ഊഷ്മളവും സ്വാതന്ത്ര്യം ആസ്വാദ്യകരവുമാവും. ഇക്കാര്യം പരിഗണിച്ചാണ് ശരീഅത്തിനെ വിലയിരുത്തേണ്ടത്.

## പേരമക്കളുടെ അവകാശം

മക്കളെ വിവാഹിതരാക്കും മുമ്പ് അവരെ സ്വയം പര്യാപ്തരും ബാധ്യതകൾ നിർവഹിക്കാൻ പ്രാപ്തരാക്കേണ്ടതുണ്ട്. തന്റെ സമ്പത്ത് മക്കളുടെത് കൂടിയാണ് എന്ന് തെറ്റിദ്ധരിപ്പിച്ച് അവരെ ആശ്രിതരാക്കി നിറുത്തി വിവാഹിതരാക്കുകയും അവരിൽ ആരെങ്കിലും അകാല ചരമമടഞ്ഞാൽ അവരുടെ മക്കളോടും ഇതേ നിലപാട് സ്വീകരിക്കുകയും ചെയ്യുന്ന പഴയ സമ്പന്നരുടെ നിലപാടാണ് ഈ പ്രശ്നത്തിന്റെ അടിസ്ഥാനം. അനാഥരായ പേരമക്കളുടെ സ്വയംപര്യാപ്തതക്ക് ആവശ്യമായത് ചെയ്യേണ്ടത് പിതാമഹന്റെ ധാർമ്മിക ബാധ്യതയാണ്. അടുത്ത കുടുംബത്തിലെ അനാഥരുടെ കാര്യം അതിശക്തമായാണ് ഖുർആൻ പരാമർശിക്കുന്നത്. പിതാമഹന്റെ സ്വത്ത് ഓഹരി വെക്കുമ്പോഴും അവർക്ക് അർഹമായത് നൽകാൻ മറ്റു മക്കൾക്ക്

ധാർമ്മിക ബാധ്യതയുണ്ട്. അത് നിയമപരമാവുമ്പോൾ ധാർമ്മിക ബോധമില്ലാത്തവൻ അവകാശം തട്ടിയെടുക്കാൻ കുറുക്കു വഴികൾ തേടാനിടയുണ്ട്. അത് അനാഥകളുടെ നിലനിൽപിനു തന്നെ ഭീഷണിയാണ്. നിയമമില്ലായ്മയുടെ മറവിൽ അവകാശം നിഷേധിച്ചാൽ അവരെ പാഠം പഠിപ്പിക്കാൻ അല്ലാഹുവിന് സാധിക്കും. കരുണാനിധിയായ സ്രഷ്ടാവ് പിതാവിനെ തിരിച്ചു വിളിച്ചതിന്റെ പേരിൽ പ്രയാസപ്പെടുന്നവരെ സഹായിക്കാനും കഴിവുള്ളവനാണ്. ഇങ്ങനെ സംഭവിച്ചതിന് നമ്മുടെ ചുറ്റുപാടിൽ എത്രയോ ഉദാഹരണങ്ങളുണ്ട്.

## അനന്തരാവകാശത്തിൽ ലിംഗവിവേചനം

ഭർത്താവ്, പിതാവ്, സഹോദരന്മാർ തുടങ്ങിയ പുരുഷന്മാരിൽ സ്ത്രീകളുടെ സംരക്ഷണ ബാധ്യത ഏല്പിക്കപ്പെട്ടിരിക്കുന്നു. ഇത് നിർവ്വഹിക്കാൻ കൂടിയ വിഹിതം അനിവാര്യമാണ്. സ്ത്രീകളിലധികവും തങ്ങൾക്ക് കിട്ടിയ വിഹിതം സംരക്ഷിക്കാനും വളർത്താനും പ്രാപ്തിയുള്ളവരല്ല. അന്യാധീനപ്പെടാനുള്ള സാധ്യതയും കൂടുതലാണ്. സമമായ വിഹിതം ലഭിച്ച് അത് നഷ്ടപ്പെട്ടതിന് ശേഷം പുരുഷൻ ബാധ്യത ഏറ്റെടുക്കണമെന്ന് പറയുന്നത് ന്യായവുമല്ല. എന്നാൽ ഇരട്ടി വിഹിതം വാങ്ങിയവർക്ക് ഈ ബാധ്യതയെക്കുറിച്ച് ബോധമില്ലെങ്കിൽ ബോധ്യപ്പെടുത്താനുള്ള ശ്രമങ്ങൾ നടക്കേണ്ടതുണ്ട്. മുൻ ഭർത്താവിനെ വിവാഹമോചിതയുടെ ആജീവനാന്ത ബാധ്യത ഏല്പിക്കുന്ന പുതിയ പ്രവണത സ്ത്രീകൾക്ക് സ്വയം പര്യാപ്തരാവാൻ കഴിയില്ല എന്നതിന്റെ തെളിവാണ്. എന്നാൽ പ്രശ്നത്തിന്റെ ശരിയായ പരിഹാരമല്ല. ബാധ്യത ഒഴിയാൻ കുറുക്കു വഴി തേടാനും നിയമജ്ഞർക്ക് ചൂഷണത്തിനും വഴി വെക്കുന്നു എന്ന് മാത്രം.

**ആദ്യഭാര്യയാവാൻ അവസരം ലഭിക്കാത്തവർക്ക് സഹഭാര്യയാവാനുളള അവകാശനിഷേധം ഇതിനകം തന്നെ മുസ്ലിംകൾ നടപ്പാക്കിയ മട്ടുണ്ട്. പ്രകൃതി വിരുദ്ധമായ ഈ ക്രൂരത നിമിത്തം ഒറ്റപ്പെട്ടു കഴിയുന്ന സ്ത്രീകൾ മുസ്ലിംകൾക്കിടയിൽ അനവധിയാണ്. സ്ത്രീധനം, സ്ത്രീപീഡനം, വിവാഹമോചനം തുടങ്ങിയവ ഇതിന്റെ പ്രത്യാഘാതങ്ങളാണ്. ഈ പ്രശ്നത്തിന്റെ മറുവശം മറ്റു സമുദായക്കാർക്കിടയിൽ പെൺജനനം തടയുന്നത് വ്യാപകമായി. അതിന്റെ പരിധി കവിഞ്ഞതിനാൽ പല സ്ഥലത്തും സ്ത്രീകൾ കുറവായി. അതിനാൽ അവിവാഹിതരായ പുരുഷന്മാരുടെ ആധിക്യമാണ് ഇപ്പോൾ പ്രശ്നം.**

## പുരുഷന്റെ വിവാഹമോചനാവകാശം

ഭാര്യയുമായുള്ള പ്രശ്നം സ്വയം പരിഹരിക്കുന്നതിൽ പരാജയപ്പെട്ടാൽ ഇരു കുടുംബങ്ങളിലെയും ഉത്തരവാദപ്പെട്ടവരെ ഇടപെടുത്തണമെന്നതാണ് വ്യവസ്ഥ. ചെല്ലലല്ലാതെ ഗതിയില്ലെന്ന് അവർക്കു ബോധ്യം വരുമ്പോഴാണ് ആദ്യമോചനം നടക്കുന്നത്. ഇദ്ദ കഴിയും വരെ അവർ ഭർതൃവീട്ടിൽ കഴിയണമെന്നാണ് വ്യവസ്ഥ. പുനരാലോചനക്കുള്ള അവസരമാണത്. സമയത്തിനു മുമ്പ് പിരിഞ്ഞു പോകാൻ സ്ത്രീക്കും അവകാശമില്ല. പക്ഷേ ഇക്കാര്യം ഇന്നധികമാർക്കും അറിയില്ല. വിവാഹമോചനത്തിന് നിയമതടസ്സമുണ്ടാക്കിയതാണ് മറ്റു സമുദായങ്ങളിൽ സ്ത്രീധന കൊലപാതകം വൻതോതിൽ പെരുകാൻ കാരണം.

## സഹഭാര്യാത്വം

ആദ്യഭാര്യയാവാൻ അവസരം ലഭിക്കാത്തവർക്ക് സഹഭാര്യയാവാനുള്ള അവകാശനിഷേധം ഇതിനകം തന്നെ മുസ്ലിംകൾ നടപ്പാക്കിയ മട്ടുണ്ട്. പ്രകൃതി വിരുദ്ധമായ ഈ ക്രൂരത നിമിത്തം ഒറ്റപ്പെട്ടു കഴിയുന്ന സ്ത്രീകൾ മുസ്ലിംകൾക്കിടയിൽ അനവധിയാണ്. സ്ത്രീധനം, സ്ത്രീപീഡനം, വിവാഹമോചനം തുടങ്ങിയവ ഇതിന്റെ പ്രത്യാഘാതങ്ങളാണ്. ഈ പ്രശ്നത്തിന്റെ മറുവശം മറ്റു സമുദായക്കാർക്കിടയിൽ പെൺജനനം തടയുന്നത് വ്യാപകമായി. അതിന്റെ പരിധി കവിഞ്ഞതിനാൽ പല സ്ഥലത്തും സ്ത്രീകൾ കുറവായി. അതിനാൽ അവിവാഹിതരായ പുരുഷന്മാരുടെ ആധിക്യമാണ് ഇപ്പോൾ പ്രശ്നം. മതം മാറിയും മാറ്റിയും അവരിൽ ചിലർ ഇണയെ കണ്ടെത്തുന്നു. സ്ത്രീകൾക്ക് ഇറങ്ങി നടക്കാൻ പറ്റാത്ത അവസ്ഥ വ്യാപകമായി വരുന്നു. ഏതാനും വർഷങ്ങൾക്കുള്ളിൽ മുസ്ലിംകളും ഈ അവസ്ഥയിലെത്തുമെന്നാണ് സമീപകാല ജനനക്കണക്കുകൾ സൂചിപ്പിക്കുന്നത്.

സ്ത്രീ പുരുഷ അനുപാതം നിശ്ചയിച്ചിരിക്കുന്ന ദൈവത്തിന് ഭാര്യമാരുടെ എണ്ണം നിശ്ചയിക്കാനുള്ള അവകാശം നിഷേധിച്ചതിന്റെ പ്രത്യാഘാതമാണിത്. ആദ്യം ചർച്ച ചെയ്ത പ്രശ്നങ്ങളിലും ദിവ്യനിയമം കൈയൊഴിഞ്ഞാൽ ഇതുപോലുള്ള പ്രത്യാഘാതങ്ങൾ പ്രത്യക്ഷപ്പെടുക തന്നെ ചെയ്യും.

പ്രശ്നോത്തരി

**എ. അബ്ദുസ്സലാം സുല്ലമി**

# സ്ത്രീകൾ പാദങ്ങൾ മറക്കേണ്ടതില്ല

*ചോദ്യം:*

**സ്ത്രീകൾ മുഖവും മുൻകയ്യും ഒഴികെയുള്ള ഭാഗങ്ങൾ പുറത്തിറങ്ങുമ്പോൾ മറക്കണമെന്നാണ് ഞാൻ മനസ്സിലാക്കിയത്. നിങ്ങൾ കാൽപാദങ്ങളും മറക്കേണ്ടതില്ല എന്ന് പറയുന്നു. തെളിവുകൾ വിശദീകരിക്കാമോ?**

**മറിയം. ചാലപ്പുറം**

*ഉത്തരം:*

സ്ത്രീയുടെ സൗന്ദര്യം കൂടുതൽ പ്രകടമാകുന്നത് അവളുടെ മുഖത്താണ്. എന്നാൽ മുഖവും ഇരു കൈപടങ്ങളും മറക്കുവാൻ അവൾക്ക് പ്രയാസവും ബുദ്ധിമുട്ടും ഉണ്ടാകുമെന്നതു കൊണ്ടാണ് ഇസ്‌ലാം അവൾക്ക് ഇവ മറക്കേണ്ടതില്ല എന്ന് തെളിവായി അനുവാദം നൽകുന്നത്. ഇവ മറക്കുന്നതിനെക്കാൾ പ്രയാസം ഇരു കാൽപാദങ്ങൾ മറക്കുവാൻ ഉണ്ടാകുന്നതാണ്. പ്രത്യേകിച്ച് ദരിദ്രരായ സ്ത്രീകൾക്ക്. അപ്പോൾ മുഖവും ഇരു മുൻകയ്യും എന്ന് പറയുമ്പോൾ ഇരുകാൽപാദങ്ങൾ അത്യുത്തമം എന്ന നിലക്ക് ഉൾക്കൊള്ളുന്നതാണ്. 'മഫ്ഹൂമുൽ മുഖാലഫ്' (എതിർആശയം) അല്ല ഇവിടെ ഉദ്ദേശ്യം. പ്രത്യുത 'മഫ്ഹൂമുൽ മുവാഫഖ്' (യോജിച്ച ആശയം) ആണ് ഉദ്ദേശ്യം. മാതാപിതാക്കളോട് ഛേ എന്ന് പറയുവാൻ പാടില്ല എന്ന് പറയുമ്പോൾ പട്ടി, നായ എന്ന് വിളിക്കാം എന്നല്ലല്ലോ ഉദ്ദേശിക്കുന്നത്. ഇവ വിളിക്കുവാൻ പാടില്ല എന്നത് അത്യുത്തമം എന്ന നിലക്ക് തന്നെ ആയത്തിന്റെ പരിധിയിൽ പ്രവേശിക്കുന്നു. ഇപ്രകാരമാണ് ഖുർആൻ പണ്ഡിതയും പ്രവാചകപത്നിയുമായ ആയിശ(റ) ബീവി മനസ്സിലാക്കിയത്. ശൈഖുൽ ഇസ്‌ലാം ഇബ്നതൈമിയ്യ(റ) ഈ വിഷയത്തിൽ നൽകിയ മതവിധി ആദ്യമായി ഉദ്ധരിക്കുന്നു.

"അപ്രകാരം തന്നെയാണ് പാദങ്ങൾ. അവ സ്ത്രീകൾക്ക് പുറത്തു കാണിക്കാമെന്ന് ഇമാം അബൂഹനീഫ(റ) പറയുന്നു. ഈ അഭിപ്രായമാണ് ഏറ്റവും പ്രബലമായത്. അല്ലാഹു സ്ത്രീകൾക്ക് പുറത്തു കാണിക്കുവാൻ അനുവദിച്ച ശരീരഭാഗത്തിന്റെ പരിധിയിൽ ആയിശ(റ) പാദത്തെ ഉൾപ്പെടുത്തിയിരിക്കുന്നു. അവർ പറഞ്ഞു: "ഫതഖ്" എന്നത് സ്ത്രീകൾ കാലിന്റെ വിരലുകളിൽ ധരിക്കാറുള്ള ഒരു വെള്ളിയാഭരണമാണ്. ഇത് പുറത്തു കാണിക്കാവുന്ന ബാഹ്യമായ സൗന്ദര്യത്തിൽ ഉൾപ്പെട്ടതാണ്. ഇപ്രകാരം ആയിശ(റ)യിൽ നിന്ന് ഇബ്നു അബീ ഹാത്തിം ഉദ്ധരിക്കുന്നു. സ്ത്രീകൾ അവരുടെ മുഖവും കൈപടങ്ങളും പുറത്തു കാണിക്കാറുണ്ടായിരുന്നത് പോലെ ആദ്യകാലത്ത് അവരുടെ പാദങ്ങളും പുറത്ത് കാണിച്ചിരുന്നു എന്നതിന്ന് രേഖയാണ് ഇത്. അവർ തുണി താഴ്ത്തിയിടാറുണ്ടായിരുന്നുവെങ്കിലും അവർ നടക്കുമ്പോൾ പാദങ്ങൾ പുറത്തു കാണാറുണ്ട്. കാലുറകളും ചെരിപ്പും ധരിച്ചുകൊണ്ടായിരുന്നില്ല അവർ സഞ്ചരിച്ചിരുന്നത്. നമസ്കാരത്തിൽ സ്ത്രീകൾ പാദങ്ങൾ മറക്കണമെന്ന് പറയൽ അവർക്ക് വളരെയധികം പ്രയാസങ്ങൾ സൃഷ്ടിക്കുന്നതാണ്. ഉമ്മുസലമ(റ) പറയുന്നു: സ്ത്രീകളുടെ പാദത്തിന്റെ പുറഭാഗം മറക്കുന്ന നിലക്ക് വസ്ത്രം വിശാലമാണെങ്കിൽ അതു ധരിച്ച് നമസ്കരിക്കാം. ഇപ്രകാരം ധരിക്കുമ്പോൾ അവർ സാഷ്ടാംഗം ചെയ്യുന്ന സന്ദർഭത്തിൽ പാദത്തിന്റെ ഉൾഭാഗം ചിലപ്പോൾ വെളിപ്പെട്ടേക്കാം." (മജ്മൂഅ് ഫതാവാ 22-115)

പൊതുവായ നിലക്ക് സ്ത്രീകൾ നഗ്നതയാണ് നമസ്കാരത്തിൽ മറക്കേണ്ടത്. എന്നാൽ അവർക്ക് പ്രയാസം ഇല്ലാതാകുവാനും ഇസ്‌ലാം പ്രായോഗിക മതമാകുവാനും പാദങ്ങൾ അവർക്ക് പുറത്തു ഇറങ്ങി നടക്കുമ്പോൾ വെളിപ്പെടുത്തുവാൻ ഇസ്‌ലാം അനുമതി നൽകുന്നു. നമസ്കാരത്തിൽ പോലും സ്ത്രീകൾ പാദങ്ങൾ മറക്കേണ്ടതില്ല എന്നാണ് ഹനഫീ മദ്ഹബിൽ പറയുന്നത്. ഇമാം ശാഫിഈ(റ)യുടെ പ്രഗൽഭ ശിഷ്യനായ ഇമാം മുസ്നി(റ)യും ഇപ്രകാരം അഭിപ്രായപ്പെടുന്നു. നബി(സ) സ്ത്രീകളോട് നമസ്കാരത്തിലോ അവർ പുറത്തിറങ്ങി നടക്കുന്ന സന്ദർഭത്തിലോ പാദങ്ങൾ മറക്കുവാൻ നിർദ്ദേശിച്ച ഒരു ഹദീസ് പോലും പരമ്പര സ്ഥിരപ്പെട്ട നിലക്ക് നിവേദനം ചെയ്യപ്പെടുന്നില്ല. ഉമ്മുസലമ(റ)യുടെ അഭിപ്രായം മാത്രമായിട്ടാണ് പാദങ്ങളുടെ മുകൾഭാഗം മറക്കണമെന്ന നിവേദനം ചെയ്യപ്പെടുന്നത്. (അബൂദാവൂദ്). നബി(സ)യുടെ അഭിപ്രായമായി ഇപ്രകാരം പോലും സ്ഥിരപ്പെടുന്നില്ല.

ഇബ്നു ഹജറിൽ അസ്ഖലാനി(റ)യും ഈ സത്യം വ്യക്തമാക്കുന്നു. (ബുലൂഗുൽ മറാം).

ഇമാം നവവി(റ) ഉദ്ധരിക്കുന്നു: ഇമാം അബൂ ഹനീഫ, സൗറി, മുസ്നി(റ) മുതലായവർ സ്ത്രീയുടെ ഇരുപാദങ്ങളും നഗ്നതയല്ലെന്ന് പറയുന്നു. (ശറഹുൽ മുഹദ്ദബ് 3-169). സമസ്ത കേരള വിദ്യാഭ്യാസ ബോർഡ് ഹനഫീ മദ്ഹബിന്റെ അടിസ്ഥാനത്തിൽ മൂന്നാം തരത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വേണ്ടി തയ്യാറാക്കിയ അമലിയ്യാത്തിൽ എഴുതുന്നു: "സ്ത്രീകൾ നമസ്കാരത്തിൽ രണ്ട് പാദങ്ങൾ മറക്കേണ്ടതില്ല. അവ നഗ്നതയല്ല." (മൂന്നാം തരം അമലിയ്യാത്ത് പേ. 18) നാല് മദ്ഹബും സത്യസമ്പൂർണ്ണമാണെന്നും ഇവർ വാദിക്കുന്നു. സ്ത്രീകൾക്ക് ബാഹ്യമായ സൗന്ദര്യം അന്യപുരുഷന്റെ മുന്നിൽ പ്രകടിപ്പിക്കാം എന്ന് പറയുന്ന ആയത്തിനെ വ്യാഖ്യാനിച്ചുകൊണ്ട് പള്ളി ദർസുകളിൽ പ്രസിദ്ധപ്പെട്ട **മദാരിക്** എന്ന തഫ്സീറിൽ എഴുതുന്നു. ബാഹ്യമായ സൗന്ദര്യം എന്നതിന്റെ വിവക്ഷ സ്ത്രീകളുടെ മുഖവും രണ്ട് കൈപടങ്ങളും ഇരുപാദങ്ങളുമാണ്. ഇവ സ്ത്രീകൾക്ക് മറക്കുവാൻ വ്യക്തമായ പ്രയാസമുണ്ടായിരിക്കും. വഴികളിലൂടെ സ്ത്രീകൾ നടക്കുമ്പോൾ പാദങ്ങൾ പ്രകടിപ്പിക്കൽ നിർബന്ധമായ ആവശ്യത്തിൽ പെടുന്നു. പ്രത്യേകിച്ച് സ്ത്രീകളിൽ ഉൾപ്പെട്ട ദരിദ്രരായ സ്ത്രീകൾക്ക് (മദാരിക് 3-140). സ്ത്രീകൾ നടക്കുമ്പോൾ വസ്ത്രം ഒരു മുഴം താഴ്ത്തിയിടാൻ പറയുന്ന ഹദീസ് തുർമുദിയും നസാഈയും ഉദ്ധരിക്കുന്നു. ബുഖാരിയും മുസ്ലിമും ഈ ഹദിസുകൾ ഉദ്ധരിക്കുന്നില്ല. ഇതിന്റെ കാരണം ഇബ്നു ഹജർ(റ) പറയുന്നത് ഈ ഹദീസുകൾ സ്ഥിരപ്പെട്ടതാണോ എന്നതിലുള്ള ഭിന്നതയാണെന്നാണ്. (ഫത്ഹുൽ ബാരി 13-205 ഹദീസ്: 5789ന്റെ വ്യാഖ്യാനത്തിൽ).

പുറമെ ഈ ദുർബലമായ ഹദീസുകളിൽ പോലും നബി(സ) ഇപ്രകാരം നിർദ്ദേശിച്ചതായി പറയുന്നില്ല. തുണി നിലത്ത് താഴ്ത്തിയിട്ടാലും നടന്നുപോകുമ്പോൾ വല്ല സ്ത്രീക്കും ഇപ്രകാരം താഴ്ത്തിയിടാൻ ഉദ്ദേശിക്കുന്ന പക്ഷം അതിന് വിരോധമില്ല എന്ന് മാത്രമാണ് പറയുന്നത്. തുണി നിലത്തിലൂടെ താഴ്ത്തിയിട്ടു നടക്കുവാൻ പാടില്ലെന്ന് പറയുന്ന (ബുഖാരി, മുസ്ലിം) ഹദീസുകളിൽ സ്ത്രീകളും ഉൾപ്പെടുന്നതാണ്. ഉൾപ്പെടുകയില്ല എന്നു പറയുവാൻ പരമ്പര സ്ഥിരപ്പെട്ട ഒറ്റ ഹദീസുമില്ല. ഉണ്ടെങ്കിൽ തന്നെ ഇതു ദുർബല ഹദീസിന്റെ ഇനത്തിൽപെട്ട ശാദ്ദായ ഹദീസാണ്. ഇതുതന്നെ മണൽ പ്രദേശത്തുകൂടി നടക്കുന്ന സന്ദർഭത്തിലാണ്. നമ്മുടെ പ്രദേശത്തേത് പോലെ ചളിയും പട്ടിക്കാഷ്ഠവും പൂച്ചകാഷ്ഠവും ഉള്ള പ്രദേശത്തുകൂടി നടന്നുപോകുമ്പോൾ പറഞ്ഞതല്ല. പള്ളിയിൽ തുപ്പിയാൽ അതിന്റെ പ്രായശ്ചിത്തം അതു അവിടെതന്നെ കുഴിച്ച് മൂടലാണെന്നു നബി(സ) അരുളി. (ബുഖാരി). പള്ളിയിൽ മൂത്രിച്ചാൽ ഒരു ബക്കറ്റ് വെള്ളം അതിന്മേൽ ഒഴുക്കിയാൽ മതിയെന്ന് നബി(സ) പറഞ്ഞു. (ബുഖാരി). നബി(സ)യുടെ പള്ളി മണൽ നിറച്ചതായിരുന്നു. ഇതുകൊണ്ടാണ് ഇപ്രകാരമെല്ലാം പറഞ്ഞത്. തുണിയുടെ വിഷയവും ഇതുതന്നെയാണ്. സ്വഹീഹായാൽ തന്നെ ഖുർആനെ വ്യാഖ്യാനിക്കുവാൻ അതിന്റെ അവതരണ കാരണം ഗ്രഹിക്കുന്നതിലുപരിയായി ഹദീസിനെ വ്യാഖ്യാനിക്കുവാൻ ചുറ്റുപാടുകളും സാഹചര്യങ്ങളും ഗ്രഹിക്കലാണ് ഏറ്റവും ആവശ്യമായത് എന്ന് ഇമാം റഷീദുറിളാ(റ) പറഞ്ഞത് നൂറ് ശതമാനവും സത്യമാണ്. യാഥാർത്ഥ്യമാണ്. ശതകണക്കിന് ഉദാഹരണങ്ങൾ നമുക്ക് ഇത് സ്ഥാപിക്കുവാൻ ഉദ്ധരിക്കുവാൻ സാധിക്കും. കൂടുതൽ അറിയുവാൻ 'മാസപ്പിറവി പ്രമാണങ്ങളിൽ' എന്ന പുസ്തകം പരിശോധിക്കുക.

**സ്ത്രീയുടെ സൗന്ദര്യം കൂടുതൽ പ്രകടമാകുന്നത് അവളുടെ മുഖത്താണ്. എന്നാൽ മുഖവും ഇരു കൈപടങ്ങളും മറക്കുവാൻ അവൾക്ക് പ്രയാസവും ബുദ്ധിമുട്ടും ഉണ്ടാകുമെന്നതു കൊണ്ടാണ് ഇസ്ലാം അവൾക്ക് ഇവ മറക്കേണ്ടതില്ല എന്ന് തെളിവായി അനുവാദം നൽകുന്നത്. ഇവ മറക്കുന്നതിനെക്കാൾ പ്രയാസം ഇരു കാൽപാദങ്ങൾ മറക്കുവാൻ ഉണ്ടാകുന്നതാണ്. പ്രത്യേകിച്ച് ദരിദ്രരായ സ്ത്രീകൾക്ക്. അപ്പോൾ മുഖവും ഇരുമുൻകയ്യും എന്ന് പറയുമ്പോൾ ഇരു കാൽപാദങ്ങൾ അത്യുത്തമം എന്ന നിലക്ക് ഉൾക്കൊള്ളുന്നതാണ്. 'മഫ്ഹൂമുൽ മുഖാലഫ്' (എതിർആശയം) അല്ല ഇവിടെ ഉദ്ദേശ്യം. പ്രത്യുത 'മഫ്ഹൂമുൽ മുവാഫഖ്' (യോജിച്ച ആശയം) ആണ് ഉദ്ദേശ്യം.**

വിചിന്തനം

ഇബ്നു അബ്ദിൽ ഖാദിർ മുസ്ലിയാർ



# സംഘടന: വേറിട്ടൊരു ശബ്ദം

**ഇന്നത്തെ സംഘടനാ സംവിധാനങ്ങൾ ശാസ്ത്രീയമല്ല. കേരളയാത്ര കളും പ്രകടനങ്ങളും പ്രതിഷേധങ്ങളും മീറ്റുകളും സമ്മേളനങ്ങളു മാണ് ഇന്ന് കാണുന്നത്. സംഘടനയുടെ വലിപ്പം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യമാണ് പലർക്കുമുള്ളത്. ഈമാൻ, ഇഹ്സാൻ, വിസ്മരിക്കുന്ന തലമുറകളാണ് വളർന്നു വരുന്നത്. അതുകൊണ്ടാണ് സംഘടനകൾ പിളർന്നു കൊണ്ടിരിക്കുന്നതും.**

അൽഫനാർ, കഴിഞ്ഞ ലക്കം (25) എഡിറ്ററുടെ 'ഇസ്ലാമിന്റെ വിശാലതയിലേക്കൊരു ക്ഷണം' വായിച്ചു. പുതിയൊരു കൂട്ടായ്മയെക്കുറിച്ചുള്ള ചർച്ചക്ക് വേദിയൊരുക്കുന്ന അൽഫനാറിന്റെ ക്ഷണം സ്വാഗതാർഹമാണ്.

എന്നാൽ സംഘടനയുടെ ആധിക്യവും പ്രവർത്തകരുടെയും നേതാക്കളുടെയും അധികാരമോഹങ്ങളും കണ്ടുമടുത്തവരാണ് കേരളീയർ. സംഘടന തന്നെ ബിദ്അത്താണെന്ന ഫത്‌വയുമായി പുറപ്പെട്ടവർ സംഘടനയായി പരിണമിച്ചുവെന്നും കേൾക്കുന്നുണ്ട്. പ്രബോധന പ്രവർത്തനങ്ങൾ വ്യക്തികൾക്ക് ഒറ്റക്ക് ചെയ്യാൻ കഴിയില്ല. സംഘടിത ശക്തിക്കു പ്രസക്തിയുണ്ട്. അതുകൊണ്ട് സംഘടന ബിദ്അത്താണെന്ന വാദം അംഗീകരിക്കുവാൻ കഴിയുകയില്ല.

ഇനിയുമൊരു പുതിയ സംഘടന ആവശ്യമുണ്ടെന്ന് വാദിക്കുന്നവർക്കും ആവശ്യമില്ലായെന്ന് പറയുന്നവർക്കും തെളിവുകൾ നിരത്തിവെക്കുവാൻ സാധിച്ചേക്കും. മുസ്ലിം സംഘടനകളെ കുറിച്ചും ദഅ്‌വാ രംഗത്ത് ഉള്ളവരെ സംബന്ധിച്ചും പരാമർശിക്കുമ്പോൾ നേതാക്കളും പ്രവർത്തകരും വിമർശനങ്ങൾക്ക് വിധേയരാകാറുണ്ട്. ഇന്ന് കേരളത്തിൽ ദുൻയവിയായ പണ്ഡിതന്മാരാണധികവും. അതുകൊണ്ട് ഉഖ്റവിയായ പണ്ഡിതന്മാരുടെ കൂടെ ഒരു കൂട്ടായ്മ വേണമെന്ന് പറയുന്നവരും വിരളമല്ല, സൂഫിസത്തിലേക്കും ത്വരീഖത്തിലേക്കും അതു വഴിമാറി സഞ്ചരിക്കുവാൻ കാരണമാകുമെന്ന് വിലയിരുത്തുന്നവരും വിയോജിപ്പ് പ്രകടിപ്പിക്കുന്നവരും സമൂഹത്തിലുണ്ട്.

ഇന്നത്തെ സംഘടനാ സംവിധാനങ്ങൾ ശാസ്ത്രീയമല്ല. കേരളയാത്രകളും പ്രകടനങ്ങളും പ്രതിഷേധങ്ങളും മീറ്റുകളും സമ്മേളനങ്ങളുമാണ് ഇന്ന് കാണുന്നത്. സംഘടനയുടെ വലിപ്പം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യമാണ് പലർക്കുമുള്ളത്. ഈമാൻ, ഇഹ്സാൻ, വിസ്മരിക്കുന്ന തലമുറകളാണ്

വളർന്നു വരുന്നത്. അതുകൊണ്ടാണ് സംഘടനകൾ പിളർന്നുകൊണ്ടിരിക്കുന്നതും.

സംഘടനകളെ രാഷ്ട്രീയ പാർട്ടിക്കാരും പണക്കാരും വിലക്കു വാങ്ങുന്ന സന്ദർഭങ്ങളുമുണ്ട്. തെരഞ്ഞെടുപ്പടുത്താൽ മർക്കസുകളിലും മഠങ്ങളിലും അരമനകളിലും മുഖം മറച്ച് രാഷ്ട്രീയ നേതാക്കൾ കയറിയിറങ്ങുന്നത് നാം കണ്ടവരാണ്. വോട്ടുകച്ചവടത്തിന് തങ്ങളുടെ കുഞ്ഞാടുകളെയും മുരീദന്മാരെയും ശിഷ്യഗണങ്ങളെയും ഇരകളാക്കുന്നവർ മതപുരോഹിതന്മാരുടെ മേലങ്കിയണിഞ്ഞവരാണ്. ജയിക്കുന്നതും തോൽക്കുന്നതും ഇവരുടെ 'കറാമത്തു' കൊണ്ടാണെന്നാണ് പാവങ്ങൾ വിശ്വസിക്കുന്നത്!

എന്നാൽ പുരോഗമന പ്രസ്ഥാനക്കാരും സംഘടനയുടെ അടിമകളായിത്തീർന്നിരിക്കുന്നു. സംഘടനക്കപ്പുറം ചിന്തിക്കുവാൻ ഇവർ സമ്മതിക്കുകയില്ല. ഏതെങ്കിലും ഒരു പണ്ഡിതൻ സ്വതന്ത്രവീക്ഷണം പുലർത്തിയാൽ പടിക്കുപുറത്താക്കും. ഒരു സംഘടനയുടെ ഖത്തീബ് മറ്റൊരു സംഘടനയുടെ വാരിക വായിച്ചതിനു വഴക്കു കേട്ടനുഭവങ്ങളുണ്ട്. എറണാകുളം ജില്ലയിലെ ഒരു പള്ളിയിലാണ് സംഭവം. ഇതര വിഭാഗക്കാരുടെ പ്രസിദ്ധീകരണങ്ങൾ വായിക്കുന്നതു പോലും തടയുന്നു! അസഹിഷ്ണുതയുടെ ആൾരൂപങ്ങൾ! മറ്റുള്ളവർ അവരുടേത് വായിക്കുകയും വേണം!

മലപ്പുറം വെസ്റ്റ് ജില്ലയിൽ പെട്ട ഒരു പള്ളിയിൽ ഖുർആൻ ക്ലാസിനു വേണ്ടി അടിച്ച നോട്ടിസിൽ കെ.എൻ.എം. എന്ന് എഴുതിയതിന്റെ പേരിലാണ് ഉഗ്രൻ അടിപിടി നടന്നത്! പോലീസിന്റെ വക അടി വേറെയും!

ഇങ്ങനെ സംഘടനകളുടെ അസഹിഷ്ണുത വർദ്ധിച്ചപ്പോൾ പലരും നിർവീര്യരായി. ഇസ്‌ലാഹി പണ്ഡിതന്മാർ പോലും സംഘടനാ രംഗത്തുനിന്നുമാറി നിൽക്കുന്നുണ്ട്. ഒറ്റപ്പെട്ടു നിൽക്കുന്നതുകൊണ്ട് ഇവരുടെ സേവനം സമൂഹത്തിന് ലഭിക്കുന്നുമില്ല. ഇവരുടെ സേവനത്തിന് ഒരു കൂട്ടായ്മ ഉണ്ടാക്കാവുന്നതാണ്. സംഘടന ഒരു മാർഗ്ഗം മാത്രമാണെന്നും ആദർശമാണ് ലക്ഷ്യമെന്നും വിശ്വസിക്കുന്ന പണ്ഡിതന്മാരെയും ദീനീസ്നേഹികളെയും ഈ കൂട്ടായ്മയിൽ കണ്ണി ചേർക്കാവുന്നതാണ്.

ഇങ്ങനെയുള്ള കൂട്ടായ്മ രൂപപ്പെടുത്തുമ്പോൾ ശ്രദ്ധിക്കേണ്ട ചില സൂചനകൾ:

1. അടിസ്ഥാനപ്രമാണം ഖുർആനും സുന്നത്തും മാത്രമായിരിക്കണം.

2. ഖുർആൻ വിരുദ്ധ ആശയങ്ങൾ പ്രചരിപ്പിക്കപ്പെടുന്ന കാലഘട്ടത്തിൽ അതിനെ നേരിടുവാൻ പണ്ഡിതന്മാരെ സജ്ജമാക്കുക.

3. ഹദീസ് നിഷേധത്തെ നേരിടുവാൻ ഗവേഷകന്മാരായ ഹദീസു പണ്ഡിതന്മാരുടെ കൂട്ടായ്മയുണ്ടാക്കണം.

4. ഖുർആൻ വിരുദ്ധാശയങ്ങളുൾക്കൊള്ളുന്ന ഹദീസുകളെ പഠനവിധേയമാക്കുക.

5. പൊതുപ്രശ്നങ്ങളിൽ ഐക്യമുണ്ടാക്കുവാൻ സഹകരിക്കുക.

6. ഭിന്നവീക്ഷണ സംവാദങ്ങൾ പണ്ഡിത്മാരുടെ വേദിയിൽ മാത്രമായി പരിമിതപ്പെടുത്തുക.

7. രാഷ്ട്രീയ കക്ഷികളുടെ പോഷക ഘടകമാകാതിരിക്കുക.

8. തസ്കിയത്തും തർബിയത്തും നേടിയവരെ മാത്രം കൂട്ടായ്മയിൽ ചേർക്കുക.

9. സലഫികൾ, ഇസ്‌ലാമിസ്റ്റുകൾ, മദ്ഹബുകൾ, ത്വരീഖത്തുകൾ എന്ന ലേബൽ ഒഴിവാക്കി 'മുസ്‌ലിം' എന്ന ഐഡന്റിറ്റി നിലനിർത്തുക.

10. അല്ലാഹുവിന്റെ പ്രീതി മാത്രം ലക്ഷ്യം വെച്ചുകൊണ്ട് പ്രവർത്തിക്കുന്ന ഒരു സംഘമായി മാറുക.

കൂട്ടായ്മ കൂട്ടായ്മയായി മാറി കൂടുമാറി പിളർന്നുപോകുന്ന പ്രവണതയാണെങ്കിൽ ഇനി ഒരു സംഘടനയുടെ ആവശ്യമില്ല.

**പുരോഗമന പ്രസ്ഥാനക്കാരും സംഘടനയുടെ അടിമകളായിത്തീർന്നിരിക്കുന്നു. സംഘടനക്കപ്പുറം ചിന്തിക്കുവാൻ ഇവർ സമ്മതിക്കുകയില്ല. ഏതെങ്കിലും ഒരു പണ്ഡിതൻ സ്വതന്ത്രവീക്ഷണം പുലർത്തിയാൽ പടിക്കുപുറത്താക്കും. ഒരു സംഘടനയുടെ ഖത്തീബ് മറ്റൊരു സംഘടനയുടെ വാരിക വായിച്ചതിനു വഴക്കു കേട്ടനുഭവങ്ങളുണ്ട്. എറണാകുളം ജില്ലയിലെ ഒരു പള്ളിയിലാണ് സംഭവം. ഇതര വിഭാഗക്കാരുടെ പ്രസിദ്ധീകരണങ്ങൾ വായിക്കുന്നതു പോലും തടയുന്നു! അസഹിഷ്ണുതയുടെ ആൾരൂപങ്ങൾ! മറ്റുള്ളവർ അവരുടേത് വായിക്കുകയും വേണം!**

**കവർ സ്റ്റോറി**

**തുന്നൻ വീടൻ**

# ഹദീസുകൾക്കെതിരെ കാടടക്കി വെടിവെയ്ക്കുന്നവരോട്

**പ്രവാചകൻ നിര്യാതനായി. ഉൽകൃഷ്ട സ്വഹാബി സമൂഹം അദ്ദേഹത്തിന്റെ ദൗത്യം ഏറ്റെടുത്തു. ലോകത്തേക്ക് പരന്നൊഴുകി. കാലങ്ങൾ കൊഴിഞ്ഞു കൊണ്ടിരുന്നു. അര നൂറ്റാണ്ടു പിന്നിടുന്നു. പ്രവാചക ശിഷ്യന്മാർ കുറഞ്ഞു തുടങ്ങി. രണ്ടാം തലമുറ രംഗത്തെത്തി. പലതരം കുഴപ്പങ്ങൾ, വ്യതിചലനങ്ങൾ, സംഘർഷങ്ങൾ, പാർട്ടികൾ, വിഭാഗങ്ങൾ, രംഗം ഭയാനകം. പ്രവാചകന്റെ പേരിൽ ഹദീസുകൾ കെട്ടിയുണ്ടാക്കി വ്യാപകമായ കയ്യേറ്റങ്ങൾ. ഓരോരുത്തരും തങ്ങളുടെ ഇംഗിതങ്ങൾക്കൊത്ത് ഹദീസുകൾ നിർമ്മിച്ചു പ്രചരിപ്പിച്ചു.**


പ്രവാചക വചനങ്ങളുടെ ദുരുപയോഗം അതീവ ഗുരുതരമായ പ്രവണതയാണ്. അതിനേക്കാൾ അപകടകരമാണ് ഹദീസ് നിഷേധം. ഈ രണ്ടറ്റ പ്രവണതകളും സമൂഹത്തിലിന്ന് സർവ്വത്രനടമാടുന്നു. ദൈവദൂതരെ അംഗീകരിക്കുകയും അനുസരിക്കുകയും ചെയ്യേണ്ടത് സർവ്വ വിശ്വാസികളുടെയും ബാധ്യതയാണെന്നു അല്ലാഹു അനേകം സൂക്തങ്ങളിലൂടെ കൽപിച്ചിട്ടുണ്ട്. പ്രവാചകൻമാർ മതവുമായി ബന്ധപ്പെട്ട ഏതു കാര്യങ്ങളും ദൈവനിർദ്ദേശ (ദിവ്യസന്ദേശ) പ്രകാരം തന്നെയാണ് ജീവിതത്തിൽ പാലിക്കുന്നതും പറയുന്നതുമെല്ലാം. (വി.ഖു:53:34). ഗ്രന്ഥമായി നൽകപ്പെടുന്നത് അടിസ്ഥാന തത്വങ്ങളും ആദർശങ്ങളും നിയമങ്ങളുമായിരിക്കും. അവ പച്ചയായി മനുഷ്യ ജീവിതത്തിൽ പ്രയോഗവൽക്കരിച്ച മാതൃകാ പുരുഷനായി ജനങ്ങളെ നയിക്കുകയാണ് പ്രവാചക ദൗത്യം എന്നത്. പ്രവാചകൻ തന്റെ ജനതയോട് ദൈവിക കൽപനകളായി മാതൃകയാക്കുന്നതും കൽപിക്കുന്നതും നിരോധിക്കുന്നതുമെല്ലാം സ്വീകരിക്കുകയും അംഗീകരിക്കുകയും ചെയ്യേണ്ടത് ആ ജനതയുടെ ബാധ്യതയാണെന്ന് മൂല ഗ്രന്ഥത്തിൽ കൃത്യമായി പ്രതിപാദിച്ചിട്ടുണ്ട്. വളരെ കുറച്ചു പ്രവാചകന്മാർക്കുമാത്രമെ അല്ലാഹു ഗ്രന്ഥങ്ങൾ നൽകിയിട്ടുള്ളൂ. ആ പ്രവാചകന്മാരുടെ വാക്കുകളും കർമ്മങ്ങളും അവരുടെ നാവുകളിലൂടെയും ചെയ്തികളിലൂടെയുമാണ് ജനതതികൾക്ക് ലഭ്യമായത്. മുഹമ്മദ് നബി(സ)ക്ക് ഗ്രന്ഥവും ആ ഗ്രന്ഥാനുസാരമായ കുറ്റമറ്റ ജീവിത മാതൃകയും അല്ലാഹു നൽകി അനുഗ്രഹിച്ചിട്ടുണ്ട്. ആ മാതൃകാ ജീവിതം പകർത്താൻ മനുഷ്യ വംശത്തോട് ആജ്ഞാപിച്ചു(33:21, 16:44): **“റസൂൽ നൽകിയതെന്തും നിങ്ങൾ സ്വീകരിക്കുക. ഏതിൽ നിന്നെല്ലാം നിങ്ങളെ വിലക്കിയോ അതിൽ നിന്ന് നിങ്ങൾ ഒഴിഞ്ഞു നിൽക്കുകയും ചെയ്യുക.” (അൽഹശ്ർ– 59:7).** പ്രവാചകത്വത്തിന്റെ മഹനീയ സ്ഥാനമാണിവിടെ അല്ലാഹു ഉണർത്തുന്നത്.

പ്രവാചകനെ കണ്ടും കേട്ടും അനുഭവിച്ചും കൊണ്ടിരിക്കുമ്പോൾ, എഴുത്തുകലയും ലേഖാസാമഗ്രികളും നാമ മാത്രമാകുകയും ചെയ്തിരുന്ന കാലത്ത് പ്രവാചക ജീവിത ചര്യ എഴുതിവെക്കേണ്ടതേയില്ല. അതിനാർക്കും അന്നു ആവശ്യവുമില്ല. ഇസ്‌ലാമിനെ നബി(സ)യിൽ നിന്ന് അവർ കാണുന്നു. കേൾക്കുകയും ജീവിതത്തിൽ പകർത്തുന്നു. നുബുവത്തിനെ കണ്ണിൽ കാണുകയും കാതിൽ കേൾക്കുകയും ജീവിതത്തിൽ അനുഭവിക്കുകയും ചെയ്ത നിഷ്കളങ്ക സമൂഹവുമായിരുന്നു അവർ. കളവ് എന്താണെന്നു പോലുമറിയാത്ത ശുദ്ധത. ശക്തമായ ദൈവഭയം. അചഞ്ചലമായ ഈമാൻ. പ്രവാചകനും മത

ത്തിനും സർവ്വസ്വവും- ജീവന ടക്കം- സമർപ്പിച്ച, ചരിത്രം ഇനി ഒരിക്കലും ആവർത്തിക്കാത്ത ജന സമൂഹം. ഇസ്‌ലാം ഭൂമിയിൽ സമ്പൂർണ്ണമായി സമർപ്പിക്കാൻ അല്ലാഹു നിയോഗിച്ച ജനത. അല്ലാഹുവിനെ സർവ്വാത്മനാ സമ്പൂർണ്ണമായി അവർ തൃപതി പ്പെട്ടിരിക്കുന്നുവെന്ന് അനശ്വരമായ അന്ത്യനാൾ വരെ വായിക്കപ്പെ ടുന്ന- വിശുദ്ധ ഖുർആനിൽ പ്രഖ്യാപിക്കപ്പെട്ട തലമുറ. വിശുദ്ധ ഖുർആനിനായി ജീവിതം മാറ്റി വെച്ച ജനത. പ്രവാചകന്റെ നിർദേശ പ്രകാരം തന്നെ ഓരോരോ ഖുർആൻ സൂക്ത വും/ അദ്ധ്യായങ്ങളും അതാതു സമയം ഹൃദിസ്ഥമാക്കുന്നു.

പ്രത്യേകം നിശ്ചയിക്കപ്പെട്ട നിസ്വാർത്ഥരായ എഴുത്തുകാരാൽ കിട്ടിയിടത്തോളം രേഖാ സാമ ഗ്രികളിൽ കഠിനത്യാഗത്തോടെ ലിഖിതപ്പെടുത്തുന്നു. സ്വയം പഠിച്ചും പഠിപ്പിച്ചും കൈമാറിയും കൊണ്ടിരുന്നു. ആ മഹത്തായ ദൈവ വാക്യങ്ങൾ പ്രവാചക സാന്നിദ്ധ്യത്തിൽ തന്നെ ക്രോഡീകൃതമാകുന്നു. അതുമായി മറ്റുയാതൊന്നും കൂടിക്കലരാതി രിക്കാൻ നിതാന്ത ജാഗ്രതക്കു വേണ്ടി പ്രവാചക വചനങ്ങൾ എഴുതാതിരിക്കാനവർ നിർദ്ദേശി ക്കപ്പെടുകയും ചെയ്തു.

പ്രവാചകൻ നിര്യാതനായി. ഉൽകൃഷ്ട സ്വഹാബി സമൂഹം അദ്ദേഹത്തിന്റെ ദൗത്യം ഏറ്റെ ടുത്തു. ലോകത്തേക്ക് പരന്നൊ ഴുകി. കാലങ്ങൾ കൊഴിഞ്ഞു കൊണ്ടിരുന്നു. അര നൂറ്റാണ്ടു പിന്നിടുന്നു. പ്രവാചക ശിഷ്യന്മാർ കുറഞ്ഞു തുടങ്ങി. രണ്ടാം തല മുറ രംഗത്തെത്തി. പലതരം കുഴ പ്പങ്ങൾ, വ്യതിചലനങ്ങൾ, സംഘർഷങ്ങൾ, പാർട്ടികൾ, വിഭാഗങ്ങൾ, രംഗം ഭയാനകം. പ്രവാചകന്റെ പേരിൽ ഹദീസു കൾ കെട്ടിയുണ്ടാക്കി വ്യാപക മായ കയ്യേറ്റങ്ങൾ. ഓരോരു ത്തരും തങ്ങളുടെ ഇംഗിത ങ്ങൾക്കൊത്ത് ഹദീസുകൾ നിർമ്മിച്ചു പ്രചരിപ്പിച്ചു. സ്ഥിതി തികച്ചും സ്ഫോടനാത്മകമായി. അല്ലാഹുവിനോടും പ്രവാചക നോടും മതത്തോടും സർവ്വാത്മ നാ കൂറുള്ള സൂക്ഷ്മശാലികളായ മഹാന്മാർ ഈ ഗുരുതരാ വസ്ഥയിൽ ഉണർന്നു പ്രവർത്തി ച്ചു. പ്രവാചക വചനങ്ങൾ എഴുതി ക്രോഡീകരിച്ച് ഗ്രന്ഥ രൂപത്തിലാക്കിയില്ലെങ്കിൽ ഭാവി ഭയാനകമാകുമെന്ന് ദീർഘ വീക്ഷണം ചെയ്തു. പ്രവാചകനു ശേഷമുള്ള ഒന്നും രണ്ടും തല മുറകൾ അതിന്നായി ത്യാഗത്തി നൊരുങ്ങി; കിട്ടാവുന്നിടത്തോളം ഹദീസുകളായി പറയപ്പെടുന്നവ മുഴുക്കെയും അവർ സമാഹരി ച്ചു. മറ്റൊരു വിഭാഗം ഇങ്ങനെ സമാഹരിക്കപ്പെടുന്ന ഹദീസുക ളുടെ കുറ്റവും സത്യസന്ധതയും ബലാബലവും പരമ്പരയും അതി സൂക്ഷ്മ നിരൂപണ, നിരീക്ഷണ, ഗവേഷണ പഠനങ്ങൾക്കു വിധേ യമാക്കി. അതിന്നായി അവർ പന്തീ രായിരത്തിലധികം ഹദീസു റിപ്പോർട്ടർമാരുടെ ജീവചരിത്രം തന്നെ സമ്പൂർണ്ണമായി പഠിച്ചു ഗ്രന്ഥങ്ങൾ രചിച്ചു. ലോക ചരി ത്രത്തിൽ ഇത്തരമൊരു മഹാ സംഭവവും സംവിധാനവും വേറെ യെന്തിനെങ്കിലും ഉള്ളതായി കണ്ടിട്ടില്ല. അനേക വാല്യങ്ങൾ വരുന്ന കനപ്പെട്ട ഹദീസ് നിരൂ പണ ശാസ്ത്ര കൃതികൾ, പ്രവാ ചക വചനങ്ങളുടെ സത്യസന്ധത ഉറപ്പുവരുത്താൻ മാത്രമായി രചി ക്കപ്പെട്ടു ലോകത്തിനു സമർപ്പി



ച്ചു.

## കുലംകുത്തികൾ

പ്രവാചകന്റെയും നാലു ഖലീഫ മാരുടെയും കാലം അവസാനിക്കുന്നതോടെ ലോകത്തിന്റെ വൈജ്ഞാനിക ശാസ്ത്രീയ കടിഞ്ഞാൺ മുസ്‌ലിം ലോകത്തിന്റെ കയ്യിൽ വന്നു ചേർന്നുവല്ലോ. അതോടെ ജൂത, ക്രൈസ്തവ, പേർഷ്യൻ സാമ്രാജ്യങ്ങൾ ഇസ്‌ലാമിന്റെ അഖില ലോക ശത്രക്കളായിമാറി. വിശുദ്ധഖുർആനിനെ തകർക്കുക അസാധ്യമെന്നവർ കണ്ടു. പ്രവാചക ചര്യാ സമാഹാരങ്ങളുടെ വിജയ മുന്നേറ്റവും അവരെ വിറളിപിടിപ്പിച്ചു. അതിന്റെ അനന്തരഫലമാണ് സിയോണിസവും, ഓറിയന്റലിസവും പിൽക്കാലത്ത് ജന്മമെടുത്തത്. പ്രവാചക വചനങ്ങളുടെ പേരിൽ കടന്നു വന്നിട്ടുള്ള ഹദീസുകളും പ്രമാണങ്ങളും അവർ ഇസ്‌ലാമിനെ തകർക്കാനുള്ള ആയുധമായി പ്രയോഗിച്ചു കൊണ്ടിരിക്കുന്നു. അൽപജ്ഞാനികളും വിദ്യാവിഹീനരുമായ പുതുപുത്തൻ മുസ്‌ലിം തലമുറകളെ പരമാവധി അവർ തെറ്റിദ്ധരിപ്പിച്ച് അതിനുപയോഗപ്പെടുത്തി. സത്യവും അസത്യവും ഭയാനകമാം വിധം കൂട്ടിക്കലർത്തി. വിവേചന ബുദ്ധിയില്ലാത്ത വിധം പ്രവാചക വചനങ്ങൾ കൈകാര്യം ചെയ്യുന്ന ഗ്രൂപ്പുകളും വിഭാഗങ്ങളും ഭക്തി പ്രസ്ഥാനങ്ങളും മുസ്‌ലിംകളിൽ അന്യരാൽ കുടിയിരുത്തപ്പെട്ടു. അങ്ങനെ ഇന്നീ കാണുന്ന വിധം പരസ്പരം തലതല്ലി സ്വയം നശിക്കുന്ന ചാവേറുകൾ ജന്മമെടുത്തു.

## ഹദീസ് ക്രോഡീകരണം

പ്രവാചക വചനങ്ങൾ നൂറ്റാണ്ടുകൾക്ക് ശേഷമാണ് സമാഹരിക്കപ്പെട്ട് ക്രോഡീകൃതമായത്. അതിലെ പ്രതിപാദ്യങ്ങൾ സമ്പൂർണ്ണമായും സാഹചര്യങ്ങളുടെയും സന്ദർഭങ്ങളുടെയും സൃഷ്ടിയാണ്. പ്രവാചക സന്നിധിയിൽ നടന്നവയാണ്. കല്ലും നെല്ലും പതിരും കൂടിക്കലർന്നതാണ്. എന്നാൽ ഭാഗ്യവശാൽ മഹാത്യാഗികളായ സച്ചരിത തലമുറ അത് വേർതിരിച്ചു ലോകത്തിനു സമർപ്പിച്ചത് നമുക്ക് മുമ്പിലുണ്ട്. അവർ അതിന്നായി ചെയ്ത ത്യാഗ ചരിത്രം അതുല്യമാകുന്നു. അവരുണ്ടാക്കിയ മാനദണ്ഡങ്ങൾ; സ്വീകാര്യത്തിനും അസ്വീകാര്യത്തിനും വെച്ച നിബന്ധനകൾ; റിപ്പോർട്ടർമാരിലെ ഓരോ വ്യക്തിയെക്കുറിച്ചുമുള്ള അതിസൂക്ഷമ നിരീക്ഷണങ്ങൾ (ജർഹ് വത്തഅ്ദീൽ) തുടങ്ങി ഹദീസുകളെ കുറിച്ചുള്ള അക്കാലം വരെയുള്ള വ്യത്യസ്ത വീക്ഷണങ്ങളും വ്യാഖ്യാനങ്ങളുമെല്ലാം നമ്മുടെ മുമ്പിൽ വിശാലമായി തുറന്നു കിടക്കുന്നു. ഈ മാനദണ്ഡങ്ങളും ഉപാധികളും സാമഗ്രികളും രചനകളുമെല്ലാം ഏതു കാലത്തും ഏവർക്കും ഉപയോഗിക്കാൻ യാതൊരു പ്രയാസവുമില്ല. (വിജ്ഞാനമഖിലവും വിരൽ തുമ്പിലെത്തി നിൽക്കുന്ന ലോകം തന്നെ കൊച്ചുഗ്രാമ സമാനമായി മാറിയ ഇക്കാലത്തു പ്രത്യേകിച്ചും). ഇത്തരം ഗവേഷണ നിരൂപണ പഠനങ്ങൾ അനുസ്യൂതം തുടരുകയും ചെയ്യുന്നു.

പ്രസിദ്ധ ഇമാമുമാരായ സുഹ്‌രിയും മാലിക്കും ഇമാം ബുഖാരിയും മുതലിങ്ങോട്ട് സമാഹരിച്ച പ്രഗൽഭ ഹദീസു ഗ്രന്ഥങ്ങളിലെല്ലാം കൂടി ഇന്നു ലഭ്യമായിരിക്കുന്നത് ഏതാണ്ട് ഒരു ലക്ഷത്തോളം ഹദീസുകളാണ്. എന്നാൽ ഇവയിൽ പൂർണ്ണമായും കുറ്റമറ്റവ പിന്നെയും കുറയുന്നു. ഓരോ മഹാനും തന്റെ സമാഹാരത്തിൽ ഉൾപ്പെടുത്തിയ ഹദീസുകളുടെ അനേകം ഇരട്ടി ഹദീസുകൾ അതല്ലാത്തവയായി ലഭിച്ചവയാണ്. അതൊന്നും ആധികാരികമായി എവിടെയും ഉല്ലേഖം ചെയ്യപ്പെട്ടിട്ടില്ല. ഉദാഹരണം. ആറു ലക്ഷം ഹദീസുകൾ സമാഹരിച്ചെന്ന് അവകാശപ്പെടുന്ന ഇമാം ബുഖാരി തന്റെ 'ജാമിഉ സ്വഹീഹി'ൽ വെറും 7563 ഹദീസുകളാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അതും പലതും ആവർത്തന സഹിതം. ബാക്കിയെല്ലാം അദ്ദേഹം എന്തു ചെയ്തുവെന്ന് പറയേണ്ടതില്ലല്ലോ! ഒമ്പതു ലക്ഷം ഹദീസുകൾ! സമാഹരിച്ച ഇമാം മുസ്‌ലിം 7562 ഹദീസുകൾ മാത്രമാണ് സ്വഹീഹു മുസ്‌ലിമിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഏറ്റവും കൂടുതൽ (40,000) രേഖപ്പെടുത്തിയത് ഇമാം അഹ്മദ് ബ്നു ഹമ്പൽ തന്റെ 'അൽമുസ്നദിൽ ആണ്. അതിൽ 45% ഹദീസുകൾ മാത്രമാണ് കുറ്റമറ്റ (സ്വഹീഹ്)വയായുള്ളത്. ഈ ചരിത്ര യാഥാർത്ഥ്യം നമ്മെ ഒരു കാര്യം ബോധ്യപ്പെടുത്തുന്നു. എന്തെന്നാൽ, സമാഹരിക്കപ്പെട്ട ഇന്നു നിലവിലുള്ള മുഴുവൻ ഹദീസു ഗ്രന്ഥങ്ങളും വിശുദ്ധ ഖുർആൻ പോലെ അപ്രമാദിത്വമുള്ളതല്ല. ചോദ്യം ചെയ്യാൻ പാടില്ലാത്തതല്ല. അനശ്വരതയുള്ളവയല്ല എന്നു തന്നെയാണ്. എന്നാൽ ഇക്കാരണത്താൽ എല്ലാറ്റിനെയും നിഷേധിക്കുവാനോ തള്ളിക്കളയുവാനോ പാടില്ലാത്തതുമാകുന്നു. ഇതു രണ്ടിനുമിടയിലാണ് ഒരു മുസ്‌ലിമിന്റെ നിൽപ് വേണ്ടത്. സത്യാസത്യങ്ങൾ മാറ്റുരച്ച്, സൂക്ഷമത പുലർത്തി, ബുദ്ധിപൂർവ്വമായ സമീപനം. വിശുദ്ധഖുർആൻ പരാമർശങ്ങളോട് എതിരാകാത്ത മനുഷ്യന്റെ സാമാന്യ ജ്ഞാനത്തിനും ബുദ്ധിക്കും നിരക്കുന്നതാകണം. പരമ്പരകൾ കുറ്റമറ്റതാക്കുന്നതിനോടൊപ്പം പ്രവാചകത്വത്തിന്റെ അടിസ്ഥാന ശിലകളെ തകർക്കുന്നതാകരുത്. ഹദീസെന്ന് കേൾക്കുമ്പോഴേക്കും അതിൽ മുഖം കുത്തി വീഴാത്ത പോലെ അതു മുഴുക്കെയും മുൻപിൻ ചിന്തിക്കാതെ അപ്പടി തലയിലേറ്റുന്നതും വളരെ സൂക്ഷിച്ചായിരിക്കണം. ഇസ്‌ലാമിനെ തകർക്കാൻ ഹദീസുകളെ നിഷേധിക്കൽ എളുപ്പമാർഗ്ഗമാണ്. കാരണം വിശുദ്ധ ഖുർആൻ ഒരു മഹാ കൊട്ടാരമാണെങ്കിൽ അതിനെ കാത്തു രക്ഷിക്കുന്ന കോട്ടമതിലുകളാണ് ഹദീസുകൾ. കോട്ട തകർന്നാൽ കൊട്ടാരവും തകർക്കാം. (തുടരുന്നു...)

കവർസ്റ്റോറി

അബുൽ ബുശ്റാ – പൊന്നാനി

## സൂക്ഷിക്കാം ത്വരീഖത്തിലെ ചതിക്കുഴികൾ-3



# ഒരിക്കലും മരിക്കാത്ത മഹാത്മാക്കൾ!

ആരും മഹാനായി ജനിച്ചു വീഴുന്നില്ല. ജീവിതം അത്യന്ത്യം ഗൗരവത്തിലെടുത്ത് കർമ്മ നിരിതമായ ജീവിതം നയിക്കുന്നവരിലാണ് മഹാന്മാർ ഉടലെടുക്കുക. നിസ്വാർത്ഥതയോടെ ദൈവ വിധികൾ പാലിച്ച് ത്യാഗ പൂർണ്ണ ജീവിതത്തിലൂടെ സഞ്ചരിക്കുന്നവരാണ് മഹാത്മാക്കളുടെ ലക്ഷണമൊത്തവർ. അത്യുൽകൃഷ്ട മാനസികാവസ്ഥയും നിഷ്കളങ്കമായ കർമ്മ വഴികളും സുതാര്യമായ നിലപാടുകളുമുള്ള പ്രത്യേകക്കാർ തന്നെയാണ് മഹാത്മാക്കളായി വരുക. ആരെങ്കിലും അടിച്ചേൽപിച്ച് നൽകുന്ന പദവിയല്ല അത്. അജ്ഞതയിലും ദാരിദ്ര്യത്തിലും അകപ്പെട്ട് കുനിഞ്ഞു നിൽക്കുന്ന സമുദായത്തിന്റെ മുതുകിൽ കയറി നിന്ന് മേനി നടിക്കുന്നവരുമല്ല മഹാന്മാർ.

ഒരാളുടെ ജീവതമെന്നാൽ യഥാർത്ഥത്തിൽ അയാളുടെ കർമ്മങ്ങൾ മാത്രമാണ്. മരണശേഷം ഓർക്കുക അതുമാത്രമായിരിക്കും. തിന്നതോ കുടിച്ചതോ ഉടുത്തതോ സുഖ ദുഃഖങ്ങൾ അനുഭവിച്ചതോ ഒന്നും പിൽക്കാല ജീവിത്തിൽ ആരും ഓർക്കില്ല. ഓർക്കേണ്ടതുമില്ല. എന്നാൽ, അയാൾ എന്തിനു ജീവിച്ചു എന്നു ചോദിക്കുമ്പോൾ ചൂണ്ടികാണിക്കാൻ ഒരു കർമ്മ മേഖലയുണ്ടെങ്കിൽ അയാൾ ഓർക്കപ്പെടും. മുഹമ്മദ് നബി(സ)യെ ഭൂലോകത്ത് ഓർക്കപ്പെടുന്നു. അദ്ദേഹം സമ്പൂർണ്ണമാക്കി ലോകത്തിനു സമർപ്പിച്ച ഉന്നതമായ ഇസ്‌ലാമിക ജീവിതമാണ് അതിനു കാരണം. ഏതു പ്രവാചകന്മാരും ചരിത്രത്താളുകളിൽ

ഉല്ലേഖം ചെയ്യപ്പെട്ട, ഏതു മഹൽ വ്യക്തികളും അവരുടെ ജീവിതത്തിൽ സമർപ്പിച്ച ഏറ്റവും മഹനീയമായ കർമ്മത്താലാണ് അനശ്വരരായിത്തീർന്നത്.

രക്ത സാക്ഷികൾ ഓർക്കപ്പെടുന്നു. അവരുടെ ത്യാഗത്തിന്റെ സ്മരണകളാണ് കാരണം. അവരതു മുഖേന അനശ്വരരാവുകയുമാണ്. മരിച്ചാലും മരിക്കാത്തവരാണവർ. ശരീരം മരിച്ചുവെങ്കിലും അവർ മരിച്ചിട്ടില്ല. സാങ്കേതികമായി അവർ ഭൗതിക ലോകത്തു നിന്നു നാടു നീങ്ങുക മാത്രമാണ് ചെയ്തിരിക്കുന്നത്. അചഞ്ചലമായ ദൈവ, പരലോക വിശ്വാസിയായിരുന്നതിനാൽ തന്റെ ജീവിതവും ജീവനും അതിന്നായി ബലിയർപ്പിച്ചയാൾ മനുഷ്യഹൃദയങ്ങളിൽ മാതൃകയായി ജീവിച്ചുകൊണ്ടിരിക്കും. മരണാനന്തരം അയാളുടെ ആത്മാവ് ദൈവത്തി**രിക്കും. തങ്ങളോടൊപ്പം ഇനിയും വന്നു ചേർന്നിട്ടില്ലാത്ത, ഇഹലോകത്തു കഴിഞ്ഞു കൂടുന്ന വിശ്വാസികളെപ്പറ്റി, അവർക്ക് യാതൊന്നും നഷ്ടപ്പെടുവാനോ ദുഃഖിക്കുവാനോ ഇല്ലെന്നോർത്ത് ആ രക്തസാക്ഷികൾ സന്തോഷമടയുന്നു. അല്ലാഹുവിന്റെ അനുഗ്രഹവും ഔദാര്യവും കൊണ്ടവർ സന്തുഷ്ടരായിരിക്കും. സത്യവിശ്വാസികളുടെ പ്രതിഫലം അല്ലാഹു പാഴാക്കുകയില്ലല്ലോ! ” (വി.ഖു 3: 189–171)**

### ചൂഷകരുടെ അത്താണി:

രക്തസാക്ഷികൾ മഹാന്മാരാകുന്നു. അവരുടെ മരണാനന്തരം അല്ലാഹുവിങ്കൽ അവർക്ക് പ്രത്യേക ജീവിതവും ഉപജീവനവും നൽകപ്പെടുന്നു. ഇഹലോകവുമായി ഒരു ബന്ധവുമില്ല. അഭൗണ്ടാക്കി കൊടുക്കാൻ കാത്ത് ഇരിക്കുന്നവരല്ല. അത്തരമേതെങ്കിലും ഡ്യൂട്ടി അവരെ ഏൽപ്പിച്ചതായി യാതൊരു പ്രമാണത്തിലും പറയുന്നില്ല. അല്ലാഹുവിനും ഭൂവാസികൾക്കുമിടയിലെ മധ്യവർത്തിത്വമോ ഇടയാളത്തമോ ശുപാർശാധികാരമോ ആരാധ്യച്ചുമതലയോ ഒന്നും അവർക്കില്ല. അവർ ഇഹലോകത്തു ജീവിച്ചിരുന്നപ്പോൾ കഠിനത്യാഗികളായിരുന്നു. ഭൂമിയിലെ ദുഃഖിതരും പീഡിതരുമായിരുന്നു. അവിശ്വാസികളും അഹങ്കാരികളും അക്രമികളും അവരെ വേട്ടയാടുകയായിരുന്നു. സുഖലോലുപരും ആഢംബര പ്രിയരും ധിക്കാരികളും അവരെ പരിഹസിക്കുകയായിരുന്നു. അപ്പോളവർ ത്യാഗവും വിരക്തിയും ഭക്തിയും സ്നേഹവും കാരുണ്യവും അവരുടെ ജീവിതശൈലിയാക്കിത്തീർത്തു. അന്യായ

**സൂഫിസമെന്ന വ്യാജഭക്തി പ്രസ്ഥാനക്കാർ പറഞ്ഞുണ്ടാക്കിയ മുഹാളറ, മുകാശഫ, മുശാഹദ പോലുള്ള പദവികൾ അവർ കേട്ടിട്ടുമുണ്ടാകില്ല. കാരണം അല്ലാഹുവിന്റെ റസൂലോ സ്വഹാബത്തോ അങ്ങനെയൊരു 'സൂഫിസം' എന്ന ഒരു ഇസവും പഠിപ്പിച്ചിട്ടില്ല. ഇസ്‌ലാമിന്റെ ഡിക്ഷ്നറിയിൽ അങ്ങനെയൊന്നില്ലതന്നെ. അമവി ഭരണകാല സൃഷ്ടിയായിരുന്നു സൂഫിസം. ജുഗുപ്സാവഹമായ രാഷ്ട്രീയ സാഹചര്യത്തിൽ മനംമടുത്ത് ഒരുതരം ചാവേറുകളായിത്തീർന്ന, അതിഭക്തരായ തീവ്രമതവാദികളുടെ അത്താണിയായിത്തീർന്ന സ്വയംകൃത മതവാദ പ്രസ്ഥാനമായിരുന്നു സൂഫിസം.**

ങ്കൽ ആദരിക്കപ്പെട്ടു. ദുഃഖമില്ലാത്ത, ആനന്ദദായകമായ നിർഭയാനുഭാവത്തിൽ ആയിരിക്കും. അയാൾ ഇഹത്തിലും പരത്തിലും വിജയ ശ്രീലാളിതനായിത്തീർന്നിരിക്കുന്നു. മരണത്തോടെ ഒരാളുടെ പരലോകം ആരംഭിക്കുകയാണല്ലോ. ഇക്കാര്യം അല്ലാഹു ഉണർത്തുന്നു. **“ദൈവ മാർഗത്തിൽ കൊല്ലപ്പെട്ടവർ മൃതരായിപ്പോയെന്നു കരുതേണ്ട. അവർ രക്ഷിതാവിങ്കൽ ജീവസ്സുറ്റവർ തന്നെയാകുന്നു. അവർക്ക് ഉപജീവനം നൽകപ്പെട്ടിരിക്കുന്നു. അല്ലാഹു അവന്റെ അനുഗ്രഹത്തിൽ നിന്ന് അവർക്കു നൽകിയതു കൊണ്ട് അവർ സന്തുഷ്ടരായി**

തിക ലോകത്തെ ആ സ്ഥിതിയുടെ സവിശേഷതകളെ കുറിച്ച് നാം തികച്ചും അജ്ഞരാകുന്നു. അവരുടെ ആത്മാക്കൾക്ക് നിത്യശാന്തിയും സ്വർഗ്ഗീയാനുഭവങ്ങളും ലഭിച്ചുകൊണ്ടിരിക്കും. ലോകാന്ത്യശേഷം മഹ്ശറയിലെ ഹാജരാക്കലിനു ശേഷം അവർക്ക് ശാശ്വത സ്വർഗ്ഗപ്രവേശനവും ലഭിക്കും.

രക്തസാക്ഷികളായ ഈ മഹാന്മാർ ഇഹലോകത്തെ സർവ്വബന്ധങ്ങളിൽ നിന്നും മോചിതരായ മഹാസൗഭാഗ്യവാന്മാരാണ്. അവർ ഇഹത്തിൽ ജീവിച്ചിരിക്കുന്നവരുടെ ദുഃഖങ്ങളും വേവലാതികളും പ്രാർത്ഥനകളും കഷ്ടനഷ്ടങ്ങളും കേട്ട് പരിഹാരമുമായി ആരുടെയും ധനം അവർ അപഹരിച്ചിട്ടില്ല. ആരെയും അവർ ചൂഷണം ചെയ്തിട്ടില്ല. സങ്കൽപലോകത്തെ സ്ഥാനമാനങ്ങളിൽ അവർ അഹങ്കരിക്കുകയോ പൊങ്ങച്ചം നടിക്കുകയോ ചെയ്തിട്ടില്ല. കൃത്രിമ ഭക്തി വേഷം കെട്ടിയാടിയിട്ടില്ല.

### സൂഫിസം മിഥ്യ:

സൂഫിസമെന്ന വ്യാജഭക്തി പ്രസ്ഥാനക്കാർ പറഞ്ഞുണ്ടാക്കിയ മുഹാളറ, മുകാശഫ, മുശാഹദ പോലുള്ള പദവികൾ അവർ കേട്ടിട്ടുമുണ്ടാകില്ല. കാരണം അല്ലാഹുവിന്റെ റസൂലോ സ്വഹാബത്തോ അങ്ങനെയൊരു

'സൂഫിസം' എന്ന ഒരു ഇസവും പഠിപ്പിച്ചിട്ടില്ല. ഇസ്‌ലാമിന്റെ ഡിക്ഷനറിയിൽ അങ്ങനെയൊന്നില്ലതന്നെ. അമവി ഭരണകാല സൃഷ്ടിയായിരുന്നു സൂഫിസം. ജുഗുപ്സാവഹമായ രാഷ്ട്രീയ സാഹചര്യത്തിൽ മനംമടുത്ത് ഒരുതരം ചാവേറുകളായിത്തീർന്ന, അതിഭക്തരായ തീവ്രമതവാദികളുടെ അത്താണിയായിത്തീർന്ന സ്വയംകൃത മതവാദ പ്രസ്ഥാനമായിരുന്നു സൂഫിസം. ഇസ്‌ലാമിക ലോകത്തിന് ആദ്യകാലങ്ങളിലെല്ലാം അങ്ങനെയൊരു ഇസം അജ്ഞാതമായിരുന്നു.

## തഖ്‌വയിലധിഷ്ഠിതം

അല്ലാഹുവിലുള്ള കറകളഞ്ഞ ഈമാനും അതിനെ സാക്ഷാൽകരിക്കുന്ന ശരീഅത്തനുസരിച്ച രഹസ്യ പരസ്യജീവിതവുമാണ് മഹാന്മാരുടെ ലക്ഷണം. 'തഖ്‌വ' എന്ന സംജ്ഞയിൽ അതു അന്തർലീനമാണ്. കൃത്രിമത്വമില്ലാത്ത കറകളഞ്ഞ ആത്മാർത്ഥമായ വിശ്വാസിയുടെ ശാന്തജീവിതം. പ്രത്യേകമായ ത്വരീഖത്തോ, മഅ്‌രിഫത്തോ, ഹഖീഖത്തോ എന്നൊക്കെയുള്ള സങ്കീർണതകളിൽ തളച്ചിട്ട വിശ്വാസത്തെ തട്ടുകളാക്കിത്തിരിച്ച് മനുഷ്യനെ വട്ടംകറക്കുന്ന സൂഫിസം തഖ്‌വയല്ല പ്രദാനം ചെയ്യുന്നത്. മതചിട്ടാനിരാസവും ശരീഅത്തനുസരിച്ച ജീവിതക്രമത്തിൽ നിന്നൊളിച്ചോട്ടവുമാണ് അതിന്റെ അനന്തരഫലം. പ്രത്യേകക്കാരിലും പ്രത്യേകക്കാർക്കും മാത്രമേ സ്വീകരിക്കാൻ കഴിയൂ എന്ന ആദർശമല്ല ഇസ്‌ലാം. ഏതു തട്ടിലുള്ളവർക്കും ദേശ, ഭാഷ, വർണ, ജാതി, വർഗ വ്യത്യാസങ്ങളില്ലാതെ സർവ്വമനുഷ്യർക്കും സ്വർഗം വാങ്ങാനും നരകത്തിൽ നിന്ന് മോചിതനാകാനും സാധ്യമാക്കുന്ന വിശ്വാസ, കർമ്മ, അനുഷ്ഠാന, ആചാരമതമാണിസ്‌ലാം. ഓരോരുവന്റെയും മാനസിക നിലവാരമനുസരിച്ച് അതുൾക്കൊള്ളുവാനും സ്വീകരിച്ചാചരിക്കാനും കഴിയുമാറുള്ള മതമാണിസ്‌ലാം. അലിയ്യിബ്നു അബീതാലിബും അബൂദറുൽ ഗിഫാരിയും മിസ്അബുബ്നു ഉമൈറും(റ)

**ഗൈബ് - അദൃശ്യ ജ്ഞാനമായ അല്ലാഹുവിന്റെ മാത്രം അറിവുകളെ ഈ വലിയവന്മാർ യഥേഷ്ടം അറിയുമെന്ന വ്യാജത്തിന്മേലാണ് സൂഫിസവും അനുബന്ധ മുഴുവൻ ത്വരീഖത്തുകളും പടുത്തുയർത്തപ്പെട്ടിട്ടുള്ളത്. കർമനൈരന്തര്യത്താൽ മഹത്വം നേടി അല്ലാഹുവിങ്കൽ സ്ഥാനം നേടിയവരെ മുമ്പിൽ വെച്ച് മുതലെടുക്കുന്ന, പുതിയ പാതകൾ വെട്ടിയിട്ടുള്ളവരുടെ ജൽപനങ്ങളിൽ നിന്ന് രക്ഷപ്പെടാൻ നാം പരിശ്രമിക്കേണ്ടിയിരിക്കുന്നു.**

പോലുള്ള ഭക്തന്മാരായ അപൂർവ്വ വ്യക്തിത്വങ്ങളും ബിലാലും, ഉമ്മുമക്തൂമും സൽമാനും(റ) പോലെയുള്ള നിഷ്കളങ്കരായ സാധാരണക്കാർക്കുമെല്ലാം മുഹമ്മദ് നബി(സ) പഠിപ്പിച്ച ഇസ്‌ലാം ഒന്നുതന്നെ. അബൂബക്കറും ഉമറും ഉസ്മാനും അബ്ദുറഹ്മാനുബ്നു ഔഫും അബ്ദുല്ലാഹിബ്നു ഉമറും(റ) ഉൾക്കൊണ്ട് മഹാന്മാരായിത്തീർന്ന ഇസ്‌ലാമും അതുതന്നെ. അവരാരും സൂഫികളെന്ന അപരനാമവാഹികളായിരുന്നില്ല. അങ്ങനെ അവരെ ചിത്രീകരിക്കുന്നത് സ്വ ജൽപനത്തിനൊപ്പിക്കുകയാണ്. ഇസ്‌ലാമിനത് അന്യമാണ്.

ഏതെങ്കിലുമൊരു ശൈഖിന്റെ വാലിൽ മുറുക്കിപ്പിടിച്ച് വട്ടം തിരിഞ്ഞാലെ യഥാർത്ഥ മുസ്‌ലിമാവൂ എന്നത് തനി ജൽപനവും അനിസ്‌ലാമികവുമാണ്. നബി(സ)യെയാണ് അല്ലാഹു ശൈഖായും ഇമാമായും ഹാദിയായും മഹ്ദിയായും റസൂലായും മാതൃകാപുരുഷനായുമെല്ലാം നിയോഗിച്ചിട്ടുള്ളത്. അദ്ദേഹത്തെ സമ്പൂർണ്ണമായി അനുധാവനം ചെയ്യുകയും ചോദ്യം ചെയ്യാതെ നിരുപാധികം അനുസരിക്കുകയും അഗാധമായി സ്നേഹിക്കുകയും പിൻപറ്റുകയും ചെയ്യുകയല്ലാതെ മറ്റു കുതന്ത്രങ്ങളൊന്നും ആവശ്യമില്ല. കൈമാറ്റി കൈമാറ്റി വരം കൊടുക്കുന്ന സിൽസില വ്യാജ നിർമ്മിതാദർശമാണ്. അല്ലാഹു തന്ന ഗ്രന്ഥം - ഖുർആൻ - മുറുകെപ്പിടിക്കുക. പ്രവാചക സുന്നത്തിനെ (കുറ്റമറ്റ നബിവചനങ്ങളിലൂടെ സ്ഥിരീകരിക്കപ്പെട്ടവ മാത്രം) ജീവിതമാതൃകയാക്കുക. സ്വലഫു സ്വാലിഹുകൾ എങ്ങനെ ജീവിച്ചുവോ അപ്രകാരമുള്ള നിഷ്കളങ്കജീവിതം നയിക്കാൻ പരമാവധി ശ്രമിക്കണം. അവരാരും ഒരു മുറബ്ബിയായ ശൈഖിനെ തേടി അലഞ്ഞിട്ടില്ല. ഒരു സിൽസിലയും - ചങ്ങലയുമായി നാടുചുറ്റിയിട്ടില്ല. ഒരു സൂഫിയെയും അന്വേഷിച്ച് ഉലകം ചുറ്റിയിട്ടില്ല. പ്രത്യേകമായ ഹാലുകളും മഖാമുകളും നേടാനായി പ്രത്യേകം ചിട്ടകളും ആരാധനകളും വളർത്തിയിട്ടില്ല. അതിന്നു മാത്രമായി നൃത്തനർത്തങ്ങളും നാടകങ്ങളും ഗാനഗീതകളും കീർത്തന സ്തോത്രങ്ങളും ആട്ടം കുത്തുകളും പരിശീലിച്ചിട്ടില്ല. അവ നടത്താൻ ഖാൻഖാഹുകളും സത്രങ്ങളും പണിതിട്ടില്ല.

## പറ്റിക്കാൻ ചില നാമങ്ങൾ

സാധാരണക്കാരെ പറ്റിച്ചു പാട്ടിലാക്കാൻ മഹാന്മാരുടെ വേഷമണിഞ്ഞ് നമ്മെത്തേടി എത്തുന്നവർ കുറെ ദറജകളും മഖാമുകളുമുണ്ടാക്കി അറബി സാങ്കേതിക പദങ്ങൾ പറഞ്ഞ് പേടിപ്പിക്കുകയാണ്. അല്ലാഹുവിനോടുള്ള നിഷ്കളങ്കമായ ഹൃദയംഗ പശ്ചാത്താപം (തൗബ) വിശ്വാസിയുടെ മുഖമുദ്രയാണല്ലോ. അതൊരു പ്രത്യേകമായ എന്തോ ഭയങ്കര സംഭവമായി ചിത്രീകരിച്ച് നിബന്ധനകൾ പറഞ്ഞുണ്ടാക്കുക, ക്ഷമ, സൂക്ഷ്മ

ത, ത്യാഗം എന്നിവയുടെ അറബി പദങ്ങളുദ്ധരിച്ച് - സ്വബ്ർ, വറഅ്, സുഹ്ദ് - ഇല്ലാത്ത വലുപ്പത്തരം പറഞ്ഞ് ഭീതിപ്പെടുത്തുക, ഭയം, പ്രതീക്ഷ, തൃപ്തി - ഖൗഫ്, റജാഅ്, റിളാ - എന്നിവക്കളാക്കെ വലിയ വലിയ ക്വാളിറ്റികളാണെന്നും അതൊന്നും ആർക്കും ഒതുങ്ങുന്ന ഗുണങ്ങളല്ല, മഹാന്മാരായവരുടെ പ്രത്യേകം ഗുണങ്ങളാണെന്നും വരുത്തിത്തീർക്കുക; അല്ലാഹുവായ യജമാനനോടുള്ള സ്നേഹവും ആരാധനാഭാവവും ഒരുതരം ഭ്രാന്താണ്, പ്രേമമാണെന്ന് - ശൗഖ് - വ്യാഖ്യാനിച്ചുണ്ടാക്കുക. എന്നിട്ട് സ്ത്രീപുരുഷ ഇണകൾക്കിടയിലെ ലൈംഗികകേളികളിലെ ഇഷ്ടവും ആനന്ദവും പോലെ അല്ലാഹുവും അടിമയും തമ്മിലുള്ള സ്നേഹാദരവുകളെയും ബന്ധത്തെയും താരതമ്യപ്പെടുത്തുക; ശൈഖന്മാരായി 'വലുപ്പം' വെച്ചവർക്ക് ദിവ്യദർശനവും - (വഹ്‌യ്) - അജ്ഞാതമായ - (ഗൈബിയായ) - അറിവുകൾ ഉണ്ടാകുമെന്നും അതിന്റെ പേരാണ് - ഇത്തിസ്വാൽ - എന്നും പരിചയപ്പെടുത്തുക. അല്ലാഹുവിൽ ലയിച്ചുചേർന്ന് എല്ലാം ദൈവമായിത്തീരുന്ന - ജംഅ്, - അതിൽ നിന്നും പിന്നെയും മുന്നോട്ടുപോയാലുള്ള 'ഫർഖും' മഹോന്നത ലക്ഷണമാണെന്നു സമർത്ഥിക്കുക. അതും കടന്നുപോയാൽ സ്വന്തം അസ്തിത്വം തന്നെ നഷ്ടമാകുന്ന 'ജുംഉൽജംഅ്' എന്ന അതിർത്തി ഉണ്ടാക്കിവെക്കുക. ഇസ്തിതാർ, തജല്ലി, മുശാഹദ പോലുള്ള പദവികൾ സങ്കൽപ്പിച്ചുണ്ടാക്കുക. ഔലിയാക്കൾക്ക് ദിവ്യവെളിപാട് - വഹ്‌യ് - ഉണ്ടെന്നു പറയുക. സാധാരണക്കാരെന്നും മുന്തിയ ജാതികളെന്നുമുള്ള ഒരു തരംതിരിവിനു ശക്തമായി ആക്കം കൂട്ടി, പ്രത്യേകക്കാർക്ക് പ്രത്യേക സ്ഥാനപദവികളും മറ്റും ചാർത്തുക. ഐനുൽ യഖീൻ, ഇൽമുൽ യഖീൻ, ഹഖുൽ യഖീൻ, ഇൽമുൻ ലദൂന്നീ എന്നിങ്ങനെ വിജ്ഞാന മണ്ഡലങ്ങളുണ്ടാക്കി അതിൽ വിരാജിക്കുന്ന മേലാളന്മാരായ സൂഫിയാക്കൾ ഉയർന്ന തട്ടിലായിരിക്കുമെന്ന് വരുത്തുക. നഫ്സുൽ അമ്മാറ, നഫ്സുല്ലവ്വാമ, നഫ്സുൽ മുത്മഇന്ന എന്നൊക്കെ പറഞ്ഞ് സാധാരണക്കാരെ ഞെട്ടിക്കുക. ഇതെല്ലാം പറ്റിക്കൽ പരിപാടികൾ തന്നെയാണ്.

**"അല്ലാഹുവിന്റെ ഈ അനുഗ്രഹം ലഭിച്ച സൂഫികൾ അമാനുഷിക കഴിവുകൾ (മുഅ്ജിസത്ത്: വി.വ) പ്രകടിപ്പിക്കാറുണ്ട്. സാധാരണക്കാർക്ക് അജ്ഞാതമായവ ഇവർക്ക് പറയാൻ കഴിഞ്ഞേക്കാം. വിലായത്തിന്റെ (ഉന്നതസ്ഥാനം) പദവിയിലെത്തിയവർക്ക് അല്ലാഹുവിൽ നിന്ന് ലദുന്നിയായ അറിവ് ലഭിക്കുന്നതിനാലാണിത് സാധ്യമാകുന്നത്. ഖളിർ(അ)ന് അല്ലാഹു കൊടുത്തത് ഇപ്രകാരമുള്ള അറിവായിരുന്നു." (അൽ ഇർഫാൻ മാസിക ഫെബ്രുവരി 2015 പേജ് 18-19).** വിശുദ്ധ ഖുർആനിന്റെ അനേകം സൂക്തങ്ങൾക്കു ഘടകവിരുദ്ധമാണിപ്പറഞ്ഞത്.

അല്ലാഹു പറയുന്നു: **"അല്ലാഹുവാണ് അദൃശ്യജ്ഞാനി. എന്നാൽ അവന്റെ അദൃശ്യജ്ഞാനം യാതൊരാൾക്കും വെളിപ്പെടുത്തിക്കൊടുക്കുകയില്ല. അവൻ തൃപ്തിപ്പെട്ട വല്ല ദൂതനുമല്ലാതെ. എന്നാൽ ആ ദൂതന്റെ മുന്നിലും പിന്നിലും കാവൽ ക്കാരെ ഏർപ്പെടുത്തിയിട്ടുണ്ടായിരിക്കും. അവർ തങ്ങളുടെ രക്ഷിതാവിന്റെ ദൗത്യങ്ങൾ എത്തിച്ചുകൊടുത്തിട്ടുണ്ടെന്ന് അല്ലാഹു അറിയാൻ വേണ്ടിതന്നെയാണ്. അവരുടെ പക്കലുള്ളതിനെ അവനാകട്ടെ പരിപൂർണ്ണമായി അറിഞ്ഞിരിക്കുന്നു. എല്ലാറ്റിന്റെയും എണ്ണം അവൻ തിട്ടപ്പെടുത്തുകയും ചെയ്തിരിക്കുന്നു." (വി.ഖു. സൂറ: അൽജിന്ന് 72: 26-28)**

ഗൈബ് - അദൃശ്യജ്ഞാനമായ അല്ലാഹുവിന്റെ മാത്രം അറിവുകളെ ഈ വലിയവന്മാർ യഥേഷ്ടം അറിയുമെന്ന വ്യാജത്തിന്മേലാണ് സൂഫിസവും അനുബന്ധ മുഴുവൻ ത്വരീഖത്തുകളും പടുത്തുയർത്തപ്പെട്ടിട്ടുള്ളത്. കർമനൈരന്തര്യത്താൽ മഹത്വം നേടി അല്ലാഹുവിങ്കൽ സ്ഥാനം നേടിയവരെ മുമ്പിൽ വെച്ച് മുതലെടുക്കുന്ന, പുതിയ പാതകൾ വെട്ടിയിട്ടുള്ളവരുടെ ജൽപനങ്ങളിൽ നിന്ന് രക്ഷപ്പെടാൻ നാം പരിശ്രമിക്കേണ്ടിയിരിക്കുന്നു. ഈമാനും കർമ്മവുമാണ് മനുഷ്യമഹത്വത്തിന്റെ അടിസ്ഥാനശിലകൾ. മഹത്വത്തിന്റെയും വിശുദ്ധിയുടെയും മാനദണ്ഡവും അല്ലാഹുവിങ്കൽ അതുതന്നെയാണ്. അതിന്നു വിരുദ്ധമാണ് മേൽപറഞ്ഞ ജൽപനങ്ങളൊക്കെയും. അല്ലാഹു സന്മാർഗത്തിൽ ചലിക്കാൻ അനുഗ്രഹിക്കട്ടെ.

**അല്ലാഹുവിലുള്ള കറകളഞ്ഞ ഈമാനും അതിനെ സാക്ഷാൽകരിക്കുന്ന ശരീഅത്തനുസരിച്ച രഹസ്യ പരസ്യജീവിതവുമാണ് മഹാന്മാരുടെ ലക്ഷണം. 'തഖ്‌വ' എന്ന സംജ്ഞയിൽ അതു അന്തർലീനമാണ്. കൃത്രിമത്വമില്ലാത്ത കറകളഞ്ഞ ആത്മാർത്ഥമായ വിശ്വാസിയുടെ ശാന്തജീവിതം. പ്രത്യേകമായ ത്വരീഖത്തോ, മഅ്രിഫത്തോ, ഹഖീഖത്തോ എന്നൊക്കെയുള്ള സങ്കീർണതകളിൽ തളച്ചിട്ട വിശ്വാസത്തെ തട്ടുകളാക്കിത്തിരിച്ച് മനുഷ്യനെ വട്ടംകറക്കുന്ന സൂഫിസം തഖ്‌വയല്ല പ്രദാനം ചെയ്യുന്നത്. മതചിട്ടാനിരാസവും ശരീഅത്തനുസരിച്ച ജീവിതക്രമത്തിൽ നിന്നൊളിച്ചോട്ടവുമാണ് അതിന്റെ അനന്തരഫലം.**

സംസ്കാരം

റ്റി. ഇന്ദിരാദേവി
(കെ.എസ്.എസ്.പി.യു സംസ്ഥാന വൈസ് പ്രസിഡണ്ട്)

# അന്ധവിശ്വാസങ്ങളും അനാചാരങ്ങളും: ചില നേർക്കാഴ്ചകൾ

**അന്ധവിശ്വാസങ്ങളുടെ കൂട്ടുപിടിച്ച് വളരുന്ന ബ്ലാക്ക് മെയിലിംഗ് പോലുള്ള പ്രാകൃതമായ ആഭിചാര പ്രവർത്തികളും കേരളത്തിൽ പെരുകിവരുന്നു. ചൊവ്വയിലേക്ക് മംഗൾയാൻ വിക്ഷേപിച്ച് വിജയം ആഘോഷിക്കുമ്പോൾ പോലും നമ്മുടെ എത്രയോ പെൺമക്കൾ ചൊവ്വയെ ഓർത്തു വിലപിക്കുന്നു. ഡോക്ടർമാർ ചികിത്സിച്ച് ഭേദമാക്കേണ്ട പല രോഗങ്ങൾക്കും മലയാളി മന്ത്രവാദിയേയും ജ്യോതിഷിയേയും ആശ്രയിക്കുന്നു. എല്ലാ മതങ്ങളും അത്ഭുത സിദ്ധികളുടെ കഥകൾ അതിശയോക്തി കലർത്തി പ്രചരിപ്പിക്കുന്നു.**

വിശ്വാസം നല്ലതാണ്. പക്ഷേ അത് അന്ധമായാൽ അവിടെ ജീവിതം നശിക്കും. നമ്മുടെ വിശ്വാസം മറ്റൊരാൾ മുതലെടുക്കുന്ന അവസ്ഥ ഭീകരമാണ്. അതിലും ഭീകരമാണ് ഈ ഇരുപത്തിരണ്ടാം നൂറ്റാണ്ടിലും ഇങ്ങിനെയുള്ള മുതലെടുപ്പുകൾക്ക് നാം ഇരകൾ ആകുന്നു എന്നുള്ളത്.

മുലപ്പാലിനൊപ്പം നമ്മൾ ഉൾക്കൊണ്ടതാണ് പ്രേതത്തിന്റെയും യക്ഷികളുടെയും രക്ഷസുകളുടെയും മറ്റും കഥകൾ. മിക്കവാറും എല്ലാ പുരാതന കുടുംബങ്ങളിലും വളരെയധികം ആചാരങ്ങളും വിശ്വാസങ്ങളും ഒക്കെ നിലനിന്നിരുന്നു.

എന്നാൽ ശാസ്ത്ര നേട്ടത്തിലൂടെ ജീവിത സൗകര്യങ്ങളെ കൊയ്തെടുക്കുവാൻ മനുഷ്യന് കഴിഞ്ഞു. ആഗോളവൽക്കരണത്തിന്റെ കുടക്കീഴിൽ അമർന്നു നിന്ന മനുഷ്യന് മുമ്പിൽ കാലവും ദൂരവും ദേശവും മുട്ടു മടക്കി. പ്രകൃതി ശക്തികളെ ദേവി ദേവന്മാരായി ആരാധിച്ചിരുന്ന മനുഷ്യൻ അവയെ കൈപ്പിടിയിൽ ഒതുക്കി. അതോടെ ആചാരങ്ങളും അനുഷ്ഠാനങ്ങളും എല്ലാം മനുഷ്യന്റെ മുമ്പിൽ മുട്ടു മടക്കി.

ഇന്നും മന്ത്രവാദവും, മന്ത്രവാദ ചികിത്സയും മറ്റ് അന്ധവിശ്വാസങ്ങളും ദൃഢമായിക്കൊണ്ട് നടക്കുന്ന ഒരു കൂട്ടർ ഇവിടെയുണ്ട്. അത് ഹിന്ദു മതത്തിൽ മാത്രമല്ല. മുസ്‌ലിം സമുദായത്തിലും ക്രൈസ്തവ സമുദായത്തിലും ഉണ്ട്. ഈ അടുത്തിടെ പത്തനംതിട്ടയിലെ ഒരു പെൺകുട്ടി മന്ത്രവാദ ചികിത്സയിലൂടെ മരണപ്പെട്ട സംഭവം ഇപ്പോഴും നമ്മുടെ കൺമുമ്പിലുണ്ട്. ബീഹാറിൽ ബാധയുടെ പേരിൽ അടിച്ചു കൊന്ന കുട്ടികളുടെ നിലവിളികൾ ഇങ്ങ് കേരളത്തിലുള്ള നമ്മുടെ കാതിലും മുഴങ്ങുന്നു. ഭർത്താവ് മരിച്ച സ്ത്രീകളെ വൃന്ദാവനത്തിൽ നട തള്ളുന്ന സംസ്കാരം നിലവിലുള്ള സംസ്ഥാനങ്ങളും നമ്മുടെ ഭാരതത്തിൽ ഉണ്ട്.

അന്ധവിശ്വാസങ്ങളുടെ കൂട്ടുപിടിച്ച് വളരുന്ന ബ്ലാക്ക് മെയിലിംഗ് പോലുള്ള പ്രാകൃതമായ ആഭിചാര പ്രവർത്തികളും കേരളത്തിൽ പെരുകിവരുന്നു. ചൊവ്വയിലേക്ക് മംഗൾയാൻ വിക്ഷേപിച്ച് വിജയം ആഘോഷിക്കുമ്പോൾ പോലും നമ്മുടെ എത്രയോ പെൺമക്കൾ ചൊവ്വയെ ഓർത്തു വിലപിക്കുന്നു. ഡോക്ടർമാർ ചികിത്സിച്ച് ഭേദമാക്കേണ്ട പല രോഗങ്ങൾക്കും മലയാളി മന്ത്രവാദിയേയും ജ്യോതിഷിയേയും ആശ്രയിക്കുന്നു. എല്ലാ മതങ്ങളും അത്ഭുത സിദ്ധികളുടെ കഥകൾ അതിശയോക്തി കലർത്തി പ്രചരിപ്പിക്കുന്നു.

എന്നാൽ 500 വർഷങ്ങൾക്കു മുൻപ് നമ്മുടെ ഋഷിശ്വരന്മാർ പറഞ്ഞുവെച്ചിട്ടുള്ളത് നോക്കൂ.

**"നായം ജനോമേ സുഖദുഃഖഹേതുർ-**
**ന ദേവതാത്മാ ഗ്രഹകർമ്മകാലാ**
**മനഃപുരം കാരണ മാമനന്തി**
**സംസാരചക്രം പരിവർത്തയേദ്യത്"**

*(ഭാഗവതം 11, 23, 24)*



**നാം എല്ലാത്തിനേയും ഭയപ്പെടുന്നു. എന്തെല്ലാമോ പ്രശ്നങ്ങൾ ഉണ്ടെന്ന് വിചാരിക്കുന്നു, നാളെയെന്നത് ഉപബോധ മനസിന്റെ ഒരു ചോദ്യചിഹ്നമാണ്. ജീവിതത്തിൽ സുഖവും ദുഃഖവും ഉണ്ട്. നല്ലതും ചീത്തയും ഉണ്ട്. ഉയർച്ചയും താഴ്ചയുമുണ്ട്. പ്രശ്നങ്ങളും പരിഹാരങ്ങളും ഉണ്ട്. പലതും വരും, വന്നപോലെ പോകുകയും ചെയ്യും.**

മനുഷ്യർ എന്നും സുഖദുഃഖങ്ങൾ എന്ന ദ്വന്ദ ഭാവത്തിൽ നിൽക്കുന്നവൻ ആണ്. ഒരു ദേവതയ്ക്കോ, കാലത്തിനോ, ഗ്രഹത്തിനോ അതിൽ ഒന്നും ചെയ്യാനില്ല. എല്ലാത്തിനും കാരണം അവന്റെ മനസ്സാണ്. ആ മനസ്സിനെ മനസ്സിലാക്കാൻ കഴിഞ്ഞാൽ ഈ സംസാര ദുഃഖത്തിൽ നിന്നും കര കയറാം.

നാം ജീവിക്കുന്നത് 21-ാം നൂറ്റാണ്ടിലാണ്. വൈദിക കാലഘട്ടത്തിലല്ല. യാഗങ്ങളുടെ പേരിൽ കോടിക്കണക്കിനു രൂപ ദുർവ്യയം ചെയ്യുന്നത് സംസ്കാരത്തിന് ഭൂഷണം അല്ല. എല്ലാം ബിസിനസ്സുപോലെ കാണുന്ന ഇന്നത്തെ ഭക്തിയിൽ ഏത് ദൈവമാണ് പ്രസാദിക്കുന്നത്. ക്ഷേത്രങ്ങളിൽ ആനകളെക്കൊണ്ട് ഉത്സവം നടത്തുമ്പോൾ ആ മൃഗം അനുഭവിക്കുന്ന വേദനയും ദുഃഖവും എന്തേ നാം തിരിച്ചറിയാത്തത്.

പുരാതന ഭരതത്തിലെ എല്ലാ ആചാരവിചാര വിശ്വാസ പ്രമാണങ്ങളും അതേ പ്രകാരം ജീവിതത്തിൽ പകർത്താനാവില്ല. അതിന് ശ്രമിക്കുകയും അരുത്. സനാതന ധർമ്മം മാറ്റങ്ങളെ സ്വീകരിക്കുന്നു. മാറ്റങ്ങൾ ഉൾക്കൊള്ളാൻ കെൽപ്പുള്ളതുകൊണ്ടാണ് ഇതിന് സനാതന ധർമ്മം എന്നു പറയുന്നത്.

നാം എല്ലാത്തിനേയും ഭയപ്പെടുന്നു. എന്തെല്ലാമോ പ്രശ്നങ്ങൾ ഉണ്ടെന്ന് വിചാരിക്കുന്നു, നാളെയെന്നത് ഉപബോധമനസിന്റെ ഒരു ചോദ്യ ചിഹ്നമാണ്. ജീവിതത്തിൽ സുഖവും ദുഃഖവും ഉണ്ട്. നല്ലതും ചീത്തയും ഉണ്ട്. ഉയർച്ചയും താഴ്ചയുമുണ്ട്. പ്രശ്നങ്ങളും പരിഹാരങ്ങളും ഉണ്ട്. പലതും വരും, വന്നപോലെ പോകുകയും ചെയ്യും.

ഭാരത ചരിത്രത്തിൽ എ.ഡി. 995-നു ശേഷം ഇത്രയും സ്വസ്ഥത നിറഞ്ഞ ഒരു കാലഘട്ടം ഉണ്ടായിട്ടില്ല. ഇന്ന് നമുക്ക് എല്ലാവിധ സുഖ സൗകര്യങ്ങളും ഉണ്ട്. എന്നിട്ടും നമുക്ക് ആഗ്രഹങ്ങൾക്ക് അവസാനമില്ല.

നമുക്ക വേണ്ടത് സംതൃപ്തമായി ജീവിക്കാനുള്ള ഒരു മനസ്സാണ്. അതിനു ആവശ്യങ്ങൾക്ക് പരിധി വയ്ക്കുക. അപ്പോൾ ആഗ്രഹങ്ങൾ കുറയും. ധാർമ്മികതയ്ക്ക് പ്രാധാന്യം കൊടുക്കുമ്പോൾ ജീവിതം ധന്യമാകും. പൂർവ്വിക പൈതൃക നന്മകളും ആധുനിക നന്മകളും ചേർത്ത് നമുക്ക് സമൃദ്ധമായ ഒരു മൂല്യാധിഷ്ഠിത ജീവിതം നയിക്കാൻ സാധിക്കണം.

*(കടപ്പാട്: സർവീസ് പെൻഷണർ മാസിക 2015 ഫെബ്രുവരി)*

കർമ്മഭൂമിക

എ.എ. സുല്ലമി

# പർദ്ദയും കുറെ സങ്കൽപങ്ങളും

**ജിൽബാബിന് പർദ്ദ എന്നർത്ഥം നൽകുന്നതിനെയും മുറൂത്വിന് പുതപ്പ് എന്നർത്ഥം നൽകുന്നതിനെയും ഞാൻ വിമർശിച്ചിട്ടില്ല. ഇന്നും ഈ അർത്ഥങ്ങൾ ഞാൻ അംഗീകരിക്കുന്നു. ഈ അർത്ഥം മാത്രം നൽകുന്നതിനെയാണ് ഞാൻ എതിർക്കുന്നത്. ഒരു വിഷയത്തിൽ തർക്കമുണ്ടാകുന്ന സന്ദർഭത്തിലാണ് അതിനെ കുറിച്ച് പണ്ഡിതൻമാർ ആഴത്തിൽ പഠിക്കുക. ചേകനൂർ മൗലവി രംഗത്തു വന്നപ്പോഴാണ് നാം ഹദീസിന്റെ പ്രാമാണികതയെ കുറിച്ചും സനദിനെ കുറിച്ചും വിശാലമായി പഠിക്കുവാൻ തുടങ്ങിയത്.**


ശബാബിലെ എന്റെ ലേഖനത്തിന് അൻവർ ഫാറൂഖി എഴുതിയ ലേഖനം വായിച്ചു. അത് പണ്ഡിതന്മാർക്കും അയച്ചു കൊടുത്തിട്ടുണ്ടെന്നും ലേഖകൻ പറയുന്നു. എന്റെ ലേഖനത്തിനുള്ള മറുപടി ഞാൻ തന്നെ എഴുതുന്നതാണ് മര്യാദ. ഇതൊരു പ്രധാനപ്പെട്ട തർക്കവിഷയം ആകുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഞാൻ അവതരിപ്പിച്ച വിഷയം എന്താണെന്ന് പോലും ഗ്രഹിക്കാതെ എന്നെ ഖണ്ഡിക്കാനായി മാത്രം എഴുതിയതാണോ ഈ മറുപടി എന്ന് സംശയിച്ചു പോകുന്നു. പർദ്ദ എന്നത് കൊണ്ട് ഇന്ന് ഉദ്ദേശിക്കുന്ന പർദ്ദയേതോ അത് ധരിക്കുന്ന സ്ത്രീകൾക്ക് ധരിക്കാം. സൂറ: അഹ്സാബിലെ 59-ാം ആയത്തിൽ പറഞ്ഞ ജിൽബാബിനെ ഇന്നത്തെ പർദ്ദ എന്നും അർത്ഥം നൽകുന്നതിന് വിരോധമില്ല. എന്നാൽ ജിൽബാബിന്റെ ഉദ്ദേശ്യം അതുമാത്രമാണ്. ഈ രീതിയിലുള്ള പർദ്ദ ധരിക്കൽ മാത്രമാണ് മുസ്‌ലിം സ്ത്രീകളുടെ വേഷം. മറ്റുള്ളവയെല്ലാം അമുസ്‌ലിംകളുടെ വേഷമാണ്. അതിനാൽ ഈ രീതിയിലുള്ള പർദ്ദ മാത്രം ധരിക്കലാണ് നിർബന്ധം. അതു തന്നെ കറുത്ത നിറമായിരിക്കണം. സഹാബി സ്ത്രീകൾ പുറത്ത് ഇറങ്ങുമ്പോൾ ഈ രീതിയിലുള്ള കറുത്ത പർദ്ദ മാത്രമാണ് ധരിച്ചിരുന്നത്. സാരിയും മറ്റും ധരിക്കൽ അനിസ്‌ലാമികമാണ്. എന്നെല്ലാം പറയുന്നതിനെയാണ് ഞാൻ എന്റെ ലേഖനത്തിൽ വിമർശിച്ചിട്ടുള്ളത്. ജിൽബാബിന് ഞാൻ മുമ്പ് എഴുതിയ പുസ്തകങ്ങളിൽ പർദ്ദ എന്നും മുറൂത്വിന് പുതപ്പ് എന്നുമാണ് അർത്ഥം നൽകിയിരുന്നത്. ഇപ്പോൾ ഈ അർത്ഥത്തിൽ നിന്ന് ഞാൻ പിൻമാറിയിരിക്കുന്നു. ഇതാണ് ലേഖനത്തിലെ പ്രധാന വിഷയം.

എന്നാൽ ജിൽബാബിന് പർദ്ദ എന്നർത്ഥം നൽകുന്നതിനെയും മുറൂത്വിന് പുതപ്പ് എന്നർത്ഥം നൽകുന്നതിനെയും ഞാൻ വിമർശിച്ചിട്ടില്ല. ഇന്നും ഈ അർത്ഥങ്ങൾ ഞാൻ അംഗീകരിക്കുന്നു. ഈ അർത്ഥം മാത്രം നൽകുന്നതിനെയാണ് ഞാൻ എതിർക്കുന്നത്. ഒരു വിഷയത്തിൽ തർക്കമുണ്ടാകുന്ന സന്ദർഭത്തിലാണ് അതിനെ കുറിച്ച് പണ്ഡിതൻമാർ ആഴത്തിൽ പഠിക്കുക. ചേകനൂർ മൗലവി രംഗത്തു വന്നപ്പോഴാണ് നാം ഹദീസിന്റെ പ്രാമാണികതയെ കുറിച്ചും സനദിനെ കുറിച്ചും വിശാലമായി പഠിക്കുവാൻ തുടങ്ങിയത്. വിവാഹമോചനം ചെയ്ത സ്ത്രീക്ക് മതാഅ് നൽകുന്നതിൽ സുപ്രീം കോടതി വിധി വന്നപ്പോൾ മതാഇനെ കുറിച്ച് നാം പഠിക്കുവാൻ തുടങ്ങിയത് മറ്റൊരു ഉദാഹരണമാണ്. പണ്ട് പഠിച്ചത് യാതൊന്നും മറക്കുകയുമില്ല, പുതിയതായി യാതൊന്നും പഠിക്കുകയുമില്ല എന്ന നയം സ്വീകരിച്ചവർക്കാണ് അഭിപ്രായത്തിൽ യാതൊരു മാറ്റവും ഇല്ലാതിരിക്കുക. എനിക്ക് ഈ വിഷയത്തിൽ മാറ്റം സംഭവിച്ചിട്ടില്ലെന്ന് വീണ്ടും ഉണർത്തുന്നു. പർദ്ദകൊണ്ട് ഞാൻ ഉദ്ദേശിക്കുന്നതു ഇന്നത്തെ പർദ്ദ മാത്രമല്ലെന്ന് ഇന്നത്തെ തർക്കം ഉണ്ടാകുന്നതിന് എത്രയോ മുമ്പ് തന്നെ 'ഖുർആനിന്റെ വെളിച്ചം' എന്ന എന്റെ ഖുർആൻ പരിഭാഷയിൽ സ്ത്രീകൾ പുറത്തിറങ്ങുമ്പോൾ ജിൽബാബ് ധരിക്കണമെന്ന് പറയുന്ന അഹ്സാബ്: 59-ാം സൂക്തത്തിന്റെ വ്യാഖ്യാനത്തിൽ എഴുതിയത് ശബാബിലെ ലേഖനത്തിൽ എടുത്തു കാണിക്കുകയും ചെയ്തിരുന്നു. പാക്കിസ്ഥാനിലെ മുസ്‌ലിം സ്ത്രീകൾ ധരിക്കുന്നത് സിൽവാറും ഖമീസുമാണ്. അവർ മുഖം മറക്കാറുമില്ല. ഇന്തോനേഷ്യയിലെയും മലേഷ്യയിലേയം സ്ത്രീകൾ ധരിക്കുന്നത് ഫാൻസും കുപ്പായവുമാണ്. മുഖം

അവർ മറക്കാറില്ല. എന്നാൽ ഇവരെല്ലാം ശിരോ വസ്ത്രം (മുഖമക്കന) ധരിക്കാറുമുണ്ട്. ഇവരുടെ വേഷവും ആയതിന്റെ പരിധിയിൽ വരുന്നതാണ്. ഈ മുസ്‌ലിം രാഷ്ട്രങ്ങളിലെ ഉലമാക്കൾ ആയത്തിനെ അവഗണിച്ചവരുമല്ല. ഇതു പറയുവാൻ വേണ്ടി മാത്രമാണ് ഈ രാഷ്ട്രങ്ങളെ എന്റെ ഖുർആൻ പരിഭാഷയിലും ശബാബിലെ ലേഖനത്തിലും എടുത്തു കാണിച്ചത്. പ്രമാണം എന്ന നിലക്കല്ല.

ഡോ: ഹുസൈൻ മടവൂർ എഴുതുന്നു: പർദ്ദയെ കുറിച്ചുള്ള വിവാദം അനവസരത്തിലുള്ളതും അനാവശ്യവുമാണ്. യഥാർത്ഥത്തിൽ പർദ്ദയെന്ന പേരുതന്നെ ഖുർആനിലോ ഹദീസിലോ ഇല്ല. ആ വാക്ക് വന്നത് ഉർദു ഭാഷയിൽ നിന്നാണ്. ഖുർആൻ ഉപയോഗിച്ച വാക്ക് ഹിജാബ് എന്നാണ്. അതിന്റെ അർത്ഥം മറ എന്നാണ്. സ്ത്രീയുടെ ശരീര സൗന്ദര്യം അന്യരുടെ മുമ്പിൽ പ്രകടിപ്പിക്കാത്ത നേരിയതും ഇറുകിയതുമല്ലാത്ത വസ്ത്രം ഇതു സാരിയോ ചുരിദാറോ പാവാടയോ ബ്ലൗസോ എന്തായാലും വിരോധമില്ല. ഓരോരോ നാട്ടിലും ഓരോ രീതിയുണ്ട്. മുസ്‌ലിംകൾ കൂടുതലുള്ള ഇന്തോനേഷ്യ, ബംഗ്ലാദേശ്, പാക്കിസ്ഥാൻ എന്നീ രാജ്യങ്ങളിലെ സ്ത്രീകൾ ധരിക്കുന്നത് അറബികൾ ധരിക്കുന്ന പോലെയുള്ള പർദ്ദയല്ല.. (ആരാമം മാസിക : 2015 ജനുവരി പേജ്: 8)

ഇത്തരം തെളിവുകൾ പോലും ഞാൻ അവലംബിച്ചിട്ടില്ല. അപ്പോൾ എന്തിനാണ് പ്രമാണത്തിന്റെ കാര്യം പറയുന്നത്. ജിൽബാബിന് ഖമീസ് (കുപ്പായം) വിശാല വസ്ത്രം, മിൽഹഫത്ത് (അരക്കച്ച) വസ്ത്രത്തിന്റെ മുകളിൽ ധരിക്കുന്ന വസ്ത്രം, ഖിമാർ (ശിരോ വസ്ത്രം) ഇസാറ് (തുണി) മുതലായ അർത്ഥങ്ങൾ മുസ്‌ലിം ലോകം അംഗീകരിക്കുന്ന നിഘണ്ടുവിൽ നൽകിയത് ഞാൻ എന്റെ ലേഖനത്തിൽ ഉദ്ധരിക്കുകയുണ്ടായി. ലേഖകൻ ഇതിനെ



നിഷേധിക്കുന്നില്ല. പ്രത്യുത എന്നോട് ചില ചോദ്യങ്ങൾ ഉന്നയിക്കുകയാണ് ചെയ്യുന്നത്. ഒരു സ്ത്രീ തുണി മാത്രം ധരിച്ച് പുറത്തിറങ്ങി നടക്കാമോ? കുപ്പായം മാത്രം ധരിച്ച് നടക്കാമോ? മുഖമക്കന (ശിരോവസ്ത്രം) മാത്രം ധരിച്ച് നടക്കാമോ? എന്നിങ്ങനെ.

നമുക്കും ചില ചോദ്യങ്ങളുണ്ട്. 1. അല്ലാഹു നിർദേശിച്ച ജിൽബാബിന്റെ പരിധിയിൽ നമസ്ക്കാര കുപ്പായം പോലെ നീണ്ട കുപ്പായം ഉൾപ്പെടുമെന്ന് ലേഖകൻ സമ്മതിക്കണം. എന്നാൽ നമസ്ക്കാര കുപ്പായം പോലെ നീണ്ട കുപ്പായം മാത്രം ധരിച്ച് തലമറക്കാതെ ഒരു മുസ്‌ലിം സ്ത്രീക്ക് പുറത്തിറങ്ങി നടക്കാമോ? ഇന്നത്തെ നമസ്ക്കാര കുപ്പായത്തിന്റെ കൂടെ തുണിപിടിപ്പിച്ചതല്ല മുഖമക്കന. അതു രണ്ടാം വസ്ത്രമാണ്. 2. ഇന്നത്തെ സ്ത്രീകൾ ധരിക്കുന്ന പർദ്ദ ജിൽബാബിന്റെ പരധിയിൽ വരുമെന്ന് ലേഖകനും പറയുന്നു. അപ്പോൾ തലമുടി മറക്കാതെ പർദ്ദ മാത്രം ധരിച്ച് നടക്കാമോ? ഇന്നത്തെ പർദ്ദയുടെ കൂടെ തുണിപിടിപ്പിച്ച ശിരോ വസ്ത്രം ഉള്ളതെല്ല ഇന്നുള്ള പർദ്ദ. 3. വസ്ത്രത്തിന്റെ മേൽ ധരിക്കുന്ന വസ്ത്രം ജിൽബാബിന്റെ പരിധിയൽ വരുമെന്ന് ലേഖകൻ സമ്മതിക്കുന്നു. അപ്പോൾ തല മറക്കാതെ ഈ വസ്ത്രം മാത്രം ധരിച്ച് നടക്കാമോ? ലേഖകന്റെ

മറുപടി ശിരോവസ്ത്രം കൂടെ തുന്നിച്ചേർത്ത വസ്ത്രത്തിന് മാത്രമേ നമസ്ക്കാര കുപ്പായം, നീണ്ട കുപ്പായം, പർദ്ദ, വസ്ത്രത്തിന്റെ മേൽ ധരിക്കുന്ന വസ്ത്രം എന്ന് പറയുകയുള്ളൂ എന്നതായിരിക്കും. എന്നാൽ ജിൽബാബിന്റെ(പർദ്ദ)യുടെ അർത്ഥം ഇതാണെന്ന് ഖുർആൻ കൊണ്ടും ഹദീസ് കൊണ്ടും ആധികാരിക നിഘണ്ടു കൊണ്ടും ലേഖകൻ തെളിയിക്കണം.

വിശുദ്ധ ഖുർആനിൽ സ്ത്രീകൾ പുറത്തിറങ്ങി നടക്കുമ്പോൾ ധരിക്കുവാൻ പറയുന്ന ജിൽബാബിന്റെ അർത്ഥം വിവരിച്ച കൊണ്ടു ലിസാനുൽ അറബിൽ ഇപ്രകാരമെല്ലാം അർത്ഥം നൽകിയിട്ടുണ്ടെന്ന് ഞാൻ ഒരിക്കലും എഴുതിയുട്ടുമില്ല. അറബീ ഭാഷയിൽ ജിൽബാബിന് ഈ അർത്ഥങ്ങൾ നിഘണ്ടുവിൽ നൽകിയിട്ടുണ്ടെന്നാണ് എഴുതിയത്. സ്ത്രീകൾ പുറത്തിറങ്ങി നടക്കുമ്പോൾ ധരിക്കുവാൻ പറയുന്ന ജിൽബാബിലും ഉദ്ദേശ്യം മുഖവും ഇരു കൈപടങ്ങളും കാൽപാദങ്ങളും ഒഴിച്ച് ശരീരഭാഗങ്ങൾ മുഴുവൻ മറക്കുന്ന വസ്ത്ര ധാരണയാണെന്നാണ് പല സ്ഥലങ്ങളിലും ലേഖനത്തിൽ എഴുതിയിട്ടുള്ളത്. ഇതിന്ന് എനിക്കുള്ള തെളിവ് നിഘണ്ടുവിൽ ജിൽബാബിന് ഇപ്രകാരം അർത്ഥം നൽകിയതല്ല. പ്രത്യുത സൂറ: അന്നൂറിൽ മുഖവും കൈപടങ്ങളും ബാഹ്യസൗന്ദര്യത്തിൽ ഉൾപ്പെടുമെന്ന് പ്രസ്താവിച്ചതാണ്.

ഖുർആൻ ഗ്രഹിച്ച സഹാബി വനിതകൾ പുറത്തിറങ്ങി നടക്കുമ്പോൾ മുഖവും കൈ പടങ്ങളും കാൽപാദങ്ങളും മാത്രം പുറത്തു കാണിച്ച് ബാക്കിയുള്ള ശരീരത്തിലെ ഭാഗങ്ങളെല്ലാം മറച്ചു കൊണ്ടായിരുന്നുവെന്നും ഹദീസുകളിൽ പ്രസ്താവിച്ചതുമാണ്. മുഖവും കൈപടങ്ങളും കാൽപാദങ്ങളും ഒഴികെ ശരീരഭാഗങ്ങൾ മുഴുവൻ മറക്കുന്ന വസ്ത്രം ഒറ്റ വസ്ത്രംതന്നെയായിരിക്കണം. എന്നാൽ മാത്രമേ ജിൽബാബ് (പർദ്ദ) എന്ന് പറയുകയുള്ളൂ. രണ്ടും മൂന്നും നാലും വസ്ത്രങ്ങളാണെങ്കിൽ ജിൽബാബ് (പർദ്ദ) എന്നു പറയുകയില്ല എന്ന ബാലിശ വാദവും എനിക്കില്ല. കാരണം ഈ വാദത്തിന് ഖുർആന്റെയോ ഹദീസിന്റെയോ അറബീ ഭാഷയിലുള്ള ഒരു നിഘണ്ടുവിൽ എങ്കിലും പിൻബലമില്ല. ഒരു വിഷയം വിശുദ്ധ ഖുർആനിൽ ഒരു ആയത്തിൽ പറയണമെന്നില്ല. വിവിധ സൂക്തങ്ങളിൽ പറയുന്നതാണ്. ഈ സത്യത്തെ നിഷേധിക്കേണ്ടതില്ല. ജിൽബാബിന് നിഘണ്ടുകളിൽ കുപ്പായം, ശിരോവസ്ത്രം, തുണി, തട്ടം മുതലായ അർത്ഥങ്ങൾ നൽകിയതിന്റെ ഉദ്ദേശ്യം ഒന്ന് തന്നെയാണ്. അതിന്റെ എല്ലാം ഉദ്ദേശ്യം നീണ്ട കുപ്പായം, വസ്ത്രത്തിന്റെ മേൽ ധരിക്കുന്ന വസ്ത്രം എന്നതാണ്. മറുപടിപോലും അർഹിക്കുന്നില്ല ഇതിന്. ഹദീസിൽ വന്ന പദങ്ങളുടെ അർത്ഥം ഗ്രഹിക്കുവാൻ മുസ്‌ലിം ലോകം അടിസ്ഥാനമാക്കുന്ന നിഹായ: എന്ന നിഘണ്ടുവിൽ ജിൽബാബിന് ഇസാർ വറിദാഅ് (തുണിയും തട്ടവും) എന്നർത്ഥം ഗ്രന്ഥകാരന്റെ തന്നെ അർത്ഥമായി ഉദ്ധരിച്ച ശേഷമാണ് ഖീല(പറയപ്പെടുന്ന) എന്ന് പ്രഖ്യാപിച്ച ശേഷം സ്ത്രീ അവളുടെ തലയും മുതുകും നെഞ്ചും മറക്കുന്ന നിലക്ക് ധരിക്കുന്ന വസ്ത്രം എന്ന് പറയുന്നത്. തുണിയുടെയും തട്ടത്തിന്റെയും എല്ലാം അർത്ഥം വസ്ത്രത്തിന്റെ മേൽ ധരിക്കുന്ന വസ്ത്രം എന്നതാണെങ്കിൽ തുണി എന്നോ തട്ടം എന്നോ നൽകിയാൽ മതി. രണ്ടു പാദവും കൂട്ടിച്ചേർത്തു പറയേണ്ടതുമില്ല. മറ്റൊരു നിഘണ്ടുവായ ലിസാനുൽ അറബിൽ ജിൽബാബിന് കുപ്പായം തുന്നി എന്നീ അർത്ഥങ്ങൾ ഗ്രന്ഥ കർത്താവിന്റെ തന്നെ അർത്ഥമായി ഉദ്ധരിച്ച ശേഷമാണ് ഖീല (പറയപ്പെടുന്നു) എന്ന് പറഞ്ഞു കൊണ്ടാണ് തട്ടം, ശിരോവസ്ത്രം, വസ്ത്രത്തിന്റെ മുകളിൽ ധരിക്കുന്ന വസ്ത്രം, വിശാല വസ്ത്രം മുതലായ അർത്ഥങ്ങൾ നിൽകുന്നത്. എല്ലാറ്റിന്റെയും അർത്ഥം ഒന്ന് തന്നെയാണെങ്കിൽ നീണ്ട വസ്ത്രം എന്നോ വസ്ത്രത്തിന്റെ മുകളിൽ ധരിക്കുന്ന വസ്ത്രം എന്നോ നൽകിയാൽ മതി. ഖീല എന്നു പറഞ്ഞു നിഘണ്ടുവിൽ നൽകിയ അർത്ഥങ്ങൾ വിവരിച്ചുകൊണ്ടും ഇവരുടെ പിഴവ് വ്യക്തമാക്കുവാൻ നമുക്ക് സാധി

**ഖുർആൻ ഗ്രഹിച്ച സഹാബി വനിതകൽ പുറത്തിറങ്ങി നടക്കുമ്പോൾ മുഖവും കൈ പടങ്ങളും കാൽപാദങ്ങളും മാത്രം പുറത്തു കാണിച്ച് ബാക്കിയുള്ള ശരീരത്തിലെ ഭാഗങ്ങളെല്ലാം മറച്ചു കൊണ്ടായിരുന്നുവെന്നും ഹദീസുകളിൽ പ്രസ്താവിച്ചതുമാണ്. മുഖവും കൈപടങ്ങളും കാൽപാദങ്ങളും ഒഴികെ ശരീരഭാഗങ്ങൾ മുഴുവൻ മറക്കുന്ന വസ്ത്രം ഒറ്റ വസ്ത്രംതന്നെയായിരിക്കണം. എന്നാൽ മാത്രമേ ജിൽബാബ് (പർദ്ദ) എന്ന് പറയുകയുള്ളൂ. രണ്ടും മൂന്നും നാലും വസ്ത്രങ്ങളാണെങ്കിൽ ജിൽബാബ് (പർദ്ദ) എന്നു പറയുകയില്ല എന്ന ബാലിശ വാദവും എനിക്കില്ല. കാരണം ഈ വാദത്തിന് ഖുർആന്റെയോ ഹദീസിന്റെയോ അറബീ ഭാഷയിലുള്ള ഒരു നിഘണ്ടുവിൽ എങ്കിലും പിൻബലമില്ല.**

ക്കുന്നതാണ്. ജിൽബാബിന് ഖിമാർ (മുഖമക്കന) എന്നർത്ഥം നൽകിയത് മാത്രം പരിശോധിക്കാം. സൂറ: അന്നൂറിൽ അല്ലാഹു പറയുന്നു: 'അവരുടെ ഖിമാറുകൾ (ശിരോവസ്ത്രം) അവരുടെ മാർ വിടത്തിലൂടെ അവർ താഴ്ത്തിയിട്ടുകൊള്ളട്ടെ.' ഈ നിർദ്ദേശം തന്നെയാണ് സൂറ: അഹ്സാബിൽ ജിൽബാബ് ധരിക്കുവാൻ പറഞ്ഞതിന്റെ ഉദ്ദേശ്യമെന്ന് സ്ത്രീകൾ കറുത്ത വസ്ത്രം ധരിക്കണമെന്ന് പറയുവാൻ അല്ലെങ്കിൽ കറുത്ത വസ്ത്രം ധരിക്കൽ അനുവദനീയമാണെന്ന് സ്ഥാപിക്കുവാൻ ഇവർ തെളിവ് പിടക്കുന്നത്.

ഹദീസിൽ പ്രഖ്യാപിക്കുന്നത്. ഖിമാറ് ധരിക്കുന്ന രീതി ഇബ്നു ഹജർ(റ) ബുഖാരിയുടെ വ്യാഖ്യാന ഗ്രന്ഥമായ ഫത്ഹുൽ ബാരിയിൽ വിവരിക്കുന്നതും പ്രത്യേകം ശ്രദ്ധിക്കുക. "ഖിമാറ് ധരിക്കുന്നതിന്റെ രീതി അതിനെ തലയിൽ ആക്കി അതിന്റെ ഭാഗം വലതു ഭാഗത്തേക്ക് ഇട്ട് ഇടത്തെ ചുമലിൽ ആക്കലാണ് (ഫത്ഹുൽ ബാരി: 10-511)

ശ്രേഷ്ഠ വനിതകളായ സ്വഹാബി വനിതകൾ അവരുടെ സാരി ചുറ്റിക്കൊണ്ട് നമസ്ക്കരിക്കുവാൻ വന്നിരുന്നുവെന്ന് പറയുന്ന ഹദീസിൽ മറൂത്വിന് സാരി എന്ന് ഞാൻ അർത്ഥം നൽകിയതാണ് ഞാൻ അവസരവാദിയാണെന്ന് സ്ഥാപിക്കുവാൻ ലേഖകൻ പ്രധാനമായും തെളിവ് പിടിക്കുന്നത്. ഞാൻ എന്റെ ബുഖാരിയുടെ പരിഭാഷയിൽ ആദ്യം പട്ടിന്റെ പുതപ്പ് എന്നാണ് അർത്ഥം നൽകിയത്. ഇതാണ് ഇദ്ദേഹത്തിന്റെ വിമർശനം. ഈ അർത്ഥത്തെ ഞാൻ ഇപ്പോഴും അംഗീകരിക്കുന്നു. മുറൂത്വ് എന്ന പദത്തിന് തുന്നാത്ത എല്ലാ തരം വസ്ത്രം എന്ന് ലിസാനുൽ അറബിൽ തന്നെ അർത്ഥം നൽകിയതു ഞാൻ ഉദ്ധരിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിലാണ് പുതപ്പ്, സാരി എന്നീ അർത്ഥങ്ങൾ നൽകുന്നത്. പർദ്ദ തുന്നാത്ത വസ്ത്രമാണോ? അൽ മൻഹൽ പ്രമാണമായിട്ടല്ല

**ശ്രേഷ്ഠ വനിതകളായ സ്വഹാബി വനിതകൾ അവരുടെ സാരി ചുറ്റിക്കൊണ്ട് നമസ്ക്കരിക്കുവാൻ വന്നിരുന്നുവെന്ന് പറയുന്ന ഹദീസിൽ മറൂത്വിന് സാരി എന്ന് ഞാൻ അർത്ഥം നൽകിയതാണ് ഞാൻ അവസരവാദിയാണെന്ന് സ്ഥാപിക്കുവാൻ ലേഖകൻ പ്രധാനമായും തെളിവ് പിടിക്കുന്നത്. ഞാൻ എന്റെ ബുഖാരിയുടെ പരിഭാഷയിൽ ആദ്യം പട്ടിന്റെ ചുതപ്പ എന്നാണ് അർത്ഥം നൽകിയത്. ഇതാണ് ഇദ്ദേഹത്തിന്റെ വിമർശനം. ഈ അർത്ഥത്തെ ഞാൻ ഇപ്പോഴും അംഗീകരിക്കുന്നു. മുറൂത്വ് എന്ന പദത്തിന് തുന്നാത്ത എല്ലാ തരം വസ്ത്രം എന്ന് ലിസാനുൽ അറബിൽ തന്നെ അർത്ഥം നൽകിയതു ഞാൻ ഉദ്ധരിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിലാണ് പുതപ്പ്, സാരി എന്നീ അർത്ഥങ്ങൾ നൽകുന്നത്.**

പ്രത്യുത പിൻബലം എന്ന നിലക്കു മാത്രമാണ് ഞാൻ ഉദ്ധരിച്ചത്. ജിന്നുവാദികൾ ഇറക്കിയ പരിഭാഷയിൽ ചുറ്റിപ്പുതച്ച് കൊണ്ട് എന്ന് അർത്ഥം നൽകിയതും എം.സി.സി. അഹമ്മദ് മൗലവി പട്ടിന്റെ തട്ടം പുതച്ചു കൊണ്ടും എന്ന് എഴുതിയതും ഞാൻ ഉദ്ധരിച്ചിരുന്നു. ഇന്നത്തെ പർദ്ദ ശരീരത്തിൽ ചുറ്റിപ്പുതക്കുന്നത് എങ്ങിനെയാണെന്നും ലേഖകൻ വിവരിച്ചു തരണം. സാരി എന്നതു അറബി പദമല്ല. അതിനാൽ അറബി നിഘണ്ടുവിൽ സാരി എന്നർത്ഥം നൽകിയതു കാണിച്ചു തരാൻ സാധ്യമല്ല. തുന്നാത്ത എല്ലാ വസ്ത്രവും എന്ന് അർത്ഥം നൽകിയത് കാണിച്ചു തരാം. സഹാബി വനിതകൾ മുഖമക്കനയും കുപ്പായവും തുണിയും ധരിച്ചിരുന്നുവെന്ന് ഞാൻ വ്യക്തമാക്കിയതിനെ ലേഖകനും അംഗീകരിക്കുന്നു. എന്നാൽ ഇദ്ദേഹം പറയുന്നത് അതു വീട്ടിൽ വെച്ചായിരുന്നുവെന്നാണ്. വീട്ടീൽ വെച്ചും കിടപ്പറയിൽ വെച്ചും സ്ത്രീകൾ ശിരേവസ്ത്രം ധരിക്കണമെന്ന വാദം എനിക്കില്ല. ശിരോവസ്ത്രം ധരിക്കുവാൻ ഖുർആൻ സ്ത്രീകളോട് കൽപിക്കുന്നതു അവർ പുറത്തിറങ്ങി സഞ്ചരിക്കുന്ന സന്ദർഭങ്ങളിലാണ്. കിടപ്പറയിൽ വെച്ച് നഗ്നത പോലും അവർക്ക് വെളിവാക്കാം.

വസ്ത്രധാരണയിലൂടെ മുസ്‌ലിം സ്ത്രീകളെ മുസ്‌ലിം സ്ത്രീകളാണ് എന്ന് തിരിച്ചറിയണം എന്ന വിഷയവും ഇദ്ദേഹം ദീർഘമായി എഴുതുന്നു. ഈ വിഷയത്തിലേക്ക് ഞാൻ പ്രവേശിച്ചിട്ടില്ല. പാക്കിസ്ഥാനിലെ സ്ത്രീകളുടെ വസ്ത്രധാരണ രീതി കണ്ടാൽ മുസ്‌ലിംകളാണെന്ന് തിരിച്ചറിയുകയുമില്ല. അമുസ്‌ലിം സ്ത്രീകളാണെന്ന് വിചാരിക്കും. ഇന്ത്യോനേഷ്യയിലെയും മലേഷ്യയിലെയും സ്ത്രീകളെ കണ്ടാലും ഇപ്രകാരം തന്നെയാണ്. കേരളത്തിലെ പർദ്ദ ധരിക്കുന്ന സ്ത്രീകളെ കണ്ടാൽ മാത്രമേ മുസ്‌ലിം സ്ത്രീകളാണെന്ന് തിരിച്ചറിയുകയുള്ളൂ. ലേഖകന്റെ ഈ അഭിപ്രായത്തെയാണ് ഞാൻ എതിർക്കുന്നത്. മുഖം മറക്കേണ്ടതില്ല എന്ന് ലേഖകൻ സമ്മതിക്കുകയും ചെയ്യുന്നു. മുഖം മറക്കാത്ത പർദ്ദ കന്യാസ്ത്രീകളും ധരിക്കുന്നുണ്ട്. മുഖം മറച്ചാൽ മാത്രമേ മുസ്‌ലിം സ്ത്രീകളാണെന്ന് തിരിച്ചറിയുക. ചിലപ്പോൾ പുരുഷനാണോ സ്ത്രീയാണോ എന്ന് വരെ തിരി

ച്ചറിയുകയില്ല. മുഖം മറക്കണ മെന്ന് വാദിക്കുന്നവർക്ക് പർദ്ദ ധരിക്കുവാൻ ലേഖകൻ ഉദ്ധരിച്ച ന്യായ വാദങ്ങൾ എല്ലാം ഉദ്ധരിക്കാം. അവരുടെ വാദത്തിന് തെളിവായി കൊണ്ടു. ജിൽബാബ് പ്രത്യേക വസ്ത്രമാണോ എന്ന വിഷയവും ഇദ്ദേഹം ദീർഘമായി ചർച്ച ചെയ്യുന്നു. അറബിഭാഷയിലെ യാതൊരു നിഘണ്ടുവിലും ജിൽബാബ് പ്രത്യേക വസ്ത്രമാണെന്ന് എഴുതിയിട്ടില്ല. ഖുർആൻ, ജിൽബാബ് ധരിക്കുവാൻ നിർദേശിച്ചപ്പോൾ ഇവർ ഉദ്ധരിക്കുന്ന ഹദീസിൽ പോലും പറയുന്നത് ആയത്ത് ഇറങ്ങുന്ന മുമ്പ് സ്ത്രീകൾ ധരിച്ചിരുന്ന വസ്ത്രം കൊണ്ട് തല മറച്ചു എന്നാണ് (അബൂദാവൂദ്). പ്രത്യേക വസ്ത്രം ക്കുവാനാണ്.

യാഥാസ്ഥിതികർ പറയുന്നതു പോലെ സ്ത്രീകൾക്ക് നമസ്ക്കരിക്കുവാനും പ്രത്യേകം വസ്ത്രം വേണമെന്ന് ലേഖകൻ പറയുമോ? അനാവശ്യമായ വിഷയങ്ങളിലേക്ക് തെളിവുണ്ടാക്കേണ്ടതില്ല.. ഇന്നത്തെ സ്ത്രീകളുടെ വസ്ത്രധാരണയിലെ ആഭാസവും ലേഖകൻ വിവരിക്കുന്നു. ഇതിൽ ആർക്കാണ് തർക്കമുള്ളത്? പാക്കിസ്ഥാനിലും ഇന്തോനേഷ്യയിലും മലേഷ്യയിലുമുള്ള സ്ത്രീകൾ വസ്ത്ര ധാരണയിൽ കാണിക്കുന്ന ആഭാസങ്ങൾ വലിയ ആഭാസമാണ് കേരളത്തിലെ ഇദ്ദേഹം പറയുന്ന പർദ്ദ ധരിക്കുന്ന സ്ത്രീകൾ പർദ്ദ കൊണ്ട് കാണിക്കുന്നതു എന്നത് ലേഖ

യുടെ ഭാര്യമാർ സഞ്ചരിച്ചിരുന്നതു പോലെ കൂടാരത്തിൽ സഞ്ചരിക്കാം. എന്നാൽ ഇതു പുണ്യ കർമ്മമാണെന്നും നിർബന്ധമാണെന്നും വിചാരിച്ച് പാടില്ല.

2. മുഖവും കൈപടങ്ങളും കാൽപാദങ്ങളും ഒഴികെ ശരീരഭാഗങ്ങൾ മറക്കുന്ന ഏതു വസ്ത്രധാരണ രീതിയും ജിൽബാബിന്റെ പരിധിയിൽ വരും. ഇന്നത്തെ പർദ്ദയും.

3. കറുത്ത പർദ്ദ ധരിക്കുന്ന സ്ത്രീകൾക്ക് അതു ധരിക്കാം. ഇസ്ലാമിൽ ഇതു അനുവദനീയമാണ്. അനുവദനീയമായ ഭക്ഷണ പാനീയങ്ങൾ ശരീരത്തിന് അപകടമാണെന്നു ശാസ്ത്രം പറഞ്ഞാൽ അവ വർജ്ജിക്കണം. ഇതു പോലെ

**യാഥാസ്ഥിതികർ പറയുന്നതു പോലെ സ്ത്രീകൾക്ക് നമസ്ക്കരിക്കുവാനും പ്രത്യേകം വസ്ത്രം വേണമെന്ന് ലേഖകൻ പറയുമോ? അനാവശ്യമായ വിഷയങ്ങളിലേക്ക് തെളിവുണ്ടാക്കുവാൻ പ്രവേശിക്കേണ്ടതില്ല.. ഇന്നത്തെ സ്ത്രീകളുടെ വസ്ത്രധാരണയിലെ ആഭാസവും ലേഖകൻ വിവരിക്കുന്നു. ഇതിൽ ആർക്കാണ് തർക്കമുള്ളത്? പാക്കിസ്ഥാനിലും ഇന്തോനേഷ്യയിലും മലേഷ്യയിലുമുള്ള സ്ത്രീകൾ വസ്ത്ര ധാരണയിൽ കാണിക്കുന്ന ആഭാസങ്ങൾ വലിയ ആഭാസമാണ് കേരളത്തിലെ ഇദ്ദേഹം പറയുന്ന പർദ്ദ ധരിക്കുന്ന സ്ത്രീകൾ പർദ്ദ കൊണ്ട് കാണിക്കുന്നതു എന്നത് ലേഖകൻ എന്തു കൊണ്ട് കാണാതെ പോയി? പ്രധാന തർക്ക വിഷയത്തിൽ നിന്നും ഇദ്ദേഹം തെറ്റിപോവുകയാണ്.**

കേരളത്തിലെ സ്ത്രീകൾ ധരിക്കുന്ന പർദയാണെന്ന വാദം ഇദ്ദേഹത്തിന്റേതു മാത്രമാണ്. തലയും കാതും കഴുത്തും മാർവിടവും മറ്റുമുള്ള ശരീരഭാഗങ്ങളും മറക്കുന്ന നിലക്കുള്ള വസ്ത്രമാണ് ആ പ്രത്യേക വസ്ത്രം കൊണ്ടു ഉദ്ദേശ്യം. പാക്കിസ്ഥാനിലെയും ഇന്തോനേഷ്യയിലെയും ബംഗ്ലാദേശിലെയും മലേഷ്യയിലേക്കും സ്ത്രീകൾ ധരിക്കുന്ന വസ്ത്രവും ഈ പ്രത്യേക വസ്ത്രത്തിൽ ഉൾപ്പെടുന്നു. പുറത്തിറങ്ങുമ്പോൾ പ്രത്യേകം വേഷം ധരിക്കുവാനല്ല ഇസ്ലാം നിർദേശിക്കുന്നതു. പ്രത്യുത മുഖവും കൈപടങ്ങളും കാൽപാദങ്ങളും മാത്രം വെളിവാക്കുന്ന മറ്റുള്ള ഭാഗങ്ങളെല്ലാം മറക്കുന്ന രീതിയിൽ വസ്ത്രം ധരി

കൻ എന്തു കൊണ്ട് കാണാതെ പോയി? പ്രധാന തർക്ക വിഷയത്തിൽ നിന്നും ഇദ്ദേഹം തെറ്റിപോവുകയാണ്. എന്റെ വാദങ്ങൾ താഴെ ചുരുക്കി വിവരിക്കുന്നു.

1. മുസ്ലിംകൾ മുഖം മറക്കുന്നതു ഇസ്ലാമിൽ സുന്നത്തോ നിർബന്ധമോ ഇല്ല. വല്ല സ്ത്രീക്കും എന്റെ മുഖം അന്യ പുരുഷൻ കാണുരുത്, എനിക്ക് അന്യപുരുഷൻമാരുടെ മുഖം കാണുകയും വേണം, എന്ന ചിന്തയുണ്ടായാൽ മുഖം മറക്കുന്ന പർദ്ദ ധരിക്കാം. വല്ല സ്ത്രീക്കും എന്റെ മുഖം അന്യ പുരുഷൻ കാണാത്തതുപോലെ എനിക്കും അന്യ പുരുഷന്റെ മുഖം കാണേണ്ടതില്ല എന്ന ചിന്തയുണ്ടായാൽ നബി(സ)

കറുത്ത വസ്ത്രം ധരിക്കൽ അപകടമാണെന്ന് ശാസ്ത്രം പറഞ്ഞാൽ അതൊഴിവാക്കണം.

4. മുഖവും കൈപടങ്ങളും കാൽ പാദങ്ങളും ഒഴികെ ശരീര ഭാഗങ്ങൾ മറക്കുന്ന വസ്ത്ര ധാരണ രീതി പ്രദേശത്തിന്റെയും കാലത്തിന്റെയും വ്യത്യാസം അനുസരിച്ച് വ്യത്യാസപ്പെടും. എന്നാൽ ഇവയെല്ലാം ഇസ്ലാമിക വേഷമാണ്. ഇന്ന് ധരിക്കപ്പെടുന്ന പർദ്ദ ധരിക്കൽ മാത്ര മല്ല ഇസ്ലാമിക വേഷം.

5. ഇസ്ലാമിക വേഷം തീരുമാനിക്കുന്നതു വസ്ത്രത്തിന്റെ സ്വഭാവം പരിഗണിച്ചല്ല, മറക്കേണ്ട ഭാഗങ്ങൾ മറക്കുന്നുണ്ടോ, ഇസ്ലാം ഹറാമാക്കിയ വസ്ത്രം

ധരിക്കുന്നുണ്ടോ, എന്നതിനെ ആശ്രയിച്ചാണ്. ഇതിനെല്ലാം തെളിവായി താഴെ ഉദ്ധരിക്കുന്ന ഒരു ഹദീസ് മാത്രം എനിക്ക് തെളിവായി മതി. ആയിശ(റ) പറയുന്നു: "ശ്രേഷ്ഠ വനിതകൾ നബി(സ)യുടെ കൂടെ അവരുടെ തുന്നാത്ത വസ്ത്രം (പുതപ്പ്, സാരി) ചുറ്റിപുതച്ച് കൊണ്ട് സുബ്ഹ് നമസ്ക്കാരത്തിൽ പങ്കെടുക്കാറുണ്ട്. വീട്ടിലേക്ക് അവർ തിരിച്ചു പോകുമ്പോൾ ഇരുട്ടു കാരണം ഒരാളും അവരെ തിരിച്ചറിയുകയില്ല. (ബുഖാരി, മുസ്‌ലിം). ഇന്നത്തെ പർദ്ദ എങ്ങിനെയാണ് ശരീരത്തിൽ ചുറ്റി പുതക്കുക എന്നതു എനിക്ക് അറിയുകയില്ല. ഈ അറിവില്ലായ്മയും എനിക്ക് തെളിവാണ്. അവസാനമായ് ഒന്ന് രണ്ട് വിമർശനങ്ങൾക്ക് കൂടി മറുപടി എഴുതുന്നു.

1. ഞാൻ സ്വഹാബി വനിതകൾ മുറൂത് ധരിച്ച് നമസ്ക്കരിക്കുവാൻ വന്നിരുന്നു എന്ന് പറയുന്ന ഹദീസിന് പച്ച വസ്ത്രം എന്ന് അർത്ഥം നൽകി. 18 വർഷം മുമ്പ് ഞാൻ എഴുതിയ പുസ്തകത്തിൽ മുറൂത്വിന് പട്ടിന്റെ പുതപ്പ് എന്നാണ് അർത്ഥം നൽകിയിരുന്നത്. ഇതു എന്റെ അവസര വാദത്തിന് തെളിവാണ് (ലേഖകൻ) എന്ന് നൽകിയ അർത്ഥത്തിൽ ഞാൻ ഇന്നു പിൻമാറിയിട്ടില്ല. മുറൂത്വിന് പച്ച വസ്ത്രം എന്ന് ലിസാനുൽ അറബിൽ അർത്ഥം നൽകിയിട്ടുണ്ട്. എന്നാണ് എഴുതിയത്, മുറൂത്വിന് തുന്നാത്ത എല്ലാ വസ്ത്രവും എന്ന അർത്ഥത്തിലാണ് ഞാൻ മുൻഗണന നൽകുന്നത്. സാരിയും പുതപ്പും ഇതിന്റെ പരിധിയിൽ വരുന്നതിനാൽ ഈ അർത്ഥങ്ങളും നൽകാറുണ്ട്.

2. ആയിശ(റ) ബീവിയുടെ അഭിപ്രായം തെളിവല്ല, ആയിശ(റ) ബീവിയുടെ അഭിപ്രായമെല്ലാം സുല്ലമി സ്വീകരിക്കുമോ? (ലേഖകൻ). ഒരു മുസ്‌ലിം സ്ത്രീ പുറത്ത് ഇറങ്ങുമ്പോൾ മുഖവും കൈപടങ്ങളുടെ പകുതിയും കാൽ പാദങ്ങളും പുറത്ത് കാണിക്കാം എന്ന അഭിപ്രായം

**അപ്പോൾ സ്ത്രീകൾ ധരിക്കുന്ന പ്രത്യേക വസ്ത്രം പർദ്ദയല്ല. പ്രത്യുത തുന്നാത്ത പുതപ്പ്, സാരി പോലെയുള്ള വസ്ത്രമാണ്– മുറൂത്വിന് പട്ടിന്റെ സാരി എന്നർത്ഥമുണ്ടോ എന്ന് ലേഖകൻ വെല്ലുവിളിക്കുന്നു. ഇപ്രകാരം അർത്ഥമുണ്ടാവണമെന്ന് എനിക്ക് വാശിയില്ല. സാരി എന്നർത്ഥം ഉണ്ടായാൽ മതി. സാരി എന്നർത്ഥം ഉണ്ടാവണമെന്ന വാശിയില്ല. തുന്നാത്ത എല്ലാ വസ്ത്രവും എന്നർത്ഥം ഉണ്ടായാൽ മതി. ഈ അർത്ഥം മുസ്‌ലിം ലോകം അംഗീകരിക്കുന്ന ലിസാനുൽ അറബ് പോലെയുള്ള നിഘണ്ടുവിൽ നൽകിയതു എന്റെ ലേഖനത്തിൽ ഉദ്ധരിക്കുകയും ചെയ്തിരുന്നു. പട്ടിന്റെ വസ്ത്രം എന്ന് ഫത്ഹുൽ ബാരിയിൽ ധാരാളം സ്ഥലങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ട്.**

ആയിശ(റ)ക്കു ഉണ്ടെന്ന് ഞാൻ ശബാബിൽ എഴുതി. എന്നാൽ ഈ വാദം ശരിയാണോ തെറ്റാണോ എന്ന് ഇവിടെ ഞാൻ ചർച്ച ചെയ്യുന്നില്ല എന്നുകൂടി ശബാബിൽ എഴുതിയിട്ടും ഒറ്റപ്പെട്ട ആയിശ(റ)യുടെ അഭിപ്രായം സ്വീകരിച്ചു എന്ന് പറഞ്ഞു ഇവിടെ ഇദ്ദേഹം എനിക്ക് പ്രമാണം പഠിപ്പിക്കുകയാണ്.

3. ഉമ്മു അത്വിയ്യ(റ)യുടെ ഹദീസിൽ ആദ്യം ഞാൻ ജിൽബാബ്നു പർദ്ദ എന്നർത്ഥം നൽകി. ഇപ്പോൾ അതു മാറ്റി തുണി എന്നാക്കി (ലേഖകൻ) ഈ അർത്ഥത്തിൽ നിന്നു ഇപ്പോഴും ഞാൻ മാറ്റിയിട്ടില്ല. ഈ ഹദീസ് ഉദ്ധരിച്ച് കൊണ്ട് ലിസാനുൽ അറബിൽ ഇസാറ് (തുണി) എന്നർത്ഥവും നൽകിയിട്ടുണ്ട് എന്നാണ് ശബാബിൽ എഴുതിയതു.

4. പട്ടുസാരി എന്നർത്ഥം അൽമൻഹൽ നിഘണ്ടുവിൽ കാണാൻ സാധ്യമല്ല (ലേഖകൻ) അൽമൻഹലിൽ ഇപ്രകാരം അർത്ഥം നൽകിയിട്ടുണ്ടെന്ന് ഞാൻ എഴുതിയിട്ടില്ല. ഇബ്നു ഹജർ ബുഖാരിയിലെ 4758–ാം ഹദീസ് വ്യാഖ്യാനിച്ചു കൊണ്ട് എഴുതുന്നു. മുറൂത് എന്നത് മിർത്വിന്റെ ബഹുവചന രൂപമാണ്. ഇതിന്റെ അർത്ഥം തുണി എന്നാണ്(വഹുവൽ ഇസാറ്) (ഫത്ഹുൽ ബാരി: 10–511). 372 –ാം നമ്പർ ഹദീസിനെ വ്യാഖ്യാനിച്ചുകൊണ്ടു എഴുതുന്നു: നളറ്(റ) പറയുന്നു. ഇതു സ്ത്രീകൾ ധരിക്കുന്ന പ്രത്യേക വസ്ത്രമാണ് (ഫത്ഹുൽ ബാരി 2: 204). അപ്പോൾ സ്ത്രീകൾ ധരിക്കുന്ന പ്രത്യേക വസ്ത്രം പർദ്ദയല്ല. പ്രത്യുത തുന്നാത്ത പുതപ്പ് സാരി പോലെയുള്ള വസ്ത്രമാണ്– മുറൂത്വിന് പട്ടിന്റെ സാരി എന്നർത്ഥമുണ്ടോ എന്ന് ലേഖകൻ വെല്ലുവിളിക്കുന്നു. ഇപ്രകാരം അർത്ഥമുണ്ടാവണമെന്ന് എനിക്ക് വാശിയില്ല. സാരി എന്നർത്ഥം ഉണ്ടായാൽ മതി. സാരി എന്നർത്ഥം ഉണ്ടാവണമെന്ന വാശിയില്ല. തുന്നാത്ത എല്ലാ വസ്ത്രവും എന്നർത്ഥം ഉണ്ടായാൽ മതി. ഈ അർത്ഥം മുസ്‌ലിം ലോകം അംഗീകരിക്കുന്ന ലിസാനുൽ അറബ് പോലെയുള്ള നിഘണ്ടുവിൽ നൽകിയതു എന്റെ ലേഖനത്തിൽ ഉദ്ധരിക്കുകയും ചെയ്തിരുന്നു. പട്ടിന്റെ വസ്ത്രം എന്ന് ഫത്ഹുൽ ബാരിയിൽ ധാരാളം സ്ഥലങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ട്.

# വർണ്ണ വൈവിധ്യങ്ങളിലെ ദൈവ ദൃഷ്ടാന്തം

**നല്ലനിറങ്ങൾ**

ലോകത്തുതന്നെ വിവിധ സർവേകളിൽ നിന്നായി ജനപ്രിയ നിറമായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത് നീലയാണ്. ശേഷം ചുവപ്പ്, പച്ച, ഓറഞ്ച്, ബ്രൗൺ, പർപ്പിൾ എന്നിവ വരും. ഏറ്റവും പിറകിൽ മഞ്ഞ നിറമാണ്. പക്ഷേ, ഉപയോഗിക്കുന്നതിലെ വൈവിദ്ധ്യവും ആകർഷണത്വവും വഴി ഓരോ നിറവും മനോഹരമാക്കാനാവും.

നീലയ്ക്ക് ശാന്തത, കുറഞ്ഞ രക്തസമ്മർദ്ദം, കുളിർമ, ആത്മവിശ്വാസം എന്നിവ നൽകാനാവുമെന്ന് കരുതിപ്പോരുന്നു. ചുവപ്പിന് ഉത്സാഹം, ഊർജ്ജം, ആഗ്രഹം, വികാരം എന്നിവ ഉത്തേജിപ്പിക്കാനാവും.

പച്ച കണ്ണിന് കുളിർമയും ശാരീരിക സുഖവും നൽകുന്നതാണ്. നവോന്മേഷവും ആത്മനിയന്ത്രണവും ഇത് നൽകും.

ഓറഞ്ച് വിശപ്പും ഉത്സാഹവും ക്രിയാത്മകതയും വർദ്ധിപ്പിക്കും. ധ്യാനാന്തരീക്ഷത്തിന് ഇളം ഓറഞ്ചു നിറം നല്ലതാണ്. ബ്രൗൺ ഭൂമിയുമായി ബന്ധമുള്ളതും അടുക്കും ചിട്ടയുമേകുന്നതുമാണ്. പർപ്പിൾ ശാന്തത, പ്രചോദനം, ക്രിയാത്മകത എന്നിവയേകും. മഞ്ഞ നാഡീവ്യവസ്ഥയെ ഉത്തേജിപ്പിക്കും. ഓർമ, ആശയവിനിമയം എന്നിവയെ പ്രോത്സാഹിപ്പിക്കും.

വെള്ള തെളിഞ്ഞ മനസ്സും അടുക്കും ചിട്ടയുമേകും. ചിന്ത, പ്രവൃത്തി ശുദ്ധീകരണം സാധ്യമാക്കും.

കറുപ്പ് ശ്രദ്ധയാകർഷിക്കാത്ത പ്രതീതി വരുത്തും. ശൂന്യതയും സാധ്യതയും സങ്കീർണതയും കൂട്ടും. സ്നേഹം, സന്തോഷം, ആരോഗ്യം എന്നിവ സൂചിപ്പിക്കുന്ന റേഡിയന്റ് ഓർക്കിഡും ഇന്റീരിയർ നിറങ്ങളിൽ ഇപ്പോൾ മുന്നിലാണ്.

കടും നിറങ്ങളോടാണ് പുതുതലമുറയ്ക്ക് ഇപ്പോൾ പ്രിയം. പുറം കാഴ്ചയ്ക്ക് മാറ്റേകുന്നതോ ഇളം നിറവും.

**(ബിബിൻ ബാബു. മാതൃഭൂമി.16/12/2014)**

## ഏഴു വർണ്ണങ്ങൾ, ഏഴു സൂക്തങ്ങളിൽ

പ്രപഞ്ചത്തിൽ അടിസ്ഥാനപരമായി ഏഴുവർണ്ണങ്ങളാണുള്ളതെന്നാണ് മനുഷ്യൻ ഇന്നു വരെയായി കണ്ടെത്തിയിട്ടുള്ളത്. മഴവില്ലിലൂടെ ആ സപ്ത വർണ്ണങ്ങളും നാം കണ്ടാനന്ദിക്കുന്നു. അത്ഭുതകരമെന്നു പറയട്ടെ. വിശുദ്ധ ഖുർആനിൽ ഏഴു സ്ഥലങ്ങളിൽ മാത്രമാണ് വർണ്ണത്തെക്കുറിച്ചു സംസാരിക്കുന്നത്. (സൂറ: അൽബഖറ: 69, സൂറ: അൽറൂം: 22, സൂറ: അന്നഹ് ൽ: 13, 69, അസ്സുമർ: 21, ഫാത്വിർ: 27, 28)

തെളിഞ്ഞ മഞ്ഞ നിറം കാണുന്നവർക്ക് കൗതുകവും ആനന്ദവുമുണ്ടാകുമെന്ന് സൂറ: അൽബഖറ 69 ൽ പറയുന്നു. വർണ്ണവൈവിധ്യം ദൈവിക ദൃഷ്ടാന്തങ്ങളിൽ പെട്ടതും ചിന്തകന്മാർക്ക് ഗുണപാഠമുള്ളതുമാണെന്ന് സൂറത്തുറൂം: 22 ൽ പറയുന്നു. മനുഷ്യർക്കു വേണ്ടി ഭൂമിയിൽ വ്യത്യസ്ത വർണ്ണങ്ങൾ സംവിധാനിച്ചിട്ടുള്ളതിൽ മഹത്തായ ദൃഷ്ടാന്തമുണ്ടെന്നു സൂറത്തുന്നഹ് ൽ 13 ലും തേനീച്ചകൾ ഉൽപാദിപ്പിക്കുന്ന പാനീയം - തേൻ - വ്യത്യസ്തത പുലർത്തുന്ന വർണ്ണങ്ങളിലായതും അതിൽ മനുഷ്യർക്കു രോഗശാന്തി നൽകുന്നുവെന്നും ഇതൊരു ദൃഷ്ടാന്തമാണെന്നും 69-ാം വചനത്തിലും വിശദമാക്കുന്നു. മഴക്കു ശേഷം ഭൂമിയിൽ ഉണ്ടായിത്തീരുന്ന വൈവിധ്യ നിറങ്ങളിലുള്ള വിളകളെക്കുറിച്ചും അവ ഉണങ്ങുമ്പോഴുള്ള മഞ്ഞ വർണ്ണത്തെക്കുറിച്ചും പറയുന്ന 21-ാം വചനമാണ് സൂറ: സുമറിലേത്. മഴവർഷ ശേഷമുള്ള സസ്യലതാദികളുടെ വർണ്ണവൈവിധ്യവും കായ്കനികളിലെ നിറവ്യത്യാസങ്ങളും പർവ്വതങ്ങളുടെ വിഭിന്ന നിറഭേദങ്ങളും എടുത്തു പറയുന്നതാണ് സൂറ:ഫാത്വിറിലെ 27-ാം വചനം. തൊട്ടടുത്ത 28-ാം വചനത്തിൽ മനുഷ്യർ, മൃഗങ്ങൾ, കന്നുകാലികൾ എന്നിവയുടെ വർണ്ണവിഭിന്നതകൾ ചൂണ്ടിക്കാണിക്കുന്നു. യഥാർത്ഥ ദൈവദാസന്മാരിൽ ഇതേക്കുറിച്ച് അറിവും ബുദ്ധിയുമുള്ളവരൊക്കെയും അല്ലാഹുവെ യഥാവിധി ഭയപ്പെടുത്തുന്നതാണെന്നും ഇതെല്ലാം പ്രപഞ്ചത്തിൽ സംവിധാനിച്ചൊരുക്കിയ സർവ്വാധിനാഥൻ മഹാ പ്രതാപശാലിയും യുക്തിമാനുമാകുന്നുവെന്നും ഉണർത്തുന്നു.

**(ഡോ. ബക്കർ എ.റഹ്മാൻ)**

# നീതി ബോധത്തിന്റെ നിതാന്ത ജാഗ്രത

**പാണക്കാട് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ**

"നിങ്ങൾക്ക് ഒരു കാലം വരാനിരിക്കുന്നു. സൻആഅ് മുതൽ ഹള്ർമൗത്ത് വരെ ഒരു സ്ത്രീക്ക് ഏകയായി നിർഭയം സഞ്ചരിക്കാൻ അന്ന് സാധിക്കും. ചെന്നായയോ കാട്ടുമൃഗങ്ങളോ മാത്രമേ അവളെ ഭയപ്പെടുത്താനുണ്ടാവുകയുള്ളൂ."- നീതിയുടെ ജാഗ്രത്തായ ഒരു ലോകം എങ്ങനെയുണ്ടാകും എന്നതിനെക്കുറിച്ചുള്ള അർഥപൂർണ്ണമായ ഈ വാക്കുകൾ പ്രവാചക തിരുമേനി(സ്വ)യുടേതാണ്. വരാനിരിക്കുന്ന കാലത്തെപ്പറ്റി അനുചരന്മാരോട് വർണിക്കുകയായിരുന്നു അവിടുന്ന്. നീതിയും നിർഭയത്വവുമാണ് ലോകത്തിനുവേണ്ടത് എന്ന് പ്രവാചകൻ പറഞ്ഞത് എത്ര കാലം മുമ്പാണ്!

നീതിബോധം ഇല്ലാതാവുന്നിടത്ത് മനുഷ്യത്വം ഇല്ലാതാവുന്നു. പകരം പൈശാചികത ആ സ്ഥാനം കൈയടക്കുന്നു. ഇന്ന് നമ്മൾ നിത്യേന കണ്ടുകൊണ്ടിരിക്കുന്ന ക്രൂരതകളിലെല്ലാം നിഴലിച്ചുനിൽക്കുന്നത് നീതിയുടെ അഭാവമോ പച്ചയായ നിഷേധമോ ആണ്.

സ്ത്രീയും പുരുഷനും തമ്മിലുള്ള ലിംഗപരമായ വ്യത്യാസം പ്രപഞ്ചത്തിന്റെ യുക്തിയാണ്. അതിനെ സമത്വമെന്ന വാണിജ്യപരമായ പദമുപയോഗിച്ച് മറികടക്കുകയല്ല വേണ്ടത്. ലിംഗ വ്യത്യാസം ആവശ്യപ്പെടുന്നത് നീതിയാണ്. സ്ത്രീയോടുള്ള സമീപനത്തിലെ നീതി. പുരുഷാധിപത്യത്തിലൂടെ അവളെ ഇല്ലാതാക്കാനാല്ല പ്രത്യുത, സ്ത്രൈണതയ്ക്ക് പരിഗണനയും സംരക്ഷണവും നൽകി അവളെ ആദരിക്കുക എന്ന നീതിയാണ് നടപ്പാക്കേണ്ടത്. ധനവും ഇങ്ങനെത്തന്നെ. ധനികൻ സമ്പത്തിന്റെ ഉടമസ്ഥനല്ല. സൂക്ഷിപ്പുകാരനാണ്. അതിൽനിന്ന് അർഹന് നൽകുക എന്ന നീതിയാണ് ധനികൻ നടപ്പാക്കേണ്ടത്.

> **നീതിബോധം ഇല്ലാതാവുന്നിടത്ത് മനുഷ്യത്വം ഇല്ലാതാവുന്നു. പകരം പൈശാചികത ആ സ്ഥാനം കൈയടക്കുന്നു. ഇന്ന് നമ്മൾ നിത്യേന കണ്ടുകൊണ്ടിരിക്കുന്ന ക്രൂരതകളിലെല്ലാം നിഴലിച്ചുനിൽക്കുന്നത് നീതിയുടെ അഭാവമോ പച്ചയായ നിഷേധമോ ആണ്.**

ഇന്നത്തെ ലോകത്തെവിടെയും നീതിനിഷേധത്തിന്റെ ദാരുണമായ കാഴ്ചകൾ കാണാം. നീതിയുടെ സംരക്ഷകരാവേണ്ടവർ തന്നെ അക്രമത്തിന് വഴിതുറക്കുന്നത് നിശംസനീയമാണ്. അനീതിയോടുള്ള ഈ രാജിയാകൽ മനോഭാവത്തെ വേലിതന്നെ വിളവുതിന്നുക എന്ന പതിവ് പഴഞ്ചൊല്ലിൽ ഒതുക്കി നിർത്താനാവില്ല.

സംഘടിത ഭൂരിപക്ഷത്തിന്റെ താത്പര്യങ്ങളും സുഖങ്ങളും സംരക്ഷിക്കാനുള്ളതാണ് ഇന്നത്തെ നീതിയുടെ പുസ്തകങ്ങൾ. പലപ്പോഴും അത് അവഗണിക്കപ്പെട്ടവനെ കാണുന്നേയില്ല. അവനെ ചവിട്ടിമെതിക്കാനും അവമതിക്കാനും പുതിയകാലത്തെ (അ)നീതിബോധം പ്രേരിപ്പിക്കുന്നു. വാണിജ്യ താത്പര്യങ്ങൾ ഉണ്ടാകുന്നത് ഈ നീതിയുടെ തെറ്റായ വ്യാഖ്യാനങ്ങളുടെ ഫലമായാണ്. ലോകത്തെ 15 ശതമാനം വരുന്ന ധനികരാണ് 80 ശതമാനം ജനത്തെയും ഭരിക്കുന്നത്. ഈ അസംഘിടതരായ മനുഷ്യർക്ക് ലഭിക്കേണ്ട ആഹാരവും വസ്ത്രവും പാർപ്പിടവും വെള്ളവും എല്ലാം അനീതിയുടെ വക്താക്കൾ കവർന്നെടുക്കുന്നത് അതിദാരുണമായ കാഴ്ചയാണ്. ആഫ്രിക്കപോലെ ജൈവ സമ്പത്തുള്ള സ്ഥലങ്ങളിലെ മനുഷ്യർ പട്ടിണികൊണ്ട് മരിക്കുന്നത് ഈ നീതിനിഷേധത്തിന്റെ ഫലമാണ്.

നമ്മുടെ കൊച്ചു കേരളത്തിലേക്ക് വന്നാലും കാര്യങ്ങൾക്ക് വലിയ വ്യത്യാസമൊന്നുമില്ല. വിഷലിപ്തമാണ് എല്ലാം. വെള്ളവും ജീവശ്വാസം തന്നെയും കച്ചവടച്ചരക്കാക്കുന്നവരായി മാറിയിരിക്കുന്നു.

*(കടപ്പാട് മാതൃഭൂമി 22/2/15)*

# മതപണ്ഡിതന്മാർ പറയുന്നത് ഭരണാധികാരികൾ കേൾക്കണം - കാന്തപുരം

**കോട്ടയ്ക്കൽ:** മതപണ്ഡിതന്മാർ പറയുന്നത് ഭരണാധികാരികൾ കേൾക്കണമെന്ന് അഖിലേന്ത്യ സുന്നി ജംഇയ്യത്തുൽ ഉലമ ജനറൽ സെക്രട്ടറി കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാർ. രാഷ്ട്രീയക്കാർക്കും ഇതു ബാധകമാണെന്ന് അദ്ദേഹം പറഞ്ഞു. എസ്.വൈ.എസ് അറുപതാം വാർഷികത്തിന്റെ സമാപന മഹാസമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

തലേക്കെട്ടുകാരെന്നു പറഞ്ഞ് മതപണ്ഡിതന്മാരെ പുച്ഛിക്കുന്നവർ വിഡ്ഢികളുടെ സ്വർഗത്തിലാണ്. മതപണ്ഡിതന്മാർ പറയുന്നത് കണക്കിലെടുക്കണം. അല്ലാത്ത പക്ഷം അതിനു വലിയ വില കൊടുക്കേണ്ടി വരും. രാഷ്ട്രീയ കൊലപാതകങ്ങൾ നടത്തുന്നവരെ പാർട്ടികൾ സംരക്ഷിക്കുന്ന നിലപാടുകളും ശരിയല്ല. ഭീകരത എവിടെ നിന്നാണു വരുന്നതെന്ന് ഭരണകർത്താക്കൾ തിരിച്ചറിയണം. ഭീകര പ്രവർത്തനങ്ങളുമായി ഇസ്‌ലാമിനോ മുസ്‌ലിംങ്ങൾക്കോ ഒരു ബന്ധവുമില്ല- കാന്തപുരം പറഞ്ഞു.

2/3/15 തിങ്കൾ മാതൃഭൂമി

# ഏത് പണ്ഡിതന്മാരുടേത്?

കാന്തപുരം എ.പി. അബൂബക്കർ മുസ്ല്യാർ പറയുന്നത് കേരളത്തിലും കേന്ദ്രത്തിലും ഭരണത്തിലുള്ള മുസ്‌ലിം ലീഗുകാരും ബി.ജെ.പിക്കാരും കേൾക്കണമെന്നു തന്നെയല്ലേ പ്രസ്താവനയിലെ ധ്വനി? മരിച്ചു പോയവരിലെ മഹാന്മാരെ വിളിച്ചു പ്രാർത്ഥിക്കണം എന്നു പറയുന്നവരും, അതു പച്ച ശിർക്കാണെന്നു പറയുന്നവരും പണ്ഡിതന്മാർ തന്നെ. ഇന്ത്യാ ഭരണകൂടത്തെ അനുസരിക്കൽ ശിർക്കല്ലെന്ന് പറയുന്ന വരും ഏയ്, അതൊരിക്കലും തൗഹീദിനു വിരുദ്ധമല്ല ആ അനുസരണം ശിർക്കല്ലെന്ന് പറയുന്ന വരും പണ്ഡിതന്മാർ. കെട്ടിപ്പൊക്കപ്പെട്ട ഖബറുകളെല്ലാം തട്ടിനിരത്തണമെന്ന് പറയുന്നതും പറ്റാകുന്നിടത്തോളം ഖബറുകളും മഖാമുകളും ജാറങ്ങളും കെട്ടിപ്പൊക്കി നേർച്ച വഴിപാടുകളടക്കമുള്ള ഇബാദത്തുകൾ ഖബറാളികൾക്ക് വേണ്ടി ചെയ്യണമെന്ന് പറയുന്നവരും പണ്ഡിതന്മാർ. നിസ്സാരവും കർമ്മ ശാസ്ത്ര കാര്യങ്ങളിലെ ശാഖാപരവുമായ കാര്യങ്ങളിൽ പോലും തമ്മിലടിച്ച് തല തല്ലിക്കൊണ്ടിരിക്കുന്ന വിവിധ ചേരികളിൽ ഉറച്ചു നിൽക്കുന്ന അനേകം അനേകം പണ്ഡിത വിഭാഗങ്ങളുള്ള നാടാണിത്. രാഷ്ട്രീയക്കാരായ ഭരണാധികാരികൾ ഇവരിൽ ആരെ അനുസരിച്ചാലും അനേകം വോട്ടുകൾ അവർക്ക് നഷ്ടപ്പെടും എന്നതിൽ സംശയിക്കേണ്ടതില്ല. അതിനാൽ മതപണ്ഡിതന്മാർ പറയുന്നത് തൽക്കാലം ഭരണാധികാരികൾ കേൾക്കാതിരിക്കലാണ് അവരുടെ രാഷ്ട്രീയ നിലനിൽപിന്റെ ആരോഗ്യത്തിനു നല്ലത് എന്നു തോന്നുന്നു.

പിന്നെ ശുഭ്രവസ്ത്രത്തിന്റെയും തലപ്പാവിന്റെയും താടിയുടെയുമൊക്കെ വിശുദ്ധിയുടെ മറവിൽ വ്യാജ ആത്മീയതയും രാഷ്ട്രീയ, മത, ഭൗതിക തട്ടിപ്പുകളും ഗുണ്ടായിസവും നടത്തപ്പെടുന്നത് കണ്ടു സഹിക്കാനാവാത്തവർ തലേക്കെട്ടുകാരായ പണ്ഡിതന്മാരെ പുഛിച്ചിട്ടുണ്ടെങ്കിൽ വിലപിച്ചിട്ടു കാര്യമില്ല. മുഖം നന്നാകാത്തതിനു കണ്ണാടി തല്ലിപ്പൊട്ടിച്ചിട്ടു കാര്യമില്ലല്ലോ?

*(നാസിർ മാസ്റ്റർ, മഞ്ചേരി)*

# ചതി

മുഹമ്മദ് നബി(സ) എപ്പോഴും പ്രാർത്ഥിക്കാറുള്ള ഒരു പ്രാർത്ഥന:

അല്ലാഹുവേ, ഞാൻ ആരെയും ചതിക്കുന്നതിൽ നിന്നും ആരുടെയെങ്കിലും ചതിയിൽ പെടുന്നതിൽ നിന്നും നിന്നോടു കാവൽ ചോദിക്കുന്നു. ഞാൻ ആരെയെങ്കിലും ആക്രമിക്കുന്നതിൽ നിന്നും ആരുടെയെങ്കിലും അക്രമത്തിനു വിധേയനാകുന്നതിൽ നിന്നും നിന്നോടു കാവൽ ചോദിക്കുന്നു.

**(ഇബ്നു അബീഹാതിം)**

# നബി(സ)യുടെ ആദ്യ റമളാൻ ഏത് ദിവസമായിരുന്നു?

എം.ഇ. അബ്ദുറഹിമാൻ, വെസ്റ്റ് വെളിയത്തുനാട്

ഹിജ്റ രണ്ടാം വർഷത്തിലെ ശഅബാൻ 15ന് പൂർണ്ണ ചന്ദ്രഗ്രഹണമായിരുന്നു. അന്ന് ഞായറാഴ്ച രാത്രിയിൽ പൂർണ്ണ ചന്ദ്രനുണ്ടായിരുന്നു. ആ രാത്രിയിലാണ് 'കുതിബ അലൈക്കും' (2/183) എന്ന ആയത്തിറങ്ങിയത്. രാവിലെ റസൂലുല്ലാഹി(സ) ആയത്ത് വിശദീകരിച്ചു. അതിന്റെ അടിസ്ഥാനത്തിൽ അവർ നോമ്പ് പിടിക്കുവാൻ തയ്യാറായി, എങ്ങനെയാണ് മാസം തീരുന്നതെന്നും ആരംഭിക്കുന്നതെന്നും അവർ അന്നു മുതൽ പരിശീലിച്ചു. 15ന് ശേഷം ചന്ദ്രൻ ചെറുതായിക്കൊണ്ട് ഓരോ ദിവസവും രാത്രി ഉദിച്ചു. അങ്ങിനെ 23ന്റെ അന്ന് സുബ്ഹിക്ക് തലമുകളിൽ നേർപകുതിയായി (2nd Halfmoon) ഉദിച്ചുനിന്നു. തുടർന്നുള്ള ദിവസങ്ങളിലും സുബ്ഹിന്റെ സമയങ്ങളിൽ ചന്ദ്രൻ താഴേക്ക് 12ഡിഗ്രി വീതം താഴ്ന്ന് ഉദിക്കുന്നു. അവസാനത്തെ കല (U.Q 29) അന്ന് കാണുന്നു. പിറ്റേന്ന് സുബ്ഹി കഴിഞ്ഞു നോക്കിയപ്പോൾ ചന്ദ്രനെ പൂർണ്ണമായി കാണുന്നില്ല. അതായത് ഒരു മാസത്തിൽ ഒരു രാത്രിയിൽ ചന്ദ്രനെ കാണാത്ത ഒരേയൊരു ദിവസം ഉർജുനുൽ ഖദീമിന് (U.Q) ശേഷമുള്ള Newmoon അഥവാ അമാവാസി ദിവസത്തിലായിരിക്കും. അങ്ങിനെ അവർ 30-ാംമത്തെ ദിവസം ചന്ദ്രനെ തീർത്തും കണ്ടില്ല. അത് മാസത്തിന്റെ അവസാന ദിവസമാണെന്ന് മനസ്സിലാക്കി. പിറ്റേന്ന് പുതിയമാസത്തിന്റെ 'റമളാൻ' ഒന്നായി കണക്കാക്കി. ആദ്യ നോമ്പ് പിടിക്കുവാൻ നബി(സ) ആരോടും നിലാവ് നോക്കി പറയാൻ കല്പിച്ചില്ല. അക്കാലത്ത് എല്ലാ ശഅബാനും 29ഉം എല്ലാ റമളാനും 30ഉം ദിവസങ്ങളായാണ് കണക്കാക്കി വന്നിരുന്നത്. എന്നാൽ നബി(സ) പറഞ്ഞു "എല്ലാ ശഅബാനും 29 അല്ല. എല്ലാ റമളാനും 30ഉം അല്ല. മാസങ്ങൾ പലപ്പോഴും മാറിമറിഞ്ഞു കൊണ്ടിരിക്കും. അതുകൊണ്ട് എല്ലാ മാസവും കലകൾ നോക്കി തീരുമാനിക്കണം. ആദ്യ ശഅബാൻ 1 ഞായറാഴ്ചയും അദ്യ റമളാൻ 1 ചൊവ്വാഴ്ചയും ആദ്യ ശവ്വാൽ 1 ബുധനാഴ്ചയും ആയിരുന്നു."

(കുറിപ്പ്: അക്കാലത്ത് മദ്ഹബിന്റെ ഇമാമീങ്ങളോ ഫിഖ്ഹിന്റെ വക്താക്കളോ ഇല്ലാതിരുന്നതിനാൽ ഖുർആൻ നോക്കിയിട്ടായിരുന്നു അവർ മത കാര്യങ്ങൾ അനുഷ്ടിച്ചിരുന്നത്. മദ്ഹബിന്റെ ഇമാമീങ്ങൾ രംഗ പ്രവേശം ചെയ്യുന്നതുവരെ ലോക മുസ്‌ലിംങ്ങൾക്ക് മാസ നിർണ്ണയം നടത്താനും ദിനാരംഭം എപ്പോൾ തുടങ്ങുമെന്നും അറിയാൻ യാതൊരു ബുദ്ധിമുട്ടുമുണ്ടായില്ല. ഉത്തമരായ മൂന്ന് നൂറ്റാണ്ടുകാർക്ക് പ്രയാസമില്ലാതെ മത കാര്യങ്ങൾ അനുഷ്ടിക്കുവാൻ ഭാഗ്യം സിദ്ധിച്ചതു വിശുദ്ധ ഖുർആനിനെ കൈവിടാതിരുന്നതു കൊണ്ടാണ്. എല്ലാ സൗകര്യങ്ങളും ഒത്തുകിട്ടിയ ഇന്നത്തെ മുസ്‌ലിം സമൂഹം ശരിയായ കാല നിർണ്ണയം നടത്താൻ പറ്റാത്ത അവസ്ഥയിലെത്തിപ്പെട്ടതു, ഇരുട്ടിൽ തപ്പുന്നത്, അവർ ഖുർആനിനെ കയ്യൊഴിഞ്ഞതു കൊണ്ടു മാത്രമാണ്. ഇങ്ങിനെയുള്ള വരെ നോക്കിയിട്ടായിരിക്കാം പ്രവാചകൻ നാളെ പരലോകത്ത് വെച്ച് ഇവരെ തള്ളിപ്പറയുന്നത്. ഫുർഖാൻ 25/30 ആയത്തുകൾ തുടർന്ന് വായിക്കുക.)

■

## ജയിൽ പരിശീലനം!

"മോഷ്ടാവിനെ സംബന്ധിച്ചിടത്തോളം രണ്ടു വർഷത്തെ ജയിൽ വാസം പോസ്റ്റ് ഗ്രാജ്വേറ്റ് പഠനം പോലെയാണ്. അവിടെ വെച്ച് കേമന്മാരായ മോഷ്ടാക്കളെ പരിചയപ്പെട്ട് പുതിയ വിദ്യകൾ സ്വായത്തമാക്കുകയും ചപ്പാത്തിയും ഇറച്ചിക്കറിയും മറ്റും കഴിച്ച് ദേഹ പുഷ്ടി വരുത്തി കൂടുതൽ കഴിവുറ്റ മോഷ്ടാവായി സമൂഹത്തിൽ വിലസുകയും ചെയ്യുന്നു."

"എല്ലാ സമൂഹങ്ങളിലും രാജ്യങ്ങളിലും മോഷണത്തിനു കടുത്ത ശിക്ഷാവിധികൾ നടപ്പാക്കിയിരുന്നു. ഗൾഫ് നാടുകളിൽ പലതിലും മോഷ്ടിക്കുന്നവന്റെ കൈ മുറിച്ചു കളയും. കൈ പോയാൽ പിന്നെ സാദാ മോഷണം പ്രയാസമാണ്. അങ്ങനെയുള്ളവർക്ക് പണമിടപാടുകൾ, ബ്ലേഡുകമ്പനി, ചതി, വഞ്ചന എന്നീ മേഖലകളിൽ ധാരാളം ജോലി സാധ്യതകളുണ്ട്."

***(ഡോ.എം.പി.ചന്ദ്രശേഖരൻ - മാതൃഭൂമി 15/12/14)***

# അന്നോ ഇന്നോ ഭേദം?

**അബൂഫൈസൽ നാദാപുരം**

ഒരു നാൾ ഞാൻ എന്റെ മകളെ കുളിപ്പിച്ചു. വസ്ത്രങ്ങളണിയിച്ചു. നന്നായി ഭക്ഷണം കൊടുത്തു. ഇത് തന്റെ അന്ത്യ അത്താഴമാണെന്ന് ആ ബാലികക്കറിയില്ല! പിന്നെ, ഞാൻ വിജനമായ ഒരു സ്ഥലത്തേക്ക് ആ പെൺകുഞ്ഞിനെയുമായി പോയി. മകളെ അടുത്തു നിർത്തി ഞാൻ ഒരു കുഴിവെട്ടാൻ തുടങ്ങി. എന്റെ താടിയിലും നെറ്റിയിലും മണ്ണു പുരണ്ടു. ഞാൻ ഇത്തിരി വിശ്രമിക്കാനിരുന്നു. തന്റെ കൊച്ചു കരങ്ങൾ കൊണ്ട് അവൾ ആ മണ്ണ് തുടച്ചു തന്നു. വീണ്ടും ഞാൻ കുഴി ആഴം കൂട്ടി കൊണ്ടിരുന്നു.

കുഴി പൂർത്തിയായപ്പോൾ എന്റെ കൈകൾ കൊണ്ട് ആ ബാലികയെ കുഴിയിലേക്കെറിഞ്ഞു. ബാപ്പാ, ബാപ്പാ എന്നു കുഞ്ഞു മോൾ വിലപിച്ചു. എന്നെ കൊല്ലുകയാണോ ബാപ്പാ? എന്നവൾ പറഞ്ഞു ആർത്തുകരഞ്ഞു. എന്റെ ഹൃദയം അപ്പോൾ കല്ലായിരുന്നു. ഒട്ടും എന്റെ കരളലിഞ്ഞില്ല. ആ ആർത്ത നാദം ഞാൻ കേട്ടില്ല. തുറന്ന അട്ടഹസിക്കുന്ന ആ പിഞ്ചുവായിലേക്ക് ഞാൻ ഒരു പിടി മണ്ണ് വാരിയിട്ടു അവൾ നിശബ്ദയായി. പിന്നെ ഞാൻ ധൃതിയിൽ മണ്ണ് വാരിയിട്ടും കുഴി മൂടി.

പ്രവാചകൻ ഇക്കഥക്കേട്ടപ്പോൾ പൊട്ടിക്കരഞ്ഞു. അവിടുന്ന ബോധക്ഷയനായി വീണുപോയി. അദ്ദേഹത്തിന്റെ കണ്ണിൽ നിന്നപ്പോഴും കണ്ണുനീർ ചാലിട്ടൊഴുകുകയായിരുന്നു.

ബോധം തെളിഞ്ഞപ്പോൾ പ്രവാചകൻ(സ) പറഞ്ഞു "അജ്ഞാത കാലത്തിലെ കൊടും പാപങ്ങൾക്ക് ശിക്ഷിക്കാനെനിക്ക് അനുവാദം തന്നിരുന്നുവെങ്കിൽ ഞാൻ താങ്കളെ കഠിനമായി ശിക്ഷിക്കുമായിരുന്നു." *(സുനനുദ്ദാരിമി)*

*****  ******  *****

14 നൂറ്റാണ്ട് മുമ്പത്തെ കഥയാണിത്. പിതാവിനാൽ ആറുമാസം പ്രായമായ പിഞ്ചുപൈതൽ പോലും ബലാത്സംഗം ചെയ്യപ്പെടുന്ന നിത്യസംഭവങ്ങൾക്ക് നാമിന്നു ദുഃഖ സാക്ഷികളാകുന്നു. ഇത്തരം തിന്മകൾക്കെതിരിൽ ധാർമ്മിക രോഷം കൊള്ളുന്നവർക്ക് നാമിന്ന് പുതിയൊരു നാമകരണം ചെയ്തിട്ടുണ്ട്. 'സദാചാരപ്പോലീസ്'. കാലം പിഴച്ചിട്ടില്ല. മനുഷ്യർ മൃഗത്തേക്കാൾ തരം താഴ്ന്നതാണ് **"മനുഷ്യർ മഹാനഷ്ടത്തിലാണെന്നതിനു കാലം സാക്ഷിയാണ്. വിശ്വസിക്കുകയും സൽകർമ്മങ്ങൾ ചെയ്യുകയും സത്യംകൊണ്ടും ക്ഷമകൊണ്ടും പരസ്പരം ഉപദേശിക്കുകയും ചെയ്യുന്നവരൊഴികെ." (വി.ഖു: അൽ അസ്വർ (1-3)**

---

# മദ്യം: അന്യായ പത്രം

**ബാ**ർ ഹോട്ടലുകൾ അടച്ചതു മൂലം തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളുടെ പ്രശ്നവും ടൂറിസം മേഖലയിലുണ്ടായ തിരിച്ചടിയുമാണ് മദ്യനയത്തിൽ മാറ്റം കൊണ്ടുവരാൻ കാരണം. അടച്ച ബാറുകളിലെ 10 തൊഴിലാളികൾ ജീവനൊടുക്കിയ ദാരുണമായ സംഭവം നമ്മുടെ മുന്നിലുണ്ട്. പല കുടുംബങ്ങളും തകർച്ചയുടെ വക്കിലാണ്. അവരുടെ നിലവിളിയും സർക്കാർ കേൾക്കേണ്ടേ? തൊഴിൽ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും ടൂറിസം സെക്രട്ടറിയും സമർപ്പിച്ച റിപ്പോർട്ട്



പ്രകാരം 24,787 പേർക്കാണ് തൊഴിൽ നഷ്ടപ്പെട്ടത്. ഈ ടൂറിസം സീസണിൽ 5,354 റൂം ബുക്കിങ്ങ് റദ്ദാക്കിയതോടെ 6.12 കോടി രൂപയുടെ നഷ്ടം സംഭവിച്ചു. കേരളവുമായി മത്സരിക്കുന്ന ശ്രീലങ്കയിലേക്കു വിദേശ ടൂറിസ്റ്റുകൾ പോകുന്ന സാഹചര്യവുമാണുള്ളത്. 22,926 കോടി രൂപ സംഭാവന ചെയ്യുന്ന ടൂറിസം മേഖലയ്ക്ക് സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ രണ്ടാം സ്ഥാനമുണ്ട്. ബിയറും വൈനും ഇഷ്ടപ്പെടുന്നവരാണ് വിദേശ ടൂറിസ്റ്റുകളെന്നും റിപോർട്ടിൽ പറയുന്നു. ഈ റിപോർട്ട് പരിഗണിച്ച ശേഷമാണ് മദ്യനയത്തിൽ മാറ്റം കൊണ്ടുവന്നത്.

***(നൗഷാദ്, തിരൂർ)***

ഡോ. പി.എ കരീം

# 'മാസപ്പിറവിയും ഭിന്നതക്കുള്ള പരിഹാരവും'

ഡോ. കെ.കെ. മുഹമ്മദ് സാജിദ്

**"ഇന്ത്യ മുഴവൻ ഒരു 'മത്‌ലഅ്' ആണ്. ഇന്ത്യയിൽ എവിടെക്കണ്ടാലും നോമ്പ് നിർബന്ധമായി. ചന്ദ്രനെ അതാത് പ്രദേശങ്ങളിൽ കണ്ടില്ല എന്ന് പറഞ്ഞ് ആദ്യത്തെ നോമ്പ് പാഴാക്കുന്നത് ശിക്ഷാർഹമാണ്. റമദാൻ 29ന് കണ്ടാൽ അടുത്ത ദിവസം പെരുന്നാൾ നിർബന്ധമായി. നോമ്പ് ഹറാമും. ഇത് പരീക്ഷിക്കാൻ മാസം കാണാൻ സാധ്യതയുള്ള ദിവസം (റമദാൻ അല്ലാത്ത മാസങ്ങളിൽ) തിരുവനന്തപുരം മുതൽ കാസർകോടു വരെ ഇസ്‌ലാമിക പ്രവർത്തകർ ഹിലാൽ കാണാൻ പോകണം. എല്ലാവരുടെയും കൈയിൽ മൊബൈൽ ഫോണുണ്ടാകണം. കണ്ടവർ ഫോണിലൂടെ വിവരം കൈമാറുക. അപ്പോൾ തിരുവനന്തപുരത്ത് കാണുന്ന ദിവസം തന്നെ കോഴിക്കോട്ടും കാസർകോട്ടും കാണാമെന്ന് നമുക്ക് ബോധ്യപ്പെടും." (പേജ് 105).**

യഥാർത്ഥത്തിൽ ഈ പുസ്തകത്തിന് നിരൂപണം ആവശ്യമില്ല. കാരണം അബ്ദുൽ ഹമീദ് മദീനിയുടെ 'ന്യൂമൂണും മാസപ്പിറവിയും' എന്ന പുസ്തകത്തിന്റെ തനിയാവർത്തനം തന്നെയാണിത്. വ്യത്യസ്തമായി അൽപം ചില പരാമർശങ്ങൾ മാത്രമേ നിരൂപണ വിധേയമാക്കേണ്ടതുള്ളൂ. അതാണ് ചുവടെ.

ഗ്രന്ഥകാരന്റെ മുഖ്യമായ ആവശ്യം അലി മണിക്ഫാനെ കാഫിറായി പ്രഖ്യാപിക്കുക എന്നതാണ്. അത് അദ്ദേഹം ഒറ്റക്ക് ചെയ്തത് കൊണ്ട് ഫലം കാണില്ല എന്നതിനാൽ മുസ്‌ലിം സംഘടനകൾ എത്രയും പെട്ടെന്ന് കുഫ്‌റിന്റെ ഫത്‌വ കൊടുക്കണമെന്ന് ശക്തമായി ആവശ്യപ്പെടുന്നു. അങ്ങനെയാകുമ്പോൾ പിന്നെ മുസ്‌ലിം ചെറുപ്പക്കാരും ചിന്താശീലരും മണിക്ഫാനെ കേൾക്കാനോ വായിക്കാനോ തയ്യാറാവില്ല എന്നദ്ദേഹം ആശ്വാസം കൊള്ളുന്നു. കണക്കുകൂട്ടി മാസം നിർണ്ണയിക്കാമെന്ന് വാദിക്കുന്നവർ ഖാദിയാനികളെപ്പോലെ സമുദായത്തിന്റെ പുറം പോക്കിലായിക്കിട്ടും എന്ന നേട്ടവും അദ്ദേഹം പ്രതീക്ഷിക്കുന്നു.

ഇന്ന് കേരളത്തിൽ ജീവിച്ചിരിപ്പുള്ള ഹദീസ് പണ്ഡിതരിൽ പ്രമുഖനാണ് അബ്ദുസ്സലാം സുല്ലമി. അദ്ദേഹത്തെപ്പോലും അധിക്ഷേപിക്കാൻ തന്റെ പുത്തൻ വെളിപാട് അദ്ദേഹത്തെ പ്രേരിപ്പിക്കുന്നുണ്ട്. തന്റെ നിലപാടുകൾ അവതരിപ്പിക്കുമ്പോൾ പ്രതിപക്ഷ ബഹുമാനങ്ങൾ കാത്തുസൂക്ഷിക്കുക എന്നത് പ്രവാചകചര്യയാണ്. പ്രവാചകന്റെ പേരിനൊപ്പം ആദരവാക്യം പൂർണ്ണതയോടെ ഓരോ വരിയിലും എഴുതിപ്പിടിപ്പിക്കുന്ന ഈ 'പ്രവാചക സ്നേഹി'ക്ക് മറ്റുള്ളവരെ ഇമ്മട്ടിൽ അധിക്ഷേപിക്കാനും കാഫിറാക്കാനും സാധിക്കുന്നതെങ്ങനെയെന്ന് അത്ഭുതപ്പെട്ടുപോകുന്നു. ഏത് പ്രവാചകനാണ് അദ്ദേഹത്തെ ഈ സംസ്കാരം പഠിപ്പിച്ചതാവോ?

ചിരിക്കാൻ വക നൽകുന്ന പരാമർശങ്ങൾ പലതും നമുക്ക് ഈ പുസ്തകത്തിൽ വായിക്കാനുണ്ട്.



സന്ധ്യാനേരത്തെ കാഴ്ചയുടെ അടിസ്ഥാനത്തിൽ മാത്രമേ മാസാരംഭം കുറിക്കാവൂ എന്നും കണക്ക് കൂട്ടരുതെന്നും തിയ്യതികൾ പല നാട്ടിലും പല ദിവസങ്ങളിലായിക്കൊള്ളട്ടെ എന്നും കണക്കിനെ ആശ്രയിക്കുന്നത് നിരോധിച്ചിരിക്കുന്നുവെന്നും വാദിക്കുന്ന ഗ്രന്ഥകാരൻ ഒടുവിൽ പറയുകയാണ്: **'റമദാനും പെരുന്നാളുമൊന്നും തെറ്റുവാൻ പാടില്ല. ഒന്നാം തിയ്യതി തെറ്റിയാൽ ദുൽഹജ്ജ് 9, മുഹർറം 9, 10 എല്ലാം തെറ്റും എന്നതു കാരണം പ്രതിഫലം നഷ്ടപ്പെടുന്നു. മാത്രമല്ല പെരുന്നാളിന്ന് നോമ്പനുഷ്ഠിക്കൽ ഹറാമാണെന്ന് ബുഖാരി, മുസ്‌ലിം ഗ്രന്ഥങ്ങളിലുണ്ടല്ലോ. (പേജ് 101, 102).'**

**റമദാൻ ഒന്നും പെരുന്നാളും തിയ്യതി തെറ്റരുത്. മുസ്‌ലിംകൾ ലാഘവത്തോടെ കാണരുത്. അല്ലെങ്കിൽ അല്ലാഹു എന്തിന് പെരുന്നാളിന്റെ ദിവസം നോമ്പ് ഹറാം എന്ന് പറഞ്ഞു? (പേജ് 103).**

ഇതുതന്നെയാണ് സഹോദരാ അലി മണിക്ഫാനും ഹിജ്റ കമ്മിറ്റിക്കാരും തലക്ക് വെളിവുള്ളവരും കൈവശമിരിക്കുന്ന ഈ പുസ്തകവും വിളിച്ചു പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇതു തന്നെയാണ് ഗ്രന്ഥകാരന്റെയും അഭിപ്രായമെങ്കിൽ പിന്നെ എവിടെയാണ് തർക്കം?

തുടർന്ന് എഴുതുന്നതു കൂടി വായിക്കുക.

**''ഇന്ത്യ മുഴവൻ ഒരു 'മത്്‌ലഅ്' ആണ്. ഇന്ത്യയിൽ എവിടെക്കണ്ടാലും നോമ്പ് നിർബന്ധമായി. ചന്ദ്രനെ അതാത് പ്രദേശങ്ങളിൽ കണ്ടില്ല എന്ന് പറഞ്ഞ് ആദ്യത്തെ നോമ്പ് പാഴാക്കുന്നത് ശിക്ഷാർഹമാണ്. റമദാൻ 29ന് കണ്ടാൽ അടുത്ത ദിവസം പെരുന്നാൾ നിർബന്ധമായി. നോമ്പ് ഹറാമും. ഇത് പരീക്ഷിക്കാൻ മാസം കാണാൻ സാധ്യതയുള്ള ദിവസം (റമദാൻ അല്ലാത്ത മാസങ്ങളിൽ) തിരുവനന്തപുരം മുതൽ കാസർകോടു വരെ ഇസ്‌ലാമിക പ്രവർത്തകർ ഹിലാൽ കാണാൻ പോകണം. എല്ലാവരുടെയും കൈയിൽ മൊബൈൽ ഫോണുണ്ടാകണം. കണ്ടവർ ഫോണിലൂടെ വിവരം കൈമാറുക. അപ്പോൾ തിരുവനന്തപുരത്ത് കാണുന്ന ദിവസം തന്നെ കോഴിക്കോട്ടും കാസർകോട്ടും കാണാമെന്ന് നമുക്ക് ബോധ്യപ്പെടും.'' (പേജ് 105).**

മൂന്ന് സംശയങ്ങൾ ചോദിച്ചോട്ടെ:

1. ഇത് കാണാൻ പോകുന്നവരുടെ മഗ്‌രിബ് നമസ്കാരം എല്ലാ മാസവും എവിടെ, എപ്പോൾ, എങ്ങനെ എന്നൊന്നും വിശദീകരിച്ചു കണ്ടില്ലല്ലോ. അതുകൂടി ഉദ്ധരിക്കേണ്ടതായിരുന്നു.

2. ഇന്ത്യ മുഴുവൻ ഒരു മത്്‌ലഅ് ആയതുകൊണ്ട് ഇന്ത്യയിൽ എവിടെക്കണ്ടാലും നോമ്പ് നിർബന്ധമായി എന്ന് പറഞ്ഞുവല്ലോ.

ഇന്ത്യ മുഴുവൻ ഒരു മത്്‌ലഅ് എന്ന് പറയാൻ സാധിച്ചത് കണക്ക് കൊണ്ടാണല്ലോ. ചന്ദ്രമാസം കണക്കു കൂട്ടാൻ പാടില്ലെന്ന് നബി പറഞ്ഞിരിക്കുന്നു എന്ന് വാദിക്കുന്ന ഗ്രന്ഥകാരൻ കണക്ക് കൂട്ടി മത്്‌ലഅ് കണ്ടു

പിടിക്കുന്നത് ശരിയാണോ?

3. ഇനി മത്‌ലഅ് എന്ന പ്രയോഗം ഖുർആനിലോ ഹദീസുകളിലോ ഗ്രന്ഥകാരന്റെ ആധികാരിക രേഖയായ കുറൈബിന്റെ കഥയിൽ പോലുമോ ഇല്ലാത്ത സ്ഥിതിക്ക് ഇതൊരു ദുർവ്യാഖ്യാനമല്ലെ? 'ദുർവ്യാഖ്യാനം' നടത്തിയതു കൊണ്ടാണല്ലോ അലി മണിക്ഫാനെതിരിൽ കുഫ്റിന്റെ ഫത്‌വ ഗ്രന്ഥകാരൻ പുറപ്പെടുവിച്ചത്?

അല്ലാഹു ലോകജനതക്കു വേണ്ടി ഒരു ചന്ദ്രനെ നിശ്ചയിച്ചു. ആ ചന്ദ്രൻ ലോകർക്കെല്ലാം ഒരേ ദിവസം ഒരേ തിയ്യതി കാണിക്കുകയും ചെയ്യുന്നു. പക്ഷെ ഗ്രന്ഥകാരന്റെ അല്ലാഹുവിന് ഇന്ത്യക്കാരെ മാത്രം മതി!

**'കണക്കുകൂട്ടൽ ഇസ്‌ലാം നിരോധിച്ചതാണ്. മുസ്‌ലിംകളെ ഐക്യപ്പെടുത്താം എന്ന അജ്ഞതയാണ് അനൈക്യമുണ്ടാക്കുന്നത്. അതിന് ശ്രമിച്ചവരൊക്കെ പരാജയപ്പെട്ടിരിക്കുന്നു.' (പേജ് 109).**

ശരിയാണ്. അല്ലാഹുവും പരാജയപ്പെട്ടിരിക്കുന്നു! **'നിങ്ങൾ ദൈവപാശത്തെ മുറുകെപ്പിടിച്ച് ഭിന്നിക്കാതെ ഐക്യപ്പെട്ട് നിൽക്കണം. അല്ലെങ്കിൽ നിങ്ങളുടെ കാറ്റ് പോകും.'** എന്നെല്ലാമുള്ള അല്ലാഹുവിന്റെ കൽപനകൾ അനുസരിക്കാൻ കൂട്ടാക്കാത്ത ഇത്തരം ആളുകൾ അല്ലാഹുവിനെ പരാജയപ്പെടുത്താൻ പണിയെടുത്തു കൊണ്ടിരിക്കുകയാണ് എന്ന കാര്യത്തിൽ സംശയമില്ല. പിന്നെ അല്ലാഹു പരാജയപ്പെടാതിരിക്കുമോ?

നമുക്ക് പ്രാർത്ഥിക്കാം അല്ലാഹുവേ, ഇവരോട് പൊറുക്കണമേ.

# അവർ പറയുന്നു:

### 1. രാഷ്ട്രീയം നമ്മുടെ മുദ്രാവാക്യം

തിരഞ്ഞെടുപ്പിൽ ഭൂരിപക്ഷം കിട്ടിയെന്നു വച്ച് രാജ്യത്തെ നശിപ്പിക്കാനുള്ള അധികാരം ആരും ബി.ജെ.പി ക്ക് നൽകിയിട്ടില്ല. ഇന്ത്യ വൈവിധ്യങ്ങളുടെ രാജ്യമാണ്. ഇതിനെ വിഘടിപ്പിക്കാതിരിക്കുക. മനുഷ്യനാവുക എന്നതാവണം നമ്മുടെ മുദ്രാവാക്യം.

*(ശരത് യാദവ്. ജെ.ഡി.യു. ദേശീയ പ്രസിഡണ്ട്)*

### 2. സംഘാടനം ഏറ്റവും വലിയ നിധി

സംഘാടനവും അതിന്റെ നേതൃത്വവും അനായാസകരമായ ചുമതലയല്ല. പ്രാപ്തിയുള്ളവരല്ല അതു ചെയ്യുന്നതെങ്കിൽ അപചയവും പതനവും അനിവാര്യവുമാണ്. വളരെ നല്ല നിലയിൽ തുടങ്ങിയ സംഘടനകളും സ്ഥാപനങ്ങളും നേതൃത്വ അപചയത്തിൽ നശിച്ചു പോയ ഉദാഹരണങ്ങൾ നമ്മുടെ മുൻപിലുണ്ട്. ഏവരും ജന്മനാ നേതൃത്വ പാടവമുള്ളവരായിരിക്കണമെന്നില്ല. പാടവം ആർജ്ജിത ഭാഗമാണ്. അങ്ങനെയുള്ളവർക്കുണ്ടായിരിക്കേണ്ട മാനസികനില ജീവിതത്തിൽ ലക്ഷ്യം കണ്ടെത്തുക എന്നതാണ് ഒരാൾക്ക് കൈവശപ്പെടുത്താവുന്ന ഏറ്റവും വലിയ നിധി എന്നതായിരിക്കണം.

*(പ്രൊഫ.എ.പി.സുബൈർ. എം.എസ്.എസ്. ജേർണൽ. ഡിസംബർ 14)*

**3.** "ക്രിസ്തുവചനം ബൈബിളിൽ മാത്രമല്ല ഉള്ളത്. അത് വൃക്ഷങ്ങളിലും പൂക്കളിലും മേഘങ്ങളിലും നക്ഷത്രങ്ങളിലുമുണ്ട്."

*(മാർട്ടിൻ ലൂഥർകിംഗ്)*

**4.** ഇരുട്ടിനെ ഭയക്കുന്ന കുട്ടിയോട് നമുക്ക് എളുപ്പം പൊറുക്കാൻ കഴിയും. മനുഷ്യൻ വെളിച്ചത്തെ ഭയക്കുന്നതാണ് ജീവിതത്തിലെ ഏറ്റവും വലിയ ദുരന്തം. *(പ്ലേറ്റോ)*

**5.** മനുഷ്യ വംശത്തിനു നന്മ ചെയ്യാത്തതൊന്നും സത്യസന്ധമായ കലയായിരിക്കില്ല. സൗന്ദര്യം രണ്ടാമതേ വരുന്നുള്ളൂ. സത്യസന്ധതയാണ് പ്രധാനം. *(ഋതിക്ക് ഘട്ടക്)*

**6.** നീതി നടത്താൻ താമസിച്ചാൽ അത് നീതി നിഷേധിക്കലാണ്. *(കെന്നഡി)*

**7.** "ലക്ഷ്യവും മാർഗ്ഗവും പരിശുദ്ധമായിരിക്കണം. ഇതാണ് ഇസ്ലാം നൽകുന്ന സന്ദേശം. ഒരു മുസ്ലിമിന്റെ ആത്യന്തികലക്ഷ്യം അല്ലാഹുവിന്റെ തൃപ്തിയും പരലോക മോക്ഷവുമാണ്. ലക്ഷ്യപ്രാപ്തിക്കായുള്ള മാർഗ്ഗമാണ് പ്രവാചകചര്യ. ഇതിനു വിരുദ്ധമായ മാർഗ്ഗങ്ങൾ തെരഞ്ഞെടുക്കുന്നവനും കെട്ടിച്ചമയ്ക്കുന്നവനും അതിർത്തിക്ക് പുറത്താകുന്നു."

*(കെ.ഉമർ മൗലവി. ഓർമ്മകളുടെ തീരത്ത്. പേ: 196)*

പൊൻകിരണം

## കത്തുന്ന വാക്ക്

അറേബ്യൻ നാടുകളുമായുള്ള സംസർഗത്തിന്റെ ഭാഗമായി വന്ന സാമൂഹിക മാറ്റത്തെപ്പറ്റിയും നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്ന സ്ത്രീ–പുരുഷ അസമത്വത്തെപ്പറ്റിയും കരയുന്ന വാക്കുകളേക്കാൾ കത്തുന്ന വാക്കുകളാണുണ്ടാവേണ്ടത്.

*(സുഹ്റ മമ്പാട്, മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്)*

# മൂന്ന് കുരങ്ങന്മാർ

**സുഗതകുമാരി**



ഗാന്ധി എന്നു പേരുള്ള ഒരു മനുഷ്യനുണ്ടായിരുന്നു ഇവിടെ. അദ്ദേഹം മരിച്ചു പോയി. എങ്കിലും സർക്കാർ ഓഫീസ് ചുവരുകളിലും നമ്മുടെ രൂപാനോട്ടുകളിലുമെല്ലാം അദ്ദേഹത്തിന്റെ ചിത്രം കാണാം. നഗരത്തിലെ ഇംഗ്ലീഷ് മീഡിയം ക്ലാസുകളിലെ ഒരു മിടുക്കനായ 12 വയസ്സുകാരൻ ഈയിടെ ചോദിച്ചതായി കേട്ടു- "Who is this Godse? A great sports star?' എവിടെയോ ഗോഡ്സെയ്ക്ക് അമ്പലം പണിയാൻ പോകുന്നുവെന്ന് കേട്ട് ചോദിച്ചതാണ് എന്നേയുള്ളു. നമുക്ക് ഗോഡ്സെയെ അറിഞ്ഞുകൂടാ. എന്നാൽ, രൂപാനോട്ടുകളിൽ പടമുള്ളിടത്തോളം കാലം ഗാന്ധിയെ നാം തിരിച്ചറിയും.

ഇത്രയുമെഴുതിയത് വ്യസനം കൊണ്ടല്ല, കരയാനാവാത്തതിനാലാണ്. ചിരിക്കാതിരിക്കാൻ വയ്യാത്തതുകൊണ്ടാണ്. ഈ ഗാന്ധിയെന്ന മനുഷ്യന്റെ മുറിയുടെ കോണിലെങ്ങോ മൂന്ന് കുരങ്ങന്മാരുടെ പ്രതിമകളുണ്ടായിരുന്നു. അവയിൽ ഒന്ന്, രണ്ട് കണ്ണും പൊത്തിയിരിക്കുന്നു. രണ്ടാമൻ ചെവിരണ്ടും പൊത്തിപ്പിടിച്ചിരിക്കുന്നു. മൂന്നാമത്തെ കുരങ്ങൻ ഇരുകൈകളാലും വായ പൊത്തിപ്പിടിച്ചിരിക്കുന്നു. ആ ഓർമയിൽ മാത്രം എഴുതുകയാണ്.

നമുക്കും രണ്ടുകണ്ണും പൊത്തിപ്പിടിക്കാം. ബിവറേജസ് കോർപ്പറേഷന്റെ മുന്നിൽ നീണ്ടുവരുന്ന ക്യൂവിന്റെ വളർച്ച കാണരുത്. ആയിരമായിരം പെണ്ണുങ്ങളുടെ നിലവിളി ശബ്ദം കേൾക്കരുത്. ചെവിപൊത്തിപ്പിടിച്ചിരിക്കാം. അവരുടെ തോരാത്ത കണ്ണുനീർ കാണരുത്. സ്കൂളിലെ

ക്ലാസിൽ പിൻനിരകളിൽ ഡെസ്കിൽ തലചായ്ച്ച് മയങ്ങിയിരിക്കുന്ന നമ്മുടെ മക്കളെ നോക്കരുത്. സ്കൂൾ ബാഗുകൾ ഒരിക്കലും തുറന്ന് പരിശോധിക്കരുത്. ഒമ്പതാം ക്ലാസുകാരുടെ നാവു കുഴഞ്ഞുള്ള അസഭ്യവാക്കുകൾ കേൾക്കാനാവുന്നില്ല എന്ന ആവലാതിയുമായി എത്തിയ അധ്യാപികമാരോടും നമുക്കു പറയാം- ചെവി പൊത്തിക്കോളൂ. വിദ്യാർത്ഥികളുടെ മൊബൈലുകൾ വാങ്ങി നോക്കരുത് ഞെട്ടിതരിച്ചുപോകും. വേണ്ടാ.

ആസ്പത്രികളിൽ വയറുപെരുകി ചോര ചർദിച്ചു കിടക്കുന്ന ചെറുപ്പക്കാരെ കണ്ടാലുടൻ കണ്ണുപൊത്തിക്കൊള്ളുക. കാരണം ചോദിക്കരുത്. അവരുടെ ഞരക്കങ്ങൾ കേൾക്കരുത്. റോഡപകടങ്ങളിൽ തകർന്നുകിടക്കുന്ന വാഹനങ്ങൾ നോക്കരുത്. കാൽക്കീഴിലെ ചോരപ്പാടുകൾ കാണരുത്. ദൂരെ തെറിച്ചു വീണു കിടക്കുന്ന ഒറ്റ കുത്തിച്ചെരിപ്പ് കാണാതെ കണ്ണുമുറുകെ പൊത്തിക്കൊള്ളുക.

കുടുംബ കോടതികളിലും അദാലത്തുകളിലും നിരനിൽക്കുന്ന സ്ത്രീകളുടെ മുഖങ്ങളിലെ തളർച്ചയും ഭയവും കാണരുത്. അവരുടെ പരാതിക്കടലാസുകൾ വാങ്ങിനോക്കരുത്. മുഖങ്ങളിലെ കടുപ്പം ശ്രദ്ധിക്കരുത്. മദ്യപിച്ച് ഉന്മത്തരായ രക്ഷിതാക്കളുടെ ചവിട്ടടിയിൽ ചതഞ്ഞമരുന്ന കുഞ്ഞുപൂക്കളെ നിങ്ങൾ തീർച്ചയായും കാണരുത്. അവരുടെ പേടിച്ചരണ്ട കരച്ചിൽ കേൾക്കരുത്. ആരു കുഞ്ഞേ ഉപദ്രവിച്ചത് എന്നു ചോദിക്കുമ്പോൾ കേൾക്കുന്ന വന്ദ്യ നാമങ്ങൾ കേൾക്കാതെ പെട്ടെന്ന് ചെവി പൊത്തിക്കൊള്ളുക.

ഇനി പറയുന്നത് ഒരു സാക്ഷിമൊഴിയാണ്; അതിശയോക്തിയല്ല. കുടിക്കാൻ കാശു കൊടുക്കാത്തതിനാൽ ഭർത്താവ്, വീർത്ത വയറ്റിൽ ഒറ്റച്ചവിട്ടു കൊടുത്ത് ചിതറിച്ചുകളഞ്ഞ ഏഴു മാസം മാത്രം വളർച്ചയെത്തിയ പിഞ്ചുകുഞ്ഞിന്റെ ചതഞ്ഞു മുറിഞ്ഞുപോയ കൈകാലുകൾ കണ്ടിട്ടുള്ളവരാണ് ഞങ്ങൾ. റെയിൽപ്പാളത്തിൽ കിടന്ന ഒന്നര വയസ്സുകാരിയുടെ പിളർന്നുപോയ ഗുഹ്യഭാഗം തുന്നിക്കെട്ടുന്നത് കണ്ടവരാണ് ഞങ്ങൾ. 'രാത്രിയിൽ കിടത്തി ഉറക്കൂല, രക്ഷിക്കണം' എന്ന് സ്വന്തം രക്ഷിതാക്കളെ ച്ചൊല്ലി അപേക്ഷിക്കുന്ന പെൺമകളെ കാണുന്നവരാണ് ഞങ്ങൾ. ഒരിക്കലും നിങ്ങളിവയൊന്നും കാണരുത്. കണ്ണുകൾ മുറുകെ പൊത്തിപ്പിടിക്കുക.

തളർന്ന മുദ്രാവാക്യങ്ങൾ കേൾക്കുന്നുണ്ടോ? സെക്രട്ടേറിയറ്റുനടയിൽ ഉപവാസമിരുന്നിരുന്ന് തപിക്കുന്ന കുറേ മൂഢന്മാരുടെ തണുക്കാത്ത മനോവീര്യത്തിന്റേ അനശ്വര നാദമാണ്. പൊത്തിയ കണ്ണുകൾ ഒന്ന് പതുക്കെ തുറന്നു നോക്കൂ. മന്മഥൻ സാറിനെ അവിടെ കാണുന്നില്ലേ. കേളപ്പജിയെ കാണുന്നില്ലേ, ജി. കുമാരപ്പിള്ള സാറിനെ കാണുന്നില്ലേ? നൂറ്നൂറ് രക്തസാക്ഷികളുടെ മുഖങ്ങൾ അവർക്കു പിന്നിൽ നിറഞ്ഞു കാണുന്നില്ലേ! അവരുടെ ശിരസ്സിനുമുകളിൽ മങ്ങിക്കാണുന്ന ആ മുഖം രൂപാനോട്ടുകളിൽ നാം കണ്ട് തഴകിയിട്ടുള്ളതല്ലേ? ആ മുഖത്തിനുമപ്പുറം ഉയർന്നു കാണുന്ന പ്രശാന്തമായ മുഖം ആരുടേതാണ്? നാരായണ ഗുരുദേവൻ എന്ന് ആരോ മന്ത്രിച്ചു. മതി, വേഗം കണ്ണുകൾ പൊത്താം. അവരെയാരെയും കാണേണ്ട, ഓർക്കേണ്ട. ജേതാക്കളുടെ പുച്ഛച്ചിരികൾ കാണേണ്ട. പത്രങ്ങൾ നിരത്തുന്ന അഴിമതിക്കഥകൾ വായിക്കേണ്ട. എല്ലാ ബാറുകളും ഇപ്പോൾ പൂട്ടുമെന്ന ഭരണാധിപരുടെ പ്രഖ്യാപനങ്ങളും കോടതിച്ചുറ്റികയുടെ ഉഗ്രപതനങ്ങളും കേൾക്കേണ്ട. കാതുകൾ പൊത്തിപ്പിടിച്ചു തന്നെയിരിക്കട്ടെ.

ഇരു കൈയും കൊണ്ട് വായ പൂട്ടിയിരിക്കുന്നത് നന്നായി. പ്രതികരിക്കരുത്, പ്രതിഷേധിക്കരുത്. മിണ്ടരുത്. അമ്മമാരുടെ നിലവിളി ഈശ്വരപാദത്തോളം ഉയർന്നാലും കടലിനോളം കണ്ണുനീർ നാട്ടിൽ ഒഴുകിനിറഞ്ഞാലും അക്രമങ്ങൾ ഭയാനകമാംവിധം പെരുകിയാലും മദ്യപാനത്തിൽ മാത്രമല്ല, ആത്മഹത്യകളിലും വാഹനാപകടങ്ങളിലും സ്ത്രീപീഡനങ്ങളിലും മലയാളി ഒളിമ്പിക് മെഡൽ നേടി നിവർന്നു നിന്നാലും നാം അനങ്ങരുത്. കണ്ണുപൊത്തി, ചെവിപൊത്തി വായപൊത്തി സ്വന്തം കാര്യം മാത്രം നോക്കി കഴിഞ്ഞു കൊള്ളുക.

സഹോദരങ്ങളെ, ആ മൂന്ന് കുരങ്ങന്മാരാവട്ടെ നമ്മുടെ ഇഷ്ടദേവന്മാർ, കൂടുതലൊന്നും പറയാനില്ല.

*മാതൃഭൂമി 12/3/2015*
*വ്യാഴാഴ്ച*

## ഇവർ സദാചാര പോലീസുകാരല്ല

നിഷ്കളങ്കമായി ദൈവപ്രീതി കാക്ഷിച്ചു കൊണ്ട് സദ്വിചാരത്തോടെ നന്മ കൽപിക്കുകയും തിന്മ തടയുകയും ചെയ്യുന്നവർ സദാചാരപ്പോലീസ് ചമയുന്നവരിൽ പെടുകയില്ല. സത്യം ധർമ്മം, നീതി, കാരുണ്യം എന്നിവയുടെ അടിത്തറയിൽ നിന്നു കൊണ്ട് പ്രിതിരോധം സൃഷ്ടിക്കാതിരുന്നാൽ മനുഷ്യാസ്തിത്വം നിലനിൽക്കുകയില്ല. ഇക്കാലം പതിനാലു നൂറ്റാണ്ടിനപ്പുറം ഇസ്‌ലാമിനു മുമ്പു അന്ധകാരയുഗത്തേക്കാൾ (ജാഹിലിയ്യത്ത്) അധ:പതനത്തിലെത്തിയിരിക്കുന്നു. സുഗതകുമാരിയുടെ ലേഖനാവിഷ്കാരത്തിലെ 'തീം' വിശുദ്ധ ഖുർആനിലെ പ്രഖ്യാപനങ്ങളോടു നീതിപുലർത്തുന്നു. അല്ലാഹു പറയുന്നു: **"നന്മയിലേക്ക് ക്ഷണിക്കുകയും സദാചാരം കൽപിക്കുകയും ദുരാചാരത്തിൽ നിന്ന് വിലക്കു**

**കയും ചെയ്യുന്ന ഒരു സമുദായം നിങ്ങളിൽ നിന്നും ഉണ്ടായിരിക്കട്ടെ. അവരത്രെ വിജയികൾ'' (വി.ഖു:3:104)**

മുസ്‌ലിംകൾക്ക് ഇപ്പറഞ്ഞതിൽ കനത്ത ബാധ്യതയുണ്ട്. മനുഷ്യ വംശത്തിന്റെ മുഴുവൻ ധർമ്മാധർമ്മ പ്രബോധന ബാധ്യത ഏൽപിക്കപ്പെട്ടവരാണവർ. അതിനാൽ അല്ലാഹു കല്പിച്ചു: **''മനുഷ്യ വംശത്തിനു വേണ്ടി രംഗത്തു കൊണ്ടു വരപ്പെട്ട ഉത്തമ സമുദായമാകുന്നു നിങ്ങൾ. സദാചാരം കൽപിക്കുകയും ദുരാചാരം വിലക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നവരാണല്ലോ നിങ്ങൾ, വേദക്കാർ വിശ്വസിച്ചിരുന്നുവെങ്കിൽ അതവർക്ക് ഉത്തമമായിരുന്നു. അവരിൽ വിശ്വാസമുള്ളവരുണ്ടെങ്കിലും അധികപേരും ധിക്കാരികളായിട്ടാണുള്ളത്.'' (വി.ഖു: 3:110)**

തിന്മയെ പ്രതിരോധിക്കാത്തവർ സ്വയം തകർന്നു പോകും. നില നിൽക്കാൻ അർഹതിയില്ലാത്തവരാണവർ. അവരേക്കാൾ മോശപ്പെട്ടവരാണ് ഉപദേഷ്ടാക്കളെ- (ഇന്നത്തെ പരിഷ്കൃതഭാഷയിൽ 'സദാചാരപ്പോലൂസുകാരെ')- ഒരുക്കുന്നവരും വെറുക്കുന്നവരും. അവർ തനി കുരങ്ങന്മാർ തന്നെയാണെന്നാണ് അല്ലാഹു നമ്മെ അറിയിച്ചിട്ടുള്ളത്. അധർമകാരികൾക്ക് ഉപദേഷ്ടാക്കളെ ഒട്ടും ഇഷ്ടമല്ല. ''ദൈവം നശിപ്പിക്കാനോ കഠിനമായി ശിക്ഷിക്കാനോ അർഹത നേടിയവരെ നിങ്ങളെന്തിനാണ് ഉപദേശിക്കുന്നത്? എന്നു ഒരു സമൂഹം പറഞ്ഞു. അപ്പോൾ ആ ഉപദേഷ്ടാക്കൾ മറുപടി കൊടുത്തു: 'നിങ്ങളുടെ രക്ഷിതാവിങ്കൽ അപരാധത്തിൽ നിന്ന് ഞങ്ങൾക്കു ഒഴിവാകാനാണ്. ഉപദേശം കേട്ട് അവർ നന്നാകാൻ സാധ്യതയുമുണ്ടല്ലോ! എന്നാൽ, ദൈവം അവരോട് ഓർമ്മപ്പെടുത്തിയതെല്ലാം അവർ വിസമരിച്ചുകളഞ്ഞു. ദുഷ്പ്രവൃത്തിയിൽ നിന്ന് വിലക്കിയവരെ ദൈവം രക്ഷപ്പെടുത്തി. ധിക്കാരം കാണിച്ചതിനാൽ അക്രമികളെ കഠിനമായി ശിക്ഷ മുഖേന പിടികൂടുകയും ചെയ്തു. ചുരുക്കത്തിൽ, വിലക്കപ്പെട്ടതിലെല്ലാം ധിക്കാരം കാണിച്ചവരോട് അല്ലാഹുപറഞ്ഞു: നിങ്ങൾ നിന്ദ്യന്മാരായ കുരങ്ങന്മാരായിക്കൊള്ളുക.'' (വി. ഖുർആൻ :7:164-166).

*(കെ.കെ.എഫ്)*

# സന്ധികൾക്കും നരക മോചനം

നബി (സ) പറഞ്ഞു: "ആദം സന്തതികളായ മുഴുവൻ മനുഷ്യരും സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് മുന്നൂറ്ററുപത് സന്ധികളുമായാണ്. അതിനാൽ അത് അല്ലാഹുവിന് മഹത്വപ്പെടുത്തുകയും സ്തുതിക്കുകയും അവന്റെ ഏകത്വത്തെ പ്രകീർത്തിക്കുകയും പരിശുദ്ധി വാഴ്ത്തുകയും അല്ലാഹുവിനോട് പാപമോചനം തേടുകയും ജനങ്ങളുടെ സഞ്ചാരമാർഗത്തിൽ നിന്ന് കല്ലോ മുള്ളോ എല്ലോ എടുത്തു മാറ്റുകയും നന്മ കൽപിക്കുകയോ തിന്മ വിലക്കുകയോ ചെയ്യുകയും അങ്ങനെയവ മുന്നൂറ്റി അറുപത് എണ്ണം തികയ്ക്കുകയുമാണെങ്കിൽ അന്നവൻ നടന്നു പോവുക തന്റെ ശരീരം നരകത്തിൽ നിന്ന് അകറ്റപ്പെട്ട നിലയിലായിരിക്കും" (മുസ്‌ലിം).

## വികലാംഗന്റെ രക്തസാക്ഷിത്വം

അഹ്മദ്ബ്നു അംറ്ബ്നുൽ ജമൂഹ് ഒരു വികലാംഗനായിരുന്നു. അദ്ദേഹത്തെ ആദരിക്കാനും അദ്ദേഹത്തിന്റെ ആത്മ വീര്യം വർദ്ധിപ്പിക്കുവാനുമുദ്ദേശിച്ച് തിരുദൂതർ ഇപ്രകാരം പറയുമായിരുന്നു. 'വൈകല്യമില്ലാത്ത കാലുകളുമായി താങ്കൾ സ്വർഗത്തിൽ നടക്കുന്നത് കാണുന്ന പോലെ എനിക്കനുഭവപ്പെടുന്നു.' പ്രവാചകൻ നയിച്ച യുദ്ധങ്ങളിലെല്ലാം പങ്കെടുത്തവരും കരുത്തരും ധീരരുമായ നാലു മക്കളുടെ പിതാവായ ഈ അനുചരൻ വളരെ പ്രയാസത്തോടെ മുടന്തിയാണ് നടന്നിരുന്നത്. ഉഹ്ദ് യുദ്ധ ദിവസം യുദ്ധത്തിൽ പങ്കെടുക്കുന്നതിൽ നിന്ന് അല്ലാഹു ഇളവു നൽകിയിട്ടുണ്ടെന്നും, അതിനാൽ വീട്ടിൽ പോയിരിക്കണമെന്നും ആ മക്കൾ അദ്ദേഹത്തോട് ആവശ്യപ്പെട്ടു. ഇക്കാര്യം പ്രവാചകന്റെ ശ്രദ്ധയിൽ പെടുത്തിയശേഷം അദ്ദേഹം പറഞ്ഞു: അല്ലാഹുവാണേ, ഈ മുടന്തോടുക്കൂടി സ്വർഗത്തിലൂടെ നടക്കണമെന്നാണെന്റെ ആഗ്രഹം.

'അല്ലാഹു താങ്കൾക്ക് ഇളവ് നൽകിയിരിക്കുന്നു. ദൈവ മാർഗത്തിലെ സമരം താങ്കൾക്ക് നിർബന്ധമില്ല.' എന്ന് പ്രവാചകൻ മറുപടി നൽകി. എന്നിട്ടദ്ദേഹം മക്കളോട് പറഞ്ഞു. നിങ്ങളദ്ദേഹത്തെ തടയേണ്ടതില്ല. ഒരു പക്ഷെ, അല്ലാഹു രക്തസാക്ഷിത്വം നൽകി അദ്ദേഹത്തെ അനുഗ്രഹിച്ചേക്കാം.' അങ്ങനെ അദ്ദേഹം അടരാടി രക്തസാക്ഷിത്വം വരിച്ചു.

*(ടി.കെ. ഇബ്രാഹീം. ദയാനിധിയായ ദൈവദൂതൻ പേജ്: 15)*

# എല്ലാ കല്ല്യാണത്തിനും പോകണമോ?

ശംസുദ്ദീൻ പാലക്കോട്

**മതസമൂഹവും പൊതുസമൂഹവുമായി ബന്ധപ്പെട്ട ഒരു സുപ്രധാനയോഗ ത്തിലേക്ക് അതിലെ ഒരു പ്രധാന അംഗത്തെ ക്ഷണിച്ചുകൊണ്ട് ക്ഷണ ക്കത്ത് കൊടുത്തപ്പോൾ വളരെ ലാഘവത്തോടെ അത് വായിച്ച് വളരെ സീരിയസ്സായി പറഞ്ഞ ഒരു മറുപടിയാണിത്! അഥവാ കല്യാണ ക്ഷണക്ക ത്തിന് നൽകുന്ന സ്ഥാനം പലരും മറ്റുള്ള ക്ഷണക്കത്തുകൾക്ക് നൽകു ന്നില്ല എന്നർത്ഥം. മാത്രമല്ല ക്ഷണിക്കപ്പെടുന്ന കല്യാണത്തിനെല്ലാം പോകൽ നിർബന്ധമാണ് (ഫർള് ഐൻ) എന്ന ഒരു മാനസിക നിലവാരത്തിലാണ് അധികം പേരും ഇന്നുള്ളത്. എന്നാൽ ക്ഷണിക്കപ്പെടുന്ന എല്ലാ കല്യാണ ത്തിനും പോകേണ്ടതുണ്ടോ? നമ്മുടെ സാന്നിധ്യവും അഭിപ്രായവും നില പാടുകളും അത്യാവശ്യമുള്ള സുപ്രധാന യോഗങ്ങൾ, മറ്റു അത്യാവശ്യ കാര്യങ്ങൾ എന്നിവയെല്ലാം ഒഴിവാക്കി ഒന്നാം സ്ഥാനം നൽകി പങ്കെടു ക്കേണ്ടതാണോ കല്യാണാഘോഷങ്ങൾ?**

“ഈ ഞായറാഴ്ച പത്ത് കല്ല്യാണത്തിന് എനിക്ക് ക്ഷണമുണ്ട്. ഒന്ന് കയറി യിറങ്ങി മുഖം കാണിക്കുകയെങ്കിലും വേണ്ടേ? കല്യാണം കൊണ്ട് ഇപ്പോൾ ഒന്നിനും സമയമില്ല. നിങ്ങളുടെ യോഗത്തിന് സമയം കിട്ടിയാൽ വരാൻ നോക്കാം!”

മതസമൂഹവും പൊതുസമൂഹവുമായി ബന്ധപ്പെട്ട ഒരു സുപ്രധാനയോഗത്തിലേക്ക് അതിലെ ഒരു പ്രധാന അംഗത്തെ ക്ഷണിച്ചുകൊണ്ട് ക്ഷണക്കത്ത് കൊടുത്തപ്പോൾ വളരെ ലാഘവത്തോടെ അത് വായിച്ച് വളരെ സീരിയസ്സായി പറഞ്ഞ ഒരു മറുപടി യാണിത്! അഥവാ കല്യാണ ക്ഷണക്കത്തിന് നൽകുന്ന സ്ഥാനം പലരും മറ്റുള്ള ക്ഷണ ക്കത്തുകൾക്ക് നൽകുന്നില്ല എന്നർത്ഥം. മാത്രമല്ല ക്ഷണിക്കപ്പെടുന്ന കല്യാണത്തി നെല്ലാം പോകൽ നിർബന്ധമാണ് (ഫർള് ഐൻ) എന്ന ഒരു മാനസിക നിലവാര ത്തിലാണ് അധികം പേരും ഇന്നുള്ളത്. എന്നാൽ ക്ഷണിക്കപ്പെടുന്ന എല്ലാ കല്യാ ണത്തിനും പോകേണ്ടതുണ്ടോ? നമ്മുടെ സാന്നിധ്യവും അഭിപ്രായവും നിലപാടുകളും അത്യാവശ്യമുള്ള സുപ്രധാന യോഗങ്ങൾ, മറ്റു അത്യാവശ്യ കാര്യങ്ങൾ എന്നിവയെല്ലാം ഒഴിവാക്കി ഒന്നാം സ്ഥാനം നൽകി പങ്കെടുക്കേണ്ടതാണോ കല്യാണാഘോഷങ്ങൾ? ‘ക്ഷണിച്ചാൽ ക്ഷണം സ്വീകരിക്കുക’ എന്ന സത്യവിശ്വാസികൾ തമ്മിലുള്ള സുപ്ര ധാന ബാധ്യത ക്ഷണിക്കപ്പെടുന്ന എല്ലാ കല്യാണങ്ങൾക്കും ബാധകമാണോ? ഇത്തരം സുപ്രധാനമായ ആദർശാത്മക ചിന്തകൾക്ക് പലരും ജീവിതത്തിൽ വലിയ സ്ഥാനം കൊടുക്കുന്നതായും കാണുന്നില്ല. ഇത് സംബന്ധമായ സുപ്രധാനമായ ചില ആദർശ തത്വങ്ങൾ താഴെ കൊടുക്കുകയാണ്. ദൈവവിശ്വാസവും പരലോകവിശ്വാസവും തന്റെ ആദർശമാണെന്ന് പറയുന്നവരെങ്കിലും ഇത് ശ്രദ്ധിക്കുമെന്ന് കരുതട്ടെ.

**1. കടമതന്നെ പക്ഷേ...:-** ‘ഒരു മുസ്‌ലിമിന് മറ്റൊരു മുസ്‌ലിമിനോടുള്ള കടമ കൾ ആറെണ്ണമാകുന്നു’ എന്ന് തുടങ്ങുന്ന ഒരു നബിവചനത്തിൽ ആറെണ്ണത്തിലൊന്ന് “അവൻ നിന്നെ ക്ഷണിച്ചാൽ ആ ക്ഷണം സ്വീകരിക്കുക” എന്നാണ് ഉള്ളത്. ഇതിലെ ആദർശം മാറ്റിവെച്ച് അക്ഷരത്തിലെടുത്താൽ സംഭവിക്കുന്നത് ഒരു മുസ്‌ലിം നാമ ധാരി തന്റെ വീട്ടിലേക്കോ ക്ലബ്ബിലേക്കോ ഒരു മദ്യസൽക്കാരത്തിന് ക്ഷണിച്ചാൽ ക്ഷണി

ക്കപ്പെട്ട മുസ്‌ലിം പോകണം! അനാവശ്യങ്ങൾ നടമാടുന്ന സദസ്സാണെങ്കിലും "ക്ഷണിച്ചില്ലേ എങ്ങിനെ പോകാതിരിക്കും. ക്ഷണിക്കപ്പെട്ട ഞാനും മുസ്‌ലിം ക്ഷണിച്ചവനും മുസ്‌ലിം, അതിനാൽ എങ്ങിനെ പോകാതിരിക്കും!" ഇങ്ങനെ ചോദിക്കാം! ന്യായീകരിക്കാം! തർക്കിക്കാം! എന്നാൽ ഈ ചിന്തയും ചോദ്യവും ന്യായീകരണവും ശരിയല്ല എന്ന് ഇസ്‌ലാമിന്റെ അടിസ്ഥാനതത്വങ്ങൾ മനസ്സിലാക്കിയവർക്കൊക്കെ അറിയാം.

**2. ഹലാലും ഹറാമും:-** ഇന്ന് നടക്കുന്ന പല കല്യാണങ്ങളിലും ഒട്ടേറെ ഹലാലും ഹറാമും കൂടിക്കലർന്ന് കിടക്കുകയാണ്. വീട്ടിലേക്ക് അതിഥികളെ ക്ഷണിച്ചു വരുത്തലും അവർക്കും മറ്റു പാവങ്ങൾക്കും ഭക്ഷണം നൽകലും അനുവദനീയവും നല്ല കാര്യവുമാണ്. മകന്റെയോ മറ്റുള്ളവരുടെയോ കല്യാണം നടക്കുന്നതിന്റെ ഭാഗമായി ഏറ്റവും അടുത്ത ബന്ധുക്കളെയും മറ്റും വീട്ടിൽ ക്ഷണിച്ചുവരുത്തി സന്തോഷം പങ്കിടുന്നതും അനുവദനീയം തന്നെ. എന്നാൽ കല്യാണത്തോടനുബന്ധിച്ച് ലക്ഷങ്ങൾ ചിലവഴിച്ച് പൊങ്ങച്ചകല്യാണക്കത്തുകൾ അടിക്കുന്നതും കാശുകൊടുത്ത് മ്യൂസിക്കുകാരെയും ഡാൻസുകാരെയും വരുത്തി കൂത്താട്ടവും ശബ്ദ ശല്യവുമുണ്ടാക്കുന്നത് ഹറാം. കല്യാണത്തിന് വന്നവരെ മാന്യമായി സൽക്കരിക്കുകയോ സ്വീകരിക്കുകയോ ചെയ്യാതെ അവിടെയുമിവിടെയുമൊക്കെ ഭക്ഷണം വെച്ചിട്ടുണ്ട്, പാത്രമെടുത്ത് കഴിച്ചോളൂ എന്ന നിലയിൽ അപമാനിക്കുന്നതും മറ്റൊരു ഹറാം! പുതിയാപ്പിളയുടെ കൂടെ വരുന്ന തെമ്മാടിപ്പിള്ളേർ പെൺവീട്ടിൽ കാട്ടിക്കൂട്ടുന്ന അധർമ്മ വിളയാട്ടം മറ്റൊരു ഹറാം! ഹറാമായ സ്ത്രീധനം വാങ്ങി കല്യാണം പൊടിപൊടിക്കുകയും അന്യായമായി വാങ്ങിയ ആ പണം കൊണ്ട് അതിഥികൾക്ക് ഭക്ഷണം നൽകുകയും ചെയ്യുന്നത് മറ്റൊരും ഹറാം! ഇതാണ് ഇന്നത്തെ പല കല്യാണങ്ങളുടെയും ഒരു ദയനീയ ചിത്രം. ഇങ്ങനെ ഹലാലും ഹറാമും കൂടിക്കലർന്ന് നിൽക്കുന്ന കല്യാണത്തിന് പോകാതിരിക്കുന്നതാകും പുണ്യം എന്ന് മനസ്സിലാക്കാൻ മതത്തെ സംബന്ധിച്ച പ്രാഥമിക വിവരം മതി. വലിയ ഇജ്തിഹാദ് ആവശ്യമില്ല.

**3. ക്ഷണക്കത്തിന് ലക്ഷങ്ങൾ:-** ഒരു ലഘുലേഖയുടെ പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട് ഈയ്യിടെ ഒരു പ്രസ്സിൽ പോയപ്പോൾ മേശപ്പുറത്ത് കണ്ട സവിശേഷമായ ഒരു പേക്കറ്റ് കണ്ട് ഇത് 2015ലെ ഡയറിയാണോ എന്ന എന്റെ ചോദ്യത്തിന് പ്രസ്സുകാരൻ പറഞ്ഞ മറുപടി ഇങ്ങനെ; "അല്ല മാഷേ, അത് ഡയറിയൊന്നുമല്ല. നിങ്ങളുടെ കൂട്ടത്തിലെ (മുസ്‌ലിം സമുദായത്തിലെ) ഒരാളുടെ അടുത്തമാസം നടക്കുന്ന ഒരു കല്യാണത്തിന്റെ ക്ഷണക്കത്താണത്. ഒന്നിന് 120 രൂപ ചെലവ് വരും. 2500 കോപ്പി ആദ്യം അടിക്കാനും പിന്നെ ആവശ്യമുള്ളത് പറയാം എന്നുമാണ് പുള്ളിക്കാരൻ പറഞ്ഞത്." ഇത്രയും ആർഭാടവും ധൂർത്തും നിറഞ്ഞ ഒരു കല്യാണക്കത്തിന്ന് ഓർഡർ തന്ന് പ്രസ്സുകാർക്ക് ലക്ഷങ്ങളുടെ വരുമാനമുണ്ടാക്കി കൊടുത്തതിൽ സന്തോഷമല്ല. മുസ്‌ലിം സമുദായത്തിലെ ചില പൊങ്ങച്ചക്കാരെ പറ്റിയുള്ള പുച്ഛമാണ് പ്രസ്സുകാരന്റെ ശരീരഭാഷയിൽ നിന്ന് എനിക്ക് വായിച്ചെടുക്കാൻ കഴിഞ്ഞത്. ഇനി പറയൂ, അൽപമെങ്കിലും ആദർശബോധമുള്ള ഒരാൾക്ക് ഇത്തരം പൊങ്ങച്ചകല്യാണത്തിന് സ്വന്തം മതാദർശവും മനസ്സാക്ഷിയും ചവിട്ടിമെതിച്ചു കൊണ്ടല്ലാതെ പോകാൻ പറ്റുമോ.

**4. തിന്മയിൽ നിസ്സഹകരണം:** ഒരു തിന്മകണ്ടാൽ കൈകൊണ്ടോ, നാവ് കൊണ്ടോ, ഹൃദയംകൊണ്ടോ തടയുക എന്നതാണ് ഇസ്‌ലാമിന്റെ തത്വവും മുസ്‌ലിമിന്റെ ബാധ്യതയും. ഏതെങ്കിലും ഒരു പൊങ്ങച്ചക്കാരൻ അയാളുടെ മകന്റെയോ മകളുടെയോ പെങ്ങളുടെയോ കല്ല്യാണത്തിന് അധർമവിളയാട്ടം നടത്തുമ്പോൾ നമുക്ക് നിയമം കയ്യിലെടുത്ത് അവനെ നേരിടുവാൻ കഴിയില്ല. അതിന്റെ ആവശ്യവുമില്ല. പക്ഷെ അവൻ കല്ല്യാണത്തിന് ക്ഷണിക്കുമ്പോൾ എങ്ങനെയൊക്കെയാണ് കല്ല്യാണം എന്ന് ചോദിച്ച് മനസ്സിലാക്കാം. തെറ്റ് കണ്ടാൽ നല്ലനിലയിൽ ഉൽബോധനം നടത്താം. ഇതിന്നും സാധിക്കുന്നില്ലെങ്കിൽ മനസ്സ് കൊണ്ട് വെറുത്ത് ആ കല്ല്യാണത്തിൽ പങ്കെടുക്കാതിരിക്കുക എന്നതാണ് ധർമ്മനിഷ്ഠയും മാന്യതയും.

**5. വലിയ കുടുംബം വലിയ കല്ല്യാണം:** കല്ല്യാണവീട്ടിലെ തിക്കും തിരക്കും കണ്ടപ്പോൾ കല്ല്യാണവീട്ടുകാരനോട് അയാളുമായുള്ള പരിചയത്തിന്റെ ബലത്തിൽ ഞാൻ ഇങ്ങനെ പ്രതികരിച്ചു; "കുറെയാളുകളെ കുറക്കാമായിരുന്നില്ലേ. എങ്കിൽ ഇങ്ങനെ 'ഹറിബറി'യാകുമായിരുന്നില്ലല്ലോ" അപ്പോൾ എന്റെ പ്രതികരണം ഇഷ്ടപ്പെടാത്ത മട്ടിൽ അയാൾ പറഞ്ഞത് ഇപ്രകാരം: "രണ്ടായിരം ആളുകളെ മാത്രം വിളിച്ചിട്ടാ ഇങ്ങനെയെങ്കിലും ചുരുങ്ങിയത്. ഇനിയും വിളക്കപ്പെടേണ്ട ആയിരത്തിലധികം പേർ പുറത്താണ്. വലിയ കുടുംബമാകുമ്പോൾ വലിയ കല്ല്യാണം നടത്താതെ പറ്റില്ല! എന്നാൽ ഞാനോർത്തുപോയി, വലിയ കുടുംബത്തിന്റെ മഹത്വം പറഞ്ഞ് പൊങ്ങച്ചം നടിക്കുന്ന ആ സുഹൃത്തിന്റെ വീട്ടിൽ ഏതാനും മാസങ്ങൾക്കു മുമ്പ് ഒരു മരണം നടന്നിരുന്നു. ആ വീട്ടിലെ തലമുതിർന്ന ഒരു കാരണവർ. അപ്പോൾ അവിടെ തടിച്ചു കൂടിയവർ 200ൽ താഴെ പേർ മാത്രമേയുണ്ടായിരുന്നുള്ളൂ! ക്ഷണിക്കാതെ തന്നെ പോകാവുന്നതും അങ്ങനെ

പോകൽ പുണ്യകരവുമായ മരണവീട്ടിൽ പലപ്പോഴും ഈ കുടുംബവലിപ്പം കാണാറില്ല എന്നത് കുടുംബ മഹിമ പറഞ്ഞ് പെരുമ നടിക്കുന്നവർ ചിന്തിക്കേണ്ടതാണ്. മരണവീട്ടിൽ കാണാത്ത കുടുംബ സ്നേഹം കല്ല്യാണവീട്ടിൽ കാണുന്നുവെങ്കിൽ അതിന്റെ യാഥാർത്ഥ്യവും മനശ്ശാസ്ത്രവും പഠനവിധേയമാക്കേണ്ടതുമാണ്!”

**6. ഏറ്റവും നല്ല ഭക്ഷണം:** ഇക്കലത്ത് നടക്കുന്നത് പോലുള്ള കല്ല്യാണത്തിന് ക്ഷണിക്കലും അതിന് പോകലും മാത്രമല്ല ക്ഷണം. ഏറ്റവും നല്ല ക്ഷണം അല്ലാഹുവിന്റെ മാർഗത്തിലുള്ള ക്ഷണമാണ്. അതിനോളം വരില്ല മഹത്വത്തിന്റെയും പ്രതിഫലത്തിന്റെയും കാര്യത്തിൽ മറ്റൊരു ക്ഷണവും. മത – ധാർമ്മികബോധം വളർത്താനുതകുന്ന ദൈവ ചിന്തയിലധിഷ്ഠിതമായ ക്ഷണവും സ്വീകരണവും അത്തരം കാര്യങ്ങളിൽ വ്യാപൃതമാകലുമാണ് ഏറ്റവും വലിയ നന്മ. ലളിതവും ധാർമിക ചിട്ടകൾ പാലിക്കുന്നതുമായ ഏറ്റവും നല്ല ഭക്ഷണം എന്ന് ഖുർആൻ വിശേഷിപ്പിച്ച (ഖുർആൻ 41:33) മത ധാർമിക സാംസ്കാരിക പ്രവർത്തനങ്ങളിൽ മുഴകി ജീവിതം ധന്യമാക്കാനാണ് സത്യവിശ്വാസികൾ മുൻഗണന നൽകേണ്ടത്. അല്ലാതെ ജീവിതത്തിലെ സുപ്രധാനസമയം കല്ല്യാണാഘോഷങ്ങളിൽ ഹോമിച്ചുകളയുകയല്ല വേണ്ടത്!

**7. സ്വീകരിക്കാം; നിരാകരിക്കാം!:** വിവാഹം ഇസ്‌ലാമിക ജീവിതത്തിന്റെ അനിവാര്യ ഘടകമാണ്. എന്നാൽ വിവാഹത്തിന്റെ പേരിൽ ആഴ്ചകളും മാസങ്ങളും നീണ്ടു നിൽക്കുന്ന ആഘോഷങ്ങളും ഒരുക്കങ്ങളും ആയിരങ്ങളെ വിളിച്ചുകൂട്ടി സമ്മേളന സമാനമായ രീതിയിൽ ആഘോഷം സംഘടിപ്പിക്കുന്നതും പ്രവാചകന്റെയോ സച്ചരിതരായ സ്വഹാബികളുടേയോ ചരിത്രത്തിൽ പരതി പരിശോധിച്ചാൽപ്പോലും കാണുകയില്ല. അനുവദനീയതയുടെ മറവിൽ ഒട്ടേറെ അനാവശ്യങ്ങളും അത്യാചാരങ്ങളും ധൂർത്തുമടങ്ങുന്ന അധർമ്മങ്ങൾ അടക്കി വാഴുന്ന ഇന്നത്തെ കല്ല്യാണാഘോഷങ്ങളിൽ ഒരു നാല് വട്ടം ആലോചിച്ചിട്ടുപോരെ സത്യവിശ്വാസികൾ പങ്കെടുക്കാൻ എന്ന വിനീത ചിന്തയുടെ പ്രകാശനമാണീ കുറിപ്പ്. ഇഷ്ടമുള്ളവർക്ക് നിരാകരിക്കാം! തർക്കിക്കാനും വാദപ്രതിവാദത്തിന്നും ഞാനില്ല. ഇതിലെഴുതിയ കാര്യങ്ങളും നാട്ടിൽ നടക്കുന്ന കല്ല്യാണങ്ങളും താങ്കളുടെ ചിന്തക്ക് വിധേയമാക്കുകയെങ്കിലും വേണം എന്നുമാത്രം അപേക്ഷ!

# അന്ത്യനാൾ അടുത്തുവോ?

**നബീൽ മൂസ്സ, റിയാള്**

ഈ ലോകത്തിനു ഒരന്ത്യമുണ്ടെന്നതിൽ സംശയമില്ല. മതവും ശാസ്ത്രവും അത് അംഗീകരിക്കുന്നു. ലോകവസാനത്തോടനുബന്ധിച്ച് ഭൂമുഖത്ത് പ്രത്യക്ഷപ്പെടുന്ന ചില സുപ്രധാന അടയാളങ്ങളെക്കുറിച്ച് വിശുദ്ധ ഖുർആനും കുറ്റമറ്റ പ്രവാചക വചനങ്ങളുമുണ്ട്. ദാബ്ബത്തുൽ അർള് (ഭൂമിയിൽ നിന്നൊരു വിചിത്ര ജന്തുവിന്റെ പുറപ്പാട്); ‘യഅ്ജൂജ് മഅ്ജൂജ്’ (അക്രമങ്ങളും ക്രൂരതകളും വ്യാപകമായി അഴിച്ചു വിടുന്ന, ജനങ്ങളെ പൊറുതി മുട്ടിക്കുന്ന ആഗോള വ്യാപകമായ ഒരു ജന വിഭാഗം); ഈ രണ്ടു സംഗതികൾ ഖുർആനിലും പ്രവാചക വചനങ്ങളിലും കൃത്യമായും വന്നിട്ടുണ്ട്.

ഖുർആനിൽ സൂചനാ രൂപത്തിലും കുറ്റമറ്റ നബി വചനങ്ങളിൽ കൃത്യമായും പറഞ്ഞിട്ടുള്ള മറ്റു രണ്ടു സംഗതികളാണ്, ഈസാ നബി(അ)യുടെ പുനരാഗമനവും ‘ദുഖാൻ’ (ഒരു പ്രത്യേക പുക പടലം ഭൂമിയിൽ നിന്നുയർന്ന് വരുക) പുറപ്പെടലും. എന്നാൽ ഖുർആനിൽ പരാമർശിക്കാത്ത കുറ്റമറ്റ ഹദീസുകളിൽ മാത്രം വന്നിട്ടുള്ള,അസ്തമന സ്ഥാനത്തു നിന്നുള്ള സൂര്യോദയം, മസീഹുദ്ദജ്ജാലിന്റെ വരവ് എന്നിവയും പ്രമാണങ്ങളിലുള്ളവയാണല്ലോ.

ഇസ്‌ലാമിനെ മുസ്‌ലിംകൾ തന്നെ അവഗണിക്കുകയും അനിസ്‌ലാമികത അവരിൽ കൊടികുത്തി വാഴുകയും തിന്മകൾ സർവ്വ വ്യാപകമായിത്തീരുകയും ചെയ്യുന്നവയെ ക്കുറിച്ചും പ്രവാചക വചനങ്ങളിൽ വന്നിട്ടുണ്ട്.

എന്നാൽ കുറ്റമറ്റ പ്രമാണങ്ങളുടെ മറവിൽ മറ്റനേകം അടയാളങ്ങൾ ഉള്ളതായി കഥകളായും റിപ്പോർട്ടുകളായും കേട്ടുകേൾവികളായും രചനകളായും വ്യാപകമായി സമൂഹത്തിൽ പ്രചാരത്തിലുള്ളതിനൊന്നും ഒരടിസ്ഥാനവുമില്ല. അതുപറഞ്ഞ് പേടിപ്പിക്കുന്നതിൽ യാതൊരർത്ഥവുമില്ല. എന്തായാലും നമുക്കൊന്നും അതിൽ ചെയ്യാനില്ല. ആർക്കും തടുക്കാനാകില്ല. വരേണ്ടതെല്ലാം വരികതന്നെ!

# ഇസ്ലാമിലെ ഖബറടക്കം: ലളിതം, സുന്ദരം, മാതൃകാപരം

സഊദി രാജാക്കന്മാരുടെ മരണവും അന്ത്യ കർമ്മങ്ങളും വളരെ സവിശേഷത യുള്ള ഒന്നാണ്. ഖാലിദ്, ഫഹദ് രാജാക്കന്മാരുടെ മരണസമയത്ത് ജിദ്ദയിൽ ജോലി ചെയ്തിരുന്നപ്പോൾ ഈ ലാളിത്യം നേരിട്ട് കാണാൻ അവസരം ലഭിച്ചിട്ടുണ്ട്. മറ്റു രാജ്യങ്ങളിൽ നിന്ന് വ്യത്യസ്തമായ ആചാര ക്രമങ്ങളാണ് അവിടെയുള്ളത്. ഏതൊരു സാധാരണ മനുഷ്യനെയും പോലെയാണ് ലോകത്തെ എണ്ണപ്പെട്ട സമ്പന്നന്മാരിൽ ഒരാളായിരുന്ന അബ്ദുല്ല രാജാവിന്റെ മരണാനന്തര കർമ്മങ്ങൾ നടന്നത്. ദേശീയ ദുഃഖാചരണമില്ല. പൊതു അവധിയില്ല. പുഷ്പ ചക്രങ്ങളില്ല. പള്ളിയിലെ നമസ്ക്കാ രത്തിന് ശേഷം പുറത്തേക്കെടുത്ത മയ്യിത്ത് കട്ടിൽ ആളുകൾ പരസ്പരം കൈമാറി ഖബറിസ്ഥാനിൽ എത്തിക്കുകയായിരുന്നു. ഒരു സാധാരണ കുഴിമാടത്തിൽ അത് അടക്കം ചെയ്തു. യാതൊരു സൈനിക ബഹുമതികളുമില്ലാതെ സൈനിക ലാസ്റ്റ് പോസ്റ്റ് ആലപിക്കാതെ, ആചാര വെടികൾ മുഴക്കാതെ മൃതദേഹം ഖബറിലേക്ക് താഴ്ത്തി. സൈനിക വാഹനത്തിൽ മൃതദേഹം കൊണ്ടുവന്നില്ല. സേനാമേധാവികൾ ചുമന്നില്ല. ശിലാഫലകം കബറിൽ സ്ഥാപിച്ചില്ല. അടയാളപ്പെടുത്താതെ, കെട്ടിപ്പൊക്കാത്ത ഒരു സാധാരണ ഖബർ, മൃതദേഹത്തിൽ ദേശീയ പതാക പുതപ്പിച്ചില്ല. സഊദിയുടെ പതാക പുതപ്പിക്കാനുള്ളതല്ല. ഉയരത്തിൽ പറപ്പിക്കാനുള്ളതാണ്. ഇന്ന് ലോകത്ത് ഏറ്റവും ഉയരത്തിൽ പതാക പറക്കുന്ന കൊടിമരം സഊദിയുടേതാണ്. ജിദ്ദയിൽ.

ദുഃഖ സൂചകമായി ദേശീയ പതാക താഴ്ത്തി കെട്ടുന്ന ഏർപ്പാടോ ദുഃഖാചാ രണം പ്രഖ്യാപിക്കുകയോ അവധി പ്രഖ്യാപിക്കലോ സഊദിയിൽ പതിവില്ല. പല രാജ്യ ങ്ങളും അബ്ദുല്ലാ രാജാവിന്റെ മരണത്തിൽ ദുഃഖ സൂചകമായി അവധിയും ദുഃഖാ ചരണവും പ്രഖ്യാപിച്ചപ്പോൾ സഊദിയിൽ അതൊന്നുമില്ല. ബഹ്റൈൻ, ജോർദാൻ തുടങ്ങിയ രാജ്യങ്ങൾ നാൽപത് ദിവസത്തെ ദുഃഖാചരണമാണ് പ്രഖ്യാപിച്ചത്.

ഇസ്ലാമിക വികസന ബാങ്കിന്റെ കെട്ടിടത്തിലും, ഇസ്ലാമിക കോൺഫറൻസ് രാഷ്ട്ര സംഘടനയുടെ കെട്ടിടത്തിലും എല്ലാ അംഗരാഷ്ട്രങ്ങളും പതാക താഴ്ത്തി കെട്ടിയപ്പോൾ സഊദിയുടെ പതാക മാത്രം ഉയർന്ന് പറന്നു. അന്ത്യകർമ്മങ്ങളിൽ ലോക നേതാക്കൾക്ക് വേണ്ടി കാത്തിരിക്കുന്ന ഏർപ്പാടും അവിടെ ഇല്ല. ചില ലോക നേതാക്കൾ ഓടിയെത്തിയെങ്കിലും ആർക്കുവേണ്ടിയും സംസ്കാര ചടങ്ങുകൾ വൈകി ച്ചില്ല. നമ്മുടെ ഉപ രാഷ്ട്രപതി പിറ്റേ ദിവസമാണ് എത്തിയത്. അമേരിക്കൻ പ്രസി ഡണ്ട് നാലാം ദിവസവും.

മരിച്ചു കഴിഞ്ഞാൽ മൃതദേഹം ആദരവോടെ സംസ്കരിക്കുക എന്നതിൽ കവിഞ്ഞ് യാതൊരു അമിത പ്രാധാന്യവും സഊദി അറേബ്യയിൽ ഇല്ല- അത് രാജാവായാ ലും സാധാരണക്കാരനായാലും. അബ്ദുല്ല രാജാവിന്റെ മരണം ഈ നടപടിക്രമം ഒരി ക്കൽ കൂടി സഊദി അറേബ്യക്ക് അടിവരയിട്ട് പ്രഖ്യാപിക്കുവാനുള്ള വേദിയാണെന്ന് മാത്രം.

*(എം.എസ്.എസ് ജേർണൽ, ഫെബ്രുവരി 2015. ലേഖകൻ: ഉമർഫാറൂഖ്)*

# നിറംമാറ്റ രഹസ്യച്ചുരുൾ

ലണ്ടൻ: ഏറെക്കാലമായി ജീവശാസ്ത്രജ്ഞരെ കുഴക്കിയ സമസ്യയായിരുന്നു ഓന്തുകൾ നിറം മാറുന്നത് എങ്ങനെയെന്നത്. ജനീവ സർവകലാശാലാ ഗവേഷകർ ഒടുവിൽ ആ രഹസ്യവും കണ്ടെത്തി. ഓന്തിന്റെ തൊലിയിലുള്ള സൂക്ഷ്മപരലുകളുടെ പ്രത്യേകതയാണത്രെ അവയ്ക്ക് വർണവൈവിധ്യം നൽകുന്നത്.

തൊലിയിലുള്ള ചെറുപരലുകൾ വിന്യസിക്കപ്പെടുന്നതിനനുസരിച്ചാണ് ഓന്തിന് നിറം ലഭിക്കുന്നത്. പരലുകൾ തമ്മിലുള്ള അകലം മാറുമ്പോൾ ഓന്തിന്റെ ശരീരത്തിലൂടെ കടന്നുപോവുന്ന പ്രകാശത്തിന്റെ തരംഗദൈർഘ്യവും വ്യത്യാസപ്പെടും. തന്മൂലം പച്ചതൊട്ട് ചുവപ്പുവരെയുള്ള നിറം ഓന്തിന് ലഭിക്കും. തൊലിയിലെ ക്രിസ്റ്റലുകളുടെ ക്രമീകരണം നിമിഷങ്ങൾക്കകം വ്യത്യാസപ്പെടുത്തി നിറം മാറാൻ ഓന്തുകൾക്ക് കഴിയുമെന്ന് ഗവേഷണത്തിന് നേതൃത്വം നൽകിയ പ്രൊഫസർ മൈക്കൽ മിലിൻകൊവിച്ച് ചൂണ്ടിക്കാട്ടി. മഡഗാസ്കറിൽ കാണുന്ന പാന്തർ ഓന്തിൽ വർഷങ്ങളായി നടന്ന ഗവേഷണഫലം ജേണൽ നേച്ചർ കമ്യൂണിക്കേഷനിലാണ് പ്രസിദ്ധീകരിച്ചത്.

*മാതൃഭൂമി 12.3.2015*

# അഴിയാത്ത ചുരുൾ

ഈ പ്രപഞ്ചത്തിലെ ജീവജാലങ്ങളിലെ നിറങ്ങളുടെ വൈവിദ്ധ്യം ഒരു വലിയ മഹത്തായ ദൃഷ്ടാന്തമാണ്. എന്തു കൊണ്ട് നിറങ്ങൾ മാറി മറിഞ്ഞു പെരുമാറുന്നുവെന്നതിന്റെ സാക്ഷാൽ രഹസ്യം പിടികിട്ടാത്ത ഒന്നായി തുടരുക തന്നെയാണ്. പറയപ്പെടുന്ന കാരണങ്ങൾ തൃപ്തികരമായ മറുപടി നൽകുന്നില്ല. ഇവിടെ ഓന്തുകളുടെ നിറമാറ്റരഹസ്യത്തിലെ ചില ജീവശാസ്ത്ര പെരുമാറ്റം മാത്രമാണ് മനസ്സിലാക്കാനായിട്ടുള്ളത്. അവയുടെ തൊലിയിലുള്ള സൂക്ഷ്മപരലുകളുടെ പ്രത്യേകതയാണ് വർണ്ണ വൈവിധ്യങ്ങൾ നൽകുന്നതെന്ന ഒഴുക്കൻ പരാമർശം! ശരീരത്തിലൂടെ കടന്നു പോകുന്ന പ്രകാശത്തിന്റെ തരംഗ ദൈർഘ്യ വ്യത്യാസം നിറംമാറ്റത്തിനു സഹായിക്കുന്നുവെന്നാണ് കണ്ടെത്തൽ. വർണ്ണവൈവിധ്യങ്ങൾ അത്യൽഭുതകരമായൊരു പ്രതിഭാസമാണ്. സൂര്യനിൽ നിന്ന് അനേകം വർണ്ണങ്ങൾ പ്രസരിക്കുന്നുണ്ട്. കാർമുഖിൽ വർണ്ണങ്ങളിൽ അന്തർലീനമായ പ്രകാശ നിറ വൈജാത്യങ്ങൾ പോലും.ോ കൃത്യമായി നിർവ്വചിക്കാൻ ഇപ്പോഴും ശാസ്ത്ര ലോകത്തിന് കഴിഞ്ഞിട്ടില്ല. സപ്തവർണ്ണങ്ങൾക്കു നാമകരണം ചെയ്യപ്പെട്ടിട്ടുണ്ടല്ലോ. അനേകമനേക വർണ്ണങ്ങളുടേയും അടിത്തറയായി വർത്തിക്കുന്നത് മഴവില്ലിലെ നിറങ്ങളായ സപ്തവർണ്ണങ്ങളാണ്. വിവിധ ശാഖകളെല്ലാം ഉരുത്തിരിയുന്നതും അതിൽ നിന്നാണ്. വിശുദ്ധ ഖുർആൻ സൂറ: 35 ൽ (ഫാത്വിർ) 27, 28 വചനങ്ങളിൽ വർണ്ണ വൈവിധ്യാൽഭുതത്തിലേക്കുവിരൽ ചൂണ്ടുന്നത് കാണുക: **"നീ കാണുന്നില്ലേ. അല്ലാഹു ആകാശത്തു നിന്ന് വെള്ളം ചൊരിയുന്നത്? എന്നിട്ട് അത് മുഖേനയാണല്ലോ വ്യത്യസ്ത വർണ്ണങ്ങളുള്ള പഴങ്ങൾ നാം ഉൽപാദിപ്പിക്കുന്നത്? പർവ്വതങ്ങളിലും വെളുത്തതും ചുവന്നതുമായ നിറങ്ങളുള്ള പാതകൾ വരെയുണ്ട്. കറുത്തിരുണ്ടവയുമുണ്ട്. മനുഷ്യരിലും മൃഗങ്ങളിലും കന്നുകാലികളിലും. അതു പോലെ വിഭിന്ന വർണ്ണങ്ങളുള്ളവയുണ്ട്. അല്ലാഹുവെ ഭയപ്പെടുന്നത് അവന്റെ ദാസന്മാരിലെ അറിവുള്ളവർ മാത്രാമകുന്നു. അല്ലാഹു പ്രതാപിയും ഏറെ പൊറുക്കുന്നവനുമാണെന്നത് തീർച്ചയാണ്" (വി. ഖു: 35:27,28)**

നിമ്നോന്നതിയോടെയും വളഞ്ഞു പുളഞ്ഞും അനന്തമായിപ്പോകുന്ന മലമ്പാതകൾ പലയിടങ്ങളിലും വർണ്ണ വൈവിധ്യങ്ങൾകൊണ്ട് തിരിച്ചറിയാനും അടയാളപ്പെടുത്താനും സാധിക്കുമല്ലോ! ഈ പ്രകൃതി ദൃശ്യങ്ങളിലെയും ജീവ ജന്തുജാലങ്ങളിലെയും വർണ്ണവിന്യാസം വിസ്മയാവഹമായ വലിയ പ്രതിഭാസം തന്നെയാണ്. ഈ വർണ്ണ വൈവിധ്യങ്ങളുടെ പിന്നിലെ നിഗൂഢതകൾ പലതും ഇനിയും പൂർണ്ണമായി അനാവരണം ചെയ്യപ്പെട്ടിട്ടില്ല. ഈ വർണ്ണപ്രപഞ്ചത്തിലെ സൃഷ്ടി വൈഭവത്തിനു പിന്നിലെ കർത്താവിനെയാണ് ഇതെല്ലാം ചൂണ്ടുന്നത്.

*(സഫീർ അഹ്മദ്)*

വേദ സൂക്ത സമന്വയം

# മനുഷ്യന്റെ മഹത്വം

പ്രജാപതിയായ ജഗദീശ്വരൻ ഇന്ദ്രിയങ്ങളെ സൃഷ്ടിച്ചപ്പോൾ അവ സൃഷ്ടി കർത്താവിനോട് ഇങ്ങനെ പറഞ്ഞു: 'പിതാവേ, ഞങ്ങൾക്ക് ഇരുന്ന് ഭക്ഷണം കഴിക്കാൻ പര്യാപ്തമായ ഒരു ഇരിപ്പിടം സൃഷ്ടിച്ചുതരണം'. ഈശ്വരൻ അവർക്കായി പശുവിന്റെ രൂപത്തെ കൊണ്ടുവന്നു. ഇന്ദ്രിയങ്ങൾക്ക് അതൊട്ടും ബോധിച്ചില്ല. പിന്നെ കുതിരയുടെ രൂപത്തെ കൊണ്ടുവന്നു. 'ഇതും ഞങ്ങൾക്ക് മതിയായതല്ല', എന്ന് അവർ പറഞ്ഞു. പിന്നീട് അവർക്കായി മനുഷ്യന്റെ രൂപത്തെ പ്രജാപതി കൊണ്ടുവന്നു. അവർ പറഞ്ഞു, 'ഇത് നന്നായി സൃഷ്ടിക്കപ്പെട്ടതാണ്, ഞങ്ങൾക്ക് സന്തോഷമായി,' മനുഷ്യൻ ഉത്കൃഷ്ടസൃഷ്ടിയായിരുന്നു. ഈശ്വരൻ ഇന്ദ്രിയങ്ങളോട് പറഞ്ഞു: ' ഇന്ദ്രിയങ്ങളേ, നിങ്ങൾ സ്ഥാനമനുസരിച്ച് ഇതിൽ പ്രവേശിച്ചുകൊൾവിൻ.

*(ഐതരേയോപനിഷത്ത് 1.2.3)*

**ശുഭദിനം!**

ഈ ദൃഷ്ടാന്തകഥ വെളിവാക്കുന്ന സത്യം വലുതാണ്. ഇന്ദ്രിയങ്ങൾ മനുഷ്യന് മാത്രമല്ല. മറ്റു ജന്തുക്കൾക്കുമുണ്ട്. പക്ഷെ, അവ മനുഷ്യനിൽ പൂർണ്ണത പ്രാപിക്കുന്നതു പോലെ മറ്റൊന്നിലും പ്രാപിക്കുന്നില്ല, എന്ന സത്യം ഈ കഥ വെളിപ്പെടുത്തുന്നു. ശ്രീരാമകൃഷ്ണൻ പറയുന്നു: 'ഈശ്വരൻ സകലഭൂതങ്ങളിലുമുണ്ട്. വാസ്തവം. പക്ഷെ. മനുഷ്യന്റെ ഉള്ളിലാണ് കൂടുതൽ പ്രകാശിക്കുന്നത്. മനുഷ്യൻ ഗംഭീരനാണ്. അവന് ഈശ്വരനെ ധ്യാനിക്കാം. അന്യ ജീവികൾക്കും പ്രാണികൾക്കും അതു പറ്റില്ല. അഗ്നി എല്ലായിടത്തുമുണ്ട്. പക്ഷെ, നന്നായി ഉണങ്ങിയ വിറകിൽ അത് കൂടുതൽ പ്രകാശിക്കും.' *(ചിന്താസരിത് സാഗരം പേജ്:396)*

അല്ലാഹു പറയുന്നു: **"നിശ്ചയം മനുഷ്യ പുത്രന്മാരെ നാം ആദരിച്ചിരിക്കുന്നു. കടലിലും കരയിലും അവരെ നാം വഹിച്ചിരിക്കുന്നു. വളരെ വിശിഷ്ടമായ വസ്തുക്കളിൽ നിന്ന് നാമവർക്കു ഉപജീവനം നൽകിയിരിക്കുന്നു. നമ്മുടെ സൃഷ്ടികളിൽ മിക്കവയെക്കാളും അവർക്കു നാം സവിശേഷമായ ശ്രേഷ്ടത നൽകുകയും ചെയ്തിരിക്കുന്നു."** *(വിശുദ്ധ ഖുർആൻ 17:70)*

വളച്ചുക്കെട്ടില്ലാതെ ഇന്ദ്രിയങ്ങളുടെ വിശുദ്ധതയും മലിനതയും സൂചിപ്പിക്കുന്ന അല്ലാഹുവിന്റെ വചനവും കൂടെ കാണുക:

**"മനുഷ്യാസ്തിത്വത്തെയും അതിനെ സംവിധാനിച്ച രീതിയെയും തന്നെയാണാ സത്യം. എന്നിട്ട് അതിന്റെ ദുഷ്ടതയെയും സൂക്ഷമതയെയും സംബന്ധിച്ച് അല്ലാഹു ബോധം നൽകുകയും ചെയ്തിരിക്കുന്നു. ആ അസ്തിത്വത്തെ പരിശുദ്ധമാക്കിയവൻ വിജയം കൈവരിച്ചു. അതിനെ കളങ്കപ്പെടുത്തിയവൻ നിർഭാഗ്യമടഞ്ഞു. തീർച്ചയാണത്."**

*(വിശുദ്ധ ഖുർആൻ: 91:7–10)*

(മനുഷ്യേന്ദ്രിയങ്ങളുടെ ധർമ്മാധർമ്മത്തെപ്പറ്റിയുള്ള അവബോധം മനുഷ്യ പ്രകൃതിയിൽ തന്നെ അല്ലാഹു ഊട്ടിയിരിക്കുന്നുവെന്നു സാരം)

*(നിസാമുദ്ധീൻ പി.കെ)*

# അന്ധവിശ്വാസങ്ങൾ ദൈവ ഭാഷയിൽ

**"അല്ലാഹു അവതരിപ്പിച്ചത് പിൻപറ്റി ജീവിക്കുവിൻ എന്ന് നിങ്ങളോടാരെങ്കിലും പറഞ്ഞാൽ, 'അല്ല, ഞങ്ങളുടെ പിതാക്കൾ സ്വീകരിച്ചതായിക്കണ്ടതേ ഞങ്ങൾ പിൻപറ്റുകയുള്ളൂ' എന്നായിരിക്കും അവർ പറയുക! അവരുടെ പിതാക്കൾ യാതൊന്നും ചിന്തിച്ച് മനസ്സിലാക്കാത്തവരും നേർവഴി കണ്ടെത്താത്തവരുമായിരുന്നെങ്കിൽ പോലും അവരെ പിൻപറ്റുമോ?"**

**"സത്യനിഷേധികളെ ഉപമിക്കട്ടെ. വിളിയും തെളിയുമില്ലാതെ മറ്റൊന്നും മനസ്സിലാകാത്ത ജന്തുവിനോട് ഒച്ചയിടുന്നവനോടാകുന്നു. അവർ ബധിരരും ഊമകളും അന്ധരുമാകുന്നു. അതിനാലവർ ഒന്നും ചിന്തിച്ചു ഗ്രഹിക്കുകയില്ല"**

*(വിശുദ്ധ ഖുർആൻ 2:170,171)*

# യേശുവിന്റെ പ്രവചനവും പാഠവും

ഉമ്മുബഹിയ

"എന്നാൽ ഞാൻ നിങ്ങളോട് സത്യം പറയുന്നു. ഞാൻ പോകുന്നത് നിങ്ങൾക്കു പ്രയോജനം. ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല. ഞാൻ പോയാൽ അവനെ നിങ്ങളെ അടുക്കൽ അയക്കും. അവൻ വന്നു പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ലോകത്തിനു ബോധ്യം വരുത്തും.......... ഇനിയും വളരെ നിങ്ങളോടു പറവാനുണ്ട്. എന്നാൽ നിങ്ങൾക്ക് ഇപ്പോൾ അവ വഹിപ്പാൻ കഴിവില്ല. സത്യത്തിന്റെ ആത്മാവ് വരുമ്പോൾ, അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും. അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നത് സംസാരിക്കുകയും വരുവാനുളളത് നിങ്ങൾക്ക് അറിയിച്ചു തരികയും ചെയ്യും. അവൻ എനിക്കുളളതിൽ നിന്നും എടുത്ത് നിങ്ങൾക്ക് അറിയിച്ചു തരുന്നതാണ്. അതു കൊണ്ട് എന്നെ മഹത്വപ്പെടുത്തും."

*(യോഹന്നാൻ സുവിശേഷം. 16–ാം അദ്ധ്യായം മുതൽ)*

**മേൽ സുവിശേഷത്തിലെ പാഠങ്ങൾ**

**1.** യേശു ഒരു പ്രവാചകൻ മാത്രമാകുന്നു. ദൈവമോ ദൈവപുത്രനോ അല്ല തന്നെ.

**2.** ലോകത്തിനു മുഴുവൻ ബാധകനായിരുന്നില്ല. ജൂത വിഭാഗത്തിലേക്കു മാത്രമുളള പ്രവാചകൻ.

**3.** 'ദൈവത്തിന്റെ കാര്യസ്ഥൻ' മുഹമ്മദ് നബി(സ)യാകുന്നു. അറബിയിൽ റസൂലുല്ലാഹി എന്നാണർത്ഥം.

**4.** അദ്ദേഹത്തിന്റെ ഏറ്റവും വലിയ പ്രബോധനം നീതിയും ന്യായവിധിയുമായിരുന്നുവല്ലോ.

**5.** മുഹമ്മദ് നബി(സ) സർവ്വ സത്യത്തിലേക്കും വഴി നടത്തിയതിനു ലോകം സാക്ഷിയായി.

**6.** വിശുദ്ധ ഖുർആൻ അല്ലാഹുവിന്റേതു തന്നെ. നബിയുടെ സ്വന്തം വകയല്ലയെന്ന ഇഞ്ചീലിന്റെ സമ്മതപത്രമാണിത്.

**7.** ഈസ(അ)യെ സ്മരിക്കുമ്പോഴും 'അലൈഹിസ്സലാം' (അദ്ദേഹത്തിനു ദൈവ സമാധാനം) എന്നുച്ചരിച്ചു മഹത്വപ്പെടുത്തണം. മുസ്ലിംകൾ അതു ചെയ്യുന്നു.

**8.** യേശുവിൻ പ്രവചനങ്ങൾ സാക്ഷാത്ക്കരിക്കപ്പെട്ടത് ഇസ്ലാമിലൂടെയാണ്. ക്രൈസ്തവരത് നിഷേധിച്ചതിനാലാണ് ക്രിസ്തുമതം ഉണ്ടായിത്തീർന്നത്.

## അടിമയുടെ മേൽ ഉടമ

ഒരിക്കൽ അബൂമസ്ഊദ് അൽ അൻസ്വാരി(റ) തന്റെ അടിമയെ അടിച്ചു കൊണ്ടിരിക്കെ പിന്നിൽ നിന്നൊരു ശബ്ദം കേട്ടു. 'അല്ലയോ അബൂമസ്ഊദ്, താങ്കൾക്ക് ഈ അടിമയുടെ മേൽ ഉള്ളതിലേറെ അധികാരവും നിയന്ത്രണവും നിന്റെമേൽ അല്ലാഹുവിന് ഉണ്ടെന്നോർക്കുക.' അബൂമസ്ഊദ് തിരിഞ്ഞുനോക്കി. പ്രവാചകൻ പിന്നിൽ നിൽക്കുന്നു! അബൂമസ്ഊദ് പറഞ്ഞു. 'ദൈവ പ്രീതിക്കായി ഞാനിതാ ഈ അടിമയെ സ്വതന്ത്രനാക്കുന്നു.' നബി(സ) : 'താങ്കൾ അത് ചെയ്തില്ലായിരുന്നെങ്കിൽ നരകാഗ്നി താങ്കളെ സ്പർശിക്കുമായിരുന്നു.'

*(മുസ്ലിം റിപ്പോർട്ട് ചെയ്തത്)*

## ആരോഗ്യ രഹസ്യം

നബിപത്നി ആഇശ(റ) റിപ്പോർട്ട് ചെയ്യുന്നു: "ദൈവദൂതൻ ഇഹലോകം വെടിയുന്നതുവരെ മൂന്നു ദിവസം തുടർച്ചയായി വയറു നിറച്ച് ഉണ്ണുകയുണ്ടായിട്ടില്ല." മറ്റൊരു റിപ്പോർട്ടിൽ: "പ്രവാചക കുടുംബം, അദ്ദേഹം പരലോകം പൂകുന്നതു വരെ, വയറു നിറച്ച് ഉണ്ടിട്ടില്ല."

*(ബുഖാരി, മുസ്ലിം).*

ആഇശ പറഞ്ഞു: "പ്രവാചക കുടുംബമായ ഞങ്ങൾ, ഒരു മാസ കാലത്തോളം അടുപ്പിൽ തീ പുകയ്ക്കാതെ കഴിഞ്ഞിട്ടുണ്ട്. കാരക്കയും വെള്ളവും മാത്രമായിരുന്നു അപ്പോൾ ആഹാരം."

*(അശ്ശിഫാ: 73. ഖാളി ഇയാള്)*

# തലകുത്തി നിൽക്കും ധർമ്മമേ, കൊടികുത്തിവാഴും അധർമ്മമേ!

സി.സി ജേക്കബ്

"ആൺകുട്ടികൾ എല്ലായ്പ്പോഴും ആൺകുട്ടികളാണ്."

*(എസ്.പി. അദ്ധ്യക്ഷൻ മുലായം സിംഗ് യാദവ്)*

''പെൺകുട്ടി മാന്യമായി വസ്ത്രം ധരിച്ചാൽ ആൺകുട്ടി അവളെ തെറ്റായ രീതിയിൽ നോക്കില്ല."

*(ഹരിയാന മുഖ്യമന്ത്രി മനോഹർലാൽ ഖട്ടാർ)*

"സുഹൃത്തിനൊപ്പം രാത്രി 11-നു തന്നെ നിർഭയക്ക് സിനിമ കാണാൻ പോകണമായിരുന്നോ? ശക്തിമിൽ കേസിലെ പെൺകുട്ടി വൈകീട്ട് ആറിനു എന്തിനു അതു പോലൊരു സ്ഥലത്തു പോയി?"

*(എൻ.സി.പി നേതാവ് ആഷ മിർജെ)*

''പെൺകുട്ടി വജ്രമാണ്. പുറത്തു കാണിച്ചാൽ നഷ്ട പ്പെടും"

*(എം.എൽ.എ ശർമ)*

"എതിർ ലിംഗത്തോട് തെല്ലും ബഹുമാനമില്ല. വജ്രമെന്നു പറയുമ്പോഴും സ്ത്രീക്ക് ഭാരതീയ സംസ്കാരത്തിൽ ഒരു വിലയുമില്ല. അവിടെ പുരുഷൻ അടിച്ചേൽപിച്ച വിലക്കുകളുടെ വേലി തകർക്കുന്നവളെ അവർക്ക് അക്രമിക്കാം. പാഠം പഠിപ്പിക്കാം. താനും അതേ ചെയ്തുള്ളൂ (2012 ഡിസംബർ 16ന് ഡൽഹിയിൽ ഓടുന്ന ബസ്സിൽ ഇരുപത്തിമൂന്നുകാരിയെ കൂട്ട ബലാത്സംഗം ചെയ്തതിനാൽ വധശിക്ഷക്ക് വിധിക്കപ്പെട്ട് തീഹാർ ജയിലിൽ കഴിയുന്ന മുകേഷ് സിംഗിന്റെ അഭിമുഖത്തിൽ നിന്ന്)

"ഞങ്ങളുടേത് ലോകത്തിലെ ഏറ്റവും മികച്ച സംസ്കാരമാണ്. ആ സംസ്കാരത്തിൽ പെണ്ണിനു ഇടമില്ല.

*(ഒരു കൂട്ടം അഭിഭാഷകർ).*

"അവളൊരു ഭിക്ഷകയായിരുന്നു. അവളുടെ ജീവന് ഒരു വിലയുമില്ല"

(അഞ്ചു വയസ്സുകാരിയെ ബലാത്സംഗം ചെയ്ത് പത്തു കൊല്ലത്തെ ശിക്ഷക്ക് വിധിക്കപ്പെട്ട ഗൗരവ് എന്ന തടവുപുള്ളി).

''200 ബലാത്സംഗങ്ങൾ ചെയ്തിട്ടും 12 കൊല്ലം മാത്രം തടവു കിട്ടിക്കഴിയുന്നവരും തിഹാർ ജയിലിലുണ്ട്'' ('ഇന്ത്യാസ് ഡോട്ടർ' എന്ന ഡോക്യുമെന്ററിയിൽ പ്രത്യക്ഷപ്പെട്ട മനശാസ്ത്ര വിദഗ്ദരിൽ ഒരാൾ വെളിപ്പെടുത്തിയത്).

"ആൺ പെൺ ഭേദമില്ലാതെ യുവ ജനതയെ ഒന്നാകെ തെരുവിലിറക്കിയ, ഭാവിയെക്കുറിച്ച് പ്രതീക്ഷയേകും വിധം നിയമമുണ്ടാക്കാനിടയാക്കിയ അതു വഴി ലോകം ഓർത്തിരിക്കുന്ന ഒരു ബലാത്സംഗം അടുത്തയിടെ വേറെ ഉണ്ടായിട്ടില്ല."

*(ലെസ്‌ലി ഉഡ്വിൻ: ബ്രിട്ടീഷുകാരി)*

ബലാത്സംഗത്തിന്റെ വേരെവിടെയെന്നറിയാനെങ്കിലും 'ഇന്ത്യാസ് ഡോട്ടർ' കാണണം. സ്വന്തം തീരുമാനങ്ങളും തിരഞ്ഞെടുപ്പുകളുമുള്ള സ്ത്രീകളെ, 'ജീവനു വിലയില്ലാത്ത' ഭിക്ഷക്കാരികളെ, ബലാത്സംഗം ചെയ്യുമെന്നും കൊല്ലാമെന്നുമുള്ള ബോധ്യത്തിൽ കഴിയുന്ന പുരുഷന്മാരുള്ളിടത്തോളം കാലം ഒരു സുരക്ഷാ സേനക്കും ഒരു മൊബൈൽ അപ്ലിക്കേഷനും ഇലക്ട്രോണിക്ക് അടിവസ്ത്രത്തിനും കുരുമുളക് സ്പ്രേക്കും ബലാത്സംഗത്തെ പൂർണ്ണമായും പ്രതിരോധിക്കാനാവില്ല. ഈ ബോധ്യങ്ങൾക്കാണ് തിരുത്തൽ വേണ്ടത്. ഇത്തരക്കാരുടെ മനസ്സാണ് വായിക്കപ്പെടേണ്ടത്. അതാണിവിടെ വെളിവായതും.

(കടപ്പാട് മാതൃഭൂമി 1/3/15)

**അല്ലാഹു പറയുന്നു: "വ്യഭിചരിക്കുന്ന സ്ത്രീപുരുഷന്മാരിൽ ഓരോരുത്തരെയും നിങ്ങൾ നൂറു വീതം അടിക്കുക. നിങ്ങൾ ദൈവത്തിലും അന്ത്യനാളിലും വിശ്വസിക്കുന്നവരെങ്കിൽ. ദൈവ നിയമം നടപ്പാക്കുന്നതിൽ അവരോട് ദയയൊന്നും നിങ്ങൾക്കുണ്ടാകരുത്. ആ ശിക്ഷ നടപ്പിലാക്കുന്നിടത്ത് സത്യവിശ്വാസികളുടെ ഒരു സംഘം സന്നിഹിതരാകുകയും ചെയ്യണം"**

**(വിശുദ്ധ ഖുർആൻ: 24: 2)**

# ഗുരുവും ലഘുവും

**സൽമാൻ ഫാരിസ് കുറ്റിക്കാട്**

എന്തു കൊണ്ടാണ് ഇന്ത്യയിൽ ദിവസം ശരാശരി 92 സ്ത്രീകൾ ബലാത്സംഗം ചെയ്യപ്പെടുന്നത്?

ഇതുപോലെ ചില മനസ്ഥിതിക്കാർ കലാ കായിക സിനിമാ രംഗങ്ങളിൽ നിറഞ്ഞാടുന്നതിനാൽ! "നമ്മുടെ രാജ്യത്ത് എല്ലാ മേഖലയിലും വളർച്ചയുണ്ടായെന്നാണു പറയുന്നത്. എന്നാൽ ദിവസം കഴിയും തോറും സ്ത്രീകൾക്കെതിരായുള്ള പീഡനം വർദ്ധിച്ചുവരികയാണ്. അതേ സമയം ഇന്ത്യയേക്കാൾ ചെറിയ രാജ്യങ്ങളിൽ പീഡനം കുറഞ്ഞു വരികയുമാണ്. നിയമപരമായ വേശ്യാലയങ്ങളുള്ള രാജ്യങ്ങളിലെ സ്ത്രീകൾക്ക് ഇത്തരം പ്രശ്നങ്ങളില്ല. ഫ്രീ സെക്സ് ഉണ്ടെങ്കിൽ സമൂഹത്തിന് മാറ്റം വരുമെന്നാണ് എനിക്ക് തോന്നുന്നത്."

*(നവ്യാനായർ)*

"തീർച്ചയായും വിശ്വാസികൾക്കിടയിൽ ദുർവൃത്തി പ്രചരിക്കുന്നത് ഇഷ്ടപ്പെടുന്നവരാരോ അവർക്ക് ഇഹത്തിലും പരത്തിലും വേദനയേറിയ ശിക്ഷയുണ്ട്. അല്ലാഹു അറിയുന്നു നിങ്ങൾ അറിയുന്നില്ല." *(വി.ഖുർആൻ :24:20)*

ലൈംഗിക അരാജകത്വവും പീഡന മഹോൽസവങ്ങളും കണ്ടും കേട്ടും അനുഭവിച്ചും മരവിച്ച കല്ലു ഹൃദയങ്ങളായവരെ എത്ര മൃദുലമായാണ് കലാകാരികളും മറ്റും ഉപദേശിക്കുന്നത് അല്ലേ! ലോകമേ ലജ്ജിക്കൂ.

# മനുഷ്യ വർഗ്ഗം ഒന്ന്

"ഭിന്ന ജാതിയിൽപ്പെടുന്നവരാണെന്നു തോന്നിയാലും മനുഷ്യരെല്ലാം മൗലികമായി ഒരേ സത്തയുടെ ആവിഷ്കാരമാണ്. അതു കൊണ്ട് ജാതിയുണ്ടെന്നു പറയുന്നത് നിരർത്ഥകമാണ്."

*(ശ്രീ നാരായണ ഗുരു)*

"കാട്ടുമൃഗത്തെ കൊണ്ടുവന്ന് ഉത്സവത്തിനു നിരത്തി നിർത്തുന്നത് ഒഴിവാക്കേണ്ട സമയമായി. ക്ഷേത്രാചാരങ്ങളിലെല്ലാം കാലാനുസൃതമായ മാറ്റം വേണം. അഹിന്ദുക്കൾക്ക് കേരളത്തിലെ പല ക്ഷേത്രങ്ങളിലും ഇന്നും പ്രവേശനമില്ല. ഷർട്ടു ധരിച്ച് കയറാൻ പറ്റാത്ത അമ്പലങ്ങൾ ഇന്നുമുണ്ട്. തിരുപ്പതിപോലുള്ള വലിയ ക്ഷേത്രങ്ങളിൽ എന്നാൽ ഇതൊന്നും പ്രശ്നമല്ല. ചാതുർവർണ്യത്തിന്റെ അംശങ്ങൾ ഇപ്പോഴും നമ്മുടെ സമൂഹത്തിലുണ്ട്." *(വെള്ളാപ്പള്ളി നടേശൻ)*

ജാതി, മത, വർഗ്ഗ, വർണ്ണ, ദേശ, ഭാഷാടിസ്ഥാനത്തിൽ മനുഷ്യനെ വെട്ടിമുറിച്ചതിന്റെ ഉത്തരവാദിത്വം അർഹർക്കു തന്നെ നൽകുക. ജാതിയുടെ ജയിലിൽ നിന്ന് മനുഷ്യ വർഗത്തെ മോചിപ്പിക്കാൻ 14 നൂറ്റാണ്ടുകൾക്കു മുമ്പു തന്നെ പ്രാവചകൻ മുഹമ്മദ് നബി(സ) അക്ഷീണ യജ്ഞം നടത്തിയത് എല്ലാവർക്കും അറിയാമല്ലോ! എന്നിട്ടുമെന്തേ ജാതികളുടെ, വർഗ്ഗങ്ങളുടെ തലപ്പത്ത് മേയ്ക്കാരന്മാരായി വിരാചിക്കാൻ വെമ്പൽ കൊള്ളുന്നു? വിശുദ്ധ വേദ ഗ്രന്ഥം പറയുന്നതു ശ്രദ്ധിക്കുക,

**"ഹേ; മനുഷ്യരേ, തീർച്ചയായും നിങ്ങളെ നാം ഒരാണിൽ നിന്നും ഒരു പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം അറിയേണ്ടതിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയർ നിങ്ങളിലെ ധർമ്മനിഷ്ഠ പാലിക്കുന്നവനാകുന്നു. തീർച്ചയായും അല്ലാഹു സർവ്വജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു" (വിശുദ്ധ ഖുർആൻ- ഹുജുറാത്ത് 49:13)**

**നിങ്ങളുടെ ദൈവം ഏകനാണ്. അവന്റെ സൃഷ്ടികളായ ഏ മനുഷ്യരേ, നിങ്ങളെല്ലാം ആദമിൽ നിന്നുള്ളവരാണ്. ആദം മണ്ണിൽ നിന്നും. അറബിക്ക് അനറബിയേക്കാളോ അനറബിക്ക് അറബിയേക്കാളോ യാതൊരു ശ്രേഷ്ടതയുമില്ല. കറുത്തവനു വെളുത്തവനേക്കാളോ വെളുത്തവനു കറുത്തവനേക്കാളോ യാതൊരു ഔന്നിത്യവുമില്ല. ജാതി, വർഗ്ഗ മഹിമയാൽ അഹങ്കരിക്കാൻ നിങ്ങൾക്കൊന്നുമില്ല. നിങ്ങളിലെ ഏറ്റവും ആദരണീയൻ ധർമ്മ നിഷ്ഠയിൽ ദൈവത്തോട് ചേർന്നവനാണ്. നിങ്ങളുടെ ഭാര്യമാർ ജീവിത പങ്കാളികളാണ്. അവരെ നിന്ദിക്കൽ നിന്ദ്യന്മാരാണ്. നിങ്ങളിലേൽപിച്ച ദൈവത്തിന്റെ അമാനത്താണവർ. അവരുടെ കാര്യത്തിൽ നിങ്ങൾ ചോദ്യം ചെയ്യപ്പെടും. സൂക്ഷിച്ചുകൊൾക!**

**(മുഹമ്മദ് നബി(സ) ഇബ്നു അബീഹാതിം ഉദ്ദരിച്ചത്)**

തത്വശാസ്ത്രം

# നനവുള്ള മനസ്സുകളോട്

**മൗലാനാ സയ്യിദ് അബുൽ ഹസ്സൻ അലി നദ്‌വി**

വളരെ സ്പഷ്ടമായി ഒരു കാര്യം ഉറക്കെ പ്രഖ്യാപിക്കട്ടെ. ഞങ്ങൾ മുസ്‌ലിംകൾ ഈ രാജ്യത്ത് കുഴപ്പങ്ങൾ ഉണ്ടാക്കാൻ വന്നവരല്ല. സമ്പന്നത നിറഞ്ഞു നിന്നിരുന്ന നാടുകൾ വിട്ട് ഞങ്ങൾ ഇവിടെ വന്നത് ഇവിടത്തെ സമ്പത്തിന്റെ ഓഹരിക്കു വേണ്ടിയുമല്ല. ഒരു സമുന്നത സന്ദേശവുമായി വന്നവരാണ് ഞങ്ങൾ. അല്ലാഹുവിന്റെ അടിമകളെ അല്ലാഹുവിന്റെ യഥാർത്ഥ അടിമകളാക്കാനാണ് ഞങ്ങൾ വന്നത്. സത്യത്തിന്റെയും സത്സ്വഭാവത്തിന്റെയും സന്ദേശവും കൊണ്ടാണ് ഞങ്ങളുടെ മുൻഗാമികൾ ഇവിടെ വന്നത്. അവർ ഈ രാജ്യത്തിന് പലതും കൊടുത്തിട്ടേയുള്ളൂ. ഒന്നും എടുത്തിട്ടില്ല. ഇവിടെ താമസിക്കാൻ വന്നവരാണ് അവർ. ഇവിടെ നിന്നും പോകാൻ വന്നവരല്ല.

മുഷ്യരെ അല്ലാഹുവിന്റെ യഥാർത്ഥ അടിമകളാക്കാനും പരസ്പരം സ്നേഹിക്കുന്നവരാക്കാനും പ്രപഞ്ചമഖിലത്തെയും സൃഷ്ടിച്ച് രക്ഷിച്ച് സംഹരിക്കുന്ന അല്ലാഹുവിലേക്ക് ക്ഷണിക്കാനുമാണ് അവരിവിടെ വന്നത്. ലോകത്തു നിന്നും ഒന്നും വാങ്ങാതെ മുഴുവൻ ലോകത്തിനും വേണ്ടി അവർ സേവനം ചെയ്തു. സത്യത്തിന്റെ പവിഴമുത്തുകൾ കൊണ്ട് മാനവകുലത്തിന്റെ അക്ഷയപാത്രം നിറച്ച അവർ സ്വന്തം കൈകൾ കാലിയാക്കി. സ്വന്തം മക്കളെക്കുറിച്ച് ചിന്തിക്കാതെ കുടുംബ ഭാഗത്തു നിന്നും കണ്ണുകൾ അടർത്തി ഉദരങ്ങളിൽ കല്ലുകൾ വച്ചുകെട്ടി മാനവരെ സേവിച്ചു. സുഖ-സുഷുപ്തികൾ കൊടുത്ത ദുഃഖ- ദുരിതങ്ങൾ ഏറ്റുവാങ്ങി. കിട്ടിയതെല്ലാം പട്ടിണിപ്പാവങ്ങൾക്ക് വീതിച്ചു. സേവകർക്കും ജോലിക്കാർക്കും കൈനിറയെ കൊടുത്ത അവർ സ്വന്തം മക്കൾക്ക് ഒന്നും കൊടുത്തില്ല. ഒരിക്കൽ തിരുനബി(സ) പായയിൽ കിടക്കുകയായിരുന്നു. ശരീരത്തിൽ പാടുകൾ പതിഞ്ഞിരുന്നു. ഉമർ(റ) ഇതുകണ്ടപ്പോൾ പറഞ്ഞു. ഹാ കഷ്ടം! അല്ലാഹുവിന്റെ ദൂതരായ അങ്ങ് ഈ ദുരിതത്തിലും. മാനവരക്തം ഊറ്റികുടിക്കുന്ന അക്രമികൾ മാർദ്ദവായ വിരിപ്പുകളിലുമാണോ കിടക്കുന്നത്? തിരുനബി(സ) അരുളി "ഉമർ, യഥാർത്ഥ ജീവിതം ആഖിറത്തിലെ ജീവിതമാണ്."

മുസ്‌ലിംങ്ങളോട് അല്പം കടുത്ത വാക്ക് പറയുകയാണ്. ഉപരിസൂചിത കാര്യങ്ങളെല്ലാം അംഗീകരിക്കുകയും വിശ്വസിക്കുകയും ചെയ്യുന്ന നാം നമ്മുടെ വഴിവിട്ട് മൃഗങ്ങളുടെ മേഖലകളിലേക്ക് താഴ്ന്നിരിക്കുന്നു. നമ്മുടെ കർമ്മ രീതികളും സ്വഭാവ സമ്പർക്കങ്ങളും ഇസ്‌ലാമിന്റെ പേര് ദുഷിപ്പിക്കുന്നു. നാം ലോകത്തിന് ജീവിച്ചു കാണിച്ചു കൊടുക്കുന്ന ഇസ്‌ലാമിന്റെ ചിത്രം അങ്ങേയറ്റം വികലമാണ്. നമ്മുടെ ജീവിതരീതിയിൽ എന്ത് ആകർഷണീയതയാണ് ഇന്നുള്ളത്.

ഒരിക്കൽ നാം ഒരു വഴിയിലൂടെ കടന്നുപോയാൽ വസന്തം പരിമളം പരത്തുന്നതു പോലെ വഴിയാകെ സുഗന്ധം വിതറിയിരുന്നു. ഞങ്ങളുടെ നാട്ടിൽ എല്ലാം ഉണ്ടെങ്കിലും ജന ജീവിതം ശരിയാക്കാനും പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനും മുസ്‌ലിംകളില്ല എന്ന് പരിഭവം ഉയർന്നിരുന്നു...

*(കടപ്പാട്: അന്നസീം ദ്വൈവാരിക, 2015 മാർച്ച് 1)*

**നുറുങ്ങുകൾ**

## വിശാല ഹൃദയം

"ഓരോ മനുഷ്യനും വ്യത്യസ്ത രീതിയിലാണ് ചിന്തിക്കുന്നത് എന്ന കാര്യം സുവിദിതമാണ്. വ്യത്യസ്തമായി ചിന്തിക്കുകയും പെരുമാറുകയും ചെയ്യുന്ന ഒരാളെ കണ്ടാൽ അയാളോട് നിഷേധാത്മകമായ ഒരു നിലപാട് സ്വീകരിക്കരുത്. വ്യത്യസ്തമായി ചിന്തിക്കുന്നവനെ ഒരു പ്രശ്നക്കാരനായി എടുക്കാതിരിക്കുക. മറിച്ച് അവനെ അനുഭാവപൂർവ്വം അംഗീകരിച്ചു ക്രിയാത്മകമായി അഭിമുഖീകരിക്കുക."

*(മൗലാനാ വഹീദുദ്ദീൻഖാൻ)*

## മോചനം

അല്ലാഹുവിന്റെ കൽപന നിഷ്ഠയോടെ ഭരണകൂടങ്ങൾ യഥാവിധി നടപ്പിലാക്കിയിരുന്നുവെങ്കിൽ മോഷ്ടാക്കളില്ലാത്ത മാവേലി സ്മരണ പുലർത്തുന്ന രാമനാട്ടിൽ ജീവിക്കാമായിരുന്നുവെന്ന് തോന്നിപ്പോകുന്നു. **"മോഷ്ടിക്കുന്ന സ്ത്രീ പുരുഷന്മാരുടെ കൈകൾ നിങ്ങൾ മുറിച്ചു കളയുക. അവരുടെ ചെയ്തിക്കുള്ള പ്രതിഫലം അതാകട്ടെ. അല്ലാഹുവിങ്കൽ നിന്നുള്ള മാതൃകാശിക്ഷയുമാണത്. അല്ലാഹു മഹാപ്രതാപിയും യുക്തിമാനുമാകുന്നു."** *(വി.ഖു: 5:38)*

ഇശ്ക്കാൽ

## നോക്കിയാൽ മതി മുസ്‌ലിമാക്കാം

നൂരിയാ ത്വരീഖത്തുകാർക്ക് അല്ലാഹുവും മുഹമ്മദ് നബി(സ)യും നൂർ (പ്രകാശം) ആണ്. രണ്ടസ്തിത്വവും ഒന്ന്. നബി(സ)യുടെ ഒരൊറ്റ നോട്ടം കൊണ്ട് ഒരാൾ മുസ്‌ലിമാകും. മഹാന്മാരുടെ നോട്ടം സൂക്ഷിക്കണം. മറ്റുള്ളവർക്കു ഈ നൂർ പകർന്ന് കൊടുക്കാനുള്ള അല്ലാഹുവിന്റെ പാത്രങ്ങളാണ് സച്ചരിതരുടെ ഹൃദയങ്ങൾ. ഇവരെ നബി(സ) പ്രതിനിധികളായി നമുക്കു പരിചയപ്പെടുത്തി. അവരുടെ ദൃഷ്ടി ഒരാളിൽ പതിഞ്ഞാൽ അവനിൽ മാറ്റമുണ്ടാകും. ഉദാഹരണത്തിന്നൊരു കഥയും:

"മഹാനായ ജുനൈദിൽ ബാഗ്ദാദി(റ) ഒരു പള്ളിയിൽ ജനങ്ങളെ അഭിസംബോധന ചെയ്ത് സംസാരിച്ചു കൊണ്ടിരിക്കെ ഒരു ക്രിസ്ത്യാനി ആ സദസ്സിലേക്ക് കടന്നു വന്നു. അയാൾ ചോദിച്ചു. ഏ ശൈഖേ! മുഅ്മിനിന്റെ നോട്ടത്തെ സൂക്ഷിക്കുക എന്ന ഹദീസിന്റെ ആശയം എന്താണ്? ജുനൈദ് (റ) തല താഴ്ത്തി. പിന്നെ തല ഉയർത്തിക്കൊണ്ട് അരുളി. 'നിനക്ക് മുസ്‌ലിമാവാനുള്ള സമയം ആയിക്കഴിഞ്ഞു. നീ മുസ്‌ലിമാവുക. ഉടനെ ക്രിസ്ത്യാനി ഇസ്‌ലാം സ്വീകരിച്ചു. (ഫതാവൽ ഹദീസിയ്യ)" *(മസ്ഹറുൽ ഇർഫാൻ മാസിക. 2015 മാർച്ച്)*

ഇന്ത്യയിലെ അനേകം നൂരിയ്യാ ത്വരീഖത്തു ശൈഖന്മാർ ഇന്ത്യക്കാരായ അമുസ്‌ലിംകളെ ശരിയാം വണ്ണം മേൽപറഞ്ഞ പോലെ ഒന്നു നോക്കാത്തതെന്താ എന്നാണു സംശയം. എല്ലാവരും ആ ഒരൊറ്റ തിരുനോട്ടം കൊണ്ട് മുസ്‌ലിമായിപ്പോകുമെന്ന ഭയം കൊണ്ടായിരിക്കും അല്ലേ?

അവലോകനം

# മലപ്പുറം മുഖാമുഖം ഒച്ചവെച്ചു ജയിപ്പിച്ചു

15/4/15 ബുധനാഴ്ച മലപ്പുറം ടൗൺഹാളിൽ കെ.എൻ.എം (സിഡി ടവർഗ്രൂപ്പ്) സംഘടിപ്പിച്ച മാസപ്പറിവി- കണക്കും കാഴ്ചയും മുഖാമുഖം പരിപാടി കെട്ടിലും മട്ടിലും ജനപങ്കാളിത്തത്തിലും മികച്ചതായിരുന്നു. സ്റ്റേജും മൈക്കും കയ്യിലുള്ളവർക്കു വിജയം ഉറപ്പിക്കാമെന്നതാണല്ലോ മുഖാമുഖത്തിന്റെ സവിശേഷത. അത് ഭംഗിയായി നടന്നു. തൊട്ടടുത്ത പള്ളിമിമ്പറിലെ മാസപ്പിറവിയുമായി ബന്ധപ്പെട്ട ഒരൊറ്റ ഖുത്തുബയിലെ പരാമർശമാണീ മുഖാമുഖം സംഘടിപ്പിച്ചതിന്റെ പ്രധാന കാരണമെന്ന് യോഗാദ്ധ്യക്ഷൻ വ്യക്തമാക്കിയിരുന്നു. മൗലവി ഹനീഫ് കായക്കൊടി തങ്ങളുടെ വാദങ്ങൾ സമർത്ഥിച്ചു വിഷയമവതരിപ്പിച്ചു. മഗ്‌രിബ് നമസ്ക്കാരാന്തരം പ്രൊഫ: എൻ.വി. സക്കരിയ്യ മൗലവി 35 മിനുട്ട് സമയം നല്ലൊരു അധിക പ്രസംഗം നടത്തി. ചോദ്യോത്തര സന്ദർഭത്തിൽ ചിലവഴിപാട് ചോദ്യങ്ങളും ഉത്തരങ്ങളും അരങ്ങേറി. ഹിജ്റ കമ്മിറ്റി ഓഫ് ഇന്ത്യയേയും അലിമണിൽഫാനിനേയും കണക്കിലധികം അനാവശ്യമായി പരാമർശിച്ചു കൊണ്ടായിരുന്നു സകരിയ്യ മൗലവിയുടെ പ്രസംഗവും മറ്റു മറുപടികളും.

ശേഷം, പലരുടെയും ഗൗരവതരമായ ചോദ്യങ്ങൾ ഉയർന്നു വന്നപ്പോൾ മറുപടികൾക്ക് പതർച്ചയും അഴകുഴമ്പൻ അവസ്ഥയും പിടികൂടി. ഉടനെ മൗലവി അബ്ദുറഹിമാൻ സലഫി രംഗത്തെത്തി. പരാജയം മണക്കുമ്പോൾ സ്ഥിരം നമ്പരായ ഒച്ചവെച്ചുക്കൊണ്ടുള്ള ഉഗ്രൻ 'വഅള്' മുക്കാൽ മണിക്കൂർ നീണ്ടുനിന്നു. അതോടെ സദസ്യരുടെ അവകാശമായ ചോദ്യാവസരങ്ങൾ പരമാവധി കുറയാൻ സഹായകമായി. ആർക്കും മനസ്സിലാക്കാനോ പറഞ്ഞു മനസ്സിലാക്കാനോ സാധിക്കാത്ത, വിഷയങ്ങളുമായി വലിയബന്ധമൊ

ന്നുമില്ലാത്ത കുറെ അവ്യക്ത കണക്കുകളുമായി പുത്തൂർ പള്ളിക്കൽ സൈദലവി സാഹിബിന്റെ ഇടപെടൽ സമയം കൊന്നു കൊണ്ടിരുന്നു. ചുരുക്കത്തിൽ പ്രസംഗങ്ങളിലും ഉത്തരങ്ങളിലും സമർപ്പിതമായ പരാമർശങ്ങളുടെ ആകെത്തുക ഏതാനും വിഷയങ്ങളിൽ ഒതുങ്ങി നിന്നു.

1. ഒരു ഇസ്ലാമിക ഹിജ്റ കലണ്ടറുണ്ടാക്കാൻ ശാസ്ത്രീയ കണക്കുതന്നെ വേണം. എന്നാൽ നോമ്പു പെരുന്നാളുകൾ, ഹജ്ജ് മുതലായവ നിർണയിക്കാൻ മാസപ്പിറവി കാണുക തന്നെ വേണം. നമ്മുടെ ആദർശാധികാരപരിധിയിലുള്ള കേരളത്തിൽ എവിടെ കണ്ടാലും സ്വീകരിക്കാം. ലോകത്ത് മറ്റെവിടത്തേയും കാഴ്ച സ്വീകരിക്കേണ്ടതില്ല. കേരളത്തിൽ മാസപ്പറിവി ഏകീകരണത്തിനു കഠിനത്യാഗം നമ്മുടെ പ്രസ്ഥാനം ചെയ്തിട്ടുണ്ട്. ഖാസിമാരെ സഹായിക്കാനായിരുന്നു കേരളഹിലാൽ കമ്മിറ്റി രൂപീകരിച്ചത്.

2. ന്യൂ മൂൺ എന്നാൽ നോ മൂണാണ്. ന്യൂമൂൺ ടു ന്യൂമൂൺ അല്ല മാസം. കണ്ണുകൊണ്ടു കാണുന്ന ഹിലാലാണ് ചന്ദ്രമാസം. ഖുർആൻ പറഞ്ഞ അഹില്ല തന്നെയാണ് ഹിലാൽ. ഹിലാൽ രണ്ടു തരമുണ്ട്. ആസ്ട്രോണമിക്കൽ ന്യൂ മൂൺ, ക്രസന്റ് ന്യൂ മൂണാണ് ഹിലാൽ. അതാണ് മാസത്തുടക്ക മാനദണ്ഡം. മണിക്ഫാന്റെ മാനദണ്ഡം ഇതൊന്നുമല്ല. മറ്റെന്തോ ആണ്.

3. ലോകത്താരും ഇന്നേ വരെ പറഞ്ഞിട്ടില്ലാത്ത അതിനൂതനമായ വാദമാണ് അലിമണിക്ഫാൻ പറയുന്നത്. അതിനാൽ അതു സ്വീകാര്യമല്ല. അദ്ദേഹത്തിന്റെ വാദങ്ങളെല്ലാം പിഴച്ചതാണ്, പിഴപ്പിക്കുന്നവയാണ്.

4. സ്വകാര്യമായി, ശാന്തമായി ഞങ്ങളൊടൊക്കെ വന്നു പറഞ്ഞു മനസ്സിലാക്കിത്തന്നിരുന്നുവെങ്കിൽ സ്വീകരിക്കാമായിരുന്നു. എന്നാൽ മണിക്ഫാൻ– ഇന്നമന്നസീഉ സിയാദത്തുൻ ഫിൽ കുഫ്റി– എന്ന ആയത്തോതി കുഫ്റാക്കുന്നതിലാണ് ഞങ്ങൾക്കൊക്കെ ഇതു സ്വീകാര്യമാകാത്തത്.

5. ചാന്ദ്രിക ദിനമെന്ന ദിനവും ലൂണാർ ഡെയ്റ്റ് ലൈൻ എന്ന ഒരു പുതിയ ഇന്റർനാഷണൽ ഡെയ്റ്റ് ലൈനും ഉണ്ടങ്കിലേ മണിക്ഫാന്റെ തിയറി ശരിയാകൂ. എന്നാൽ അങ്ങനെയൊന്നുണ്ടാകാൻ അന്ത്യനാളുവരെ സാധ്യമല്ല. (അങ്ങനെയൊന്നു ആരെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടോ എന്ന് ചോദിക്കാൻ അവസരം കിട്ടിയിട്ടില്ല. ഈ മഹാവങ്കത്തം നാം ആദ്യ കേൾക്കുകയാണ്. ലേഖകൻ.)

6. ഇന്റർ നാഷണൽ ഡെയ്റ്റ് ലൈനിനു ഇസ്ലാമിൽ യാതൊരുസ്ഥാനവുമില്ല. അത് ഇടയ്ക്കിടെ മാറ്റിവരച്ചു കൊണ്ടിരിക്കുന്നു. അത് ഹജറുൽ അസ്വദ് പോലെ വിശുദ്ധമാണെന്നാണ് അലിമണിക്ഫാൻ പറയുന്നത്. അതനുസരിച്ചു ഇബാദത്തുകൾ ചെയ്യാനൊന്നും കൽപനയില്ല. അതെവിടെ വേണമെങ്കിലും സങ്കൽപിച്ചു സ്ഥാപിക്കാവുന്ന സാങ്കൽപ്പിക രേഖ മാത്രമാകുന്നു.

7. ഇസ്ലാമിൽ ദിനാരംഭം മഗ്രിബ് മുതൽ തന്നെയാണ് കണക്കാക്കേണ്ടത്. അല്ലാതെ അർദ്ധരാത്രി മുതൽ അർദ്ധ രാത്രി വരേയോ, ഉച്ച മുതൽ ഉച്ചവരേയോ, പുലർച്ച മുതൽ പുലർച്ച വരേയോ അല്ല. ഫജ്റ് മുതൽ കണക്കാക്കിയാലും ഒരേ ദിവസം തന്നെ നോമ്പു പെരുന്നാളുകൾ ലോകത്തുവരുകയില്ല.

8. ഹജ്ജുകർമ ദിനങ്ങളും അറഫാ നിർത്തവുമൊക്കെ ലോകത്ത് ഒരു ദിവസം വരുന്നതിൽ മുസ്ലിം ലോക ഐക്യദാർഢ്യമുണ്ടെന്നത് പൊള്ളയായ വാദമാകുന്നു. ഭൂമി ഗോളമായതിനാൽ അങ്ങനെ ഒരേ സമയത്തും ദിവസത്തിലും ലോകത്ത് നടപ്പിലാക്കാൻ കഴിയില്ല.

പത്തരമണിക്ക് ജയഭേരി മുഴക്കി പരിപാടി അവസാനിപ്പിച്ചു. ഇതു പോലുള്ള നിരവധി നിരർത്ഥക വാദങ്ങളാണ് മുഖാമുഖം സ്റ്റേജിൽ മുഴങ്ങിക്കേട്ടത്. അൽഫനാറിലൂടെയും മറ്റുമായി ഈ വാദങ്ങൾക്കെല്ലാം അനേകം തവണകളിലായി നേരത്തെ മറുപടി നൽകപ്പെട്ടിട്ടുണ്ട്. നുണകളും വിവരക്കേടുകളും വീണ്ടും വീണ്ടും ആവർത്തിക്കുന്നതിൽ ലജ്ജയില്ലാതായാൽ എന്തു ചെയ്യും? ജനങ്ങളെ വഴി തെറ്റിക്കുന്നവർ അല്ലാഹുവിനെ ഭയപ്പെട്ടുകൊള്ളുക.

*(എഡിറ്റർ അൽഫനാർ)*